# ഗാന്ധിസിദ്ധാന്തം

അഥവാ

## ഭാരതസ്വരാജ്യം

മഹാത്മാഗാന്ധിയുടെ "ഹിൻറ് സ്വരാജ്"
എന്ന കൃതിയുടെ തർജ്ജമ.

---

പരിഭാഷകൻ,
കെ. പരമേശ്വരൻപിള്ള, വടയാററുകോട്ട.

---

"ശ്രീരാമവിലാസം" പ്രസ്സ്,
വലിയകട,—കൊല്ലം.

൧-ാംപതിപ്പ് കാപ്പി ൧൦൦൦.

പകർപ്പവകാശം സ്വായത്തം.

൧൦൯൭.

പരിഭാഷകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

വില 0-12-0

K. K. PILLAI'S MANAGER KERALA ... QUILON
114

M. 18 114
114

# മുഖവുര.

"യദാ യദാ ഹി ധർമ്മസ്യ
ഗ്ലാനിർഭവതി ഭാരത!
അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം" എന്നു്, അന്നത്തെ ഭാരതയുദ്ധാരംഭത്തിൽ ചെയ്ത ശപഥപ്രകാരം, ഇന്നത്തെ ഭാരതയുദ്ധത്തിനായി അവതരിച്ച്, അവതാരകാര്യങ്ങളെ നിറവേററിപ്പോരുന്ന ശ്രീഗാന്ധിദേവൻ ഗുജറാത്തിഭാഷയിൽ എഴുതിയിട്ടുള്ള "ഹിൻദ് സ്വരാജ്" എന്ന കൃതിയുടെ തർജ്ജമയാണു് ഈ പുസ്തകം. അദ്ദേഹം തെക്കെ ആഫ്രിക്കയിൽ പൊതുജനസേവനം ചെയ്തുകൊണ്ടിരുന്ന കാലത്തു്, ബംഗാൾ വിഭജനം റ്റാകുന്നതിനുമുമ്പു്, വന്ദ്യശ്രീ ദാദാബായിനവറോജി ശ്രീമാൻ ഗോപാലകൃഷ്ണഗോഖലെ മുതലായ നേതാക്കന്മാർ ജീവിച്ചിരുന്നപ്പോൾ, പത്രപംക്തികളിൽ എഴുതി പ്രസിദ്ധംചെയ്ത ഈ പ്രബന്ധം പുസ്തകരൂപത്തിൽ അവതരിച്ചിട്ടുള്ളതാണു്.

ഹിന്ദി, ബംഗാളി, തെലുങ്കു്, ഇംഗ്ലീഷ്, തമിഴ് മുതലായ ഭാഷകളിൽ ഇതിന്നു പല തർജ്ജമകളും ആ തർജ്ജമകളിൽ പല പതിപ്പുകളും ഇതിനിടയ്ക്കു കഴിഞ്ഞിരിക്കുന്നു. എന്നിട്ടും മലയാളഭാഷയിൽ ആരും തന്നെ ഇതിനെ പരിഭാഷപ്പെടുത്തിയതായി കണ്ടില്ല. ആ കുറവിനെ പരിഹരിക്കണമെന്നുള്ള ആശയാണ് എന്നെ ഇതിലേയ്ക്കു പ്രേരിപ്പിച്ചതു്. തമിഴാണു് ഞാൻ ഇതിലേക്കു മൂലമായി അംഗീകരിച്ചതു്. ൯൫ മിഥുനം മുതൽ യഥാവകാശം ഞാൻ ഇതിനെ പരിഭാഷപ്പെടുത്തിത്തുടങ്ങി. പക്ഷെ, ഏതാണ്ടു് ഒരുമാസത്തിനു മുമ്പുമാത്രമേ പൂർത്തിയാക്കാൻ സാധിച്ചുള്ളു. അതിനുകാരണ

മായിത്തിന്ന് പ്രതിബന്ധങ്ങളിൽ സർവ്വപ്രധാനമായതൊന്ന്, ആ
അവതാരപുരുഷന്റെ ഗംഭീരാശയത്തെ, പദദാരിദ്ര്യമുള്ള മല
യാളഭാഷയിൽ വെളിപ്പെടുത്തുന്നതിനു സ്വാഭാവികമായി ആ
ർക്കും ഉണ്ടാകയാവുന്നതിൽ കൂടുതൽശ്രമം കിഞ്ചിജ്ഞനാ
ണായുള്ള വന്ന് നേരിട്ടിട്ടുള്ളതാണ്. കഴിഞ്ഞ ചിങ്ങമാസത്തിൽ
ആന്ധ്രദേശത്തുനിന്നും വന്ന്, ചിലനാൾ കൊല്ലം "സ്വരാജ്യാ"
ശ്രമത്തിലെ അതിഥിയായി താമസിച്ചിരുന്ന, കാൺഗ്രസ്സ് പ്ര
വർത്തനത്തിൽ ഉൾപ്പെട്ട ഒരു ബ്രാഹ്മണയുവാവിന്റെ പക്കൽ
വച്ച്, അവിചാരിതമായി കാണാനിടയായ, ഹിന്ദിഭാഷയിൽ
നാഗരലിപിയിലുള്ള, ഇതിന്റെ പരിഭാഷയുടെ "ഗാന്ധിസിദ്ധാ
ന്തം" എന്ന പേരിനെയാണ് "ഗാന്ധിസിദ്ധാന്തം" ആക്കി
ഞാൻ, സ്വീകരിച്ചിട്ടുള്ളത്.

ഇത് എന്റെ ആദ്യത്തെ സാഹിത്യപരിശ്രമമാണെന്നു
പറയുമ്പോൾ, ഇതിൽ കണ്ടേക്കാവുന്ന സ്ഖലിതങ്ങളേയും
മൂലത്തിലെ ആശയം വല്ലഭാഗങ്ങളിലും വെളിപ്പെടാതെയുണ്ടെ
ങ്കിൽ അതുകളേയും നിർമ്മത്സരന്മാരായ സജ്ജനങ്ങൾ അനുഗ്ര
ഹബുദ്ധ്യാ ക്ഷമിച്ച്, ഇദംപ്രഥമമായി സാഹിത്യക്കളരിയുടെ അ
ടിപ്പടിയിൽ കാലുകുത്തുന്ന ഇജ്ജനത്തെ, അവലംബഹസ്തം ത
ന്ന് അനുമോദിക്കുമെന്നു വിശ്വസിക്കുന്നു.

ഇതിന്റെ കൈയെഴുത്തു പുസ്തകം ആമൂലാഗ്രം വായി
ച്ചുനോക്കി, അവിടവിടെക്കണ്ട സാഹിത്യസംബന്ധമായ സ്ഖ
ലിതങ്ങളെ എന്നെക്കൊണ്ടുതന്നെ തിരുത്തിക്കയും തമിഴിൽ
നിന്നും ആശയം വെളിപ്പെടാതെ വന്ന ഭാഗങ്ങളും ഇംഗ്ലീ
ഷുനോക്കി ശരിപ്പെടുത്തുന്നതിന് എന്നെ സദയം സഹായി
ക്കയും ചെയ്ത എന്റെ വന്ദ്യഗുരുഭൂതനായ ശ്രീമാൻ കാവുങ്ങൽ നീ
ലകണ്ഠപ്പിള്ള അവർകളോട് എനിക്കുള്ള അകൈതവമായ
കൃതജ്ഞതയേയും, തന്റെ കൃത്യാന്തരപാരവശ്യത്തിനിടയിൽ,
എന്റെ അപേക്ഷപ്രകാരം ഇതിന് അവതാരിക എഴുതിത്ത

ന്നാ എൻെറ മാന്യസ്നേഹിതനും „സ്വരാട്'' സഹപത്രാധിപരും ആയ ശ്രീമാൻ വിദ്വാൻ സി ശങ്കുണ്ണിനായർ അവർകൾക്കുള്ള എൻെറ ഹൃദയംഗമമായ വന്ദനത്തെയും രേഖപ്പെടുത്തുന്നതിന് ഈ ശുഭാവസരത്തെ വിനിയോഗിച്ചുകൊള്ളട്ടെ.

ഇതിൻെറ അച്ചടിജോലി വളരെത്തിടുക്കത്തിൽ കഴിഞ്ഞുകൂടിയതുകൊണ്ട്, ഇതിൽ സ്ഥലംപിടിച്ചിട്ടുള്ള അക്ഷരവീഴ്ചകൾ, അക്ഷന്തവ്യങ്ങളാണെന്നു കരുതുന്നവരുടെ സമാധാനത്തിനായി, വൈയാകരണകുലകൂടസ്ഥനായിരുന്ന "കേരളപാണിനി"യുടെ,

"അത്യുജ്ജിതം വസ്തുപദം പഠിത്വ-
മതഃപ്രമാദഃ സുലഭഃ പ്രണേതുഃ
പ്രമാദിനൌലേഖകമുദ്രകൌ ച;
കാത്യന്തികീ പുസ്തക! തേ വിശുദ്ധിഃ" എന്ന ശ്ലോകത്തെ ഉദ്ധരിച്ചുകൊണ്ട്, ഈ ഗ്രന്ഥത്തെ ഉദാരമനസ്കന്മാരായ മഹാജനങ്ങളുടെ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഗാന്ധിദേവപ്രസ്ഥാനത്തിൽ അവിശ്വാസികളും വിമുഖന്മാരും ആയവരുടെ മനസ്സിനെ, നേർവഴിക്കു തിരിക്കത്തക്ക ശക്തിവിശേഷത്തെ ഉൾക്കൂടിയ, സ്വരാജ്യസംബന്ധമായ സകല വിവരങ്ങളും അടങ്ങിയ, ആ മഹാഗ്രന്ഥത്തിൻെറ ഈ തർജ്ജമ അപ്രകാരമുള്ള മലയാളികളിൽ ഒരാളെ എങ്കിലും സ്വരാജ്യസ്ഥാപനത്തിനായുള്ള ഈ ധർമ്മയുദ്ധത്തിൽ പങ്കുകൊള്ളുന്നതിന്, ഏതൊരംശത്തിൽ എങ്കിലും സഹായിക്കുന്നതാണെങ്കിൽ, അതുതന്നെയാണ്, ഞാൻ ആശിക്കുന്നഫലം.

എസ്, വടയാറ്റുകോട്ട, കെ. പരമേശ്വരൻപിള്ള.

കൊല്ലം. ൧൦൯൭.

# അവതാരിക.

ഒരു രാജ്യത്തിന്റെയോ അവിട്ടത്തെ ഭാഷയുടേയോ ഭാവഗംഭീരമായ യൌവനദശയുടെ ഉത്തമ മാനദണ്ഡം അതിലെ രാഷ്ട്രീയസാഹിത്യമാകുന്നു. ഈ മൂലപ്രമാണംവെച്ചു നോക്കിയാൽ, നമ്മുടെ ജന്മഭൂമിയായ ഈ കേരളവും മാതൃഭാഷയായ കൈരളിയും തിരെ ബാല്യദശയിലാണു് വർത്തിക്കുന്നതെന്നും, അത്രത്തോളം രാഷ്ട്രീയബോധത്തിൽ അന്യദേശക്കാരുടെ പിന്നണിയിലാണു നാം നില്ക്കുന്നതെന്നും നമുക്കു കാണാവുന്നതാണു്. ഇന്ത്യയുടെ ദക്ഷിണദേശങ്ങളിലേക്കു കടക്കുന്തോറും രാഷ്ട്രീയമായ ഉണർച്ചയും ഉയർച്ചയും തിരെ കുറഞ്ഞതാണു് കാണപ്പെടുന്നതെന്നസംഗതി ദക്ഷിണാത്യന്മാരായ നമുക്കൊട്ടും അഭിമാനജനകമായിട്ടല്ലാ ഇരിക്കുന്നതു്. എന്നാൽ ഇന്നു് ഇന്ത്യയുടെ മിക്കഭാഗങ്ങളിലും ഉൽക്കടത്തോടുകൂടി അലച്ചടിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയബോധവീചിയുടെ അടിക്കടിയുള്ള അടയേററു് കേരളഭൂമിയും ഉണർന്നുതുടങ്ങിയിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. മടിയും മന്ദതയുംപൂണ്ടു് ഉറങ്ങിക്കിടന്നിരുന്ന മലയാളികളും, ഇന്ത്യയുടെ സ്വാതന്ത്ര്യസൂര്യോദയത്തിൽ മുഴങ്ങുന്ന മംഗലജയശംഖധ്വനികേട്ടു് ഞെട്ടിയുണർന്നു്, ചുററുപാട്ടും ഉണ്ടായിട്ടുള്ള മാററങ്ങളെ നോക്കിക്കാണുവാൻ ആരംഭിച്ചിട്ടുണ്ടു്.

ലോകൈകമഹാനുഭാവനായ മഹാത്മാഗാന്ധിയുടെ ആദ്ധ്യാത്മികദിവ്യചൈതന്യത്താൽ അനന്യസാമാന്യമായ ദീപ്തിയും ശക്തിയുംപൂണ്ടു് പ്രചരിച്ചിട്ടുള്ള സഹകരണത്യാഗപ്രസ്ഥാനമാണു്, ഇന്ത്യയുടെ, പ്രത്യേകിച്ചു്, കേരളദേശത്തിന്റെ നവീനമായ ഈ ഉണർച്ചക്കു് ഏററവും ഉപയോഗപ്പെ

ട്ടിട്ടുള്ളതെന്ന സംഗതി അനപലപനീയമത്രേ. ഈ ഘട്ടത്തിൽ ഉണൎന്നുകഴിഞ്ഞിട്ടുള്ള മലയാളികൾക്കു്, വേണ്ടുന്നത്ര രാഷ്ട്രീയബോധവും, ഉജ്ജ്വലമായ കൎമ്മശക്തിയും ഉണ്ടാക്കിത്തീൎക്കുന്നതിനുവേണ്ട ഏൎപ്പാടുകൾ എത്ര അധികമുണ്ടായാലും ഏറിപ്പോയി എന്നു വരുന്നതല്ല. ഈ ഏൎപ്പാടുകളിൽ ഏററവും പ്രധാനപ്പെട്ട ഒന്നാണു്. രാഷ്ട്രീയഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണമെന്നു സമ്മതിച്ചേതീരു. അതിനാൽ മഹാത്മാഗാന്ധിയുടെ 'ഹിന്ദ്സ്വരാജ' (Indian Home Rule) എന്ന ഉൽകൃഷ്ടകൃതിയെ മലയാളഭാഷയിലേക്കു തൎജ്ജിമചെയ്തിട്ടുള്ള എന്റെ സ്നേഹിതനായ മിസ്റ്റർ വടയാററുകോട്ട കെ. പരമേശ്വരൻപിള്ളയുടെ ഉദ്യമം എത്രത്തോളം ഹൃദ്യമായിരിക്കുന്നുണ്ടെന്നു ഞാൻ എടുത്തുപറയണമെന്നില്ലല്ലോ. മഹാത്മാഗാന്ധി ഗുജറാത്തിഭാഷയിൽ എഴുതിയിട്ടുള്ളതും, ഇംഗ്ലീഷിലും, ഇന്ത്യയിലെ മിക്ക നാട്ടുഭാഷകളിലും തൎജ്ജിമചെയ്യപ്പെട്ടിട്ടുള്ളതുമായ 'ഹിന്ദ്സ്വരാജ്' എന്ന പ്രബന്ധത്തിനു മലയാളത്തിൽ ഒരു തൎജ്ജിമ ഇതുവരെയും ഉണ്ടാകാതെയിരുന്നതു് മലയാളികൾക്കും മലയാളത്തിനും ഒരു വലിയ പോരായ്മയായിട്ടാണു് ഗണിക്കപ്പെട്ടിരുന്നതു്. മിസ്റ്റർ പരമേശ്വരൻപിള്ള ആ പോരായ്മയെ പരിഹരിച്ചിരിക്കുന്നുവെന്നു പറയുന്നതിൽ എനിക്കു പ്രത്യേകം ഒരു സന്തോഷമുണ്ടു്. 'ഗാന്ധിസിദ്ധാന്തം' അഥവാ 'ഭാരതസ്വരാജ്യം' എന്ന പേരിൽ തൎജ്ജിമചെയ്യപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥം മലയാളഭാഷയ്ക്കും ഇംഗ്ലീഷറിയാത്ത മലയാളികൾക്കും വളരെ ഉപകാരപ്രദമായിത്തീൎന്നിട്ടുണ്ടെന്നുള്ളതിനോടു് യോജിക്കാത്തവർ അധികമുണ്ടാവുമെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രസ്തുതപുസ്തകത്തിനു്, സ്വാത്മനാ അശക്തനും അനൎഹനും ആയിട്ടുള്ള ഇദ്ദേഹം വന്നെക്കൊണ്ടു് ഒരു അവതാരിക എഴുതിക്കുവാൻ നിശ്ചയിച്ച സംഗതിമാത്രമേ ഗ്രന്ഥകൎത്താവിന്റെ ഭാഗത്തു് ഒരു അനൗചിത്യമുള്ളതായി ഞാൻ കാണുന്നുള്ളു.

ഈ ഗ്രന്ഥത്തിൽ, 'കാൺഗ്രസ്സും തൽപ്രവൎത്തകന്മാരും'
'ബങ്കാൾവിഭജനം' എന്നിങ്ങനെ ഇരുപതോളം അവശ്യവി
ജ്ഞേയങ്ങളായ വിഷയങ്ങൾ വിശദമായും വിസ്തൃതമായുംവ
ൎണ്ണനംചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയുടെ പാരതന്ത്ര്യത്തിനുള്ള
ഹേതുക്കൾ, ഇന്ത്യയുടെഇപ്പോഴത്തെസ്ഥിതി, പരമാൎത്ഥമായ
പരിഷ്കാരം, സഹനസമരം, (Passive Resistance) വിദ്യാ
ഭ്യാസം, മുതലായി ഇതിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ചിലവി
ഷയങ്ങൾ പ്രത്യേകംശ്രദ്ധയോടുകൂടി പഠിച്ചുമനസ്സിലാക്കേണ്ട
വയാകുന്നു. പാശ്ചാത്യപരിഷ്കാരത്തിന്റെഭൌതികഭാഗത്തെ
യും പരിഷ്കാരോപകരണങ്ങളാണെന്നു വിശ്വസിക്കുന്ന യന്ത്ര
ങ്ങളുടെ ഉപയോഗത്തെയും മഹാത്മജി കഠിനമായി പ്രതിഷേ
ധിക്കുകയും അതുമൂലമുള്ള ഭയങ്കരങ്ങളായ ദോഷങ്ങളെ ചൂണ്ടി
ക്കാണിക്കുകയുംചെയ്യുന്നുണ്ട്. പാശ്ചാത്യദൎശനപ്രകാരം രാ
ജ്യതന്ത്രം എന്നുള്ളത് കേവലം കപടതന്ത്രത്തിന്റെയുംനയോ
പായപ്രയോഗത്തിന്റെയും കേളീരംഗമായിട്ടുള്ള ഒന്നാകുന്നു അ
ങ്ങനെയുള്ളരാജ്യതന്ത്രം, ആദ്ധ്യാത്മികവിദ്യാലയമെന്നു് വിഖ്യാ
തമായിട്ടുള്ള ഭാരതഭൂമിക്കു പററിയതല്ലെന്നും, ആ ആത്മീയശ
ക്തിയെ ആധാരമാക്കാത്ത രാജ്യതന്ത്രം രാജ്യത്തിനു് ആപൽ
ക്കരമായിട്ടാണു തീരുന്നതെന്നും ഇപ്പുസ്തകത്തിൽ നിന്നു് നമു
ക്കുമനസ്സിലാക്കുവാൻ സാധിക്കും. രാജ്യത്തിലെ ഏകാന്തമാ
യ നിത്യസമാധാനത്തിന്റെ മൂലാധാരം, ആദ്ധ്യാത്മികപദ്ധ
തിയാണെന്നും, അക്രമവും ഹിംസയും സൎവ്വത്ര ഉപയോഗ
പ്പെടുത്തുന്നിടത്തോളംകാലം നിത്യശാന്തിയും യഥാൎത്ഥസൌ
ഖ്യവും ലോകത്തിൽ ഉണ്ടായിരിക്കുന്നതല്ലെന്നും, ആത്മചൈ
തന്യമാണു് സൎവ്വോപരിസുപ്രധാനമെന്നും മഹാത്മജിസ്വാനു
ഭവങ്ങളെ പുരസ്കരിച്ചു വൎണ്ണിക്കുന്നു. പാശ്ചാത്യപരിഷ്കാരം
യന്ത്രോപയോഗം അക്രമം മുതലായവയെപ്പററിയുള്ള നിരൂപ
ണങ്ങൾ ചിലൎക്കുപക്ഷേ പിടിക്കുന്നതല്ലെങ്കിലും ലോകംഇന്നു്

ആ നിരൂപണത്തിൽ നിർദ്ദേശിച്ചിട്ടുള്ള ദോഷങ്ങളിൽനിന്നു രക്ഷകിട്ടുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ടെന്നുള്ളതിന് വാഷിങ്ടൺകോൺഫറൻസും,ജിനോവാകോൺഫറൻസും മററും തികഞ്ഞ തെളിവുകളാകുന്നു. നിരായുധത്വനയം വിധ്വംസയന്ത്രങ്ങളുടെനിരാകരണം എന്നിവയെപ്പററി പ്രസ്തുത കോൺഫ്രൻസുകൾ ആലോചനയ്ക്കെടുത്തതിൽനിന്ന്, പാശ്ചാത്യരാജ്യക്കാർ ഭൌതികപരിഷ്കാരഭ്രാന്തിയും അക്രമപ്രസക്തിയുംമൂലം എത്രത്തോളം ആപത്തിൽ അകപ്പെട്ടിട്ടുണ്ടെന്ന് ഏററക്കുറെനമുക്ക് ഗ്രഹിക്കാവുന്നതാണല്ലൊ. ആകപ്പാടെ ഒരു ആദ്ധ്യാത്മികദിവ്യസൌരഭ്യം ഈ പുസ്തകത്തിൽഎങ്ങും വിളയാടുന്നുണ്ടെന്ന് ചുരുക്കത്തിൽപ്പറഞ്ഞുകൊണ്ട് ഈ ഭാഗം അവസാനിച്ചുകൊള്ളുന്നു.

പരിഭാഷകനായമിസ്റ്റർ വടയാററുകോട്ട് കെ. പരമേശ്വരൻപിള്ള "കേരളചാണിനി"മാസികയുടെ പ്രസാധനംകൊണ്ട് കേരളീയർക്ക് സുപരിചിതനായിട്ടുള്ള ഒരാളാണ്. ആസ്ഥിതിക്കു അദ്ദേഹത്തിന് ഇപ്പുസ്തകം തർജ്ജമചെയ്യുന്നതിനുള്ള അർഹതയേയും അവകാശത്തേയുംപററി വായനക്കാരേ ഗ്രഹിപ്പിക്കേണ്ടഭാരം എനിക്കില്ലതന്നെ. തർജ്ജമ തുലോം വിശദവും ലളിതവുമാണെന്നു കാണുന്നതിൽ എനിക്കുവലിയ കൌതുകമുണ്ട്. ശ്രീമാൻ പരമേശ്വരൻപിള്ള അവർകൾ പരിഭാഷ ചെയ്തിട്ടുള്ളത് മൂലകൃതിയുടെതമിഴിലുള്ളഒരു തർജ്ജമയെയാണെന്നുകാണുന്നു. മൂലകൃതിയെ രണ്ടുമൂന്നുഭാഷകളിലേക്കു സംക്രമിപ്പിച്ചിരിക്കുന്നതുകൊണ്ട് അതിൻെറ സ്വാരസ്യം ഈ തർജ്ജമയിൽ വേണ്ടതുപോലെ വന്നിട്ടില്ലെങ്കിൽ അതിന് തർജ്ജമക്കാരൻ കുററക്കാരനാകുന്നതല്ല. സോഡക്കുപ്പിപൊട്ടിച്ച് രണ്ടുമൂന്നുപാത്രങ്ങളിലേക്ക് പകരുമ്പോൾ അതിൻെറഗ്യാസ്സ് കുറേ കുറഞ്ഞുപോകുന്നതാണല്ലോ. ചിലസ്ഥലങ്ങളിൽ ചില്ലറചില ശൈലീഭംഗങ്ങളും ദേശ്യപ്രയോഗങ്ങളും കണ്ടെത്തിയേക്കാ

മെങ്കിലും, അവ ആശയഗ്രഹണത്തിനു പ്രതിബന്ധകങ്ങളായോ, ഗ്രന്ഥ സൗന്ദര്യത്തിനു ഹാനികരങ്ങളായോ ഇരിക്കുന്നില്ലന്നു തന്നെ പറയാം. മലയാളഭാഷയിൽ മരുന്നിനുപോലും കുറവായിട്ടുള്ള രാഷ്ട്രീയസാഹിത്യത്തിന്റെ അഭാവത്തെ പരിഹരിക്കുവാനും മലയാളികൾക്കു പൊതുവെ രാജ്യതന്ത്രപരിജ്ഞാനം ഉണ്ടാക്കുവാനും ഉപയോഗപ്പെടുന്ന ഈ കൃതി, മലയാളസാഹിത്യസദസ്സിലേക്കു് സകൗതുകം സ്വാഗതം ചെയ്തു് സ്വീകരിക്കത്തക്കഒന്നാകുന്നു. മിസ്റ്റർ പരമേശ്വരൻ പിള്ളയുടെ പരിശ്രമം വിജയപര്യവസായിയായിത്തീർന്നിട്ടുണ്ടെന്നു് എനിക്കു സധൈര്യം പറയുവാൻ സാധിക്കും. മഹാത്മാഗാന്ധിയുടെ മഹനീയങ്ങളായ ആശയങ്ങളെ പ്രകാശിപ്പിക്കുന്നതായ ഈ പുസ്തകത്തെ ഞാൻ കേരളീയമഹാജനങ്ങളുടെ സമക്ഷം സാദരമായി അവതരിപ്പിച്ചുകൊള്ളുന്നു.

കൊല്ലം,
൨൭-൯-൯൭

വിദ്വാൻ സി. ശങ്കുണ്ണിനായർ.

# ഗാന്ധിസിദ്ധാന്തം

അഥവാ

# ഭാരതസ്വരാജ്യം.

---

## അദ്ധ്യായം ൧.

---

### കാൺഗ്രസ്സും തൽപ്രവൎത്തകന്മാരും.

വായനക്കാരൻ:—ഇന്ത്യയിൽ എങ്ങും സ്വരാജ്യം എന്നൊരു ശബ്ദം ഇപ്പോൾ മുഴങ്ങിത്തുടങ്ങിയിട്ടുണ്ടു്. സാമുദായികമായ സ്വാതന്ത്ര്യത്തെ സമ്പാദിക്കുന്നതിനു നമ്മുടെ ആളുകൾ പരിശ്രമിച്ചുവരുന്നു. ഉഗ്രശമായ ഒരിളക്കം തെക്കെ ആഫ്രിക്കയിലുള്ള ഇന്ത്യക്കാരിലും തട്ടിയിട്ടുണ്ടു്. സ്വന്തഅവകാശങ്ങളെ സമ്പാദിക്കുന്നതിന് ഇന്ത്യക്കാർ ഉൽസുകന്മാരായിരിക്കുന്നു. ഈ സംഗതിയിൽ നിങ്ങളുടെ അഭിപ്രായഗതിഎന്താണു് ?

പത്രാധിപർ:—നിങ്ങളുടെ ചോദ്യംനല്ലതുതന്നെ. എന്നാൽ ഉത്തരം പറവാൻ അത്രഎളുപ്പമല്ല. ഒരു പത്രത്തിന്റെ ചുമതലകളിൽഒന്നു്, പൊതുജനാഭിപ്രായത്തെ അറിഞ്ഞു് അതിനെ വെളിപ്പെടുത്തുകയാണു്. മറെറാന്നു്, പൊതുജനങ്ങളുടെ ഇടയിൽ ചില അഭിലഷണീയങ്ങളായ ഉണൎവ്വുകളെ ഉദ്ദീപിപ്പിക്കുകയാകുന്നു. മൂന്നാമത്തേതു്, സാമുദായികമായ ന്യൂനതകളെ നിൎഭയം ചൂണ്ടിക്കാണിക്കുകയുമത്രെ. നിങ്ങളുടെ ചോദ്യത്തിനുത്തരം

പറയുന്നതിൽ ഈ മൂന്നുമുഖ്യതലകളുടേയും അഭ്യസനം അന്തൎഭവിച്ചിരിക്കുന്നു. ഒട്ടുമുവു് പൊതുജനാഭിപ്രായത്തെ വെളിപ്പെടുത്തണം; ചില ഉൽകൃഷ്ടവിചാരങ്ങളെ പ്രോഷിപ്പിക്കണം; ചില ന്യൂനതകളെ വെളിപ്പെടുത്തുകയുംവേണം. എന്നാൽ നിങ്ങൾ ചോദിച്ചതുകൊണ്ടു് ഉത്തരം പറയേണ്ടുകടമ എനിക്കുണ്ടു്.

വായനക്കാരൻ:—അങ്ങനെയാണെങ്കിൽ, നമ്മുടെ ഇടയിൽ സ്വരാജ്യാശയുണ്ടായിട്ടുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുവോ?

പത്രാധിപർ.—ഉണ്ടു്; ആ ആശയാണു് "ദേശീയമഹാസഭ" (ഭാരതമഹാജനസഭ)യുടെ ആവിർഭാവത്തിനു ഹേതുവായതു്. ഇന്ത്യക്കാരുടെ നാവിൽ ഉദിച്ച "ദേശീയം" എന്ന ശബ്ദം തന്നെ ആ ആശയിൽ മുളച്ചുണ്ടായതാണല്ലോ.

വായനക്കാരൻ:—ഹെയ്! ഒരിക്കലും അങ്ങനെയല്ല; ഇന്ത്യയിലെ ചെറുപ്പക്കാർ ദേശീയമഹാസഭയെക്കുറിച്ചു്, ശരിയായ മതിപ്പില്ലതന്നെ. ബ്രിട്ടീഷ്കോയ്മയെ നമ്മുടെ നാട്ടിൽ ശാശ്വതമാക്കാനായിട്ടുള്ള ഒരായുധം എന്നാണു് അവർ അതിനെക്കരുതിവരുന്നതു്.

പത്രാധിപർ:—അതുതെററായകരുതലാകുന്നു. ഇന്ത്യയിലെ ആ വന്ദ്യവയോധികൻ അസ്ഥിവാരം ഉറപ്പിക്കാതിരുന്നുവെങ്കിൽ ഇന്നത്തെ യുവജനങ്ങളുടെ നാവിൽനിന്നും സ്വരാജ്യം എന്നശബ്ദംപോലും പുറപ്പെടുകയില്ലായിരുന്നു. കാൺഗ്രസ്സ് ഉതിർത്തഫലം അനുഭവിക്കുന്നതിലേക്കു്, ഹ്യൂം എന്ന മഹാൻ എഴുതിയപുസ്തകങ്ങൾ എത്ര കരുത്തോടുകൂടി നമ്മെത്തട്ടിയുണർത്തി എന്നും പ്രവൃത്തിപഥത്തിൽ പ്രവേശിപ്പിച്ചു എന്നും ഉള്ളതു്, നാം എങ്ങനെ വിസ്മരിക്കും? സർ വില്യം വെട്ടർബൺ സ്വന്തം ദേഹം മനസ്സ് പണം മൂന്നും ഈ വിഷയത്തിലേക്കു

വിനിയോഗിച്ചിട്ടുണ്ടു്. അദ്ദേഹം എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ ഇന്നും ചിന്തനീയങ്ങളാണു്. നമ്മളിൽ സാമുദായികമായ ഉണർവ് ഉണ്ടാക്കുന്നതിനു ശ്രീമാൻ ഗോപാലകൃഷ്ണഗോഖലെ ഇരുപതുകൊല്ലം പൊതുജനദാസ്യം വഹിച്ചു കഷ്ടപ്പെട്ടിട്ടുണ്ടു്. ഇപ്പോഴും അദ്ദേഹം ദരിദ്രസ്ഥിതിയിൽതന്നെ ജീവിക്കുന്നു. കഴിഞ്ഞുപോയ ജസ്റ്റീസ് ദയാബ്ജിയും കാൺഗ്രസ്സുവഴി സ്വരാജ്യബീജത്തെ വിതരണംചെയ്ത മഹാന്മാരിൽ ഒരാളാണു്. ഇതേപ്രകാരം ബംഗാളിലും പഞ്ചാബിലും മദിരാശിയിലും മറ്റുസ്ഥലങ്ങളിലും ഇന്ത്യയുടെ ഗുണകാംക്ഷികളും കാൺഗ്രസ്സ് സാമാജികന്മാരുമായി ഇന്ത്യക്കാരിലും ഇംഗ്ലീഷുകാരിലും പലർ ഉണ്ടായിട്ടുണ്ടു്.

വായനക്കാരൻ:—നിൽക്കട്ടെ! നിങ്ങളുടെ സംസാരം അതിരിനെ ലംഘിക്കുന്നു. എന്റെ ചോദ്യത്തിൽനിന്നും നിങ്ങൾ വ്യതിചലിക്കയാണു്. ഞാൻ സ്വരാജ്യത്തെപ്പറ്റിയാണു ചോദിച്ചതു്. നിങ്ങൾ വിദേശത്തെക്കുറിച്ചു വ്യവഹരിക്കുന്നു. ഇംഗ്ലീഷുകാരുടെ പേരുകൾ കേൾക്കാൻ എനിക്കു് ഇഷ്ടമില്ല. നിങ്ങൾ ആ പേരുകൾ തന്നെമുറയ്ക്കു് ഉച്ചരിക്കുന്നു. ഈ സ്ഥിതിയിലായാൽ നമ്മൾ തമ്മിൽ സ്വരച്ചേർച്ചയില്ലാതെവന്നേയ്ക്കാം. നിങ്ങളുടെ ശ്രദ്ധ സ്വരാജ്യവിഷയത്തിൽ മാത്രമായിരുന്നാൽ എനിക്കു സന്തോഷമുണ്ടായിരിക്കും. മററുവിധത്തിലുള്ള സംസാരം എനിക്കു തൃപ്തികരമല്ല.

പത്രാധിപർ:—നിങ്ങൾ അക്ഷമനാണു്. ആ സ്വഭാവം എനിക്കു് ഇഷ്ടമല്ല. ഞാൻ പറയുന്നതിനെ അല്പനേരം ക്ഷമയോടുകൂടി കേൾക്കുന്നതായാൽ നിങ്ങൾക്കു് അറിവാൻ അഭിലാഷമുള്ളതു് അതിൽ നിന്നുലഭിക്കും. 'ഒരു നാളിൽ മരമാകാ' എന്നുള്ളതു നിങ്ങൾ ഓർക്കണം. എ

ൻെറ സംസാരത്തെ നിങ്ങൾ നിരോധിച്ചതും ഇന്ത്യയുടെ ഗുണകാംക്ഷികളുടെ പേരുകേൾക്കാൻ ഇഷ്ടമില്ലെന്നു പറഞ്ഞതും നോക്കുമ്പോൾ സ്വരാജ്യസിദ്ധികൾ ഇനിയും നിങ്ങൾക്കു കാലമായിട്ടില്ലെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. നിങ്ങളെപ്പോലെ അധികം പേർ ഉണ്ടെങ്കിൽ നമ്മുടെ സ്ഥിതിയെ മുമ്പോട്ടുകൊണ്ടുപോകാൻ ഒരിക്കലും സാധിക്കയില്ല. ഈ സംഗതി എപ്പോഴും നിങ്ങൾക്കു് ഓൎമ്മയുണ്ടായിരിക്കണം.

വായനക്കാരൻ:— വളച്ചു വളച്ചു സംസാരിച്ചു് എന്നെ കബളിപ്പിക്കണമെന്നു മാത്രമാണു്, നിങ്ങളുടെ മോഹം എന്നു തോന്നുന്നു. ഇന്ത്യയുടെ ഗുണകാംക്ഷികളായി നിങ്ങൾ വിചാരിക്കുന്ന എല്ലാവരും ആ സ്ഥിതിയിലുള്ളവരെന്നു ഞാൻ കരുതുന്നില്ല. പിതാമഹനായിട്ടു് ആരെക്കുറിച്ചുള്ള സംഭാഷണത്തെ ഞാൻ ശ്രദ്ധിക്കണം? നമ്മുടെ സമുദായപിതാവെന്നു നിങ്ങൾ പറഞ്ഞ ആൾ അതിനുവേണ്ടി എന്തു നന്മയെ ചെയ്തിട്ടുണ്ടു്? "ബ്രിട്ടീഷ് കോയ്മ ന്യായമായി നമ്മോടു പെരുമാറും; നാം അവരെ സഹകരിക്കതന്നെ വേണം" എന്നാണു് അദ്ദേഹം പറയുന്നതു്.

പത്രാധിപർ:— ആ മഹാനെ നിങ്ങൾ അനാദരസ്വരത്തിൽ സംസാരിക്കുന്നതു് നമുക്കു് എല്ലാവൎക്കും ലജ്ജാവഹമാണെന്നു പറയേണ്ടിയിരിക്കുന്നു. അദ്ദേഹം ചെയ്തിട്ടുള്ളതിനെപ്പററി ചിന്തിക്കാം. ഇന്ത്യയുടെ ഗുണത്തിനായി അദ്ദേഹം തൻെറ ജീവിതത്തെ വിനിയോഗിച്ചു: രാജ്യകാൎയ്യവിഷയത്തിൽ നമുക്കു വല്ല അറിവുമുണ്ടെങ്കിൽ, അതു് അദ്ദേഹത്തിൽനിന്നും സിദ്ധിച്ചിട്ടുള്ളതാണു്; ഇംഗ്ലീഷുകാർ നമ്മുടെ ജീവരക്തത്തെ ഊററുന്നുണ്ടെന്നു നമ്മെ മനസ്സിലാക്കിയതു് ആ മഹാത്മാവായ ദാദാബായിനവറോജിയല്ലാ

തെ മററാരുമല്ല. ഇന്നും അദ്ദേഹം ഇംഗ്ലീഷുകാരെ വിശ്വസിക്കുന്നു; അതുകൊണ്ട് എന്തു ദോഷം വരാനാണ്? ഉദാരത്തിലുപ്പുകൊണ്ട് നമ്മൾ ഒരതിക്രൂരമുഖംപോട്ടുവയ്ക്കുവാൻ ഒരുക്കമാണെന്ന കാരണത്തിന്മേൽ അദ്ദേഹത്തിലുള്ള ബഹുമാനത്തിന്ന ഭംഗം വരുത്താമോ? ഏതൊരു പടിയെക്കടന്ന നാം മേല്പോട്ടുവന്നുവോ ആ പടിയെ തട്ടിക്കളയാതിരിക്കുന്നതാണു ബുദ്ധിമാന്മാരുടെ അടയാളം. "അടിപ്പടിപോയാലിപ്പടിപോകും" ബാല്യം കഴിഞ്ഞു യൌവനത്തെ പ്രാപിച്ചെന്നുവച്ച് നാം ആ ബാല്യകാലത്തെ നിന്ദിക്കുന്നില്ല; സ്നേഹപൂർവ്വം അനുസ്മരിക്കുന്നതേയുള്ളൂ. വളരെ ശ്രമപ്പെട്ട് അഭ്യസിച്ചതിന്നുശേഷം ഒരു ഗുരുവെന്നോ വല്ലതും പഠിപ്പിച്ചുവെന്നിരിക്കട്ടെ! ആ പഠിത്തത്തെ അടിസ്ഥാനപ്പെടുത്തി അതിൽ കൂടുതലായി എന്തെങ്കിലും ചിന്തിച്ചറിവാൻ എനിക്കു സാധിച്ചുവെങ്കിൽ ഞാൻ അദ്ദേഹത്തെക്കാൾ അഭിജ്ഞനെന്നു വരികയില്ല. എപ്പോഴും എനിക്ക് അദ്ദേഹത്തിൽ ബഹുമാനമുണ്ടായിരിക്കതന്നെ വേണം. ഈ പ്രകാരമാണു നമ്മുടെ ഇന്ത്യയിലെ വന്ദ്യവയോവൃദ്ധന്റെ സംഗതിയും. ദേശീയത്വത്തിന്റെ പ്രതിഷ്ഠാപകൻ അദ്ദേഹമാണെന്നു നാം സമ്മതിച്ചേ തീരൂ.

വായനക്കാരൻ:—നിങ്ങൾ പറഞ്ഞതു യുക്തമായിരിക്കുന്നു. ദാദാബായിയെക്കുറിച്ച് നാം എപ്പോഴും ബഹുമാനമുള്ളവരായിരിക്കണമെന്നു എനിക്ക് ഇപ്പോൾ മനസ്സിലായി. അദ്ദേഹമോ അദ്ദേഹത്തെപ്പോലുള്ള മററാളുകളോ ഇല്ലാതെ നമ്മെ ഉണർത്തുന്ന ഈ ആത്മശക്തി ഒരിക്കലും ഉണ്ടാകത്തക്കതല്ല. ഈ ശ്രേഷ്ഠത്വം ഗോപാലകൃഷ്ണഗോഖലെയിൽ എങ്ങിനെ സാധിക്കാം? അദ്ദേഹം ബ്രിട്ടീഷുകാരുടെ ആപ്തമിത്രങ്ങളെ ബദ്ധകങ്കണനായിരുന്ന ആളല്ലേ? ഇംഗ്ലീഷുകാരിൽനിന്നും നമുക്കു വളരെ പഠിക്കാനുണ്ടെന്നു സ

രാജ്യത്തെ ആവശ്യപ്പെടുന്നതിനുമുമ്പ് അവരുടെ ഭരണതന്ത്രം പരിശീലിച്ചുകൊള്ളേണ്ടതാണെന്നും അദ്ദേഹം പറയുന്നു. ഈ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വായിച്ചു ഞാൻ നന്നേ മുഷിഞ്ഞിട്ടുണ്ടു്.

പത്രാധിപർ:—നിങ്ങൾ മുഷിഞ്ഞെങ്കിൽ അതു നിങ്ങളുടെ ക്ഷമകേടിനെയാണു വെളിപ്പെടുത്തുന്നതു്. മാതാപിതാക്കന്മാരുടെ മന്ദഗതിയിൽ അതൃപ്തന്മാരായി, അവർ തങ്ങൾക്കൊപ്പം ഓടി എത്തുന്നില്ലെന്നു കുറ്റപ്പെടുത്തുന്നവർ അവരെ അനാദരിക്കുന്നവരാണെന്നു വിശ്വസിക്കപ്പെടുന്നു. ഗോഖലെ നമ്മുടെ പിതൃസ്ഥാനത്തിൽ സ്ഥിതിചെയ്യുന്നു. അദ്ദേഹത്തിനു നമ്മോടുകൂടി ഓടി എത്താൻ പ്രാപ്തിയില്ലെന്നുവെച്ചു് എന്തു ന്യൂനതയാണുള്ളതു്? സ്വരാജ്യത്തെ കാംക്ഷിക്കുന്നവർ തങ്ങളുടെ പൂർവികന്മാരെ അപലപിച്ചുകൂടാ. ജ്യേഷ്ഠാംഗങ്ങളിൽ നമുക്കു ഭക്തി കുറയുന്തോറും നമ്മുടെ ഉദ്ദേശസാദ്ധ്യത്തിനു വിഘാതം നേരിടുന്നു. മനഃപാകത സിദ്ധിച്ചവർക്കേ സ്വയംഭരണത്തിനു പ്രാപ്തിയുണ്ടാകയുള്ളു. അക്ഷമന്മാർ ആ വിഷയത്തിൽ അശക്തന്മാരായിത്തീരുന്നു കൂടാതെ. ഭാരതീയരുടെ വിദ്യാഭ്യാസകാര്യത്തിൽ ഗോഖലെ തന്റെ ജീവിതത്തെപ്പണയപ്പെടുത്തിയകാലത്തു് അദ്ദേഹത്തെ അനുകരിക്കാൻ എത്രപേരുണ്ടായിരുന്നു? അദ്ദേഹത്തിന്റെ പ്രവൃത്തികൾ എല്ലാം പരിശുദ്ധോദ്ദേശത്തോടുകൂടിയതും ആയതു്, സ്വരാജ്യശ്രേയസ്സിനായി ചെയ്യപ്പെട്ടതും ആണെന്നു ഞാൻ വിശ്വസിക്കുന്നു. മാതൃഭൂമിയെക്കുറിച്ചു് അദ്ദേഹത്തിനുണ്ടായിരുന്ന ഭക്തി, വേണ്ടിവന്നാൽ മരണത്തെ എതിർക്കാൻപോലും സന്നദ്ധമാകത്തക്കവണ്ണം അത്ര മഹത്തരമാകുന്നു. അദ്ദേഹം പറയുന്നതെല്ലാം, സത്യമെന്നു ബോധമുള്ളതാ

യിരിക്കും. അല്ലാതെ അന്യന്മാരെപുകഴ്ത്താനായിട്ടല്ല. അതുകൊണ്ട് നാം അദ്ദേഹത്തെ ബഹുമാനപൂർവ്വം ആദരിക്കേണ്ടതിന്ന കടപ്പെട്ടവരായിരിക്കുന്നു.

വായനക്കാരൻ:—അങ്ങനെയാണെങ്കിൽ എല്ലാവിഷയത്തിലും നാം അദ്ദേഹത്തെ പിന്തുടരണമോ?

പത്രാധിപർ:—മനസ്സാക്ഷികമായി അദ്ദേഹത്തിന്റെ അഭിപ്രായം നമുക്ക രുചിക്കാത്തപക്ഷം, നമ്മുടെ മനസ്സാക്ഷിയെ അനുസരിച്ച നാം പ്രവർത്തിച്ചുകൊള്ളണമെന്നല്ലാതെ അദ്ദേഹത്തെ അനുസരിക്കണമെന്ന് ആ പണ്ഡിതൻ ഉപദേശിക്കുന്നില്ല. അദ്ദേഹത്തിന്റെ പ്രവൃത്തികളെക്കുറിച്ച് അപലപിക്കാതെ, അദ്ദേഹം ഒരു ശ്രേഷ്ഠപുരുഷനാണെന്നും ഇന്ത്യയ്ക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തികളോട് താരതമ്യപ്പെടുത്തിനോക്കുമ്പോൾ നമ്മുടേതു കേവലം തുച്ഛങ്ങളാണെന്നും വിശ്വസിക്കുകയാണ നമ്മുടെ പ്രധാനകൃത്യം. അനേകം വർത്തമാനപ്പത്രങ്ങൾ അദ്ദേഹത്തെ അപലപിച്ചു പ്രസ്താവിക്കുന്നുണ്ട്. ആ പ്രസ്താവങ്ങളെ എതിർവദിക്കേണ്ടതു നമ്മുടെ കടമയാണ്. ഗോഖലെയെപ്പോലുള്ള മഹാന്മാർ സ്വരാജ്യത്തിന്റെ അധിഷ്ഠാനസ്തംഭങ്ങളാണെന്നു നാം കരുതണം. ഇതരാഭിപ്രായങ്ങളെല്ലാം ദുഷ്ടങ്ങളെന്നും നമ്മുടേതുമാത്രം ശുദ്ധമാണെന്നും എതിരഭിപ്രായക്കാരെല്ലാം രാജ്യവിരോധികളെന്നും കരുതുന്നതു് ഒരു ദുഃസ്വഭാവമാകുന്നു.

വായനക്കാരൻ:—നിങ്ങളുടെ അഭിപ്രായം ഇപ്പോൾ എന്താണ്ട് എനിക്കു മനസ്സിലായിവരുന്നു. ഈ വിഷയത്തെക്കുറിച്ച എനിക്ക് ചിന്തിക്കേണ്ടതുണ്ട്. മിസ്റ്റർ ഹ്യൂംസർ വെഡ്ഡർബേൺ ഇവരെക്കുറിച്ച് നിങ്ങൾ പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല.

പത്രാധിപർ:—ഇന്ത്യക്കാൎക്കു് എത്രനിയമമോ, അതേനിയമം തന്നെയാണു് ഇംഗ്ലീഷുകാൎക്കും. ആംഗ്ലേയർ ആകമാനം ചീത്തയാളുകളാണെന്നുള്ള അഭിപ്രായത്തോടു ഞാൻ തീരെ അനുകൂലിയല്ല. ഇന്ത്യയ്ക്കു സ്വയംഭരണം സിദ്ധിക്കണമെന്നു് ആഗ്രഹമുള്ള അനവധി ഇംഗ്ലീഷുകാരുണ്ടു്. പക്ഷെ ഇംഗ്ലീഷുകാർ പൊതുവെ മററുള്ളവരെക്കാൾ അല്പമാത്രം സ്വാൎത്ഥമാത്രന്മാരാണെന്നുള്ളതു വാസ്തവംതന്നെ. എന്നുവെച്ചു്, അവർ എല്ലാവരും ചീത്തയാളുകളാണെന്നു് അതുകൊണ്ടു സിദ്ധിക്കുന്നില്ല. ന്യായത്തെ ഇച്ഛിക്കുന്ന നാം അന്യന്മാരോടും ന്യായംതന്നെ പ്രവൎത്തിക്കണം, വെട്ടർബെൺ ഇന്ത്യയ്ക്കു ദോഷത്തെകരുതുന്നില്ല. നമുക്കു് അത്രമാത്രമേ ആവശ്യമുള്ളൂ. നാം ന്യായവീഥിയിൽ ചരിക്കയാണെങ്കിൽ വിദൂരമല്ലാത്തഭാവിയിൽ ഇന്ത്യ സ്വതന്ത്രയാകുമെന്നു നിങ്ങൾക്കു് അനുഭവംകൊണ്ടു ബോദ്ധ്യമായിക്കൊള്ളും. ഓരോ ഇംഗ്ലീഷുകാരനും നമ്മുടെ ശത്രുവാണെന്നു വിചാരിച്ചു തള്ളപ്പെട്ടാൽ നമുക്കു് അടുത്തകാലത്തെങ്ങും സ്വരാജ്യം സിദ്ധിക്കയില്ലെന്നും നിങ്ങൾക്കു മനസ്സിലാകും. എന്നാൽ അവരോടു നാം ന്യായമായിപ്പെരുമാറിയാൽ നമ്മുടെ ഉദ്ദേശസാദ്ധ്യത്തിനു വേണ്ടിയ ഒത്താശകൾ അവരിൽനിന്നും നമുക്കു സിദ്ധിക്കും.

വായനക്കാരൻ:—ഇപ്പോൾ എനിക്കു് ഇതെല്ലാം അയുക്തമായിട്ടാണു തോന്നുന്നതു്. സ്വരാജ്യസിദ്ധിയും ആംഗ്ലേയസാഹായ്യവും പരസ്പരവിരുദ്ധങ്ങളാണു്. നമുക്കു സ്വരാജ്യം കിട്ടുന്നതു് ഇംഗ്ലീഷുകാർ എങ്ങനെ സഹിക്കും? ഈ ചോദ്യത്തിനു മറുപടി ഇപ്പോൾ പറയണമെന്നില്ല. അതിലേക്കു സമയം ചെലവഴിക്കുന്നതു് വൃഥാവാണു്. നമുക്കു് എങ്ങിനെയാണു് സ്വരാജ്യം ലഭിക്കുന്നതു് എന്നുള്ളതിനെ മനസ്സിലാക്കിത്തരുമ്പോൾ നിങ്ങളുടെ അഭിപ്രായ

ങ്ങൾപക്ഷെ എനിക്കറിയാറാകും. ഇംഗ്ലീഷുകാരുടെ സ
ഹായത്തെക്കുറിച്ചുള്ള പ്രസംഗംകൊണ്ടുതന്നെ എനിക്കു
നിങ്ങളിൽ അനാദരമുണ്ടാകുന്നു. ഈ വിഷയത്തെ ഇ
നിയും തുടരാതിരിക്കണമെന്നു പ്രാൎത്ഥനയുണ്ടു്.

പത്രാധിപർ:—അങ്ങനെ ചെയ്യണമെന്നു് എനിക്കു പക്ഷമി
ല്ല. എന്നിൽ അനാദരമുണ്ടാകുന്നതിൽ എനിക്കു് അ
സ്വാസ്ഥ്യമില്ല. തുടക്കത്തിൽ വെറുപ്പുതോന്നുന്നതിനെ
ഞാൻ പറയുന്നതു നല്ലതാണു്. ഇനി നിങ്ങളുടെ
പക്ഷഭേദത്തെ ഇല്ലാതാക്കാൻ ശ്രമിക്കേണ്ടതു് എന്റെ
കടമയാണു്.

വായനക്കാരൻ:—ആ ഒടുവിൽ പറഞ്ഞതു് എനിക്കു തൃപ്തിയാ
യി. ഞാൻ ഇഷ്ടപ്പെടുന്നതിനെ പറവാൻ എന്നെ അതു
ധൈൎയ്യപ്പെടുത്തുന്നു. ഇനിയും ഒരു സംഗതി എന്നെ അല
ട്ടുന്നുണ്ടു്. കാൺഗ്രസ്സ് സ്വരാജ്യത്തിനു് അടിസ്ഥാനമിട്ട
തു് എങ്ങനെയെന്നു് എനിക്കു മനസ്സിലാകുന്നില്ല.

പത്രാധിപർ:—ശരി; പറയാം. കാൺഗ്രസ്സ് ഇന്ത്യയുടെ നാ
നാഭാഗങ്ങളിൽനിന്നും ഇന്ത്യക്കാരെ വിളിച്ചുകൂട്ടി, അ
വരിൽ ദേശീയ ഉണൎവിനെ ഉളവാക്കി; ഗവൎമ്മെണ്ടു്
അതിനെ അപ്രിയദൃഷ്ട്യാ വീക്ഷിച്ചുവന്നു. രാജ്യത്തെ
വരവുചെലവുകൾ ജനങ്ങളുടെ അനുമതിയോടുകൂടി വേ
ണ്ടതാണെന്നു് എപ്പോഴും കാൺഗ്രസ്സ് വാദിച്ചുവരുന്നു
ണ്ടു്. കാനഡയ്ക്കു സിദ്ധിച്ചതുപോലുള്ള സ്വയംഭരണം
നമുക്കും വേണമെന്നു കാൺഗ്രസ്സിനു് എപ്പോഴും താല്പ
ൎയ്യമുണ്ടു്. നമുക്കു് അതു കിട്ടുമോ കിട്ടത്തില്ലയോ; നാം
അതു് ആഗ്രഹിക്കുന്നുണ്ടോ ഇല്ലയോ; അതിൽകൂടുതലാ
യി വല്ലതും ആശിക്കേണ്ടതുണ്ടോ; എന്നുള്ളതൊക്കെയി
രിക്കട്ടെ! കാൺഗ്രസ്സാണു് സ്വയംഭരണത്തിൽ അഭിനി
വേശത്തെ ഉണ്ടാക്കിയതു് എന്നു മാത്രമേ എനിക്കു നിങ്ങ

ളോട്ടു പറവാനുള്ളൂ. കാൺഗ്രസ്സിനെക്കുറിച്ചു നമു ക്കുമതിപ്പുകേടുണ്ടാകുന്നതു ശരിയല്ല. അങ്ങനെ ചെയ്യുന്നതു നന്ദികേടാണെന്നു മാത്രമല്ല, നമ്മുടെ ഉ ദ്ദേശസാദ്ധ്യത്തിനു പ്രതിബന്ധവും കൂടിയാണു്. നമ്മു ടെ സമുദായരൂപീകരണത്തിനു വിപരീതമായിട്ടാണു് കാൺഗ്രസ്സിന്റെ നിലയെന്നു ഭാവിക്കയാണെങ്കിൽ അതി നെ നമ്മുടെ ഉപയോഗത്തിലേക്കു കൊണ്ടുവരാൻ പ്ര യാസമായിത്തീരും.

---

## അദ്ധ്യായം ൫.

### ബംഗാൾവിഭജനം.

വായനക്കാരൻ:—നിങ്ങളുടെ യുക്തിവാദമനുസരിച്ചു നോക്കുമ്പോൾ പക്ഷം സ്വരാജ്യത്തിനു് അടിസ്ഥാനമിട്ടതു കാൺഗ്ര സ്സാണെന്നു പറയണം. എന്നാൽ അതുയഥാൎത്ഥമായ ഉണൎത്തൽ ആണു് എന്നു കരുതിക്കൂടെന്നു നിങ്ങൾ സമ്മ തിക്കും. വാസ്തവമായ ഉണൎവുണ്ടായതു് ഏതുകാലത്തു് ഏതുവിധത്തിൽ ആണു്?

പത്രാധിപർ:—വിത്തു് ഒരിക്കലും കാണപ്പെടുന്നില്ല; അതു് ഗ്ര ഭത്തിൽവേലചെയ്തു അവിടെത്തന്നെ നശിക്കുന്നു. അ തിൽനിന്നുണ്ടാകുന്ന വൃക്ഷം മാത്രമേ മേൽകാണപ്പെടു ന്നുള്ളൂ. കാൺഗ്രസ്സിന്റെ സംഗതിയും ഇതുപോലെ തന്നെ. എന്നാൽ നിങ്ങൾപറയുന്ന യഥാൎത്ഥമായ ഉണൎവു് ബംഗാൾ വിഭാഗത്തിനുശേഷമാണു സംഭവി ച്ചതു്. * അതിലേക്കു് കഴ്സൺപ്രഭുവിന്റെ പേരിൽ

നാം കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാകുന്നു. വിഭജനകാലത്തു് ബംഗാളത്തുകാർകഴ്സൺപ്രഭുവിനോടു് എതിർവാദംചെയ്തു. അദ്ദേഹം സ്വാധികാരപ്രമത്തതയാൽ അവരുടെ ന്യായവാദങ്ങളെ നിരസിച്ചുകളഞ്ഞു. ഇന്ത്യക്കാരെക്കൊണ്ടു നിലവിളിക്കാനല്ലാതെ ഫലപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളെക്കണ്ടുപിടിക്കാൻ സാധിക്കയില്ലെന്നു് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹം ഇന്ത്യക്കാരെ കണ്ടമാനം അധിക്ഷേപിക്കയും അവരുടെ എതിർപ്പുകളെ വകവെയ്ക്കാതെ ബംഗാളത്തെ ഭാഗിക്കയുംചെയ്തു. ബംഗാൾവിഭജനദിവസത്തെ ബ്രിട്ടീഷ്സാമ്രാജ്യവിഭജനദിവസമായി വിശ്വസിക്കാം. ആ വിഭജനത്താൽ ബ്രിട്ടീഷ് ഭരണത്തിനു തട്ടിയ ഞെട്ടൽപോലെ മറെറാന്നുകൊണ്ടും ഉണ്ടായിട്ടില്ലയുന്നു. എന്നാൽ ബ്രിട്ടീഷുകാർചെയ്തിട്ടുള്ള മററുതരത്തിലുള്ള അനീതികൾ ഇതിൽനിന്നും താഴ്ന്നവയാണെന്നുവിചാരിച്ചുകൂടാ. ഉപ്പിൻെറതീരുവവർദ്ധിപ്പിച്ചതുതന്നെ ഒരു ലഘുവായ അനീതിയല്ല. ഇങ്ങനെ അനന്തരകാലത്തിൽ വേറെയും അനേകംസംഗതികളെടുത്തുപറയാനുണ്ടു്. വിഭജനത്തെ എതിർക്കുന്നതിനു ജനങ്ങൾ തയാറായിരുന്നു. അന്നു് അവരുടെ രക്തം തിളച്ചു; ഞരമ്പുകൾ തുടിച്ചു; തങ്ങളുടെ സർവ്വസ്വവും ത്യജിക്കുന്നതിനു ബംഗാളിലുള്ള അനേകംപ്രമാണികൾ സന്നദ്ധന്മാരായി; അവർക്കുള്ളശക്തിയെ അവർ അറിഞ്ഞു. അതുതന്നെയാണു് ഈ അത്ഭുതപൂർവ്വമായ ഉണർവിനുകാരണം. അതു് ഇപ്പോൾ അടങ്ങാത്തനിലയിൽ എത്തിയിരിക്കുന്നു. അതിനെ അടക്കേണ്ടആവശ്യമില്ല. ബംഗാൾവിഭജനംമാറിവരാം, വീണ്ടും പൂർവ്വസ്ഥിതിയെ പ്രാപിക്കാം. എന്നാൽ ബ്രിട്ടീഷ്ഭരണക്കപ്പലിനു തട്ടിയ പിളർപ്പു മായുന്നതല്ല. പ്രതിദിനം അതു വർദ്ധിക്കുമെ

ത്രേ. ഇന്ത്യ ഉണൎന്നുകഴിഞ്ഞു. ഇനി ഉറക്കത്തിൽവീഴാൻ എളുപ്പമില്ല. വിഭജനത്തെ റദ്ദ്ചെയ്യണമെന്നുള്ള അപേക്ഷ സ്വയംഭരണം ആവശ്യപ്പെടുന്നതിന്ന തുല്യമാണ്. ബംഗാളിലുള്ള പ്രമാണികൾ ഇതു മനസ്സിലാക്കിയിട്ടുണ്ട്. ബ്രിട്ടീഷുദ്യോഗസ്ഥന്മാക്കും അതു ബോധ്യപ്പെട്ടിട്ടുണ്ട്. അതാണ വിഭജനം ഇതുപൎയ്യന്തം റദ്ദാകാഞ്ഞതും. കാലം ചെല്ലുന്തോറും സാമുദായികബന്ധം ഉറയ്ക്കുന്നു. സമുദായങ്ങൾ ഒരുദിവസം കൊണ്ടുണ്ടായവയവയല്ല; അതിന്ന സംവത്സരങ്ങൾ വേണ്ടിവരും.

വായനക്കാരൻ—ഈ വിഭജനത്തിൽനിന്നും സിദ്ധിച്ചഫലങ്ങൾ എന്തെല്ലാമെന്നാണ നിങ്ങൾവിചാരിക്കുന്നത്?

പത്രാധിപർ—ഇതുവരെ നാം വിചാരിച്ചുവന്നത്, നമ്മുടെസങ്കടനിവൃത്തിക്ക രാജാസനത്തെ പ്രാപിക്കണമെന്നും അതുകൊണ്ടു ഫലം ഉണ്ടായില്ലെങ്കിൽ വീണ്ടും ഹർജികൾ ബോധിപ്പിക്കയല്ലാതെവേറെപോംവഴിയില്ലെന്നുംആണ് വിഭജനത്തിന്നുശേഷം ബലത്താൽപിന്താങ്ങലില്ലെങ്കിൽ ഹജികൾവിഫലങ്ങളാണെന്നുംതങ്ങൾകഷ്ടതകൾസഹിക്കാൻസന്നദ്ധന്മാരായിരിക്കണമെന്നുംജനങ്ങൾകണ്ടു. വിഭജനത്തിന്റെ പ്രധാനഫലം ഈ പുതിയ മനഃസ്ഥിതിയാണെന്ന വിചാരിക്കാം. ആ ഉണൎവ് പരസ്യപ്പത്രികകളിൽകാണപ്പെട്ടു. ഭയപ്പെട്ടും രഹസ്യത്തിലും ജനങ്ങൾ മന്ത്രിച്ചുവന്നസംഗതികൾ പരസ്യത്തിൽഎഴുതാനും പ്രസംഗിക്കാനുംതുടങ്ങി. സ്വദേശിപ്രസ്ഥാനം ആവിൎഭിച്ചു. ആബാലവൃദ്ധം ആണും പെണ്ണും ഇംഗ്ലീഷുകാരെക്കണ്ടു പേടിച്ചോടുന്ന പതിവും അസ്തംഗതമായി. സൈന്യങ്ങളേയും ജയിലിനേയും അവർ ഭയപ്പെട്ടില്ല. ഇന്ത്യാമാതാവിന്റെ ഉത്തമസന്താനങ്ങളിൽ പലരും ഇപ്പോൾ നാടുകടത്തപ്പെട്ടിരിക്കയാണ്. ഇതു് ആപലാതി

പ്പെട്ടനാതിൽനിന്നും വ്യത്യസ്ഥപ്പെട്ടരീതിയാണു്. ജനങ്ങൾക്കു് ഈ വിധത്തിലാണു് ഉണർവ്വുതട്ടിയതു്. ബംഗാളത്തിൽ ഉത്ഭവിച്ച ഉണർവ്വ് വടക്കു പഞ്ചാബുവരെയും തെക്കു കന്യാകുമാരിവരെയും വ്യാപിച്ചു.

വായനക്കാരൻ—ഇതു കൂടാതെ വേറെവല്ല പ്രധാന ഫലവുമുണ്ടായിട്ടുണ്ടോ ?

പത്രാധിപർ—ബംഗാൾവിഭജനം ബ്രിട്ടീഷ്ശക്തിയിൽ എന്നപോലെ നമ്മുടേതിലും ഒരു പിളർപ്പുണ്ടാക്കിയിട്ടുണ്ടു്. മഹാസംഭവങ്ങൾ മഹാഫലങ്ങളെ ഉണ്ടാക്കുന്നു. നമ്മുടെ നേതാക്കന്മാർ മിതവാദികളെന്നും അമിതവാദികളെന്നും രണ്ടായിപ്പിരിഞ്ഞു. ഇവർ ശാന്തകക്ഷിയെന്നും അക്ഷമകക്ഷിയെന്നും പേർകല്പിക്കാം. മിതവാദികളെ ഭീരുക്കളെന്നും അമിതവാദികളെ ധൈര്യവാന്മാരെന്നും ചിലർ വിളിക്കുന്നു. അവരവരുടെ ധാരണയ്ക്കു് അനുസരിച്ചു പലവിധത്തിലും ഈപേരുകൾക്കു് അർത്ഥം കല്പിക്കാറുണ്ടു്. ഈ രണ്ടുകൂട്ടർക്കും അന്യോന്യവിരോധമുണ്ടായി എന്നുള്ളിടത്തോളം നിശ്ചയം തന്നെ. ഒരുകൂട്ടർ മറുകൂട്ടരെ അവിശ്വസിച്ചു്, അവരിൽ മററവർക്കു ദുരുദ്ദേശം ഉണ്ടെന്നു സ്ഥാപിക്കുന്നു. സൂരത്തിൽ വച്ചു നടന്ന കാൺഗ്രസ്സുകാലത്തിൽ രണ്ടു കൂട്ടർക്കും തമ്മിൽ വലിയ പിണക്കമുണ്ടായി. ഈ ഭാഗം രാജ്യത്തിനു ഗുണകരമല്ലെന്നു ഞാൻ വിചാരിക്കുന്നു. ഈമാതിരി വിഭാഗങ്ങൾ അധികകാലത്തേക്കു നിലനിൽക്കുമെന്നും എനിക്കു പക്ഷമില്ല. നിലനിൽപ്പു നേതാക്കന്മാരെ ആശ്രയിച്ചിരിക്കുന്നു.

# അദ്ധ്യായം ൩.

---

## അതൃപ്തിയും അസ്വാസ്ഥ്യവും.

വായനക്കാരൻ:—നമ്മുടെ ഉണൎച്ചയ്ക്കുകാരണം ബംഗാൾ വിഭജനമാണെന്നോ വിചാരിക്കുന്നതു്? അതിൽ നിന്നുമുണ്ടായ ഇളക്കത്തിൽ നിങ്ങൾക്കു് ആനുകൂല്യമുണ്ടോ?

പത്രാധിപർ:—ഒരുവൻ ഉറക്കത്തിൽ നിന്നുംഉണരുമ്പോൾ അവയവങ്ങളെ ഇളക്കി അവിശ്രാന്തനായിരിക്കും. നല്ലപോലെ ഉണരുന്നതിന്നു് അല്പസമയം വേണ്ടിവരും. അതുപോലെ ബംഗാൾ വിഭജനം കൊണ്ടു് ഒരുണൎച്ചയുണ്ടായി എങ്കിലും നമ്മുടെ മയക്കം നിശ്ശേഷം വിട്ടുമാറിയിട്ടില്ല. നാം ഇനിയും അവയവങ്ങളെ ഇളക്കി അസ്വാസ്ഥ്യനിലയിൽ ഇരിക്കുന്നതേയുള്ളു. ഉറക്കത്തിനും ഉണൎച്ചയ്ക്കുംമദ്ധ്യേ അൎദ്ധബോധത്തോടുകൂടിയ ഒരവസ്ഥ ആവശ്യമായിരിക്കുന്നതുപോലെ ഇന്ത്യയുടെ ആധുനികാവസ്ഥയും വേണ്ടതും ഉചിതവും ആണെന്നുവിചാരിക്കണം. നാട്ടിൽകലക്കംനേരിട്ടിരിക്കുന്നുവെന്നബോധംനമ്മെ ഈ സ്ഥിതിയിൽനിന്നും നിവൎത്തിപ്പിക്കാൻ എളുപ്പമുണ്ടു്. ഉറക്കത്തിൽനിന്നു് എഴുന്നേററാൽ മയക്കത്തിലിരിക്കാൻ നമുക്കു് ഇടയാകുന്നില്ല. നമ്മുടെ ശക്തിക്കു് അനുസരിച്ചു് കാലതാമസം കൂടാതേയോ അല്പംതാമസിച്ചോ നമുക്കു പൂൎണ്ണചൈതന്യം ഉണ്ടാകുന്നു. അതുപോലെ എല്ലാവരാലും അനിഷ്ടപ്പെടുന്ന ഈ ഇളക്കത്തിൽനിന്നും നാം അചിരേണവിമുക്തന്മാരായ്ഭവിക്കും.

വായനക്കാരൻ:—കലക്കത്തിന്റെ സ്വരൂപാന്തരംഎന്താണു്?

പത്രാധിപർ:—വാസ്തവത്തിൽ കലക്കം അതൃപ്തിതന്നെയാകുന്നു. ഇപ്പോൾ ആ അതൃപ്തിക്കു കലക്കം എന്നുപേർ സങ്കല്പിച്ചു എന്നേയുള്ളു. ഈ അസ്വാസ്ഥ്യത്തെ കാൺഗ്രസ്സ്കാലത്തിൽ അതൃപ്തിയെന്നാണു വ്യവഹരിച്ചുവന്നതു്. ഇന്ത്യരൊട്ടുക്കു് അതൃപ്തിവ്യാപിക്കേണ്ടതാണെന്നു ഹ്യൂം എന്നമഹാൻ എപ്പോഴും അഭിപ്രായപ്പെട്ടുവന്നു. ഈ അതൃപ്തി അത്യന്തം ഉപയോഗമുള്ളതാണത്രെ. എത്രകാലം ഒരു മനുഷ്യൻ അവന്റെ തൽക്കാലസ്ഥിതിയിൽ തൃപ്തനായിരിക്കുന്നുവോ അത്രയുംകാലം അവനെ അതിൽനിന്നും തെററിക്കാൻ പ്രയാസമുണ്ടു്. അതുകൊണ്ടു് ഓരോപരിഷ്കാരവും അതൃപ്തിയെ പിന്തുടൎന്നുണ്ടാകണമെന്നുള്ളതാണു്. നമ്മുടെ കൈവശമുള്ള സാമാനങ്ങളെ നാം ദൂരത്തെറിഞ്ഞു കളയുന്നതു് നമുക്കു് അവയിൽ വെറുപ്പുണ്ടാകുമ്പോൾ മാത്രമാണു്. ഇന്ത്യക്കാരുടേയും ഇംഗ്ലീഷുകാരുടേയും മഹാഗ്രന്ഥങ്ങളെ വായിച്ചറിഞ്ഞപ്പോൾ നമുക്കു് ഈ അതൃപ്തിയുണ്ടായി. അതൃപ്തികലക്കത്തിനു കാരണമായി. കലക്കത്തിൽനിന്നും അനേകം മരണങ്ങളും ബന്ധനങ്ങളും നാടുകടത്തലുകളും ആവിൎഭവിച്ചു. ഈ മാതിരിസംഭവങ്ങൾ തുടൎന്നുകൊണ്ടേയിരിക്കും. അതു് അങ്ങനെവേണംതാനും. ഇതുകൾ ശുഭസൂചകമായിത്തന്നെകരുതണം. എന്നാൽഅവ അനിഷ്ടഫലങ്ങളേയും മുളപ്പിച്ചേയ്ക്കാം.

# അദ്ധ്യായം ൪.

---

## സ്വരാജ്യം എന്തു്?

വായനക്കാരൻ:—ഇന്ത്യയിൽ സമുദായപ്രതിഷ്ഠയ്ക്കു് കാൺഗ്രസ്സ ചെയ്തതെന്തെന്നും ബംഗാൾ വിഭജനം ഒരുണർച്ചയുണ്ടാക്കിയതെങ്ങനെയെന്നും അതൃപ്തിയും കലക്കവും നാട്ടിൽ പരന്നതു് ഏതുവിധത്തിലാണെന്നും ഇപ്പോൾ എനിക്കു മനസ്സിലായി. ഇനി സ്വരാജ്യത്തെപ്പററി നിങ്ങളുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ഈ സംഗതിയിൽ നമ്മുടെ യുക്തിവാദം ഭിന്നമാണെന്നു ഞാൻ ഭയപ്പെടുന്നു.

പത്രാധിപർ:—സ്വരാജ്യം എന്നവാക്കിന്ന നാം ഒരേ അർത്ഥമല്ല കല്പിക്കുന്നതെന്നുവരാം. നിങ്ങളും ഞാനും എന്നല്ല, ഇന്ത്യക്കാർ എല്ലാവരും സ്വരാജ്യം സമ്പാദിക്കുന്നതിന്നു് ഉത്സുകന്മാരായിരിക്കുന്നു. പക്ഷെ, സ്വരാജ്യം എന്താണെന്നു് നമ്മളിൽ ആരും തീർച്ചപ്പെടുത്തിക്കഴിഞ്ഞിട്ടില്ല- ഇംഗ്ലീഷുകാരെ ഇന്ത്യയിൽനിന്നും ഓട്ടിക്കണമെന്നു് അനേകം ആളുകൾ അഭിപ്രായപ്പെടുന്നു. എന്നാൽ അതെന്തിന്നുവേണം എന്നു് അവർ പര്യാലോചിച്ചിട്ടുള്ളതായിത്തോന്നുന്നില്ല എനിക്കു നിങ്ങളോടു് ഒരു ചോദ്യം ചോദിക്കാനുണ്ടു്. നമുക്കുവേണ്ടുന്നതെല്ലാം കിട്ടിക്കഴിഞ്ഞാൽ ഇംഗ്ലീഷുകാരെത്തുരത്തേണ്ട ആവശ്യമുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുവോ?

വായനക്കാരൻ:—എനിക്കു് ഒരു സംഗതിയേ അവരോടു ചോദിക്കാനുള്ളു. അതു് 'ഞങ്ങളുടെ രാജ്യമിങ്ങുവിട്ടേക്കണം' എന്നുള്ളതാണു്. ആ അപേക്ഷയെ അവർ സാധി

ച്ചതന്നതിൻ പിന്നെ, ഇന്ത്യയിൽ നിന്നുമുള്ള അവരുടെ പിൻവാങ്ങലിന്ന്, അവർ ഇനിയും ഇന്ത്യയെ അധിവസിക്കുകയാണെന്ന് എന്നൎത്ഥമായാലും എനിക്കു തടസ്സമില്ല. പക്ഷെ, അപ്പോൾ നമ്മുടെ ഭാഷയിൽ 'പോയി' എന്നുള്ള വാക്കു 'താമസിച്ചു' എന്ന വാക്കിന്നു തുല്യമാണെന്നു ധരിച്ചുകൊണ്ടാൽമതി.

പത്രാധിപർ—ശരി; ഇംഗ്ലീഷുകാർ പോയി എന്നിരിക്കട്ടെ! ഉടനെ നിങ്ങൾ എന്താണു ചെയ്യുക?

വായനക്കാരൻ—ഈ പതനത്തിൽ ആ ചോദ്യത്തിന്നുത്തരം പറവാൻ കഴിവില്ല. പിൻവാങ്ങലിന്നുശേഷമുള്ള സ്ഥിതി, അധികവും പിൻവാങ്ങലിൻെറ മാതിരിയെ ആശ്രയിച്ചിരിക്കും. നിങ്ങൾ പറയുന്നപോലെ അവർ പോയി എന്നുവിചാരിക്കയൊ ചെയ്യുന്നെങ്കിൽ അപ്പോൾ അവരുടെ ഭരണക്രമത്തെ അനുകരിച്ചുതന്നെ ഭരണം നടത്താവുന്നതാണ്. പറഞ്ഞ ഉടനെ പോകുന്നതായാൽ നമ്മുടെ കൈവശം സൈന്യങ്ങൾ തയാറായിരിക്കും. അതുകൊണ്ടു ഭരണം നടത്താൻ നമുക്കു പ്രയാസമില്ല.

പത്രാധിപർ—നിങ്ങൾ അങ്ങനെവിചാരിച്ചുകൊള്ളുക! ഞാൻ അപ്രകാരം വിചാരിക്കുന്നില്ല. ആ സംഗതിയെക്കുറിച്ചു ഞാൻ ഇപ്പോൾ യുക്തിവാദം ചെയ്കയില്ല. എനിക്കു നിങ്ങളുടെ ചോദ്യത്തിന്നുത്തരം പറയേണ്ടതുണ്ട്. എന്നാൽ നിങ്ങളോടു പലചോദ്യങ്ങൾ ചോദിക്കുന്നതുകൊണ്ട് എനിക്കതു് എളുപ്പത്തിൽ സാധിക്കും. ഇംഗ്ലീഷുകാരെ ഓടിക്കുന്നതിന്നു നിങ്ങൾ എന്തിന് ആഗ്രഹിക്കുന്നു?

വായനക്കാരൻ—എന്തുകൊണ്ടെന്നാൽ ഇന്ത്യ അവരുടെ ഭരണംമൂലം അധഃപതിച്ചുപോയി. അവർ വൎഷംതോറും നമ്മുടെപണത്തെ വാരിക്കൊണ്ടുപോകുന്നു. പ്രധാനമു

ദ്യോഗങ്ങളെല്ലാം അവൎക്കായിട്ടുമാത്രം വച്ചിരിക്കുന്നു. അവർ നമ്മെ കേവലം അടിമകളാക്കി ഗണിച്ചുവരുന്നു. നിന്ദയോടുകൂടി പെരുമാറുകയും നമ്മുടെസങ്കടങ്ങൾ ചെവികൊള്ളാതിരിക്കയുംചെയ്യുന്നു.

പത്രാധിപർ—അവർ നമ്മുടെ പണത്തെ അപഹരിക്കാതിരിക്കയും വലിയഉദ്യോഗങ്ങൾ നമുക്കുതരികയുംചെയ്താൽ അവരുടെ സാന്നിദ്ധ്യം ദോഷകരമാണെന്നു നിങ്ങൾ വിചാരിക്കുമോ?

വായനക്കാരൻ—ആ ചോദ്യം നിരൎത്ഥകമാണു്. ഒരു കടുവാ, അതിന്റെ സ്വഭാവത്തെ വെടിയുന്നപക്ഷം അതിനോട് ഒരുമിച്ചു സഹവസിക്കരുതോ എന്നു ചോദിക്കുന്നതു പോലെയിരിക്കുന്നു. ഇത്തരം ചോദ്യങ്ങൾ സമയത്തെ വൃഥാ വ്യയംചെയ്യുന്നതിന്നേ ഉപകരിക്കുകയുള്ളൂ. കടുവാ അതിന്റെ സ്വഭാവത്തെ മാററുമെങ്കിൽ ഇംഗ്ലീഷുകാരും അങ്ങനെ ചെയ്യും. അതു സാധിക്കുന്നകാൎയ്യമല്ല. സാധിക്കുമെന്നു വിശ്വസിക്കുന്നതു നമ്മുടെ അനുഭവത്തിനു വിരുദ്ധമാകുന്നു.

പത്രാധിപർ— കാനഡയ്ക്കും ദക്ഷിണ ആഫ്രിക്കയ്ക്കും കിട്ടിയതുപോലുള്ള സ്വരാജ്യം നമുക്കും ലഭിച്ചു എന്നിരിക്കട്ടെ; അതു മതിയാകുമോ?

വായനക്കാരൻ—ആ ചോദ്യവും ഫലമില്ലാത്തതാണു്. അവരുടെ ശക്തികൾ നമുക്കുണ്ടെങ്കിൽ അതു നമുക്കും കിട്ടിയേക്കാം. നമുക്കു് അപ്പോൾ നമ്മുടെ സ്വന്തംകൊടിയുയൎത്താം. ജപ്പാന്റെസ്ഥിതി ഇന്ത്യയ്ക്കും ലഭിക്കണം. നമുക്കു സ്വന്തം കടൽസൈന്യവും കരസേനയും ഉണ്ടായിരിക്കണം. നമ്മുടെ സ്വന്തം പ്രതാപം നമുക്കുണ്ടാകണം. അന്നു് ഇന്ത്യയുടെ ധ്വനി ലോകമെങ്ങും മാറെറാലിക്കൊള്ളും.

പത്രാധിപർ—നിങ്ങളുടെ സങ്കല്പം അൻഭദമാദനാഗ്രഹം തന്നെ. ഇംഗ്ലീഷുകാരെ വേണ്ടാ, അവരുടെ ഭരണക്രമം വേണം, എന്നാണ് അതിൻ്റെ അർത്ഥം. കടുവായുടെ സ്വഭാവം വേണം, കടുവായെ ആവശ്യമില്ല. അതായതു്, ഇന്ത്യയെ ആംഗലീകരിക്കണം. അങ്ങനെ ചെയ്താൽ പിന്നെ ഇന്ത്യയ്ക്കു ഹിന്ദുസ്ഥാനം എന്ന പേരല്ല; ആംഗലസ്ഥാനം എന്ന പേരായിരിക്കും യോജിക്കുന്നതു്. ഞാൻ ആശിക്കുന്ന സ്വരാജ്യം ഇതല്ല.

വായനക്കാരൻ— സ്വരാജ്യം ഏതു രീതിയിലായിരിക്കണമെന്നുള്ള എൻ്റെ അഭിപ്രായത്തെ നിങ്ങളെ അറിയിച്ചുകഴിഞ്ഞു. നമുക്കു സിദ്ധിച്ചിട്ടുള്ള വിദ്യാഭ്യാസം എന്തിനെങ്കിലും പ്രയോജനപ്പെടുമെങ്കിൽ, സ്പെൻസർ, മിൽ മുതലായവരുടെ ഗ്രന്ഥങ്ങൾക്കു് എന്തെങ്കിലും പ്രാധാന്യമുണ്ടെങ്കിൽ, എല്ലാ മഹാസഭകളുടെയും മാതൃത്വം ഇംഗ്ലീഷ് പാർലിമെൻ്റിനായിരിക്കുമെങ്കിൽ നാം ഇംഗ്ലീഷുകാരെ അനുകരിക്കണം എന്നു ഞാൻ തീർച്ചയായി വിചാരിക്കും. ഏതുവരെ അനുകരിക്കണമെന്നു വച്ചാൽ, ഇതരന്മാർ അവരുടെ നാട്ടിൽ കാലുകുത്തിക്കൂടെന്നുള്ള അവരുടെ നിർബന്ധാവസ്ഥവരെ, അതായതു്, നാമും ഇംഗ്ലീഷുകാരേയും മറ്റുള്ളവരേയും നമ്മുടെ രാജ്യത്തിൽ കടക്കാൻ അനുവദിക്കരുതെന്നുള്ള നിലവരെ. അവരുടെ സ്വന്തരാജ്യത്തു് അവർ ചെയ്തിട്ടുള്ളതെല്ലാം മറ്റൊരു രാജ്യത്തും പ്രകാശിപ്പിച്ചിട്ടില്ലതന്നെ. അതുകൊണ്ടു് അവരുടെ ഭരണക്രമത്തെ പകർത്തുന്നതു യുക്തമായിരിക്കും. എന്നാൽ ഇനി നിങ്ങളുടെ അഭിപ്രായം അറിയേണ്ടിയിരിക്കുന്നു.

പത്രാധിപർ:—അല്പം ക്ഷമിച്ചിരിക്കേണ്ട ആവശ്യമുണ്ടു്. ഈ സംഭാഷണദ്വാരാ എൻ്റെ അഭിപ്രായങ്ങൾ തനിയേ

വെളിപ്പെട്ടും. സ്വരാജ്യത്തിൻെറ യഥാൎത്ഥസ്വഭാവം ഗ്രഹിക്കുന്നതിന് എത്രത്തോളം എളുപ്പമെന്നു നിങ്ങൾക്കു തോന്നുന്നുവോ അത്രത്തോളം പ്രയാസമാണെന്നാണ് എൻെറപക്ഷം. നിങ്ങൾ സ്വരാജ്യം എന്നുപറയുന്നതല്ല യഥാൎത്ഥസ്വരാജ്യം. അതുനിങ്ങളെ ധരിപ്പിക്കാനായിട്ടുമാത്രം ശ്രമിച്ചാൽ മതിയെന്നു തൽക്കാലം ഞാൻ വിചാരിക്കുന്നു.

## അദ്ധ്യായം ൭.

### ഇംഗ്ലണ്ടിൻെറ സ്ഥിതി.

വായനക്കാരൻ:—നിങ്ങൾ പറയുന്നതിൽനിന്നും ഇംഗ്ലണ്ടിൻെറ ഭരണസമ്പ്രദായം അനുകരണീയവും അഭിലഷണീയവും അല്ലെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു.

പത്രാധിപർ—നിങ്ങളുടെ അനുമാനം ശരിതന്നെ. ഇംഗ്ലണ്ടിൻെറ ആധുനികാവസ്ഥ പരിതാപകരമാണ്. ആ ദുൎഘടാവസ്ഥ ഇന്ത്യയ്ക്കു് ഉണ്ടാകരുതെന്നു ഞാൻ ദൈവത്തെ പ്രാൎത്ഥിക്കുന്നു. മഹാസഭകൾക്കെല്ലാം മാതാവെന്നു നിങ്ങൾ അഭിപ്രായപ്പെട്ട പാർലിമെൻറിനെ ഒരു വന്ധ്യയോടും ഒരു വേശ്യയോടും ഉപമിക്കാവുന്നതാണ്. ഇതുരണ്ടും നിരസപദങ്ങൾതന്നെ. എന്നാൽ അൎത്ഥയോജ്യതയ്ക്കു തക്കവയുമാണ്. പാർലിമെൻറുസഭ ഇതേവരെ ആശാസ്യമായ ഒരു സംഗതിയും തനിയേ പ്രവൎത്തിച്ചിട്ടില്ല. അതുകൊണ്ടാണ് അതിനെവന്ധ്യയോടുപമിച്ചതു്. പാർലിമെൻറിൻെറ സ്വാഭാവിക

സ്ഥിതി, പുറമേയുള്ളവരുടെ പ്രേരണകൊണ്ടല്ലാതെ യാതൊന്നും ചെയ്യാൻ കഴിവില്ലെന്നുള്ളതാണു്. പാർലിമെൻറിനെ വേശ്യയോട്ടു് ഉപമിച്ചതു്, അടിക്കടി മാറിക്കൊണ്ടിരിക്കുന്ന മന്ത്രിമാരുടെഭരണത്തിൻ കീഴിൽ വർത്തിക്കുന്നതിനാലാകുന്നു. ഇന്നു് മിസ്റ്റർ ആസ്ക്വിത്തിൻെറ ഭരണത്തിൽ ഇരിക്കുന്നു. നാളെബാർഫോറിൻെറ അധീനത്തിലാകും

വായനക്കാരൻ:—ഇതുനിങ്ങൾ ഹാസ്യസ്വരത്തിൽ പറഞ്ഞതാണു്. വന്ധ്യ എന്നപദം ഉപയോഗിച്ചതു ശരിയായില്ല. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട സഭയായതുകൊണ്ടു്, പൊതുജനനിർബന്ധത്തിൻകീഴ്പ്പെട്ടിരിക്കതന്നെവേണം. അതാണു് അതിൻെറധർമ്മം.

പത്രാധിപർ:—നിങ്ങൾക്കുതെററി. അതിനെ ഒന്നുകൂടി അടുത്തു പരിശോധിക്കാം. ജനങ്ങളാൽ യോഗ്യന്മാരായിട്ടുള്ള ആളുകളെത്തന്നെ തിരഞ്ഞെടുക്കപ്പെട്ടുമെന്നുസങ്കല്പിച്ചുവരുന്നു. സാമാജികന്മാർ പ്രതിഫലംകൂടാതെ പ്രവർത്തിക്കുന്നതുകൊണ്ടു് പൊതുജനങ്ങൾക്കുവേണ്ടിയാണെന്നു് ഊഹിക്കുന്നു. തിരഞ്ഞെടുപ്പുകാർ വിദ്യാഭ്യാസംസിദ്ധിച്ചവരാണെന്നു വിചാരിക്കപ്പെട്ടിരിക്കുന്നതിനാൽ തിരഞ്ഞെടുപ്പിൽ തെററുപററുകയില്ലെന്നും കരുതുന്നു. അതു വാസ്തവമാണെങ്കിൽ അങ്ങനെയുള്ള ഒരു സഭ ഹർജികളുടെ പ്രേരണയോ മററേതെങ്കിലും നിർബ്ബന്ധമോ ആവശ്യപ്പെടാനിടയില്ല. അതിൻെറ പ്രവൃത്തി ദിവസംചെല്ലുന്തോറും തെളിവുകൂടുതൽക്കവെന്നമുള്ള ഫലത്തെ ചെയ്യുന്ന മാർഗ്ഗവത്തോടുകൂടിയതായിരിക്കണം. എന്നാൽ സാമാജികന്മാർവഞ്ചകന്മാരെന്നും സ്വാർത്ഥതല്പരന്മാരെന്നും പൊതുവേ ഒരഭിപ്രായം എല്ലാവർക്കുമുണ്ടു്. ഓരോരുത്തരും അവരവരുടെ സ്വന്തമായുള്ള അ

ല്പലാഭത്തെമാത്രം ഇച്ഛിക്കുന്നു. സംഗതികൾഎല്ലാം ഭയത്തെ ആശ്രയിച്ചാണുനടക്കുന്നതു്. ഇന്നുചെയ്തതു നാളെ അഴിച്ചുപ്പുന്നവരാം. ഒരുസംഗതിയെങ്കിലും അവസാനമായിട്ടു തീർച്ചപ്പെടുത്തിയതായിപ്പറവാൻ പ്രയാസം. പ്രധാന വിഷയങ്ങളെപ്പററി പ്രസംഗം നടത്തുമ്പോൾ സഭയിൽ അനേകം ആളുകൾ സുഖമായി നിദ്രചെയ്യുന്നതു കണ്ടിട്ടുണ്ടു്. ചില സന്ദർഭങ്ങളിൽ ശ്രോതാക്കൾക്കു വെറുപ്പുണ്ടാകുന്നതുവരെ സാമാജികന്മാർ പ്രസംഗംചെയ്യുന്നുണ്ടാകും. കാർലൈൽ എന്ന മഹാൻ ഈ സഭയ്ക്കു പേരിട്ടിരിക്കുന്നതു് ലോകത്തിലെ 'സംസാരച്ചന്ത'എന്നാണു്. വിചാരലേശംകൂടാതെ മെമ്പറന്മാർ അവരവരുടെ കക്ഷിക്കു വോട്ടുചെയ്യാൻ ശ്രമിക്കുന്നു. അവരുടെ സുപ്രസിദ്ധമായ നയം അവരെ അതിലേക്കു് അനുവർത്തിപ്പിക്കുന്നു. വ്യത്യസ്തമായിട്ടു് ഒരുസാമാജികൻ സ്വതന്ത്രമായി വോട്ടുചെയ്കയാണെങ്കിൽ അയാൾ അവരുടെ ദൃഷ്ടിയിൽ 'കൂട്ടത്തിൽ പിഴച്ചവ'നായിബ്ഭവിക്കുന്നു. പാർലിമെൻറിനാൽചെലവഴിക്കപ്പെട്ട കാലത്തേയും ധനത്തേയും ഏതാനുംയോഗ്യന്മാരെച്ചുമതലപ്പെടുത്തി എണ്ണിപ്പിച്ചിരുന്നുവെങ്കിൽ ഇംഗ്ലീഷുകാർ ഇന്നു് ഇതിൽ അധികം ഉയർന്നനിലയിലിരുന്നേനെ. പാർലിമെൻറു ജനങ്ങളുടെ വിലകൂടിയ ഒരു കളിപ്പണ്ടമെന്നേയുള്ളു. ഇതെല്ലാം എൻെറ മാത്രംഅഭിപ്രായങ്ങളല്ല; വിചാരശീലന്മാരായ ചില ആംഗ്ലപണ്ഡിതന്മാർതന്നെ ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടു്. ഒരു വാസ്തവക്രിസ്ത്യൻ ആ സഭയിൽ സാമാജികനായി ചേർന്നുകൂടാ എന്നു് ഒരു പാർലിമെൻറുസാമാജികൻ തന്നെ ഈയിടെ പറയുകയുണ്ടായി. മററൊരാൾ അതൊരുശിശുവാണെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്.

ഈ എഴുനൂറു കൊല്ലങ്ങൾക്കു ശേഷവും ശിശുതന്നെ ആ ണെങ്കിൽ ഇനി എന്നാണാവോ അതിൻെറ ശിശുപ്രായം മാറുന്നതു്?

വായനക്കാരൻ—നിങ്ങൾ എന്നെ വിചാരവീഥിയിലേയ്ക്കു തള്ളിവിട്ടു. നിങ്ങൾ പറയുന്നതെല്ലാം ഉടനടി ശരിവക്കുന്നതിന് എന്നെ പ്രതീക്ഷിക്കരുതു്. ഒന്നിനൊന്നു പുതിയ അഭിപ്രായങ്ങളാണു് നിങ്ങൾ പുറപ്പെടുവിക്കുന്നതു്. അതുകളെ നല്ലവണ്ണം വിചിന്തനംചെയ്യേണ്ടതുണ്ടു്. നിങ്ങളുടെ വേശ്യ എന്ന സംജ്ഞയെ ഒന്നുവിവരിക്കാമോ?

പത്രാധിപർ—എൻെറ അഭിപ്രായങ്ങളെപ്പെട്ടന്നു് അംഗീകരിക്കാൻ പ്രയാസം എന്നു പറഞ്ഞതു ശരിതന്നെ. ഈ വിഷയത്തെപ്പററി എഴുതീട്ടുള്ള പ്രബന്ധങ്ങൾ നിങ്ങൾ വായിച്ചുനോക്കുകയാണെങ്കിൽ ഇതിൻെറ സ്വരൂപം മിക്കവാറും നിങ്ങൾക്കു ഗ്രഹിക്കാം. പാർലമെൻറിന് ഒരു യഥാർത്ഥനായകൻ ഇല്ല. പ്രധാനമന്ത്രിയുടെ കീഴിൽ അതിൻെറ പ്രസ്ഥാനം ഒരു സ്ഥിരതയോടുകൂടിയതല്ല; വേശ്യയെപ്പോലെ ചാപല്യത്തോടുകൂടിയതാകുന്നു- പ്രധാനമന്ത്രി പാർലിമെൻറിൻെറ ക്ഷേമത്തെ അവഗണിച്ചു സ്വാധികാരപ്രമത്തതയിൽ ലയിച്ചിരിക്കുന്നു. അദ്ദേഹം സ്വവർഗ്ഗോന്നതിയെ മാത്രമേ കരുതുന്നുള്ളു. പാർലിമെൻറുന്യായം പ്രവർത്തിക്കണമെന്നു് അദ്ദേഹത്തിന്ന് അഭിമതമില്ല. പ്രഥമമന്ത്രിമാർ പാർലിമെൻറിനെ സ്വപക്ഷഗുണത്തെമാത്രം ലാക്കാക്കിപ്രവർത്തിക്കണമെന്നു് പ്രേരിക്കുന്നു. പാർലിമെൻറു ന്യായം പ്രവർത്തിക്കണമെന്നു് എപ്പോഴും അവർ കരുതുന്നുമില്ല. പ്രധാനമന്ത്രിമാർ പാർല്ലിനെക്കൊണ്ടു സ്വന്തകക്ഷി

ക്ക് ആനുകൂല്യം ചെയ്യിക്കുന്നുവെന്നുള്ളതു സുപ്രസിദ്ധമാണ്. ഇതുകളൊക്കെ വിചാരവിഷയങ്ങളാകുന്നു.

വായനക്കാരൻ—യോഗ്യന്മാരെന്നും രാജ്യഭക്തന്മാരെന്നും മററു ഞങ്ങൾ ഇതേവരെ വിശ്വസിക്കപ്പെട്ടിരുന്ന പലരേയും നിങ്ങൾ ദൂഷിക്കയാണോ?

പത്രാധിപർ—അതേ; വാസ്തവംതന്നെ. പ്രഥമമന്ത്രികളുടെ പേരിൽ എനിക്കു യാതൊരുവിരോധവുമില്ല. പക്ഷെ ഞാൻ കണ്ടിടത്തോളം അവരെ ദേശഭക്തന്മാരെന്നുവിശ്വസിക്കാൻ കാരണമില്ല. പ്രതിഫലം പററുന്നില്ലെന്നുള്ളതുകൊണ്ടുമാത്രം അവർ യോഗ്യന്മാർ എന്നു വിചാരിക്കപ്പെടാമെങ്കിലാവട്ടെ! എന്നാൽ അവർ ലഘുവായ ചില ശക്തികൾക്കു കീഴ്പ്പെട്ടിരിക്കുന്നു. അവരുടെ ഉദ്ദേശസിദ്ധിയ്ക്കു നിശ്ചയമായും ജനങ്ങളെ സ്ഥാനമാനങ്ങൾ കൊടുത്തു വശീകരിക്കയാണു്. പരമാർത്ഥമായ സത്യസന്ധതയോ മനസ്സാക്ഷികമായ പ്രവൃത്തിയോ അവൎക്കില്ലെന്നു ഞാൻ നിസ്സംശയം പറയാം.

വായനക്കാരൻ—പാർലിമെൻറിനെപ്പററി നിങ്ങൾ ഈ വിധത്തിൽ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതുകൊണ്ടു്, ഇംഗ്ലീഷ് ഭരണത്തെക്കുറിച്ചുള്ള അഭിപ്രായം അറിയുന്നതിനു്, അവരെപ്പററി നിങ്ങളുടെ മതിപ്പു് എന്താണെന്നു് കേൾപ്പാൻ എനിക്കു് ആഗ്രഹമുണ്ടു്.

പത്രാധിപർ—ഇംഗ്ലണ്ടിലെ 'വോട്ട'വകാശികൾ അവരുടെ പത്രപ്രസ്താവങ്ങളെ വേദവാക്യംപോലെ അംഗീകരിക്കുന്നു. അവരുടെ പത്രങ്ങളിൽനിന്നും അവർ സ്വന്തം അഭിപ്രായങ്ങളേ രൂപീകരിക്കുന്നു. എന്നാൽ ഈ പത്രങ്ങൾ ഒന്നുംതന്നെ പരമാൎത്ഥവാദികളല്ല. ഓരോ പത്രവും അതതിൻെറ കക്ഷിക്കു് അനുകൂലമാകത്തക്ക വിധത്തിൽ ഒരേവാസ്തവത്തെ പലേ അൎത്ഥത്തിൽ വ്യാ

ഖ്യാനിക്കുന്നു. ഒരു ഇംഗ്ലീഷ്മഹാനെ ഒരു പത്രം സത്യസന്ധതയുടെ മൂൎത്തീകരണമെന്നു പ്രഖ്യാപിക്കുമ്പോൾ മറെറാന്നു് അദ്ദേഹം വെറും അസത്യവാദിയാണെന്നു് പ്രസ്താവിക്കും. ഇത്തരം പത്രങ്ങളുള്ള പട്ടണങ്ങളിലെ പൌരസ്ഥിതി എന്തായിരിക്കും?

വായനക്കാരൻ—നിങ്ങൾ തന്നെ വിവരമായിപ്പറയണം.

പത്രാധിപർ—ഈ ആളുകൾ തങ്ങളുടെ അഭിപ്രായങ്ങളെ അടിക്കടി ഭേദപ്പെടുത്തിക്കൊള്ളും. ഏഴുവൎഷങ്ങൾ കൂടുമ്പോൾ ഒരിക്കൽ ഇങ്ങനെ അഭിപ്രായവ്യത്യാസം ചെയ്യുന്നു എന്നാണു അവർ പറയുന്നതു്. അങ്ങനെയുള്ളവരുടെ അഭിപ്രായം നാഴികമണിയുടെ തൂക്കാടി (പെൻഡുലം)പോലെ എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നതല്ലാതെ ഒരിക്കലും നിലയുറച്ചുനിൽക്കുന്നതല്ല. ജനങ്ങൾ സമൎത്ഥനായ ഒരു പ്രാസംഗികനേയോ തങ്ങൾക്കു വിരുന്നുസല്ക്കാരാദികളും മററും നടത്തുന്നവരെയോ അനുകരിക്കുന്നു. ജനങ്ങൾ എങ്ങനെയോ അങ്ങനെ പാർലിമെണ്ടും. ദൃഢമൂലമായ ഒരു ഗുണം അവൎക്കുണ്ടു്. അവരുടെ നാട്ടിനെ നഷ്ടപ്പെടുത്താൻ ഒരിക്കലും സമ്മതിക്കയില്ല. ആരെങ്കിലും അതിൽ ദുരുദ്ദേശത്തോടുകൂടി നോക്കുന്നതായാൽ അവർ അവന്റെ കണ്ണുകുത്തും. എന്നാൽ അവർ മറെറല്ലാസൽഗുണങ്ങളും തികഞ്ഞവരാണെന്നോ നമുക്കു അവരെ അനുകരിക്കാമെന്നോ ഇതിൽനിന്നും അൎത്ഥമാക്കരുതു്. ഇംഗ്ലണ്ടിനെ ഇന്ത്യ അനുകരിക്കുന്നുവെങ്കിൽ നാം അധഃപതിച്ചുപോകുമെന്നാണു് എന്റെ ദൃഢമായ വിശ്വാസം.

വായനക്കാരൻ—ഇംഗ്ലണ്ടിനു് ഈ അവസ്ഥ വന്നതിനു കാരണമെന്തെന്നു നിങ്ങൾ വിചാരിക്കുന്നു?

പത്രാധിപർ—അതു് ഇംഗ്ലീഷ്കാരുടെ ഒരു പ്രത്യേകദോഷം കൊണ്ടല്ല; ആധുനികപരിഷ്കാരത്താലുണ്ടായതാകുന്നു. അതു നാമമാത്രപരിഷ്കാരമത്രേ. പാശ്ചാത്യന്മാർ അതിന്റെ ഫലമായി നാൾക്കുനാൾ അധോഗതിയെ പ്രാപിച്ചു നശിച്ചു വരുന്നു.

---

## അദ്ധ്യായം ൬.

### പരിഷ്കാരം.

വായനക്കാരൻ—പരിഷ്കാരം എന്നാൽ എന്തു്? അതിനെ കുറിച്ചു നിങ്ങളുടെ അഭിപ്രായം വെളിവായിപ്പറയണം.

പത്രാധിപർ:——എന്റെ അഭിപ്രായം അതിൽ പ്രധാനമല്ല. പരിഷ്കാരം എന്നു് ഇപ്പോൾ വ്യവഹരിച്ചുവരുന്നതിനെ, പരിഷ്കാരം എന്നു പറവാൻ അനേകം ആംഗ്ലേയഗ്രന്ഥകർത്താക്കന്മാർ ഇഷ്ടപ്പെടുന്നില്ല. ഈ വിഷയത്തെപ്പററി അനവധി പുസ്തകങ്ങൾ എഴുതപ്പെട്ടിട്ടുണ്ടു്. പരിഷ്കാരത്തിൽനിന്നുമുള്ള ദോഷങ്ങളെപ്പരിഹരിക്കാനായിക്കൊണ്ടു് ഒട്ടുവളരെ സഭകൾ സ്ഥാപിച്ചിട്ടുണ്ടു്. "പരിഷ്കാരം; അതിന്റെ കാരണവും നിവൃത്തിയും" എന്ന നാമത്തിൽ ഒരു പ്രസിദ്ധആംഗ്ലേയഗ്രന്ഥകാരൻ ഒരു പുസ്തകം എഴുതിയിട്ടുണ്ടു് പരിഷ്കാരം ഒരു വ്യാധിഎന്നാണു് അതിൽ അദ്ദേഹം പറയുന്നതു്.

വായനക്കാരൻ:—നമുക്കു സാധാരണ എന്തുകൊണ്ടു് അതുമനസ്സിലാകുന്നില്ല?

പത്രാധിപർ:—ഇതിന്നുത്തരം പറവാൻ വളരെ എളുപ്പമാണ്. തങ്ങൾക്കു വിരോധമായി വാദം നടത്തുന്നാ ജനങ്ങളെ പ്രായേണ കാണാറില്ല. നവീനപരിഷ്കാരലഹരിയിൽ മയങ്ങിയ മനുഷ്യൻ അതിനെ ദുഷിച്ചെഴുതുകയില്ല; അതിന് അനുകൂലമായിട്ടുള്ള വിഷയങ്ങളേയും വാദമുഖങ്ങളേയും സൃഷ്ടിക്കുന്നതിൽ അധികം തല്പരനായിരിക്കും. ഇതു വാസ്തവമാണെന്നു കരുതി മനസ്സ് അറിയാതെയാണ്, അവൻ അങ്ങനെ, പ്രവൎത്തിക്കുന്നതു്. ഒരു മനുഷ്യൻ സ്വപ്നം കണ്ടുകൊണ്ടിരിക്കുമ്പോഴും അതിനെ വിശ്വസിക്കുന്നു. എന്നാൽ ഉറക്കത്തിൽ നിന്ന് ഉണൎന്നതിനുശേഷം അവൻ അതിന്റെ യാഥാൎത്ഥ്യം അറിയുന്നു. ഇതുപോലെയാണ്, പരിഷ്കാരത്തിൽ മുഴുകിക്കിടക്കുന്നവരുടേയും അവസ്ഥ. ആധുനികപരിഷ്കാരകക്ഷി പിടിച്ചെഴുതുന്നവരുടെ ഗ്രന്ഥങ്ങളാണ്, സാധാരണ നാം വായിക്കാറുള്ളതു്. ഈ പരിഷ്കാരക്കാൎമാർ അനേകംപേർ ബുദ്ധിമാന്മാരും ചിലർ സമൎത്ഥന്മാരുമാകുന്നു. അവർ എഴുതിയ പുസ്തകങ്ങൾ നമ്മെ വശീകരിക്കുന്നു. തന്നിമിത്തം ഓരോരുത്തരായി അതിൽ അകപ്പെട്ടുപോകുന്നു.

വായനക്കാരൻ:—ഇതു വിശ്വാസയോഗ്യമായിരിക്കുന്നുണ്ട്. ഈ പരിഷ്കാരത്തെക്കുറിച്ചു നിങ്ങൾ വായിക്കുകയും ചിന്തിക്കുകയും ചെയ്തിട്ടുള്ളതിൽ ഒട്ടെങ്കിലും എന്നെ മനസ്സിലാക്കിത്തരാമോ?

പത്രാധിപർ:—പരിഷ്കാരം എന്ന വാക്കിൽ ഏതുമാതിരി അവസ്ഥയാണ് അടങ്ങിയിരിക്കുന്നതെന്ന് ആദ്യമായി ആലോചിക്കാം. അതിനു വശംവദരായിരിക്കുന്ന മനുഷ്യർ, ശരീരസുഖമാണ് ജീവിതോദ്ദേശമെന്നു സാധിച്ചുകൊള്ളുന്നു. ചില ഉദാഹരണങ്ങൾ വെളിപ്പെടുത്താം. യൂറോ

പൃന്മാർ ഒരു ശതവർഷത്തിനുമുമ്പു കൂടിയിരുന്ന ഗൃഹങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വിശേഷമായ കെട്ടിടങ്ങളിൽ താമസിച്ചുവരുന്നു. ഇതു പരിഷ്കാരത്തിന്റെ ഒരു ചിഹ്നമായിട്ടാണു കരുതുന്നത്. ശരീരസുഖത്തെ വർദ്ധിപ്പിക്കുന്നതിനും ഇതു് ഉതകുന്നു. അവർ പണ്ടു ധരിച്ചിരുന്നതു തുകലും, ആയുധമാക്കി ഉപയോഗിച്ചുവന്നതു കുന്തവുമത്രെ. ഇന്നു് അതിനു പകരം നീണ്ടകാലുറകളും ശരീരാലങ്കരണത്തിനു പലവിധ ഉടുപ്പുകളും ധരിക്കുന്നു; അഞ്ചും ആറുംവെടിതീരുന്ന കൈത്തോക്കുകൾ ആയുധമാക്കി ഉപയോഗിക്കയും ചെയ്യുന്നു. കാലുറകളും ചപ്പാത്തുമുതലായതും ഉപയോഗിച്ചു ശീലമില്ലാത്തജാതിക്കാർ ഇടംപ്രഥമമായി ഇംഗ്ലീഷുവേഷം കെട്ടിത്തുടങ്ങിയാൽ അവർ അപരിഷ്കൃതാവസ്ഥയിൽനിന്നു് ഉദ്ധരിക്കപ്പെട്ടതായി വിചാരിക്കപ്പെടുന്നു. മുൻകാലങ്ങളിൽ കൈകൊണ്ടുഴുതു് അവർ ധാന്യങ്ങൾ കൃഷിചെയ്തുവന്നു. ഇപ്പോൾ യന്ത്രസഹായത്താൽ ഒരു മനുഷ്യൻ വളരെസ്ഥലം ഉഴുതു് അനവധിധനം സമ്പാദിക്കുന്നുണ്ടു്. ഇതുംപരിഷ്കാരത്തിന്റെ ഒരു ചിഹ്നമായി കരുതപ്പെടുന്നു. പൂർവ്വകാലങ്ങളിൽ അപൂർവ്വം ചിലർ മാത്രമേ പുസ്തകങ്ങൾ എഴുതിയിരുന്നുള്ളു. അവ തുലോം ആദരണീയങ്ങളുമായിരുന്നു. ഇക്കാലത്തു കണ്ടവരെല്ലാം അവരവർക്കുതോന്നിയതൊക്കെ എഴുതിഅച്ചടിപ്പിച്ചു്, മനുഷ്യഹൃദയങ്ങളെ വിഷലിപ്തമാക്കിച്ചെയ്യുന്നു. പണ്ടുകാളവണ്ടിയാണു് അവർ വാഹനമാക്കിയിരുന്നതു്. ഇന്നു് ദിവസംനൂറും അധിലധികവും മൈൽ പായുന്നപുകവണ്ടികളിലും ആകാശവിമാനങ്ങളിലും കയറി വിസ്മയനീയമാന സഞ്ചാരസൌകര്യത്തെ അനുഭവിക്കുന്നു. ഇതുപരിഷ്കാരത്തിന്റെ പരമകാഷ്ഠയെന്നു ഗണിക്കപ്പെടുന്നു.

ഒട്ടുനാൾ കഴിയുമ്പോൾ, മനുഷ്യർക്ക് ആകാശ
ക്കപ്പൽമാർഗ്ഗം ഭൂലോകത്തിലെങ്ങും ഏതാൻമണി
ക്കൂർകൊണ്ടു ചെന്നെത്താൻ സാധിക്കുമെന്നുപറയു
ന്നുണ്ട്. ഇനിമേൽ മനുഷ്യർക്ക് അവരവരുടെ കൈ
കാൽകൊണ്ടുള്ള ഉപയോഗം ആവശ്യമായിവരികയില്ല.
ഒരു പുത്താൻ താഴ്ത്തിയമാത്രയിൽ ഉടുപ്പുമുതലായ ഉപ
കരണങ്ങൾ അവരുടെ മുമ്പിൽ വന്നുചേരും. മറ്റൊന്നി
നെത്താഴ്ത്തുമ്പോൾ വർത്തമാനപ്പത്രങ്ങൾ ഹാജരാകും.
വേറൊന്നിനെ താഴ്ത്തിയാൽ മോട്ടാർവണ്ടി കാത്തുനിൽ
ക്കും; സ്വാദിഷ്ഠമായ അനേകം ആഹാരസാധനങ്ങൾ
ലഭിക്കയുംചെയ്യും. എന്നുവേണ്ടാ, എല്ലാം യന്ത്രസ
ഹായത്താൽ സാധിച്ചുകൊള്ളാവുന്നതാണ്. പണ്ടു ര
ണ്ടുപേർതങ്ങളിൽ കലഹമുണ്ടായാൽ അവരവരുടെ യ
ഥാർത്ഥമായ ബലത്തെ പരീക്ഷിക്കുമായിരുന്നു. ഇന്ന്
ഒരുത്തൻ, അനേകം ആളുകളുടെ ജീവനെ, ഒരു കുന്നി
ന്മേൽ ഒരു പീരങ്കിയുടെ പുറകിൽ നിന്നുംകൊണ്ട്, ഒ
രേസമയത്തിൽ നശിപ്പിക്കുന്നു. ഇതും പരിഷ്കാരമല്ലാ
തെ മറ്റൊന്നുമല്ല. അന്ന് മനുഷ്യർ തുറസ്സുവായുവിൽ
അവരുടെ സ്വേച്ഛപ്രകാരം പ്രയത്നിച്ചുവന്നു. ഇന്നു
അനേകം വേലക്കാർ ചേന്ന് ഉദരനിമിത്തം തൊഴിൽ
ശാലകളിലും ഖനികളിലും കിടന്നുകഷ്ടപ്പെടുന്നു. അവ
രുടെസ്ഥിതി മൃഗങ്ങളുടേതിലും തുലോം കഷ്ടമാണെന്നു
പറയാം. അവർ ആയുസ്സിനെ പണയപ്പെടുത്തി, ആ
പൽക്കരങ്ങളായ തൊഴിലുകളിൽ ഏർപ്പെട്ട്, കോടീശ്വ
രന്മാർക്കുവേണ്ടി വേലചെയ്യാൻ നിർബദ്ധരായിത്തീർന്നി
രിക്കുന്നു. പണ്ടേക്കാലത്തു മനുഷ്യർ കായികബലപ്ര
യോഗംകൊണ്ട് അടിമകളാക്കപ്പെട്ടിരുന്നു ഇക്കാലത്തു
പണത്തിന്റേയും അതിൽനിന്നുണ്ടാകാവുന്ന ഉല്ലാസ

ത്തിൻേറയും ആകർഷണശക്തിയാൽ അടിമത്തം സ്വീകരിക്കുന്നു. പണ്ട് സ്വപ്നത്തിൽപോലും അറിഞ്ഞിട്ടില്ലാത്ത പലവിധ വ്യാധികൾ ഇന്നു മനുഷ്യരെ ബാധിക്കുന്നുണ്ട്. അതിന് മരുന്നു അന്വേഷിക്കുന്നതിനായി അനവധി വൈദ്യന്മാരും ഏർപ്പെട്ടിരിക്കുന്നു. വൈദ്യശാലകളും വളരെ വർദ്ധിച്ചിട്ടുണ്ട്. ഇതും പരിഷ്കാരത്തിൻേറ ഒരടയാളമാണ്. മുൻകാലങ്ങളിൽകത്ത് അയയ്ക്കണമെങ്കിൽ, പ്രത്യേകം ആളും ധാരാളം പണച്ചെലവും വേണ്ടിവന്നിരുന്നു. ഇന്നു കാലണയുടെ ചെലവുമതി, ഒരുത്തനു ദൂരസ്ഥനായ ഒരാളിനെ വന്ദിക്കാനും നിന്ദിക്കാനും. പണ്ടു സസ്യധാന്യങ്ങളെക്കൊണ്ടുള്ള രണ്ടോമൂന്നോനേരത്തെ ആഹാരമേ ഒരു മനുഷ്യനുണ്ടായിരുന്നുള്ളൂ. ഇന്നു രണ്ടുമണിക്കൂറിലൊരിക്കൽ എന്തെങ്കിലും ഭക്ഷിക്കേണ്ടതായി വന്നിരിക്കുന്നു ഇതുനിമിത്തം കൃത്യാന്തരങ്ങൾക്കു സമയം അവർക്കുന്നോ ചുരുക്കമായിട്ടാണിരിക്കുന്നത്. ഇതിൽക്കൂടുതലായി ഞാൻ എന്താണു പറയേണ്ടത്? ഇതൊക്കെ അനേകം പ്രാമാണികന്മാരുടെ പുസ്തകങ്ങളിൽനിന്നു നിങ്ങൾക്കു ഗ്രഹിക്കാവുന്നതാണ്. ഇതുകളെല്ലാം പരിഷ്കാരത്തിൻേറ വാസ്തവമായ ചിഹ്നങ്ങളാകുന്നു. ആരെങ്കിലും ഇതിനു വിപരീതമായിപ്പറയുന്നുവെങ്കിൽ, അവൻ അജ്ഞനാണെന്ന് അറിഞ്ഞുകൊള്ളണം. ഈ പരിഷ്കാരം ധർമ്മത്തേയോ മതത്തേയോ മാനിക്കുന്നില്ല. മതത്തെ രക്ഷിക്കുന്നതല്ല തങ്ങളുടെ കടമയെന്ന് ഈ പരിഷ്കാരഭ്രാന്തന്മാർ ചിലർ പതിഞ്ഞസ്വരത്തിൽ പറയാറുണ്ട്. വേറെ ചിലർ ഇത് അന്ധവിശ്വാസത്തിൻേറ വികാസമാണെന്നും വിചാരിക്കുന്നു. മറ്റു ചിലർ മതത്തിൻേറ പുറംചട്ടയെ ധരിച്ചുംകൊണ്ടു ധർമ്മത്തെക്കുറിച്ചു തോന്നിയതുപോലൊക്കെ പ്രസംഗിക്കുന്നു.

എന്നാൽ ധൎമ്മംഎന്നപേരും പറഞ്ഞുമിക്കപ്പോഴും അ ധൎമ്മത്തെ പരിപ്പിക്കയാണെന്നുപറവാൻ എന്റെ ഇ രുപത്തുകൊല്ലത്തെ അനുഭവം എന്നെ ധൈൎയ്യപ്പെടുത്തു ന്നു. മുൻചൊന്നസംഗതികളിൽ ധൎമ്മപ്രേരകമായി ഒ ന്നുംതന്നെയില്ലെന്ന് ഒരുകുട്ടിക്കുംക്രുടിമനസ്സിലാകും. പരി ഷ്കാരംദേഹസുഖങ്ങളെ വൎദ്ധിപ്പിക്കാൻശ്രമിക്കുന്നു. എ ന്നാൽ ആസംഗതിയിലും അതിനുകഷ്ടതരമായ തോൽമ യാണു പറവ്വുന്നതു്.

ഈ പരിഷ്കാരംനാസ്തികംപരമാണ്. അതുയൂറോപ്യ ന്മാരെബാധിച്ചിരിക്കുന്നതു്, അതിൽഅകപ്പെട്ടവരെല്ലാം അരഭ്രാന്തന്മാരെന്നുതോന്നത്തക്കനിലയിലാണ്. യഥാ ൎത്ഥമായകായബലമാകട്ടെ, മനോധൈൎയ്യമാകട്ടെ, അവർ പാഴിൽകളയുന്നു. ലഹരിമത്തുകൊണ്ടു് അവർ തങ്ങളുടെ ഊൎജ്ജിതത്തെ സംരക്ഷിച്ചുവരുന്നു. ഏകാന്തത്തിലും അവൎക്കു സുഖം ദുൎല്ലഭമത്രെ. ഗൃഹിണികളായിരിക്കേണ്ട സ്ത്രീകൾ തെരുവുകളിൽ അലഞ്ഞും തൊഴിൽശാലകൾ ക്കു അടിമപ്പെട്ടും കഴിയുന്നു. കുറഞ്ഞ ആദായത്തിനു വേണ്ടി രണ്ടരലക്ഷം സ്ത്രീകൾ ഇംഗ്ലണ്ടിലെ തൊഴിൽ ശാലകളിലും മററു പണിസ്ഥലങ്ങളിലുമായി വളരെ ദ യനീയസ്ഥിതിയിൽ വൎത്തിക്കുന്നു. ദിനംപ്രതി വൎദ്ധിച്ചു വരുന്ന സ്ത്രീസ്വാതന്ത്ര്യവാദകോലാഹലത്തിനു് ഈ ദ യനീയമായ സംഭവവും ഒരു കാരണമാണത്രെ.

നാം ക്ഷമയുള്ളവരായിരുന്നാൽ ഈ പരിഷ്കാരംത നിയേനശിക്കത്തക്കതാണ്. മുഹമ്മദുനിബിയുടെ ഉപദേ ശസാരപ്രകാരം ഇതൊരുപൈശാചികപരിഷ്കാരമാണെ ന്നു വിചാരിക്കണം. ഹിന്ദുമതം ഇതിനേ കലികാലംഎ ന്നു വ്യവഹരിക്കുന്നു. ഈ പരിഷ്കാരത്തെ ശരിയായിവ്യാ ഖ്യാനിക്കാൻ എന്നാൽ സാദ്ധ്യമല്ല. ഇതു് ഇംഗ്ലീഷ്സ

മുദായത്തിന്റെ ജീവനാഡികളെ ഭക്ഷിച്ചുവരുന്നു. ഇതിനെ ഉൻമൂലനം ചെയ്യേണ്ടതാവശ്യമാണു്. പാർലിമെൻറുസഭകളെല്ലാം അടിമത്തത്തിന്റെ അടയാളങ്ങളാണത്രെ ഇതിനെക്കുറിച്ചു് അവധാനപൂർവ്വം ചിന്തിക്കുന്നതായാൽ നിങ്ങൾക്കും ഈ അഭിപ്രായംതന്നെയാണുണ്ടാകുന്നതു്. അപ്പോൾ ഇംഗ്ലീഷുകാരെ കുററപ്പെടുത്തുകയില്ല; അവരിൽനിങ്ങൾക്കു അനുതാപമുണ്ടാകും. ഇംഗ്ലീഷുകാർ ബുദ്ധിമാന്മാരാണു്. അതുകൊണ്ടു് അവർ ഈ കേടിനെ പരിഹരിക്കതന്നെ ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. അവർ ഉത്സാഹശീലന്മാരും പരിശ്രമികളുമാണു്. അവരുടെ വിചാരങ്ങളൊന്നും ആരംഭത്തിൽ അധർമ്മദ്യോതകങ്ങളല്ല. അവർ ദുഷ്ടമനസ്കന്മാരുമല്ല. അതുഹേതുവായി, അവരിൽ എനിക്കു മതിപ്പുണ്ടു്. പരിഷ്കാരം തീരാവ്യാധിയല്ല. എന്നാൽ ഇംഗ്ലീഷുകാർ ഈ ദീനത്താൽ നോവു് അനുഭവിക്കുന്നുണ്ടെന്നുള്ളതു സ്മർത്തവ്യമാകുന്നു.

---

## അദ്ധ്യായം ൭.

---

### ഇന്ത്യ നഷ്ടപ്പെട്ടതെന്തു് ?

വായനക്കാരൻ—നിങ്ങൾ പരിഷ്കാരത്തെപ്പററി വളരെപ്പറഞ്ഞു. അതു് എന്നെ ആ വിഷയത്തിൽ ചിന്താമഗ്നനാക്കുന്നതിനു മതിയായിരിക്കുന്നു. ഇംഗ്ലീഷുകാരിൽ നിന്നും നാം സ്വീകരിക്കേണ്ടതേതു്? നിരാകരിക്കേണ്ടതേതു്? എന്നു് ഇപ്പോൾ എനിക്കറിഞ്ഞുകൂടാ. എന്നാൽ ഒരു

ചോദ്യം പെട്ടെന്ന് എൻ്റെനാക്കിൽവരുന്നു. പരിഷ്കാരം ഒരു വ്യാധിയാണെങ്കിൽ, അത് ഇംഗ്ലണ്ടിനെ ദോഷപ്പെടുത്തുകയുമാണു ചെയ്യുന്നതെങ്കിൽ, ഇന്ത്യയെ സ്വാധീനപ്പെടുത്താനും കൈവശം വച്ചുകൊണ്ടിരിക്കാനും ഇംഗ്ലണ്ടിനു ശക്തിയുണ്ടായതെങ്ങനെ ?

പത്രാധിപർ—നിങ്ങളുടെ ചോദ്യം, ഉത്തരംപറവാൻ പ്രയാസമുള്ളതല്ല. സ്വരാജ്യത്തിൻ്റെ വാസ്തവസ്ഥിതി ഇപ്പോൾ നമുക്കു പരിശോധിക്കാൻ കഴിവുണ്ടാകും. എന്തെന്നാൽ ആ ചോദ്യം ഇനിയും ഉത്തരം പറയേണ്ടതായിട്ടാണിരിക്കുന്നത് എന്നു എനിക്കു് ഓർമ്മയുണ്ട്. എങ്കിലും നിങ്ങളുടെമുൻചോദ്യത്തേഎടുക്കാം. ഇന്ത്യയെഇംഗ്ലീഷുകാർ പിടിച്ചടക്കിയതല്ല; നമ്മൾ അതിനെ അവർക്കു കൊടുക്കയാണു ചെയ്തതു്. അവരുടെ ശക്തികൊണ്ടല്ല അവർഇവിടെ ഇരിക്കുന്നതു്; നാം ഇരുത്തിയിരിക്കുന്നതുകൊണ്ടാണു്. ഈ സംഗതിയെ സാധൂകരിക്കാമോ എന്നു നമുക്കു നോക്കാം; ആദ്യം അവർ കച്ചവടത്തിനായി നമ്മുടെനാട്ടിൽവന്നു. "ഈസ്റ്റിൻഡ്യാ"കമ്പനിയേഓർത്തുനോക്കുക! പിന്നീട് അതു 'ബഹദൂർ'ആയതുമോർക്കുക? അതിനെ ബഹദൂറാക്കിയതാരു്? അക്കാലത്തുരാജ്യസ്ഥാപനത്തിൻ്റെ വിചാരലേശം പോലും അവർക്കുണ്ടായിരുന്നില്ല. കമ്പനിഉദ്യോഗസ്ഥന്മാർക്കു് ഒത്താശകൾ ചെയ്തതാരു്? അവരുടെ പണ്ടങ്ങളെക്കണ്ടുമയങ്ങിയതാരു്? ആരാണു് അവരുടെ സാമാനങ്ങളെ വാങ്ങിയതു്? ഇതിനെല്ലാം ഉത്തരം, നാം തന്നെഎന്നു ചരിത്രംകൊണ്ടുകാണാം. പെട്ടെന്നു ധനവാന്മാരാകാമെന്നുള്ള മോഹത്താൽ നമ്മൾ ഉദാരമനസ്സത്തോടേ കമ്പനിഉദ്യോഗസ്ഥന്മാരെസ്സൽക്കരിച്ചു; നമ്മൾ അവരെ സഹായിച്ചു. ഞാൻ മദ്യം ഉപയോഗിക്കുന്ന ശീലം ഉള്ളവനാണെന്നിരിക്കട്ടെ! അതിൻ്റെവ്യാ

പാരക്കാരൻ അതിനെ എനിക്കു വിൽക്കുന്നുവെന്നും വിചാരിക്കുക! അതിൽ കുററപ്പെടുത്തേണ്ടതു് അവനെയോ എന്നെയോ? അവനെ കുററപ്പെടുത്തുന്നതുകൊണ്ടു് എൻെറ മദ്യപാനശീലത്തെ മാററാൻ സാധിക്കുമോ? മാത്രമല്ല, ഒരു വ്യാപാരിയെ ആട്ടിഓടിച്ചു കളഞ്ഞാൽ ആ സ്ഥലത്തെ, മറെറാരുവ്യാപാരി പൂരിക്കയില്ലെന്നു വരുമോ? ഇന്ത്യയുടെ ഒരു പരമാൎത്ഥസേവകൻ ഈ സംഗതിയുടെ മൂലതത്വമാണു് ആരാഞ്ഞുനോക്കേണ്ടതു്. അതിഭക്ഷണത്താൽ എനിക്കു് അജീൎണ്ണംഉണ്ടായി എന്നുവയ്ക്കുക! ആ ഭക്ഷണപദാൎത്ഥത്തെ കുററപ്പെടുത്തിയതുകൊണ്ടു് എൻെറ അജീൎണ്ണം മാറുമോ? വ്യാധിയുടെ മൂലകാരണം കണ്ടറിയുന്നവനാണു വാസ്തവവൈദ്യൻ. ഇന്ത്യയുടെവ്യാധിക്കു നിങ്ങളെ ഒരുവൈദ്യനായി നിയമിച്ചാൽ അതിൻെറ പരമാൎത്ഥഹേതു നിങ്ങൾ കണ്ടു പിടിക്കണം.

വായനക്കാരൻ:—ശരി; മനസ്സിലായി. നിങ്ങളുടെ അഭിപ്രായങ്ങളെ സാധൂകരിക്കുന്നതിനു് ഇനി അധികം വഴക്കടിക്കണമെന്നില്ല. ഇനി നിങ്ങളുടെ മററഭിപ്രായങ്ങൾ അറിവാൻ ഞാൻ അക്ഷമനായിരിക്കുന്നു. വളരെ രസകരമായ ഒരു വിഷയത്തിലാണു് നാം ഇപ്പോൾ എത്തിയിരിക്കുന്നതു്. അതുകൊണ്ടു്, നിങ്ങളുടെ അഭിപ്രായഗതികളെ, അനുസരിച്ചു ശ്രദ്ധിച്ചുകൊണ്ടിരിക്കാം. സംശയംവരുന്നിടത്തു ചോദിക്കാം.

പത്രാധിപർ:—നിങ്ങൾ ഇപ്പോൾ അനുമോദിക്കുന്നുവെന്നിരുന്നാലും, അല്പംകഴിയുമ്പോൾ നമ്മൾതമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു ഞാൻ ഭയപ്പെടുന്നു. എങ്കിലും നിങ്ങൾ സംശയിച്ചുചോദിക്കുമ്പോൾ, നിങ്ങളുടെ സംശയത്തെ നിവൎത്തിക്കാനായി വിവരിച്ചു പറയാമെ

ന്നു വിചാരിക്കുന്നു. നാം ധൈൎയ്യംകൊടുത്തതുകൊണ്ടു മാത്രമാണു്, ഇംഗ്ലീഷുവ്യാപാരികൾക്കു ഇവിടെ ഇരിപ്പുറച്ചതെന്നു്, മേൽ പ്രസ്താവിച്ചുവല്ലോ. ഇന്ത്യയിലെ രാജാക്കന്മാർതമ്മിൽ യുദ്ധമുണ്ടായപ്പോൾ കമ്പനിക്കാരുടെ സാഹായ്യത്തെ അവർ അപേക്ഷിച്ചു. അവരോ, വ്യാപാരത്തിലെന്നപോലെ യുദ്ധത്തിലും സുശിക്ഷിതന്മാരായിരുന്നു. ധൎമ്മശാസ്ത്രത്തിന്റെ ഗന്ധംപോലും അവൎക്കുണ്ടായിരുന്നില്ല. കച്ചവടത്തെവൎദ്ധിപ്പിക്കണം; പണം സമ്പാദിക്കണം; ഇതാണു് അവരുടെനോട്ടം. നമ്മുടെ സഹായംവാങ്ങി അവർ വ്യാപാരശാലകളെ വൎദ്ധിപ്പിച്ചു. അതിന്റെ സംരക്ഷണത്തിനായിട്ടു് ഒരുസൈന്യത്തെ ഏൎപ്പെടുത്തി. അതിനെ (ആസൈന്യത്തെ) നമ്മളും ഉപയോഗപ്പെടുത്തിവന്നു. നാം അക്കാലത്തിൽ അങ്ങനെപ്രവൎത്തിച്ചതിനു് അവരെ കുറപ്പെടുത്തിട്ടുഫലമുണ്ടോ? ഹിന്ദുക്കളും മുഹമ്മദീയരും തമ്മിൽ അപ്പോൾ കുത്തുംവെട്ടുമായിരുന്നു. ഇതും കമ്പനിക്കാരുടെ ഉദ്ദേശത്തിനു സഹായമായി. ഇപ്രകാരം കമ്പനിക്കാൎക്കു ഇന്ത്യയെ ലഭിക്കുന്നതിനു വേണ്ടവഴികളെല്ലാം നാം ഉണ്ടാക്കിക്കൊടുത്തു. അതുകൊണ്ടു് ഇന്ത്യയെ നാം നഷ്ടപ്പെട്ടു എന്നുപറയുന്നതിനെക്കാൾ, ഇന്ത്യയെ നാം ഇംഗ്ലീഷുകാൎക്കു കൊടുത്തുഎന്നതാണുകുറെക്കൂടി അൎത്ഥയോജ്യത.

വായനക്കാരൻ:—ഇന്ത്യയെ കൈവശം വച്ചുകൊണ്ടിരിക്കാൻ ഇംഗ്ലീഷുകാൎക്കു സാധിച്ചതെങ്ങനെ എന്നു് എനിക്കു പറഞ്ഞുതരാമോ?

പത്രാധിപർ—ഏതൊരു കാരണത്താൽ ഇന്ത്യ അവൎക്കു ലഭിക്കപ്പെട്ടുവോ, അതേകാരണത്താലാണു് അതിനെ കൈവശത്തിൽ വച്ചുകൊണ്ടിരിക്കാൻ സാധിക്കുന്നതും. ചില

ഇംഗ്ലീഷുകാർ, അവർ ഇന്ത്യയെ യുദ്ധംചെയ്തു പിടിച്ചടക്കി എന്നും സൈനികബലത്താൽ രക്ഷിച്ചുകൊണ്ടിരിക്കുന്നുവെന്നും പറയുന്നു. ഈ രണ്ടുജല്പനങ്ങളും തെറ്റാണ്. ഇന്ത്യയെ വച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ ആയുധത്തിന്റെ ഉപയോഗമേ ഇല്ല. നാമായിട്ടു അവരെ വച്ചുകൊണ്ടിരിക്കുന്നു. ഇംഗ്ലീഷുകാരേക്കുറിച്ച് 'വ്യാപാരിക്കൂട്ടം' എന്നു നെപ്പോളിയൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതു വളരെ അർത്ഥവത്താണ്. ഏതെല്ലാം രാജ്യങ്ങൾ അവർക്കുണ്ടോ, അവയെല്ലാം അവരുടെ കച്ചവടകാര്യത്തിനായിട്ടു വച്ചുകൊണ്ടിരിക്കുന്നു. അതിനെ രക്ഷിക്കുന്നതിനായിട്ടാണ് അവരുടെ സൈന്യങ്ങളെ ഏൎപ്പെടുത്തിയിരിക്കുന്നതു്. ട്രാൻസ്‌വാളിൽ ഇതുപോലുള്ള ആകർഷണങ്ങൾ ഇല്ലാത്തതുകൊണ്ട് കഴിഞ്ഞുപോയ മന്ത്രി ഗ്ലാഡ്സ്റ്റൺ ഇംഗ്ലീഷുകാർ അതിനെ വച്ചുകൊണ്ടിരിക്കുന്നതു ശരിയല്ലെന്നുകണ്ടുപിടിച്ചു. അതു് ആദായകരമായിത്തീർന്നപ്പോൾ പിന്നെ അതിനോടുയുദ്ധം ചെയ്യേണ്ടിവന്നു. ഇംഗ്ലണ്ടിനു ട്രാൻസ്‌വാളിന്റെ പേരിൽ മേൽക്കോയ്മാവകാശം ഉണ്ടെന്നു ചേമ്പർലെയിൻ ഉടനെ സ്ഥാപിക്കയുംചെയ്തു. കഴിഞ്ഞുപോയ പ്രെസിഡന്റ് ക്രൂഗരോട് "ചന്ദ്രമണ്ഡലത്തിൽസ്വർണ്ണമുണ്ടോ?" എന്നു ആരോ ചോദിച്ചതിന്, "അധികവും ഇല്ലാതിരിക്കാനാണിട. ഉണ്ടായിരുന്നെങ്കിൽ ഇംഗ്ലീഷുകാർ അതിനെപിടിച്ചടക്കുമായിരുന്നു." എന്ന് അദ്ദേഹം മറുപടിപറഞ്ഞുപോൽ. പണമാണ് അവരുടെ ദൈവം എന്നുതെളിയിക്കാൻ പല ഉദാഹരണങ്ങൾ ഉണ്ട്. നാം ഇംഗ്ലീഷുകാരെ നമ്മുടെ നീചമായ സ്വാർത്ഥത്തിനുവേണ്ടി ഇന്ത്യയിൽ വച്ചുകൊണ്ടിരിക്കുന്നു. അവരുടെ വ്യാപാരത്തെ നാം ഇഷ്ടപ്പെടുന്നു. അവർ അവരുടെ ത

ന്ത്രമാർഗ്ഗങ്ങളാൽ നമ്മെ മയക്കി, അവർക്കുവേണ്ടതിനെ കൈക്കലാക്കുന്നു. ഇതിന്ന് അവരെ കുററപ്പെടുത്തുന്നതു് അവരുടെ അധികാരത്തെ സ്ഥിരപ്പെടുത്തുകയാണ്. കൂടാതെ നാം തമ്മിൽ കലഹിച്ച് അവരുടെ അധികാരശക്തിയെ പൂർവ്വാധികം ബലപ്പെടുത്തുന്നു. മേൽപറഞ്ഞതെല്ലാം നിങ്ങൾ സമ്മതിക്കുന്നുവെങ്കിൽ, ഇംഗ്ലീഷുകാർ കച്ചവടത്തിനായിട്ട് ഇന്ത്യയിൽ വന്നവരാണെന്നു തെളിയുന്നു. അതേ ഉദ്ദേശത്തിൽതന്നെ അവർ ഇവിടെ താമസം ഉറപ്പിച്ചു. അതിലേക്ക് നാം അവരെ സഹായിക്കയും ചെയ്തു. അവരുടെ ആയുധങ്ങളും സന്നാഹങ്ങളുമൊക്കെ തീരെ നിരുപയോഗങ്ങളാണ്. ഈ സന്ദർഭത്തിൽ, ജപ്പാൻദേശത്തിൽ പറക്കുന്ന കൊടി ഇംഗ്ലീഷുകാരുടേതല്ലാതെ ജപ്പാൻകാരുടേതല്ലെന്നു നിങ്ങളെ ഓർമ്മിപ്പിച്ചുകൊള്ളുന്നു. വ്യാപാരപ്രയോജനത്തിനായിട്ട് ഇംഗ്ലീഷുകാർ ജപ്പാൻകാരുമായി ഒരു ഉടമ്പടി ഉണ്ട്. അതു് ശരിക്കു നടത്തിയിരുന്നാൽ അവരുടെ കച്ചവടം ആ രാജ്യത്തു് വളരെ അഭിവൃദ്ധിയിൽവരും. അവരുടെ ആശ, ഭൂലോകംമുഴുവൻ അവരുടെ സാമാനങ്ങളുടെ വിസ്താരമേറിയ ഒരു വില്പനച്ചന്ത ആക്കാമെന്നാണ്. അതുസാധിക്കയില്ലെന്നുള്ളതു പരമാർത്ഥമാണെന്നു എങ്കിലും അതിൽ അവർക്കു കുറവില്ല. അതിലേക്കുവേണ്ട പരിശ്രമം അവർ നിമിഷംതോറും ചെയ്തുകൊണ്ടാണിരിക്കുന്നതു്.

# അദ്ധ്യായം ൫.

## ഇന്ത്യയുടെസ്ഥിതി.

വായനക്കാരൻ:—ഇംഗ്ലീഷുകാർ ഇന്ത്യയെ തങ്ങളുടെ കൈവശംവച്ചുകൊണ്ടിരിക്കുന്നതെന്തിനാണെന്ന് ഇപ്പോൾ എനിക്കു മനസ്സിലായി. ഇനി ഇന്ത്യയുടെ സ്ഥിതിയെക്കുറിച്ചു നിങ്ങളുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

പത്രാധിപർ:—ഇന്ത്യയുടെ സ്ഥിതിയോ? അതു, വളരെ ശോചനീയമാണ്. അതു് വിചാരിയ്ക്കുമ്പോൾ എന്റെ കണ്ണിൽ ജലം നിറഞ്ഞു്, തൊണ്ട വിങ്ങുന്നു. എന്റെ മനസ്സിൽ ഉള്ളതുമുഴുവൻ വിവരിച്ചു പറവാൻ സാധിക്കുമോ എന്നു് എനിക്കു ബലമായസംശയമുണ്ടു്. ആംഗ്ലേയക്കാലടിയിൽ പെട്ടല്ല, ആധുനികപരിഷ്കാരത്തിന്റെ ചവിട്ടടിയിൽപ്പെട്ടാണ്, ഇന്ത്യ കഠിനസങ്കടം അനുഭവിക്കുന്നതെന്നാണ് എന്റെ ദൃഢവിശ്വാസം. ആ ഭയങ്കരരക്ഷസ്സിന്റെ ഭാരംതാങ്ങവയ്യാതെ ഇന്ത്യനിലവിളിക്കുന്നു. അതിനെ രക്ഷപ്പെടുത്തുന്നതിന് ഇനിയും സമയമുണ്ടു്. പക്ഷെ കാലംചെല്ലുന്തോറും പ്രയാസമേറിവരുന്നു. മതം എനിക്കു് ഏറ്റവും പ്രിയപ്പെട്ട ഒന്നാണ്. ഇന്ത്യയിൽ മതവിശ്വാസം കുറഞ്ഞുവരുന്നു എന്നുള്ളതത്രെ എന്റെ പ്രധാനമായ ആവലാതി. ഇവിടെ ഞാൻ പരാമർശിക്കുന്നതു് ഹിന്ദുമതത്തേയോ മഹമ്മദുമതത്തേയോ മറേറതെങ്കിലും മതത്തേയോഅല്ല. പിന്നെയോ എല്ലാ മതങ്ങൾക്കും താങ്ങായും ജീവനായും അഭേദ്യമായി പരിലസിക്കുന്ന ആ ദിവ്യമതത്തെയാണ്. നാം ഇപ്പോൾ ഈശ്വരവിശ്വാസത്തിൽ നിന്നും അകന്നുപോകുന്നു.

വായനക്കാരൻ:—അതെങ്ങനെ?

പത്രാധിപർ:—നാം മടിയന്മാരും ഇംഗ്ലീഷുകാർ പരിശ്രമശീലന്മാരും ആണെന്നു പൊതുവേ ഒരുധാരണയുണ്ട്. ആ ന്യൂനതയെ നാം സമ്മതിക്കുന്നു. അതുകൊണ്ടു നമ്മുടെ സ്ഥിതിയെ ഭേദപ്പെടുത്തുന്നതിനു നാം ആഗ്രഹിക്കുന്നു. ലോകവ്യവഹാരങ്ങളിൽ അശ്രദ്ധയോടും അദ്ധ്യാത്മചിന്തനത്തിൽ ശ്രദ്ധയോടും കൂടിയിരിക്കണമെന്നും ലൗകികാശയെ മിതമാക്കണമെന്നും ഈശ്വരവിശ്വാസവും ഭക്തിയും അമിതമാക്കണമെന്നുമാണ് സർവ്വമതങ്ങളും നമ്മെ പഠിപ്പിക്കുന്നതു്. ദൈവചിന്താവിഷയത്തിൽവേണം നമ്മുടെ ശ്രദ്ധയെ നാം തിരിച്ചുവിടാൻ.

വായനക്കാരൻ:—മതപ്രസ്താവങ്ങളെ നിങ്ങൾ ആദരിക്കുന്നതായിത്തോന്നുന്നു. അനേകം വഞ്ചകന്മാർ ഇങ്ങനെ പ്രസംഗിച്ച് ജനങ്ങളെ ഉഭയഭ്രഷ്ടന്മാരാക്കുന്നുണ്ട്.

പത്രാധിപർ:—മതത്തിന്മേൽ നിങ്ങൾ ഒരന്യായമായ പഴി ചുമത്തുന്നു. എല്ലാമതങ്ങളിലും അയുക്തഭാഗങ്ങൾ നിശ്ചയമായിട്ടുണ്ട്. പ്രകാശമുള്ളിടത്തു നിഴലും കാണും. ലോകവ്യവഹാരങ്ങളിലെ അയുക്തഭാഗങ്ങൾ മതത്തിലുള്ളതിനേക്കാൾ അയുക്തങ്ങളെന്നാണ് എന്റെ അഭിപ്രായം. ഞാൻ നിങ്ങളെക്കാണിക്കാൻപോകുന്ന പരിഷ്കാരദോഷങ്ങൾ മതത്തിൽ കാണുകയില്ല.

വായനക്കാരൻ:—അതെങ്ങനെ പറയാം? മതത്തിനുവേണ്ടി ഹിന്ദുക്കളും മുഹമ്മദീയരും പരസ്പരം യുദ്ധംചെയ്തു. ഇതേകാരണത്താൽതന്നെ ക്രിസ്ത്യാനികൾ തമ്മിലും യുദ്ധംനടന്നു. നിരപരാധികളായ അനേകായിരം ആളുകൾ കൊല്ലപ്പെട്ടു. അനേകംപേരെ വെടിവെച്ചുകൊന്നു. അനവധി ആളുകളെ പലപ്രകാരത്തിൽ ഉപദ്രവിച്ചിട്ടുമുണ്ട്. നിശ്ചയമായും ഇതു് ഏതുപരിഷ്കാരത്തേക്കാളും നീചമാണ്.

പത്രാധിപർ:—പരിഷ്കാരജന്യങ്ങളായ ദോഷങ്ങളെ അപേക്ഷിച്ചു മുൻചൊന്നതുകൾ ദുസ്സഹങ്ങളല്ലെന്നു ഞാൻ ബലമായിവാദിക്കാം. അതു് മതത്തിൻപേരിൽ ചെയ്യപ്പെട്ടതാണെങ്കിലും, വാസ്തവത്തിൽ അവ മതത്തിന്റെ അംശങ്ങളല്ലെന്നു് എല്ലാവൎക്കുംഅറിയാം. അതുകൊണ്ടു് ഇക്കട്ടുംകൈകൾ ദുസ്സഹങ്ങൾതന്നെ. അങ്ങനെയുള്ള പ്രവൃത്തികൾ, മൂഢവിശ്വാസികളായ അജ്ഞന്മാർഉണ്ടായിരിക്കുന്നിടത്തോളം, തുടൎന്നുകൊണ്ടിരിക്കും. പരിഷ്കാരാഗ്നിക്കു് ആഹാരമായവരുടെ സംഖ്യയ്ക്കുകണക്കില്ല. നല്ലതാണെന്നു ഭ്രമിച്ചു ജനങ്ങൾ അതിന്റെ ജ്വാലയിൽ പതിച്ചു്, സ്വയംനശിക്കത്തക്കവണ്ണംഅത്രഭയങ്കരഫലത്തോടുകൂടിയതാണതു്. അതിൽ ഭ്രമിക്കുന്നോവർ നാസ്തികന്മാരായി ഭവിക്കുന്നുഎന്നു മാത്രമല്ല, ലോകസുഖങ്ങളെ അല്പംപോലും അനുഭവിക്കുന്നതുമില്ല. നമ്മെ സന്തോഷിപ്പിച്ചുംകൊണ്ടിരുന്നു്, അല്പാല്പമായി കരണ്ടു കരണ്ടു നാശംചെയ്യുന്ന ചുണ്ടെലിയെപ്പോലെ ആകുന്നുപരിഷ്കാരം. അതിന്റെ ദോഷഫലം മുഴുവനും മനസ്സിലാകുമ്പോൾ, മതത്തിലെ അയുക്തഭാഗങ്ങൾ.അതിനോടു താരതമ്യപ്പെടുത്തിനോക്കിയാൽ, കേവലം നിർദ്ദോഷങ്ങളാണെന്നുവേണം പറവാൻ. മതത്തിലെ അയുക്തഭാഗങ്ങളെ അനുവൎത്തിച്ചു കൊണ്ടിരിക്കണമെന്നുള്ള ഉദ്ദേശത്താൽ ഞാൻ വാദിക്കയല്ല. നാം അതിനെ കഴിയുന്നത്ര വൎജ്ജിക്കാൻ ശ്രമിക്കണം. എന്നാൽ, മതത്തിനെ അനാദരിച്ചിട്ടു് അങ്ങനെ ചെയ്തുകൂടാത്തതാകുന്നു അതിനെ ആദരിച്ചും രക്ഷിച്ചുംതന്നെ നാം അങ്ങനെചെയ്യണം.

വായനക്കാരൻ:—ബ്രിട്ടീഷ് ആധിപത്യം നിരുപയോഗമായ ഒരു പ്രതിബന്ധമാണെന്നു നിങ്ങൾവിചാരിക്കുന്നുണ്ടോ?

പത്രാധിപർ:—അതിൽവല്ല സ്വാസ്ഥ്യവും നിങ്ങൾ കാണുന്നുണ്ടെങ്കിൽ കണ്ടുകൊൾക. ഞാനൊന്നും കാണുന്നില്ല.

വായനക്കാരൻ:—തഗ്ഗർ, പിണ്ഡാരികൾ, ബീൽക്കാർ ഇവരിൽനിന്നും ഇന്ത്യയ്ക്കുണ്ടായിട്ടുള്ള ഭയങ്കരതയെ നിങ്ങൾ ലാഘൂകരിക്കുന്നു എന്നു തോന്നുന്നു.

പത്രാധിപർ:—നിങ്ങൾ അവധാനപൂർവ്വം ചിന്തിച്ചു നോക്കിയാൽ ആ ഭയങ്കരത അത്ര വലുതല്ലെന്നു നിങ്ങൾക്കുതന്നെ മനസ്സിലാകാം. അതു് അത്രത്തോളം ഭയങ്കരമായിരുന്നുവെങ്കിൽ മററുള്ളവർ ആംഗ്ലേയാഗമനത്തിനു മുമ്പുതന്നെ ചത്തൊടുങ്ങുമായിരുന്നു. എന്നുതന്നെയുമല്ല, ഇപ്പോഴത്തെ സമാധാനം നാമമാത്രമാണെന്നുവേണം പറവാൻ. എന്തുകൊണ്ടെന്നാൽ അതുമൂലം നാം പൌരുഷമില്ലാത്തവരും ഭീരുക്കളുമായി ഭവിച്ചിരിക്കുന്നു പിണ്ഡാരികളുടേയും മററും സ്വഭാവത്തെ ഇംഗ്ലീഷുകാർ ഭേദപ്പെടുത്തി എന്നു നാം വിചാരിച്ചിട്ടാവശ്യമില്ല. മറെറാരുത്തനെ അഭയംപ്രാപിച്ചു നാം പൌരുഷഹീനന്മാരാകുന്നതിൽഭേദം, ആ പിണ്ഡാര്യാദികളുടെ ഉപദ്രവത്തെ സഹിക്കുന്നതാണു്. പിണ്ഡാരികളുടെ ഉപദ്രവത്താൽ കൊല്ലപ്പെടുന്നതാണു്, മനുഷ്യത്വത്തെ വിററുതിന്നു പരന്മാരെ ശരണം പ്രാപിക്കുന്നതിനേക്കാൾ നല്ലതെന്നു ഞാൻ വിചാരിക്കുന്നു. ആ മാതിരി ഒരു രക്ഷയെശരണം പ്രാപിക്കുന്നതിനു മുമ്പു് ഇന്ത്യവാസ്തവപൌരുഷത്തോടുകൂടിവർത്തിച്ചിരുന്നു. ഇന്ത്യക്കാർ പ്രകൃത്യാ ഭീരുക്കളാണെന്നു മെക്കാളെ എന്ന മഹാൻ പറയുകയുണ്ടായി. എന്നാൽ അതു് ആ വിഷയത്തിൽ അദ്ദേഹത്തിൻെറ അജ്ഞതയെ വെളിപ്പെടുത്തി എന്നേപറഞ്ഞുകൂട്ടു. ആ പദത്തെ ഒരിക്കലും അവർ അർഹിച്ചിട്ടില്ല. ക്രൂരന്മാരായ മലവാസികളും ചെന്നായ് പുലി മുതലായ ഹിംസ്രജന്തുക്കളും ധാരാളമുള്ള ഭൂമിയിൽ താമസിക്കുന്നവർ ഭീരുക്കളായിരുന്നാൽ അവർ വേഗത്തിൽ നാമാവശേഷന്മാരായിഭവിക്കും. നിങ്ങൾ എപ്പോഴെങ്കിലുംനമ്മുടെവയലുകളെസ്സന്ദർശിച്ചിട്ടുണ്ടോ?നമ്മുടെകൃഷീകന്മാർ

ഇന്നും നമ്മുടെ വയൽക്കളങ്ങളിൽ നിർഭയന്മാരായിക്കിടന്നുറങ്ങുന്നു. എന്നാൽ അവരുടെ ആ സ്ഥലത്തു കിടന്നുറങ്ങാൻ ഈ ഇംഗ്ലീഷ്കാരാകട്ടെ, നിങ്ങളോ ഞാനോ ആകട്ടെ, ഭയപ്പെടും എന്നുള്ളതു നിശ്ചയമാണ്. ഭയമില്ലായ്കയിലാണു ബലം സ്ഥിതിചെയ്യുന്നതു്. അല്ലാതെ മാംസത്തിന്റെ അളവിലല്ല. കൂടാതെ സ്വരാജ്യാസക്തനായ നിങ്ങളെ ഒരുകാര്യം ഓർമ്മപ്പെടുത്തേണ്ടതുണ്ട്. സർവ്വോപരി, ബീൽക്കാർ, പിണ്ഡാരികൾ, ആസാംകാർ, തഗ്ഗർ മുതലായവരെല്ലാം നമ്മുടെ സ്വദേശികളാകുന്നു. അവരെ വശത്താക്കേണ്ടതു നമ്മളുടെജോലിയാണ്. നമ്മുടെ സഹോദരങ്ങളെ നാം ഭയപ്പെടുന്ന കാലത്തോളം നമുക്കു നമ്മുടെ ലക്ഷ്യത്തിലെത്തിപ്പറ്റാൻ യോഗ്യതയില്ലതന്നെ.

## അദ്ധ്യായം ൯.

### ഇന്ത്യയുടെ സ്ഥിതി: (തുടർച്ച)

[റെയിൽപാതകൾ.]

വായനക്കാരൻ—ഇന്ത്യയിൽ സമാധാനം നേരിട്ടിട്ടുണ്ടെന്നു വിശ്വസിച്ചിരുന്ന എന്റെ മനഃസ്ഥിതിയെ നിങ്ങൾ ഭേദിപ്പിച്ചുവല്ലോ.

പത്രാധിപർ—മതദൃഷ്ട്യാ ഞാൻ എന്റെ അഭിപ്രായത്തെ വെളിപ്പെടുത്തി. എന്നാൽ ഇന്ത്യയുടെ നിർദ്ധനസ്ഥിതിയെപ്പറ്റിയുള്ള എന്റെ അഭിപ്രായത്തെ നിങ്ങളെ അറിയിക്കുമ്പോൾ പക്ഷെ, നിങ്ങൾക്കു എന്നിൽ നീരസമുദിച്ചേക്കാം.

നിങ്ങളും ഞാനും ഇന്ത്യയ്ക്കു ഗുണകരമാണെന്നു ഇതുവരെ വിശ്വസിച്ചുവന്നവ ഒന്നുംതന്നെ അപ്രകാരം അല്ലെന്നാണു് ഇപ്പോൾ ഞാൻ വിചാരിക്കുന്നതു്.

വായനക്കാരൻ—അതെന്തായിരിക്കാം?

പത്രാധിപർ—റെയിൽപാതകളും വക്കീലന്മാരും വൈദ്യന്മാരും രാജ്യത്തെ പണമെല്ലാം അപഹരിച്ചുകഴിഞ്ഞു. ഇനിയും നാം ഉണർന്നില്ലെങ്കിൽ നമ്മൾ നശിച്ചുപോകത്തക്കനിലയോളം അതെത്തിയിട്ടുമുണ്ടു്:

വായനക്കാരൻ—ആ വിഷയത്തിൽ നമുക്കുരണ്ടുകൂട്ടർക്കും അഭിപ്രായയോജിപ്പുണ്ടാകുമോ എന്നു ഞാൻ ഭയപ്പെടുന്നു. ഇതുവരെ ഗുണകരങ്ങൾ എന്നു നാം വിശ്വസിച്ചിരുന്ന പ്രസ്ഥാനങ്ങളെയാണു നിങ്ങൾ ഹനിക്കുന്നതു്.

പത്രാധിപർ—അല്പം ക്ഷമിക്കേണ്ട ആവശ്യമുണ്ടു്. പരിഷ്കാരദോഷങ്ങളുടെ പരമാർത്ഥരഹസ്യങ്ങൾ മനസ്സിലാക്കുന്നതിന്നു് അധികശ്രമം വേണ്ടിയിരിക്കുന്നു. ഒരു ക്ഷയരോഗി മരിക്കാൻ പോകുമ്പോൾ അവനെ ജീവിപ്പിക്കാമെന്നു ഒരു വൈദ്യൻ നമുക്കുറപ്പുതരുന്നു. വെളിയിൽ നോക്കിയാൽ ക്ഷയരോഗിക്കു് അപായം നേരിട്ടുമെന്നു നമുക്കു മനസ്സിലാകയില്ല. എന്നല്ല, രോഗിക്കു യാതൊരുതരക്കേടും ഉണ്ടാകാനില്ലെന്നു വിശ്വസിക്കുമാറു് ഒരു പ്രകാശം അയാളുടെ മുഖത്തിനുണ്ടായിരിക്കയുംചെയ്യും. അതുപോലെ ഒരു രോഗമാണു പരിഷ്കാരം. നാം അതിനെ സൂക്ഷിച്ചിരിക്കണം:

വായനക്കാരൻ— ശരി; ഇനി റെയിൽപാതകളെപ്പററി പറയാമോ?

പത്രാധിപർ—റെയിൽപാതകൾ ഇല്ലായിരുന്നുവെങ്കിൽ ഇന്ത്യയിൽ ഇംഗ്ലീഷുകാരുടെ പിടി ഇത്ര മുറുകാൻതരമില്ല. റെയിൽപാതകൾ പ്ലേഗിനെ നാടൊട്ടുക്കു പരത്തി;റെയിൽപാതകളില്ലെങ്കിൽജനക്കൂട്ടത്തിന്നു്ഒരുസ്ഥലത്തുന്നിന്നും മറെറാരുസ്ഥ

ലത്തേക്കുപൊടുന്നനവേപോകാൻസാധിക്കയില്ല.അതുകൾപ്ലേ
ഗ്ഗുക്രിമികളെപ്പേറിനാനാഭാഗങ്ങളിലുംപരക്കുന്നു. മുമ്പുഅതുകൾ
ക്കുസ്വാഭാവികമായഅകൽചയുണ്ടായിരുന്നു.റെയിൽപാതകൾ
ക്ഷാമവൎദ്ധനത്തിനും കാരണമായിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ
സ്ഥലാന്തരപ്രാപണത്തിനു സൌകൎയ്യം നേരിട്ടതുകൊണ്ടു ജന
ങ്ങൾ അവരുടെ ധാന്യങ്ങളെ വിററു വിലയേറിയ ചന്തകളി
ലേക്കു് അയയ്ക്കുന്നു ജനങ്ങൾ കരുതലില്ലാത്തവരായിത്തീരുക
യും തന്മൂലം ക്ഷാമബാധയുടെ ശക്തിവൎദ്ധിക്കുകയുംചെയ്യുന്നു.
അതു മനുഷ്യരുടെ ദുഃസ്വഭാവത്തെ ഉറപ്പിച്ചുഘൂരിക്കുന്നു. ദുഃ
സ്വഭാവികൾ അതിവേഗത്തിൽ തങ്ങളുടെ ദുരുദ്ദേശങ്ങളെ നി
റവേററുന്നു. ഇന്ത്യയിലെ പുണ്യസ്ഥലങ്ങളെല്ലാം അഗണ്യങ്ങ
ളായി. മുൻകാലങ്ങളിൽ ജനങ്ങൾ വളരെ ബുദ്ധിമുട്ടിയായിരു
ന്നു പുണ്യസ്ഥലങ്ങളിൽ പൊയ്ക്കൊണ്ടിരുന്നതു്. അതുകൊണ്ടു
യഥാൎത്ഥഭക്തന്മാർ മാത്രമേ അവിടെപ്പോയിരുന്നുള്ളു. ഇ
പ്പോൾ പെരുങ്കള്ളന്മാർ കൊള്ള ചെയ്യാനായിട്ടും അവിടെച്ചെ
ന്നിറങ്ങാറുണ്ടു്.

വായനക്കാരൻ—ഇതു് ഏകപക്ഷാഭിപ്രായമാണു്. സ
ജ്ജനങ്ങൾക്കും ദുൎജ്ജനങ്ങൾക്കും ആ സ്ഥലം പോയിക്കാ
ണാം. അവൎക്കു റെയിൽപാതകളെ എന്തുകൊണ്ടു സൌകൎയ്യ
പ്പെടുത്തിക്കൂടാ?

പത്രാധിപർ:—നന്മ വളരെമന്ദമായിട്ടാണുയാത്രചെയ്യാ
റുള്ളതു്. അതുകൊണ്ടു് ഇരിമ്പുപാതകളുടെആവശ്യം അതിനി
ല്ല. നല്ലതിനെച്ചെയ്യുന്നവർ സ്വാൎത്ഥപരന്മാരല്ല; അവൎക്കുദുരി
ശമില്ല. ലോകത്തിൽ നന്മയെച്ചെയ്യുന്നതിനു കാലതാമസം
അവശ്യംആവശ്യമാണെന്നു് അവർഅറിയുന്നു. എന്നാൽതിന്മ
പറന്നുവരുന്നതാണു്. ഗൃഹംപണിയുന്നതിനു താമസമുണ്ടു്.
നശിപ്പിക്കുന്നതിനോ, അല്പസമയംമതി. റെയിൽപാതകൾ
ക്കു തിന്മയെ വ്യാപരിപ്പിക്കുന്നതിനുള്ള ശക്തിയേയുള്ളു. റെ

യിൽപാതകൾ ക്ഷാമകാരണങ്ങളാണെന്നുള്ളതു് വാദവിഷയമാണെങ്കിലും അതു തിന്മയെ വർദ്ധിപ്പിക്കുന്നു എന്നതിനു സംശയമില്ല.

വായനക്കാരൻ—അതെങ്ങനെയായാലും ഇന്നു് ഇന്ത്യയിൽകാണുന്ന സകല ദേശീയഉണർവിനും കാരണം ഇരിമ്പുപാതയാണത്രെ. അതുകൊണ്ടു്, അതിൽനിന്നുമുണ്ടാകുന്ന ദോഷങ്ങൾ ക്ഷന്തവ്യങ്ങളാകുന്നു.

പത്രാധിപർ— അതു തെററാണെന്നാണു് എന്റെവിചാരം. നാം മുമ്പു് ഒരേസമുദായമായിരുന്നില്ലെന്നും അതിലേക്കിനിപ്പല നൂററാണ്ടുകൾ കഴിയേണ്ടിവരുമെന്നും ഇംഗ്ലീഷുകാർനമ്മെപഠിപ്പിച്ചു. ഇതു് അടിസ്ഥാനരഹിതമായ ഒരഭിപ്രായമാണു്. അവർ ഇന്ത്യയിൽ വരുന്നതിനുമുമ്പു നാം ഒരു സമുദായക്കാരായിരുന്നു. നമുക്കെല്ലാവർക്കും ഒരേവിശ്വാസംതന്നെയാണുണ്ടായിരുന്നതും. നമ്മുടെ ജീവിതക്രമവും ഒരുവിധത്തിലായിരുന്നു. നാം ഒരു സമുദായക്കാരായിരുന്നതുകൊണ്ടാണു് അവർഇവിടെ ഏകരാജ്യംസ്ഥാപിച്ചതു്. അതിനുശേഷം അവർ നമ്മെ വിഭജിച്ചു.

വായനക്കാരൻ—അതു വിവരിച്ചുപറയണം!

പത്രാധിപർ —നാം ഒരു സമുദായക്കാരായിരുന്നതുകൊണ്ടു്, നമ്മുടെ ഇടയിൽ ക്ഷോഭം നേരിട്ടിരുന്നില്ലെന്നുപറവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ നമ്മുടെ പൂർവികന്മാർ കാൽനടയായോ കാളവണ്ടികളിലോരാജ്യം ചുററിസ്സഞ്ചരിച്ചിരുന്നുവെന്നുള്ളതു സിദ്ധമാണു്. അവർ അന്യോന്യഭാഷ പഠിക്കയുംതമ്മിൽയാതൊരകൽച്ചയുംകൂടാതെകഴിക്കയുംചെയ്തിരുന്നു. തെക്കു സേതുബന്ധരാമേശ്വരത്തേയും വടക്കു ഹരിദ്വാരത്തേയും കിഴക്കു ജഗന്നാഥത്തേയും പുണ്യക്ഷേത്രങ്ങളായി നിർമ്മിച്ച ദീർഘദർശികളായ നമ്മുടെ പൂർവികന്മാരുടെ ഉദ്ദേശം എന്തായിരിക്കുമെന്നാണു നിങ്ങൾ വിചാരിക്കുന്നതു്?

അവർ മൂഢന്മാരല്ലെന്നു നിങ്ങൾ സമ്മതിക്കുമല്ലോ. വീട്ടിൽ ഇരുന്നുതന്നെ ഈശ്വരവിചാരത്തെ നിറവേററണമെന്ന് അവർ നല്ലപോലെ അറിഞ്ഞിരിക്കും. യാതൊരുവൻെറ ഹൃദയം പരിശുദ്ധമായിരിക്കുന്നുവോ അവൻ തീർത്ഥാടനത്തിനു പോകേണ്ട ആവശ്യമില്ലെന്ന് അവർ നമുക്കുപദേശിച്ചിട്ടുണ്ട്. പണ്ടുമുതല്ക്കുതന്നെ ഇന്ത്യ അവിഭക്തരാജ്യമാണെന്ന് അവർ കണ്ടിരുന്നു. അതുകൊണ്ട് ഇന്ത്യ ഒരേ സമുദായമായിരിക്കണമെന്നും അവർ സിദ്ധാന്തിച്ചു. ആ സിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തി ഇന്ത്യയുടെ നാനാഭാഗങ്ങളിലും അവർ ക്ഷേത്രങ്ങൾ നിമ്മിച്ച്, ലോകത്തിൽ മറെറങ്ങും അറിയപ്പെടാത്ത ഒരുരീതിയിൽ ജനങ്ങൾക്ക് ഒരു ദേശീയ ഉണർവിനെ ഉദ്ദീപിപ്പിച്ചു. ഏതു രണ്ടിന്ത്യക്കാരനും ഒന്നുതന്നെ. എന്നാൽ രണ്ട് ഇംഗ്ലീഷുകാരുടെ അവസ്ഥ അങ്ങിനെയല്ലതാനും. നിങ്ങളും ഞാനും പരിഷ്കൃതന്മാർ എന്നു പറയപ്പെടുന്ന മററുള്ളവരും മാത്രമാണ്, നാം പലജാതികൾ എന്ന് വിചാരിക്കുന്നത്. റെയിൽപാതകളുടെ ആഗമനത്തിനുശേഷമാണ്, നമുക്കു ഭേദചിന്തകളിൽ വിശ്വാസമുണ്ടായിത്തുടങ്ങിയത്. ആ ഭേദചിന്തകളെ നശിപ്പിക്കാൻപോകുന്നതു റെയിൽപാതകൾ മൂലമാണെന്നു പറവാൻ നിങ്ങൾക്ക് ഇപ്പോൾ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നു. കുരുപ്പുതിന്നുന്ന ഒരുത്തൻ അതിൻെറ ദോഷഫലങ്ങൾ അനുഭവിച്ചറിയുന്നതിൽനിന്നും കുരുപ്പുതീററി വളരെ ഗുണകരമാണെന്നു യുക്തിവാദംചെയ്യുകയും. റെയിൽപാതകളെപ്പററി ഞാൻ പറഞ്ഞതിനെ നിങ്ങൾ അവധാനപൂർവ്വം ആലോചിച്ചുനോക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

വായനക്കാരൻ:—സന്തോഷപൂരസ്സരം ഞാൻ അങ്ങിനെ ചെയ്യാം. എന്നാൽ ഇനിയും എനിക്കൊരുചോദ്യം ചോദിക്കാനുണ്ട്. നിങ്ങൾ മുഹമ്മദീയന്മാരുടെ ആഗമനത്തിനുമുമ്പുള്ള ഇന്ത്യയെക്കുറിച്ചാണു പറഞ്ഞതു്. ഇപ്പോൾ നമ്മു

ടെനാട്ടിൽ മുഹമ്മദീയർ, പാരസീകന്മാർ, ക്രിസ്ത്യാനികൾ ഇവരെല്ലാമുണ്ടു്. അവർ ഒരു സമുദായമാകുന്നതെങ്ങനെ? ഹിന്ദുക്കളും മുഹമ്മദീയരും പണ്ടേപണ്ടേ ശത്രുക്കളാണു്. നമ്മുടെ പഴഞ്ചൊല്ലുകൾതന്നെ അതിനെ തെളിയിക്കുന്നു. മുഹമ്മദീയർ പടിഞ്ഞാട്ടു് മുഖമായിരുന്നാണു് നമസ്കാരം (നിസ്കാരം) നടത്തുന്നതു്; ഹിന്ദുക്കളോ കിഴക്കുദർശനമായിട്ടാണു്. മുഹമ്മദീയന്മാർ ഹിന്ദുക്കളെ വിഗ്രഹാരാധകന്മാർ എന്നു നിന്ദിക്കുന്നു. ഹിന്ദുക്കൾ പശുക്കളെ പൂജിക്കുന്നു; മുഹമ്മദീയർ അതിനെ നിഗ്രഹിക്കുന്നു; ഹിന്ദുക്കളുടെ മുദ്രാവാക്യം അഹിംസയാണു്; മഹമ്മദീയന്മാൎക്കതില്ല. ഇങ്ങനെ ഓരോന്നിലും അവർതമ്മിൽ ഭിന്നന്മാരായിരിക്കുന്നു. ആ സ്ഥിതിക്കു് ഇന്ത്യ ഒരുജാതിയാകുന്നതെങ്ങനെ?

---

## അദ്ധ്യായം ൧൦.

---

### ഇന്ത്യയുടെ സ്ഥിതി (തുടൎച്ച)

### [ഹിന്ദുക്കളും മുഹമ്മദീയരും.]

പത്രാധിപർ:—നിങ്ങളുടെ ഒടുവിലത്തെ ചോദ്യം ഗൌരവമേറിയതാണു്. എന്നാലും സൂക്ഷ്മചിന്തയിൽ എളുപ്പം ഉത്തരം പറയത്തക്കതേയുള്ളൂ. റെയിൽ പാതകളും വക്കീലന്മാരും വൈദ്യന്മാരും ഉള്ളതുകൊണ്ടാണു് ഈ ചോദ്യംഉത്ഭവിക്കുന്നതു്. ഒടുവിൽ പറഞ്ഞരണ്ടു കൂട്ടരേയുംകുറിച്ചു് ആദ്യമായിച്ചിന്തിക്കാം. റെയിൽപാതകളെക്കുറിച്ചു മേൽപ്രസ്താവിച്ചു കഴിഞ്ഞു. മനുഷ്യൻ തന്റെ കൈകാലുകൾ അനുവ

ളിക്കുന്ന പരിധിയിൽ, അവന്റെ ചലനങ്ങളെ നിയമിക്കണ മെന്നുള്ള നിലയിലാണു പ്രകൃതിമനുഷ്യനെ സൃഷ്ടിച്ചിരിക്കുന്ന തെന്നു ഞാൻ വിചാരിക്കുന്നു. റെയിൽപാതകളിൽക്കൂടിയോ മറേറതു ലഘുഗമനസൌകര്യങ്ങൾ മൂലമോ നാം ഒരു സ്ഥല ത്തുനിന്നും മറെറാരു സ്ഥലത്തു ചാടിപ്പററാതിരുന്നുവെങ്കിൽ ഇപ്പോഴുണ്ടാകുന്ന പലേ കുഴപ്പങ്ങളും കൂടാതെ കഴിയാമായിരു ന്നു. നമ്മുടെ അനർത്ഥങ്ങൾ സ്വയംകൃതങ്ങളാണ്. ദൈ വം മനുഷ്യരുടെ ശരീരസൃഷ്ടിയിൽത്തന്നെ അവന്റെ ആശ യ്ക്കു് അതിരിട്ടിട്ടുണ്ടു്. ആ അതിരിനെ ലംഘിക്കുന്നതിനുള്ള വ ഴികൾ കണ്ടുപിടിക്കാൻ അവർ ആരംഭിച്ചു. ദൈവത്തെ അ റിയുന്നതിനുള്ള ബുദ്ധിശക്തി മനുഷ്യനു് അദ്ദേഹം കൊടുത്തി ട്ടുണ്ടു്. എന്നാൽ ആ ദൈവത്തെ മറക്കത്തക്കവണ്ണം അ വൻ അതിനെ അസ്ഥാനത്തിൽ ഉപയോഗിച്ചു. എന്റെ അടുത്ത അയൽപക്കക്കാർക്കു് ഉപകരിക്കത്തക്ക വിധത്തിലാ ണു ഞാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ എന്റെ ദുരഭിമാനത്താൽ ലോകത്തിലുള്ള ഓരോ വ്യക്തിക്കും എന്റെ ശരീരംകൊണ്ടുപകരിക്കണമെന്നുള്ള തോന്നലുമുദിക്കുന്നു. ഈ അസാദ്ധ്യമായ ശ്രമത്തിൽ മനുഷ്യൻ പലേ പ്രകൃതിയിലും മ തങ്ങളിലും ഉടപെട്ട മനഃസ്ഥിതി കഴയുന്നു. ഈ യുക്തിയാൽ റെയിൽപാതകൾ ഒരാപൽക്കരമായ പ്രസ്ഥാനമാണെന്നു നി ങ്ങൾക്കു വെളിപ്പെട്ടുവെന്നു ഞാൻ വിചാരിക്കുന്നു. അതുവഴി മനുഷ്യൻ അവന്റെ സൃഷ്ടികർത്താവിൽനിന്നും വളരെ അകല ത്തായിരിക്കുന്നു.

വായനക്കാരൻ:—എന്നാൽ എന്റെ ചോദ്യത്തിന്റെ ഉത്തരം കേൾക്കാൻ ഞാൻ അക്ഷമനായിരിക്കയാണ്. മഹ മ്മദീയാഗമനം നമ്മുടെ സമുദായത്തിനുടവു തട്ടിച്ചിട്ടില്ലയോ ?

പത്രാധിപർ:—അനേകമതസ്ഥന്മാർ ഇന്ത്യയിൽ നിവ സിക്കുന്നു എന്നുവച്ചു് ഇൻഡ്യയുടെ ഏകസമുദായത്വം നശി

കുന്നില്ല. വിദേശികളുടെ ആഗമനം സമുദായനാശീകരണത്തിനു കാരണം ആകുന്നമെന്നില്ല. അവർ അതിൽ കലൎന്നു കഴിയുന്നു. ഈ നിലവന്നെങ്കിൽ മാത്രമേ ഒരു രാജ്യം ഒരു സമുദായമാവുകയുള്ളു. ആ രാജ്യക്കാൎക്ക് ഏകീകരണമനോഗുണമുണ്ടായിരിക്കണം. ഇന്ത്യ എന്നും അങ്ങനെതന്നെയാണ് ഇരുന്നിട്ടുള്ളത്. വാസ്തവത്തിൽ എത്ര മനുഷ്യരുണ്ടോ, അത്രയുംതന്നെ മതങ്ങളുണ്ടെന്നുപറയാം. എന്നാൽ ദേശീയഉണൎവുള്ളവർ അന്യോന്യം മതകാൎയ്യങ്ങളിൽ ഇടപെടുകയില്ല. അങ്ങനെ ചെയ്യുന്നുവെങ്കിൽ അവർ ഒരേസമുദായം എന്നുവിചാരിക്കപ്പെടുന്നതിന് അൎഹരല്ല. ഇന്ത്യയിൽ ഹിന്ദുക്കൾമാത്രം വസിക്കണമെന്ന് അവർ ആശിക്കുന്നതായാൽ അവർ മനോരാജ്യം കൊള്ളുകമാത്രമാണത്. ഹിന്ദുക്കളും മുഹമ്മദീയരും പാൎസികന്മാരും ക്രിസ്ത്യാനികളുമെല്ലാം ഇന്ത്യയെ സ്വദേശമാക്കിയിട്ടുണ്ട്. അവരെല്ലാം ഒരേസമുദായമാണ്. അവരവരുടെ ഗുണത്തിനായിട്ടെങ്കിലും ഓരോരുത്തരും ഐകമത്യത്തിൽ ജീവിക്കണം. ലോകത്തിൽ ഒരിടത്തും ഒരു സമുദായം ഒരു മതമായിരുന്നിട്ടില്ല. ഇന്ത്യയിലും അങ്ങനെഉണ്ടായിട്ടില്ലതന്നെ.

വായനക്കാരൻ:—ഹിന്ദുക്കളുടേയും മുഹമ്മദീയരുടേയും സഹജശത്രുത്വത്തെപ്പററി നിങ്ങൾ എന്തുപറയുന്നു?

പത്രാധിപർ:—സഹജശത്രുത്വം എന്ന ആ പദം നമ്മുടെ പൊതുവിരോധിയാൽ സൃഷ്ടിക്കപ്പെട്ടതാണ് ഹിന്ദുക്കളും മുഹമ്മദീയരുംതമ്മിൽ യുദ്ധംചെയ്തുകൊണ്ടിരുന്നപ്പോൾ അവർ അങ്ങനെ വ്യവഹരിച്ചുവന്നു. ഇപ്പോൾ വളരെനാളായിട്ട് അവർ തമ്മിൽ യുദ്ധമില്ല. ആസ്ഥിതിക്ക് അവർ തമ്മിൽ സഹജശത്രുത്വം എങ്ങനെ? മുഹമ്മദീയരുടേയും ഹിന്ദുക്കളുടേയും തമ്മിത്തല്ലുനിലച്ചത് ഇംഗ്ലീഷുകാൎക്ക് അധീനപ്പെട്ടതിനുശേഷമാണെന്നു നിങ്ങൾ വിശ്വസി

കരുതെന്നുകൂടി ഞാൻ ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു. ഹിന്ദുക്കൾ മുഹമ്മദീയാധിപത്യത്തിൻകീഴിൽ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ട്. മുഹമ്മദീയർ ഹിന്ദുക്കളുടെ കീഴിലും അഭിവൃദ്ധിയിൽ കഴിഞ്ഞിട്ടുണ്ട്. യുദ്ധം ആത്മനാശത്തിനു കാരണമാണെന്നും, ആയുധപ്രയോഗംകൊണ്ടു രണ്ടുകക്ഷിയും മതത്തെകളയുന്നവരല്ലെന്നും അന്യോന്യം മനസ്സിലായി. അതുവഴി ഇരുകൂട്ടരും സമാധാനത്തോടുകൂടി വൎത്തിക്കാൻ തീൎച്ചപ്പെടുത്തി. ഇംഗ്ലീഷുകാരുടെ ആഗമനത്തോടുകൂടിയുദ്ധം വീണ്ടുംതുടങ്ങി. നിങ്ങൾ പറഞ്ഞ പഴഞ്ചൊല്ലുകൾഎല്ലാംആ യുദ്ധകാലത്ത് ഉണ്ടായിട്ടുള്ളതാണ്. ഇപ്പോൾ അത് എടുത്തുപറയുന്നതു ദോഷകരമാണെന്നു വ്യക്തമാകുന്നു. അനേകം ഹിന്ദുക്കൾക്കും മുഹമ്മദീയൎക്കും ഒരേപിതാമഹന്മാരാണെന്നും ഒരേരക്തമാണ് അവരുടെ ശരീരത്തിൽ ഹലന്നിരിക്കുന്നതെന്നും നമുക്ക് ഓൎക്കരുതേ? മതഭേദംകൊണ്ടു മനുഷ്യർ തമ്മിൽ ശത്രുക്കളാകണമെന്നുണ്ടോ? ഹിന്ദുക്കളുടെ ദൈവവും മുഹമ്മദീയരുടെ ദൈവവുംതമ്മിൽ വ്യത്യാസമുണ്ടോ? മതങ്ങൾ എന്നതു് ഒരു സങ്കേതസ്ഥലത്തു ചെന്നെത്താനുള്ള പലേ വഴികളാണ്. ഒരേ ലക്ഷ്യത്തിലേക്ക് പുറപ്പെടുന്ന നമ്മൾ അവിടെ എത്തുന്നതുവരെ പലേവഴികളിൽകൂടി യാത്രചെയ്താലുള്ള ദോഷമെന്താണ്? അതിൽ തമ്മിൽ കലഹത്തിനു കാരണമെന്തു്? ശൈവന്മാരേയും വൈഷ്ണവന്മാരേയും ശത്രുക്കളാക്കിയുള്ള പലേ പഴഞ്ചൊല്ലുകളുണ്ട്. എന്നുവച്ച് ഈ രണ്ടുകൂട്ടരും ഒരേസമുദായത്തിൽചേൎന്നവരല്ലെന്ന് ആരും ഗണിക്കുന്നില്ല. ജൈനമതത്തിൽനിന്നും വൈദികമതം ഭിന്നമാണെന്നുപറയപ്പെട്ടിരിക്കുന്നു. എന്നാൽ ഈ രണ്ടുമതക്കാരും ഭിന്നസമുദായങ്ങളല്ല. വാസ്തവമെന്തെന്നാൽ നാം അടിമകളായിബ്ഭവിച്ചു; തന്നിമിത്തംതമ്മിത്തല്ലി; ആ കലഹം ഒരു മൂന്നാമസ്ഥൻമുഖേന തീൎക്കാൻഇഷ്ടപ്പെട്ടു. വിഗ്രഹനാശകന്മാർഹിന്ദുക്കളിലുമുണ്ട്; മുഹ

മ്മദീയന്മാരിലുമുണ്ട് നമുക്കു അറിവുവൎദ്ധിക്കുന്തോറും, നമ്മിൽ നിന്നു മതത്തിൽ ഭിന്നന്മാരായിരിക്കുന്നവരോടു വഴക്കടിക്കുന്നതുകൊണ്ടു പ്രയോജനമില്ലെന്നു നമുക്കു മനസ്സിലാകും.

വായനക്കാരൻ:— പശുരക്ഷണത്തെക്കുറിച്ചു നിങ്ങളുടെ അഭിപ്രായംഅറിഞ്ഞാൽകൊള്ളാം.

പത്രാധിപർ:—ഞാൻതന്നെ പശുവിനെപ്പൂജിക്കുന്നു. അതായത്, അതിനെവളരെ ആദരത്തോടെ ഭാവിക്കുന്നു. പശു ഇന്ത്യയുടെ രക്ഷാസ്ഥാനംവഹിക്കുന്നു. എന്തെന്നാൽ ഇന്ത്യ ഒരു കൃഷികൎമ്മഭൂമിയായതുകൊണ്ടു അതു പശുവിൻെറ സന്താനപരമ്പരയെ ആശ്രയിച്ചിരിക്കുന്നു. പശു പലവിധത്തിലും നമുക്കു ഏററവുംഉപയോഗപ്പെട്ട ഒരു ജന്തുവാണ്. നമ്മുടെ മഹമ്മദീയസഹോദരന്മാരും ഇതിനെ സമ്മതിക്കാതെന്നെചെയ്യും.

എന്നാൽ ഞാൻ, ഏതുപ്രകാരം പശുവിനെ ആദരിക്കുന്നുവോ, ആപ്രകാരംതന്നെ എൻെറ രാജ്യക്കാരേയും കരുതുന്നു. ഒരുമനുഷ്യൻ ഹിന്ദുവായാലുംശരി മഹമ്മദീയനായാലുംശരി അവൻ ഒരു പശുവിനോളംതന്നെ ഉപയോഗമുള്ളവനാണ്. അതിനാൽ ഒരു പശുവിനെ രക്ഷിക്കുന്നതിനായിട്ടു ഒരു മഹമ്മദീയനുമായി തമ്മിൽതല്ലുകയോ അവനേ കൊലപ്പെടുത്തുകയോചെയ്യുന്നതുശരിയാണോ? അങ്ങനെ ചെയ്യുന്നതുകൊണ്ട് അവൻ മുഹമ്മദീയനും പശുവിനും ഒരുപോലെ വിരോധിയായിഭവിക്കുന്നു. അതുകൊണ്ടു പശുവിനെ രക്ഷിക്കുന്നതിനു ഞാൻഗ്രഹിച്ചിട്ടുള്ള ഏകമാൎഗ്ഗംഎന്താണെന്നാൽ, എൻെറ മുഹമ്മദീയസഹോദരൻെറ സമീപത്തിൽചെന്നു രാജ്യനന്മക്കായിട്ട് എന്നോടൊന്നിച്ചു പശുവിനെ രക്ഷിക്കുന്നതിനായി അപേക്ഷിക്കുകയാകുന്നു. അയാൾ അതിനെ ചെവിക്കൊണ്ടില്ലെങ്കിൽ അതു എൻെറശക്തിയിൽ കവിഞ്ഞ കാൎയ്യമാണെന്നാകരുതി പശുവിനെ അതിൻെറ വഴിക്കുവിട്ടുകളയും. പശുവി

ന്റെപേരിൽ എനിക്കു് അതിയായ അനുതാപമുണ്ടാകുന്നതായാൽ ഞാൻ അതിന്റെ രക്ഷയ്ക്കായിട്ടു് എന്റെ ജീവനെ അർപ്പണം ചെയ്യുകയല്ലാതെ എന്റെ സഹോദരനെ കൊല്ലാനുള്ള വഴി ഞാൻ തേടരുതു്. ഇതുതന്നെയാണു നമ്മുടെ മതസിദ്ധാന്തമെന്നു ഞാൻ വിചാരിക്കുന്നു.

മനുഷ്യർ മൂർഖസ്വഭാവികളായാൽ ദുർഘടമാണു്. ഞാൻ ഒരു വശത്തേക്കു വലിക്കുമ്പോൾ എന്റെ മുഹമ്മദീയ സഹോദരൻ മറ്റൊരിടത്തേക്കു പിടിക്കും. ഞാൻ സ്വയം ഉയർന്നവനെന്നു നടിക്കുകയാണെങ്കിൽ അയാളും അതേവിധം തന്നെ വിചാരിക്കും. ഞാൻ ശാന്തനായി അയാളിൽ വണക്കത്തെ പ്രകടിപ്പിക്കുന്നതായാൽ അയാൾ കുറേക്കൂടി ശാന്തതയിൽ എന്നോടും അതേവിധം തന്നെ പ്രവർത്തിക്കും. അയാൾ അങ്ങനെ ചെയ്തില്ലെങ്കിലും എന്റെ പ്രവൃത്തി ആക്ഷേപാർഹമായി ഞാൻ കരുതിക്കൂടാ. ഹിന്ദുക്കൾക്കു നിർബന്ധബുദ്ധിയുണ്ടായ ഉടനെ പശുക്കൊലയും വർദ്ധിച്ചു. ഗോ'രക്ഷണ'സഭകളെല്ലാം ഗോ'നിഗ്രഹ'സഭകൾ എന്നാണു് എന്റെ അഭിപ്രായം. ഇങ്ങനെയുള്ള സഭകൾ ഉണ്ടായിരിക്കുന്നതുതന്നെ നമുക്കു് അപമാനകരമാകുന്നു. ഗോരക്ഷണമാർഗ്ഗത്തെ നാം വിസ്മരിച്ചപ്പോഴാണു് ഇത്തരം സഭകൾ ആവശ്യപ്പെട്ടതെന്നു ഞാൻ വിചാരിക്കുന്നു.

എന്റെ സ്വന്തം സഹോദരൻ ഒരു പശുവിനെ കൊല്ലുമ്പോൾ ഞാൻ എന്താണു് ചെയ്യേണ്ടതു്? അവനേയും കൊല്ലുകയോ, അവന്റെ പാദങ്ങളിൽ താണുവീണു കരുണയുദിപ്പിക്കയോ വേണ്ടതു്? ഒടുവിൽ പറഞ്ഞ വിധമാണു ഞാൻ പ്രവർത്തിക്കേണ്ടതെന്നു നിങ്ങൾ സമ്മതിക്കയാണെങ്കിൽ അതേ വിധം തന്നെ എന്റെ മുഹമ്മദീയസഹോദരനോടും ഞാൻ പ്രവർത്തിക്കണം.

ഹിന്തുക്കൾ ഗോക്കളെ ഉപദ്രവിക്കുമ്പോൾ അതിനെ ആരു രക്ഷിക്കുന്നു? ഹിന്തുക്കൾ പശുക്കളുടെ സന്താനങ്ങളെ നിർദ്ദയം പ്രഹരിക്കുമ്പോൾ അതിനെ ആരു തടുക്കുന്നു? ഇതു നാം ഒരു സമുദായമായിരിക്കണമെന്നുള്ളതിനു പ്രതിബന്ധമാകുന്നില്ല.

ഹിന്തുക്കൾ അഹിംസയിൽ വിശ്വസിക്കയും മുഹമ്മദിയന്മാർ വിശ്വസിക്കാതിരിക്കയും ചെയ്യുന്നതു വാസ്തവമാണെങ്കിൽ അവിടെ ഹിന്തുക്കളുടെ കർത്തവ്യമെന്താണു്? അഹിംസാമതത്തെ ആചരിക്കുന്നവൻ മറെറാരു സഹോദരനെ കൊല്ലാൻ വിധിയില്ല. അവനു് ഒരേ ഒരു നേർവഴിയേയുള്ളു. ഒരു ജന്തുവിനെ രക്ഷിക്കുന്നതിനു മറെറാരു ജന്തുവിനെ കൊല്ലാൻ പാടില്ല. അവൻ ന്യായമാർഗ്ഗങ്ങളെ ഉപദേശിക്കാം, അതാണു് അവൻെറ കടമയും.

എന്നാൽ ഓരോ ഹിന്തുവും അഹിംസയെ ആചരിക്കുന്നുണ്ടോ? പരമാർത്ഥം നോക്കിയാൽ ഒരാളെങ്കിലും ആ മതത്തെ അനുഷ്ഠിക്കുന്നതിന്നില്ലെന്നു സമ്മതിച്ചേതീരൂ. എന്തെന്നാൽ നാം ജീവനെ നശിപ്പിക്കുന്നു. പ്രാണിഹിംസയിൽ നമുക്കു താല്പര്യം ജനിക്കാതിരിക്കുന്നതിനുവേണ്ടി, ആ മതത്തെ അനുസരിക്കുന്നതായി പറയപ്പെടുന്നു. പൊതുവെ പറയുകയാണെങ്കിൽ അനവധി ഹിന്തുക്കൾ മാംസഭുക്കുകളാണു്. അവർ അഹിംസാവ്രതത്തെ ആചരിക്കുന്നവരല്ല. ഹിന്തുക്കൾ അഹിംസയിൽ വിശ്വാസമുള്ളവരും മുഹമ്മദീയർ തദ്വിരോധികളും എന്ന കാരണംകൊണ്ടു് ഇരുകൂട്ടരും യോജിച്ചു ജീവിക്കുന്നതിനു് ഒരിക്കലും സാധിക്കയില്ലെന്നു വിശ്വസിക്കുന്നതു് അയുക്തമാണു്.

ആ അഭിപ്രായങ്ങളെല്ലാം സ്വാർത്ഥപരന്മാരും അസത്യവാദന്മാരുമായ മതാചാര്യന്മാരാൽ നമ്മുടെ മനസ്സിൽ ഉല്പാദിപ്പിക്കപ്പെട്ടവയാണു്. അതിനെ ഇംഗ്ലീഷുകാർ ഒന്നുകൂടെ നിറംകൂട്ടി. അവക്കു ചരിത്രമെഴുത്തുകളിലുമുണ്ടു്. എല്ലാമനു

ഷ്യരുടെ ജീവിതരീതികളും സ്വഭാവങ്ങളും അവക്ക് അറിയാമെന്നു നടിക്കുന്നു. ദൈവം നമുക്കു മിതമായ ബുദ്ധിശക്തിയെ തന്നിട്ടുണ്ട്. എന്നാൽ അവർ ദിവ്യത്വം ഉള്ളവരാണെന്നു നടിച്ച് പുതിയ 'കണ്ടുപിടിത്തങ്ങ'ളിൽ പ്രവൎത്തിച്ചുവരുന്നു. അവർ തങ്ങളുടെ 'കണ്ടുപിടിത്തങ്ങ'ളെക്കുറിച്ചു വളരെ സ്തുതിച്ച് എഴുതി അതിനെ വിശ്വാസ്യമാക്കി, നമ്മെ മയക്കുന്നു. അജ്ഞത്വം ഹേതുവായി നാം അവരുടെ ചവിട്ടടിയിൽ പെടുകയും ചെയ്യുന്നു. വിഷയങ്ങളുടെ യാഥാൎത്ഥ്യത്തെ അന്യഥാ ഗ്രഹിക്കാൻ ആഗ്രഹിക്കാത്തവർ കൊറാൻ വായിച്ചുനോക്കട്ടെ! ഹിന്തുക്കൾക്കും അംഗീകരിക്കത്തക്ക അനേകം ഭാഗങ്ങൾ കാണാം. അതുപോലെതന്നെ മുഹമ്മദീയൎക്ക് ഒഴിക്കാൻ പാടില്ലാത്ത പല ഭാഗങ്ങളും ഭഗവൽഗീതയിൽ അടങ്ങിയിട്ടുണ്ട്. എനിക്ക് അറിഞ്ഞുകൂടാത്തതോ ഞാൻ ഇഷ്ടപ്പെടാത്തതോ ആയ വാക്യങ്ങൾ കൊറാനിലുണ്ടെന്നുവെച്ച് ഒരു മുഹമ്മദീയനെ എനിക്കു വെറുക്കാമോ? കലഹത്തിനു രണ്ടുപേരുടെ ആവശ്യമുണ്ട്. എനിക്ക് ഒരു മുഹമ്മദീയനോടു കലഹിക്കണമെന്നില്ലെങ്കിൽ അയാൾ എന്നോടു ശണ്ഠയിടാൻ ശക്തനാകയില്ല. അതുപോലെതന്നെയാണ് എന്നോടു പിണങ്ങാൻ ഒരു മുഹമ്മദീയൻ തുനിഞ്ഞില്ലെങ്കിൽ എന്റെയും സ്ഥിതി. ഒരു കൈമാത്രം അടിച്ചാൽ ശബ്ദം കേൾക്കില്ല. ഓരോരുത്തരും അവരവരുടെ മതതത്വങ്ങളെ മനസ്സിലാക്കി അതിനെ വിശ്വസിക്കയും കപടാചാൎയ്യന്മാരുടെ ഉപദേശത്തെ ചെവിക്കൊള്ളാതിരിക്കയും ചെയ്താൽ ശണ്ഠയ്ക്കു കാരണമില്ല.

വായനക്കാരൻ:—എന്നാൽ ഇവർ രണ്ടുകൂട്ടരും യോജിക്കുന്നതിന് ഇംഗ്ലീഷുകാർ സമ്മതിക്കുമോ?

പത്രാധിപർ:—ഈ ചോദ്യത്തെ നിങ്ങളുടെ ഭീരുത്വത്തിന്റെ അടയാളമായി ഞാൻ കരുതുന്നു. അതു നമ്മുടെ ഉത്താനബുദ്ധിയെ വെളിപ്പെടുത്തുന്നു. രണ്ടു സഹോദരന്മാർ ത

മ്മിൽ പരസ്പരമൈത്രിയോടുകൂടി പെരുമാറുന്നതിന് ഇഷ്ടപ്പെട്ടാൽ അവരെ ഭിന്നിപ്പിക്കുന്നതിന് ഒരു മൂന്നാമനാൽ സാധിക്കുന്നതാണോ? അവർ ദുരുപദേശങ്ങളെ കേൾക്കുന്നതായാൽ അവരേ മൂഢന്മാർ എന്നു കരുതണം. ഹിന്ദുക്കളും മുഹമ്മദീയരുമായ നമ്മെ ഭേദിപ്പിക്കുന്നതിന് ഇംഗ്ലീഷുകാർക്കു സാധിച്ചാൽ ആ കുററം നമുക്കല്ലാതെ അവർക്കല്ല. ഒരു പച്ചമൺകുടം ഒരു കല്ലിൽ തട്ടിയാൽ ഉടഞ്ഞുപോകും. ഒരു കല്ലിൽ രക്ഷകിട്ടിയാൽ മറെറാരുകല്ലിൽ തട്ടിയുടയും. ആപത്തിൽനിന്നും സൂക്ഷിച്ചുവയ്ക്കുന്നതുകൊണ്ടു് അതു ഉടയാതിരിക്കുന്നില്ല. അതിനെ രക്ഷിക്കേണ്ടതു്, ഉടയാതിരിക്കത്തക്കവണ്ണം അതിനെ ചുട്ടുവേവിക്കുന്നതുകൊണ്ടാണു്. അതുപോലെ നമ്മുടെ ഹൃദയവും ചുട്ടുപഴുപ്പിച്ച കളിമണ്ണിനൊപ്പം ഉറപ്പുള്ളതാകണം. അപ്പോൾ ഏതുപായത്തിൽനിന്നും വിജയം സമ്പാദിക്കാം. ഇതിനെ ഹിന്ദുക്കൾക്കു എളുപ്പത്തിൽ സാധിക്കാം. അവർ ജനസംഖ്യയിൽ കൂടുതലുണ്ടു്. വലിയ അഭിജ്ഞന്മാർ എന്നു ഭാവിക്കയും ചെയ്യുന്നു. അതുകൊണ്ടു മുഹമ്മദീയരിലുള്ള സ്നേഹബന്ധങ്ങളെ സുരക്ഷിതമാക്കിപ്പാലിക്കാൻ ഹിന്ദുക്കൾക്കു കഴിയും.

രണ്ടുജാതിക്കാർക്കും പരസ്പരം അവിശ്വാസമുണ്ടു്. അതുകൊണ്ടു മുഹമ്മദീയർ മാർളിപ്രഭുവിനോടു ചില അവകാശങ്ങളെച്ചോദിച്ചു. അതിനെ ഹിന്ദുക്കൾ എന്തിനുതടുക്കണം? ഹിന്ദുക്കൾ ഒഴിഞ്ഞെങ്കിൽ ഇംഗ്ലീഷുകാർ അതിനെക്കുറിച്ചു ഗൌനിക്കും; ക്രമേണ മുഹമ്മദീയർ ഹിന്ദുക്കളെ വിശ്വസിക്കും; സഹോദരഭാവം അതിൽനിന്നുണ്ടാകയും ചെയ്യും. നാം തമ്മിൽ കലഹിച്ചു് ഇംഗ്ലീഷുകാരെ കാഴ്ചാ കേൾപ്പിക്കുന്നതിൽ നമുക്കു ലജ്ജതോന്നണം. മുഹമ്മദീയർക്കു വിട്ടുകൊടുക്കുന്നതുകൊണ്ടു് ഹിന്ദുക്കൾക്കു് ഒരു നഷ്ടവുമില്ലെന്നു് ഓരോരുത്തരും തന്നത്താൻ അറിയണം. അന്യനിൽ വിശ്വാസത്തെ

ഉദിപ്പിച്ചിരിക്കുന്ന മനുഷ്യന് ലോകത്തിൽ ഒരിക്കലും ഒരു നഷ്ടവും ഉണ്ടാകാനില്ല. ഹിന്ദുക്കളും മുഹമ്മദീയരും ഒരുകാലത്തും തമ്മിൽത്തല്ലുകയില്ലെന്ന് ഞാൻ സൂചിപ്പിക്കുന്നില്ല. ഒന്നിച്ചു ജീവിതം നയിക്കുന്ന രണ്ടു സഹോദരന്മാർതമ്മിൽ അടിക്കടി വഴക്കുണ്ടായിക്കൊണ്ടിരിക്കും. ചിലപ്പോൾ തലമണ്ട പൊട്ടിയെന്നുംവരാം. അങ്ങനെ സംഭവിച്ചുകൂടാത്തതാണ്. എന്നാൽ എല്ലാമനുഷ്യരും സമബുദ്ധിയുള്ളവരല്ല. മനുഷ്യർക്കു കോപമുണ്ടാകുമ്പോൾ പല വിഡ്ഢിത്തങ്ങളും പ്രവൎത്തിക്കുന്നു. അതുകളെ നാം സഹിക്കതന്നെവേണം. അല്ലാതെ, നാം വഴക്കുകൂടുമ്പോൾ വക്കാലത്തും കൊടുത്ത് ഇംഗ്ലീഷുകാരേയോ മററുന്യായസ്ഥലങ്ങളേയോ അഭയംപ്രാപിക്കേണ്ട ആവശ്യമില്ല. രണ്ടുപേർതമ്മിൽ ശണ്ഠയുണ്ടാകുന്നു; രണ്ടുപേരുടേയുമോ അഥവാ ഒരാളിൻേറയോ തലപൊട്ടുന്നു; ഒരു മൂന്നാമൻ അവരിൽ എന്തുന്യായത്തെ ചെയ്യാനാണ്? വഴക്കുകൂടുന്നവർ പരുക്കുകൾ പ്രതീക്ഷിക്കണം.

---

## അദ്ധ്യായം ൧൧.

---

### ഇന്ത്യയുടെ സ്ഥിതി. (തുടൎച്ച.)

### [വക്കീലന്മാർ.]

വായനക്കാരൻ:—രണ്ടുപേർ തങ്ങളിൽ ശണ്ഠയുണ്ടാകുമ്പോൾ നീതിന്യായക്കോടതികളിൽ പോകരുതെന്നു നിങ്ങൾ പറയുന്നതു് അത്ഭുതകരമായിരിക്കുന്നു.

പത്രാധിപർ:—അത്ഭുതകരമാണെങ്കിലും അല്ലെങ്കിലും അതു വാസ്തവമാണെന്നുതന്നെ ഞാൻ വിചാരിക്കുന്നു. നിങ്ങ

ളുടെ ചോദ്യം നമ്മെ വക്കീലന്മാരുടേയും വൈദ്യന്മാരുടേയും അടുക്കലേയ്ക്കു നയിക്കുന്നു. വക്കീലന്മാർ ഇന്ത്യയെ അടിമപ്പെടുത്തി എന്നും, ഹിന്ദുമുസ്ലീംശത്രുതയെ വദ്ധിപ്പിച്ച്, ആംഗ്ലേയാധിപത്യത്തെ സ്ഥിരപ്പെടുത്തിയെന്നും ആണ് എൻെറ ബലമായ വിശ്വാസം.

വായനക്കാരൻ:—ഇങ്ങനെ പഴിചുമത്തുന്നതിന് എളുപ്പത്തിൽ സാധിക്കുമെങ്കിലും അതിനെത്തെളിയിക്കാൻനിങ്ങൾക്കു പ്രയാസമുണ്ട്. നമുക്ക് സ്വാതന്ത്ര്യത്തിനു വഴിതെളിച്ചുതന്നതു് വക്കീലന്മാരല്ലാതെ മററാരാണ്? പാവങ്ങളെ ആരുരക്ഷിക്കും? ആരെക്കൊണ്ടു ന്യായത്തെ രക്ഷിക്കുമായിരുന്നു? ഉദാഹരണത്തിനു കഴിഞ്ഞുപോയ മനോമോഹനഗോസ്സിനെ എടുക്കാം. നിരപരാധികളായ എത്രയെത്ര സാധുക്കൾക്കുവേണ്ടി അദ്ദേഹം പ്രതിഫലംകൂടാതെ വാദിച്ചു? നിങ്ങൾ പുകഴ്ത്തുന്ന കാൺഗ്രസ്സിൻെറ ജീവനും ബലവും വക്കീലന്മാരുടെ ശ്രമത്തെ ആശ്രയിച്ചിരിക്കുന്നു. ഇത്രത്തോളം ശ്രേഷ്ഠമായ ഒരു മനുഷ്യവർഗ്ഗത്തെ നിന്ദിക്കുന്നതു്, ന്യായത്തെ അപന്യായമെന്നു പറയുന്നതുപോലെയാണ്. വക്കീലന്മാരെ അപലപിച്ചതുകൊണ്ടു നിങ്ങൾ പത്രപ്രവത്തനസ്വാതന്ത്ര്യത്തെ ദുർവിനിയമനംചെയ്കയാണ്.

പത്രാധിപർ:—ഒരുകാലത്തു ഞാനും നിങ്ങളേപ്പോലെ വിശ്വസിച്ചിരുന്നു. വക്കീലന്മാർ ഒരിക്കലും ഒരു നന്മയും ചെയ്തിട്ടില്ലെന്നു സ്ഥാപിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ശ്രീമാൻ ഗോസിനെ ഞാൻ ബഹുമാനിക്കുന്നു. അദ്ദേഹം സാധുക്കൾക്കു സഹായിച്ചിട്ടുള്ളതു വാസ്തവം തന്നെ. കാൺഗ്രസ് ഒരു പ്രകാരത്തിൽ വക്കീലന്മാക്കു കടപ്പെട്ടിരിക്കുന്നു എന്നു സമ്മതിക്കാം. വക്കീലന്മാരും മനുഷ്യർതന്നെ. ഓരോമനുഷ്യനിലും ഏതെങ്കിലും പ്രകാരത്തിൽ അല്പം നന്മയുണ്ടായിരിക്കും. വക്കീലന്മാർ എന്തെങ്കിലും നന്മയെച്ചെയ്തിട്ടുണ്ടെങ്കിൽ

ൻതു് മനുഷ്യരുടെ നിലയിലല്ലാതെ, വക്കീലന്മാരുടെ നിലയിലല്ലെന്നു കാണാം. എന്റെ ശ്രമം ആ വക്കീൽതൊഴിൽ അധമ്മത്തെ പ്രചരിപ്പിക്കുന്നു എന്നുള്ളതിനെ തെളിയിക്കാനായിട്ടാണു്. അതിന്റെ പ്രലോഭനങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനു വളരെ പ്രയാസമുണ്ടു്.

ഹിന്ദുക്കളും മുഹമ്മദീയരുംതമ്മിൽ കലഹം ഉണ്ടാകുന്നുണ്ടു്. ഒരു സാധാരണ മനുഷ്യൻ അതിനെക്കുറിച്ചുള്ള സകലതും മറന്നുകളയണമെന്നു് അവരോടുപറയും. ഇരുക്കൂട്ടരും കുറവാളികളാണെന്നുപറഞ്ഞു്, മേലാൽ കലഹിക്കരുതെന്നു സദുപദേശംചെയ്യുകയും.നേരേമറിച്ചു് അവർ വക്കീലന്മാരുടെ അടുക്കൽചെന്നു എന്നിരിക്കട്ടെ; ആ വക്കീലന്മാർനിശ്ചയമായി ഒരുകക്ഷിചേൎന്നുനിന്നു് അവരുടേതോഗംജയിക്കുന്നതിനുവേണ്ടി, കക്ഷികൾ—കണ്ടും കേട്ടും അറിഞ്ഞിട്ടില്ലാത്ത വഴികളും വാദമുഖങ്ങളും കണ്ടുപിടിക്കുന്നു. അവർ അപ്രകാരം പ്രവൎത്തിച്ചില്ലെങ്കിൽ അതു് അവരുടെ തൊഴിലിനു ചോരായ്മയാണെന്നുകരുതപ്പെടുന്നു. അതുവഴി അവർ വഴക്കുകളെ ഇല്ലാതാക്കുന്നതിനുപകരം, അതുകളെ വൎദ്ധിപ്പിക്കുന്നു. കൂടാതെ വക്കീലന്മാർ അന്യന്മാരെ കഷ്ടങ്ങളിൽനിന്നും നിവൎത്തിപ്പിക്കുന്നതിനല്ല, തങ്ങൾക്കു പണം സമ്പാദിക്കുന്നതിനായിട്ടാണു് ആ തൊഴിലിനേ സ്വീകരിക്കുന്നതു്. ധനസമ്പാദനത്തിനു അതൊരുനല്ലമാൎഗ്ഗവുമാണു്. കലഹത്തെ വൎദ്ധിപ്പിക്കുന്നതിലാണു് അവരുടെ ആദായമാൎഗ്ഗം അന്തർലീനമായിരിക്കുന്നതു്. മനുഷ്യർതമ്മിൽ കലഹം ഉണ്ടാകുമ്പോൾ ഇക്കൂട്ടർ സന്തുഷ്ടന്മാരായിഭവിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ക്ഷുദ്രവക്കീലന്മാർ വാസ്തവത്തിൽ കലഹംഉണ്ടാക്കാൻ ശ്രമിക്കുന്നു. അവരുടെ ദല്ലാലികൾ വയലട്ടകളെപ്പോലെ സാധുക്കളുടെ രക്തത്തെ ഊററുന്നു. വക്കീലന്മാൎക്കു ജോലി കുറവാണു്. അലസന്മാർ സുഖാനുഭവങ്ങളിൽ മുഴുകുന്നതിനായിട്ടു്, ഇങ്ങനെയുള്ള

തൊഴിലുകളെ സ്വീകരിക്കുന്നു. ഇതു വാസ്തവപ്രസ്താവമാണ്. പ്രകാരാന്തരേണ പുകഴ്ത്തുന്നതു നിരർത്ഥകമായിട്ടുള്ളതായിരിക്കും. വക്കീലന്മാരുടെ തൊഴിൽ ശ്രേഷ്ഠമായിട്ടുള്ളതാണെന്നു അവർതന്നെയാണു കണ്ടുപിടിച്ചിട്ടുള്ളതു്. അവർ അവരുടെ പ്രശംസയെ എന്നപോലെ ന്യായശാസ്ത്രങ്ങളേയും തന്നത്താൻ സൃഷ്ടിക്കുന്നു. പ്രതിഫലത്തുകയും അവരത്രേ തീർച്ചപ്പെടുത്തുന്നതു്. അവർ സ്വർഗ്ഗത്തുനിന്നും വന്നവരാണെന്നു സാധുക്കളെ വിശ്വസിപ്പിക്കുമാറു്, തങ്ങളുടെ ആഡംബരങ്ങളെക്കൊണ്ടു അവരെ മയക്കുന്നു.

സാധാരണ കൂലിവേലക്കാരേക്കാൾ കൂടുതലായ പ്രതിഫലം അവർക്കെന്തിനായിട്ടുവേണം? അവരുടെ ആവശ്യങ്ങൾ വർദ്ധിപ്പിച്ചിരിക്കുന്നതെന്തിനു്? സാധാരണ കൂലിവേലക്കാരെക്കാൾ അവരെക്കൊണ്ടു് എന്തുനന്മയാണു നാട്ടിനു സിദ്ധിക്കുന്നതു്. നന്മചെയ്യുന്നവർക്കു കൂടുതൽ കൂലികൊടുക്കേണ്ട ആവശ്യമുണ്ടോ? പണത്തിനായിക്കൊണ്ടു് അവർ എന്തെങ്കിലും നാട്ടിനു ചെയ്തിരുന്നാൽ അതു നന്മയാണെന്നു കരുതുന്നതെങ്ങനെ?

ഹിന്ദുമുഹമ്മദീയകലഹത്തെക്കുറിച്ചു് അല്പമെങ്കിലും അറിവുള്ളവർ അതു വക്കീലന്മാർ ഇടപെടുന്നതുകൊണ്ടു് ഉണ്ടായിട്ടുള്ളതാണെന്നുമനസ്സിലാക്കും. ഇവർനിമിത്തം പലേ കുടുംബങ്ങളും നാമാവശേഷങ്ങളായിട്ടുണ്ടു്. ഏകോദരസഹോദരങ്ങളെപ്പോലും ഇവർ പരസ്പരവിരോധികളാക്കിയിട്ടുണ്ടു്. ഇവരുടെ വലയിൽ കുടിങ്ങിയിട്ടുള്ള പലേ ജമിന്ദാരന്മാരും കടത്തിൽമുങ്ങി നശിച്ചിട്ടുണ്ടു്. അനേകം ജമിന്ദാരന്മാരുടെ സർവ്വസ്വവും ഇവർ അപഹരിച്ചിട്ടുണ്ടു്. ഇങ്ങനെ അനവധി ഉദാഹരണങ്ങളെപ്പറയാം.

വക്കീലന്മാർ നാട്ടിനുചെയ്തിട്ടുള്ളതിൽ മഹാപരാധം അവർ ഇംഗ്ലീഷുകാരുടെ പിടിയെ ബലപ്പെടുത്തിയതാണ്.

നീതിന്യായക്കോടതികളില്ലാതെ ഇംഗ്ലീഷുകാർക്കു ഭരണംനടത്തുന്നതിനു സാധിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? കോടതികൾ ജനങ്ങളുടെ നന്മയ്ക്കായിട്ടു സ്ഥാപിച്ചിരിക്കുന്നതാണെന്നു വിചാരിച്ചിരിക്കുന്നതു തെററാണ്. തങ്ങളുടെ അധികാരത്തെനിലനിർത്തണമെന്നുള്ളവർക്കുകോടതികൾ അതിലേയ്ക്കുപകരിക്കുന്നു. ജനങ്ങൾതന്നെ അവരവർക്കുള്ള വഴക്കുകളെ തീർക്കുന്നതായാൽ ഒരു മൂന്നാമനു് അവരിൽ അധികാരത്തെ നടത്താൻ സാധിക്കുന്നതല്ല. മനുഷ്യർ തങ്ങളുടെ വഴക്കുകളെ യുദ്ധങ്ങൾമൂലമോ, ബന്ധുജനങ്ങളുടെ സാഹായ്യത്താലോ തീർത്തുവന്നിരുന്നപ്പോൾ അവർ ഇതേക്കാൾ പൌരുഷമുള്ളവരായിരുന്നു. അവർ കോടതികളെ അഭയംപ്രാപിച്ചതോടുകൂടി പൌരുഷം നശിച്ചുഭീരുക്കളായിബ്ഭവിച്ചു. വഴക്കുകളെ യുദ്ധംകൊണ്ടുതീർത്തുവന്നതു മൃഗീയസ്വഭാവമായിരുന്നു എന്നുള്ളതിനു സംശയമില്ല. ഒരു മൂന്നാമനെ മദ്ധ്യസ്ഥനായി സ്വീകരിക്കുന്നതു ഏകദേശം ഇതുപോലെഅല്ലേ? നിശ്ചയമായിട്ടും മൂന്നാമസ്ഥന്റെതീർപ്പുമിക്കവാറും ന്യായത്തെഅസ്പദമാക്കി ആയിരിക്കയില്ല. ആരാണു കുററക്കാരൻഎന്നു കക്ഷികൾക്കുമാത്രമേ അറിഞ്ഞുകൂടു. ഒരു അന്യൻ നമ്മുടെ പണത്തെ വാങ്ങിക്കൊണ്ടു നമുക്കു ന്യായംതരുന്നു എന്നു നമ്മുടെ ശുദ്ധതയും അജ്ഞതയുംകൊണ്ടു നാം വിശ്വസിക്കുന്നു.

പ്രധാനമായി നാം ഓർക്കേണ്ടതു വക്കീലന്മാരെക്കൂടാതെ കോടതികളെസ്ഥാപിക്കുന്നതിനും കോടതികളില്ലാതെ ഇംഗ്ലീഷുകാർക്കു ഭരണംനടത്തുന്നതിനും സാധിക്കയില്ലെന്നാണ്. ആംഗ്ലേയന്യായാധിപന്മാരും ഇംഗ്ലീഷുപോലീസുകാരും ഇംഗ്ലീഷുവക്കീലന്മാരും മാത്രമേഉള്ളു എന്നിരിക്കട്ടെ! അവർക്കു് ആംഗ്ലേയരെമാത്രമേ ഭരിക്കാൻസാധിക്കൂ. ഇന്ത്യൻന്യായാധിപന്മാരേയും വക്കീലന്മാരേയും കൂടാതെഇംഗ്ലീഷുകാർക്കു് ഇന്ത്യയിൽ യാതൊന്നും നടത്താൻസാധിക്കയില്ല. ആദ്യമായിവക്കീലന്മാർ

എങ്ങനെ ഉണ്ടായി എന്നും, അവരെ എങ്ങനെ മാനിച്ചു എന്നും, നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കണം. അപ്പോൾ ആ തൊഴിലിൽ എനിക്കുള്ള വെറുപ്പു നിങ്ങൾക്കുമുണ്ടാകും. വക്കീലന്മാർ തങ്ങളുടെ തൊഴിലിനെ ഉപേക്ഷിക്കയും, അതിനെ വേശ്യാവൃത്തിപോലെ നീചമാണെന്നു കരുതുകയും, ചെയ്താൽ ഇംഗ്ലീഷ് ഭരണം, ഒരു ദിവസംകൊണ്ടു ചിതറിപ്പോകും. മത്സ്യങ്ങൾ ജലത്തെ എന്നപോലെ, നാം കലഹത്തേയും കോടതികളേയും ഇഷ്ടപ്പെടുന്നു എന്നുള്ള പഴിക്കു കാരണം ഈ വക്കീലന്മാരാണ്. ഞാൻ വക്കീലന്മാരെക്കുറിച്ചു പറഞ്ഞതെല്ലാം ന്യായാധിപന്മാരെയും സംബന്ധിക്കുന്നതാണ്. അവർ തമ്മിൽ ഉററ ബന്ധുത്വമുണ്ട്. ഒരു കക്ഷി മററെക്കക്ഷിയെ ആശ്രയിച്ചിരിക്കുന്നു.

:

---

## അദ്ധ്യായം ൧൨.

---

### ഇന്ത്യയുടെസ്ഥിതി. (തുടച്ച്)

[വൈദ്യന്മാർ]

വായനക്കാരൻ:—എനിക്ക് ഇപ്പോൾ വക്കീലന്മാരെക്കുറിച്ചു മനസ്സിലായി. അവർ ചെയ്തിരിക്കാവുന്ന ഗുണം യാദൃച്ഛികമാണ്. നിശ്ചയമായി ആ തൊഴിൽ നിന്ദ്യംതന്നെ എന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾ വൈദ്യന്മാർക്കുറാക്കാരെന്നു സൂചിപ്പിച്ചുവല്ലോ! അതെങ്ങനെ?

പത്രാധിപർ:--ഞാൻ നിങ്ങളെ മനസ്സിലാക്കുന്ന അഭിപ്രായങ്ങൾ അന്യന്മാരുടേതിൽനിന്നും തെരഞ്ഞെടുത്തതാണ്;

നൂതനങ്ങളല്ല. പാശ്ചാത്യഗ്രന്ഥകാരന്മാർ വക്കീലന്മാരേയും വൈദ്യന്മാരേയും കുറിച്ചു പറഞ്ഞിരിക്കുന്നതു കുറേക്കൂടി ശക്തിയുള്ള പദങ്ങളെ ഉപയോഗിച്ചാണു്. ഒരു ഗ്രന്ഥകാരൻ ഈ നൂതനപ്രസ്ഥാനങ്ങളെ എല്ലാം, ഒരു "യുപാസ്" മരത്തിനോടുപമിച്ചിരിക്കുന്നു. വൈദ്യം വക്കീൽപണി തുടങ്ങിയുള്ള പരാശ്രയത്തൊഴിലുകളെ അതിൻെറ കൊമ്പുകളാക്കിപ്പറഞ്ഞിരിക്കുന്നു. അതിൻെറ തായ്ത്തടിയെ യഥാർത്ഥമതവിദ്വേഷിയായിട്ടും അധർമ്മത്തെ അതിൻെറ വേരായിട്ടും കല്പിച്ചിരിക്കുന്നു. ഇതിൽനിന്നും ഈ അഭിപ്രായങ്ങൾ എന്നിൽനിന്നുമാത്രമുണ്ടായിട്ടുള്ളതല്ലെന്നും അനേകം ആളുകളുടെ അനുഭവത്തിൽനിന്നു് ഉണ്ടായതാണെന്നും നിങ്ങൾ ഗ്രഹിക്കും. ഒരുകാലത്തു വൈദ്യവൃത്തിയിൽ എനിക്കുവളരെ ബഹുമാനമുണ്ടായിരുന്നു. രാജ്യക്ഷേമത്തെ ഉദ്ദേശിച്ചു വൈദ്യനാകണമെന്നും ഞാൻ കരുതിയിരുന്നു. ആ വിചാരം എനിക്കു് ഇപ്പോഴില്ല. നമ്മുടെ ഇടയിൽ വൈദ്യന്മാർക്കു് എന്തുകൊണ്ടാണു് അന്തസ്സും ഗൗരവവും ഉണ്ടായിരുന്നില്ലെന്നുള്ളതു് ഇപ്പോൾ എനിക്കു മനസ്സിലാകുന്നു.

ഇംഗ്ലീഷുകാർ നമ്മെ ഭരിക്കുന്നതിനു്, വൈദ്യത്തൊഴിലും സഫലമായി ഉപയോഗിച്ചിട്ടുണ്ടു്. രാജ്യലാഭത്തെ ഉദ്ദേശിച്ചു് ഏഷ്യാഖണ്ഡത്തിലുള്ള അനേകം രാജാക്കന്മാരിൽ ഇംഗ്ലീഷുകാർ വൈദ്യത്തൊഴിൽ ഉപയോഗിച്ചിട്ടുള്ളതായി അറിയപ്പെട്ടിട്ടുണ്ടു്.

വൈദ്യന്മാർ നമ്മുടെ നിലയ്ക്കു ഗണ്യമായ മാററം വരുത്തിയിട്ടുണ്ടു്. ക്ഷുദ്രവൈദ്യന്മാർ ബിരുദധാരികളായ വൈദ്യന്മാരെ അപേക്ഷിച്ചു മേലേനിലയിൽ ഗണിക്കപ്പെട്ടേണ്ടവരാണെന്നു ഞാൻ വിചാരിക്കുന്നു. നമുക്കു് അല്പം ചിന്തിക്കാം. ശരീരത്തെ സൂക്ഷിക്കയാണു വൈദ്യൻെറ ചുമതല. പരമാർത്ഥം പറകയാണെങ്കിൽ അതുമില്ല; ശരീരത്തെ ബാധിക്കുന്ന രോഗത്തെ മാററുക മാത്രമാണു് അവരുടെ ജോലി. രോഗം എങ്ങനെ

ഉണ്ടാകുന്നു? നമ്മുടെ ഉപേക്ഷകൊണ്ടോ, തോന്ന്യാസംകൊണ്ടോ ആയിരിക്കും. ഞാൻ കണക്കിലധികം ഭക്ഷിക്കുന്നു; അതിനാൽ അജീർണ്ണം ഉണ്ടാകുന്നു; ഞാൻ വൈദ്യനെച്ചെന്നു കാണുന്നു; അയാൾ എനിക്കു മരുന്നു തരുന്നു; എന്റെ രോഗം ശമിക്കുന്നു; പിന്നെയും അതിഭക്ഷണം ചെയ്യുന്നു; വീണ്ടും ഞാൻ വൈദ്യന്റെ മരുന്നു സേവിക്കുന്നു. ആദ്യം അജീർണ്ണം വന്നപ്പോൾ വൈദ്യന്റെ മരുന്ന് ഉപയോഗിക്കാതിരുന്നെങ്കിൽ എന്റെ വിചാരക്കേടിന്റെ ശിക്ഷ ഞാൻ അനുഭവിക്കുന്നതിനും മേലാൽ അതിഭക്ഷണം ചെയ്യാതിരിക്കുന്നതിനും ഇടയായേനേ? വൈദ്യൻ ഇടപെട്ട് അമിതഭോഗസുഖത്തിന് എന്നെ സഹായിച്ചു. അതുവഴി എന്റെ ശരീരം കൂടുതൽ സുഖം അനുഭവിച്ചു. എന്നാൽ മനസ്സു പൂർവ്വാധികം ക്ഷീണിച്ചു. അതുകൊണ്ടു നിരന്തരമായി മരുന്നുപയോഗിക്കുന്നതിന്റെ ഫലം മനോനിയമനശക്തിയെ ഇല്ലാതാക്കുകയാണെന്നു വരുന്നു.

ഞാൻ ദുർവിഷയത്തിൽ മുഴുകി ഒരു വ്യാധിയെ ഉണ്ടാക്കുന്നു, അതിനെ വൈദ്യൻ ശമിപ്പിക്കുന്നു, അതിന്റെ ഫലമായി രണ്ടാമതും ഞാൻ അതുപോലെ പ്രവർത്തിക്കുന്നു. വൈദ്യൻ ഇടപെടാതിരുന്നു എങ്കിൽ പ്രകൃതി അതിന്റെ പ്രവൃത്തിയെ ചെയ്യുമായിരുന്നു; എന്നെ ഭരിക്കുന്നതിനുള്ള ശക്തി എനിക്കു ലഭിച്ച്, ദുർവിഷയങ്ങളിൽ നിന്നും ഞാൻ വിരമിക്കുമായിരുന്നു; സുഖവും സിദ്ധിക്കുമായിരുന്നു.

ആതുരശാലകൾ (ആസ്പത്രികൾ) പാപത്തെ വർദ്ധിപ്പിക്കുന്ന സ്ഥാപനങ്ങളാണ്. മനുഷ്യർ തങ്ങളുടെ ശരീരത്തെസ്സംബന്ധിച്ചിടത്തോളം അശ്രദ്ധന്മാരായിരിക്കുന്നു. തന്മൂലം അധർമ്മങ്ങൾ വർദ്ധിക്കുന്നു. പാശ്ചാത്യവൈദ്യന്മാരാണ് വൈദ്യന്മാരിൽവച്ചു നികൃഷ്ടന്മാർ. മനുഷ്യശരീരത്തിന്റെ ഒരുതരം തെറ്റായ രക്ഷണത്തിനായി അവർ പ്രതിവർഷം അനേകായിരം ജീവികളെ നശിപ്പിക്കുന്നു. അവർ ജീവനുള്ള ജന്തു

ക്കളുടെ ദേഹവിഛേദനം പരിശീലിക്കുന്നു. ഒരുമതത്തിലും അങ്ങനെ അനുവദിച്ചിട്ടില്ല. നമ്മുടെ ശരീരത്തിനുവേണ്ടി ഇത്രവളരെജീവനെ നശിപ്പിക്കുന്നതു് ആവശ്യമാണെന്നു് ആരും പറയുകയില്ല.

ഈ വൈദ്യന്മാർ നമ്മുടെ മതവിശ്വാസത്തെ കെടുത്തുന്നു. അവരുടെ പലേ മരുന്നുകളിലുംകൊഴുപ്പോ, മദ്യങ്ങളോകലന്നിരിക്കും. ഇതുരണ്ടും ഹിന്തുക്കൾക്കും മുഹമ്മദീയക്കും നിഷിദ്ധങ്ങളാണു്. നാം പരിഷ്കാരികളെന്നുനടിച്ചു്, മതനിരോധങ്ങളെ അന്ധവിശ്വാസങ്ങളെന്നുകരുതി ഇഷ്ടമുള്ളതിനെ ഒക്കെ അനുഭവിച്ചുസുഖിക്കുന്നു. വാസ്തവമെന്തെന്നാൽ വൈദ്യന്മാർ നമ്മെ അതിലേയ്ക്കു് പ്രേരിക്കുന്നു. തൽഫലമായി നാം ആത്മനിയന്ത്രണശക്തിയും, പൌരുഷവുമില്ലാത്തവരായിത്തീരുന്നു. ഈ അവസ്ഥയിൽ നാം മാതൃഭൂമിക്കുവേണ്ടി വേല ചെയ്യുന്നതിന് അയോഗ്യന്മാരാണു്. പാശ്ചാത്യവൈദ്യത്തെ അഭ്യസിക്കുന്നതു്, നാം നമ്മുടെ അടിമത്തത്തെ ദൃഢീകരിക്കയാകുന്നു.

നാം വൈദ്യവൃത്തിയെ അംഗീകരിക്കേണ്ട ആവശ്യമെന്തെന്നു ചിന്തിക്കാം. നിശ്ചയമായി അതുലോകക്ഷേമംചെയ്വാനായിട്ടല്ല. പേരിനും പൊരുളിനുംവേണ്ടി നാം ആ തൊഴിലിനെ സ്വീകരിക്കുന്നു. ആ തൊഴിൽമൂലം യഥാർത്ഥമായ പൊതുജനോപകാരം യാതൊന്നുമില്ലെന്നും നേരെമറിച്ചു് ദോഷത്തെച്ചെയ്യുന്നതാണെന്നും തെളിയിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. വൈദ്യന്മാർ അവരുടെഅറിവിനെ പ്രകടിപ്പിച്ചു് കണക്കിൽകവിഞ്ഞ പ്രതിഫലത്തെച്ചോദിക്കുന്നു. പരമാത്ഥത്തിൽ ഏതാൻപൈസമാത്രം വിലയുള്ള അവരുടെ മരുന്നുകൾക്കു് അവർ പവൻകണക്കിനു വിലചുമത്തുന്നു. ജനങ്ങൾ അവരുടെ ശുദ്ധഗതിയും ദീനംശമിക്കണമെന്നുള്ള ആശയും കൊണ്ടു് ആ വഞ്ചനത്തിൽ അകപ്പെട്ടുപോകുന്നു. അപ്പോൾ

ലോകോപകാരികൾ എന്നുനടിക്കുന്ന ഈ വൈദ്യന്മാരെക്കാൾ നമ്മുടെ നാട്ടുവൈദ്യന്മാർ ഭേദമല്ലേ?

---

# അദ്ധ്യായം ൧൩.

## പരമാൎത്ഥപരിഷ്കാരമെന്തു് ?

വായനക്കാരൻ—നിങ്ങൾ റെയിൽപാതകളേയും വക്കിലന്മാരെയും വൈദ്യന്മാരേയും അപലപിക്കുന്നു. ഇനി എല്ലായന്ത്രങ്ങളേയുംതന്നെ നിങ്ങൾ നിരാകരിക്കും എന്നുതോന്നുന്നു. പിന്നെ എന്താണു് പരിഷ്കാരമെന്നുപറയുന്നതു്?

പത്രാധിപർ—ആ ചോദ്യത്തിനുത്തരംപറവാൻ പ്രയാസമില്ല. ഇന്ത്യൻപരിഷ്കാരം ലോകത്തിലുള്ള മററുപരിഷ്കാരങ്ങളിൽനിന്നു താണപടിയിലല്ലെന്നു ഞാൻ വിശ്വസിക്കുന്നു. യാതൊന്നുംതന്നെ, നമ്മുടെ പൂൎവികന്മാർ വിതരണംചെയ്തബീജങ്ങൾക്കുതുല്യമാകുന്നതല്ല റോമാപുരം ക്ഷയിച്ചു, ഗ്രീസ്സും അങ്ങനെതന്നെ; ഫാറോസിന്റെ ശക്തിയുടഞ്ഞു; ജപ്പാൻ, പാശ്ചാത്യവേഷംധരിച്ചു; ചൈനയെക്കുറിച്ചു ഒന്നുംപറയാനില്ല. എന്നാൽ ഇന്ത്യ ഇന്നും ഒരുവിധത്തിലല്ലെങ്കിൽ മററൊരുവിധത്തിൽ അതിന്റെ അസ്ഥിഭാരത്തിൽ സുസ്ഥിതമായിരിക്കുന്നു. യൂറോപ്യന്മാർ കീൎത്തിക്ഷയിച്ച ഗ്രീസ്സുകാരുടേയും റോമാക്കാരുടേയും ഗ്രന്ഥങ്ങളിൽനിന്നും അവരുടെ അറിവിനെ സമ്പാദിക്കുന്നു: അതിലേക്കു ശ്രമിക്കുന്നതിൽഗ്രീസ്സുകാരുടേയും റോമാക്കാരുടേയും തെററുകളെ ഒഴിച്ചുകൊള്ളാമെന്നു യൂറോപ്യന്മാർ വിചാരിക്കുന്നു ഇതാണു് അവരുടെ പരിതാപകരമായഅവസ്ഥ. ഇതിൻമദ്ധ്യേ ഭാരതാമ്മ കുലുക്കമില്ലാതെ വ

ത്തിക്കുന്നു. ഇതാണ് ആ മാതാവിന്റെ മാഹാത്മ്യം. ഭാരതീയർ അപരിഷ്കൃതന്മാരും അജ്ഞന്മാരും അലസന്മാരുമാണെന്നും, തൻമൂലം എത്രതന്നെ നവീനമാർഗ്ഗത്തിലേക്ക് അവരെ നയിക്കുന്നതിനു സാധിക്കയില്ലെന്നും ഇന്ത്യയ്ക്കു് ഒരു പഴിയുണ്ട്. വാസ്തവത്തിൽ ഇതു നമ്മുടെയോഗ്യതയിൽ ആരോപിക്കപ്പെട്ട ഒരു കുററമാണ്; അനുഭവിച്ചു പഴകിപ്പരിശുദ്ധമെന്നു കണ്ടിരിക്കുന്നതിനെ മാററാൻ നമ്മൾ ഒരുക്കമല്ല. അനേകംപേർ തങ്ങളുടെ ഉപദേശവർഷങ്ങളെ ഇന്ത്യയിൽ പൊഴിക്കുന്നുണ്ട്. എന്നാൽ അതുകൊണ്ടൊന്നും ഇന്ത്യ ഇളകുന്നില്ല. ഇതാണ് ഇന്ത്യയ്ക്കുള്ള മഹത്വം. ഇതാണ് നമ്മുടെ പ്രത്യാശയുടെ ആശ്രയസ്ഥാനം.

പരിഷ്കാരമെന്നു പറയുന്നതു്, മനുഷ്യർക്ക് അവരുടെ കടമയെ ചൂണ്ടിക്കൊടുക്കുന്ന സൂക്ഷ്മമായ നടപടിക്രമമാണ്. കടമയെ ചെയ്ക എന്നതും ധർമ്മത്തെ അനുഷ്ഠിക്കയെന്നതും ഒന്നുതന്നെ. ധർമ്മത്തെ അനുഷ്ഠിച്ചാൽ നമ്മുടെ മനസ്സിനേയും വികാരങ്ങളേയും അടക്കിബ്ഭരിക്കുന്നതിനു സാധിക്കും. ഇപ്രകാരം ചെയ്യുമ്പോൾ നാം നമ്മെ അറിയുന്നു. ഗുജറാത്തിഭാഷയിൽ പരിഷ്കാരം എന്ന വാക്കിന്റെ 'സദാചാരം' എന്നർത്ഥമാകുന്നു.

ഈ ചട്ടം ശരിയാണെങ്കിൽ, അനേകം ഗ്രന്ഥകാരന്മാർ വെളിപ്പെടുത്തിയിട്ടുള്ള പ്രകാരം, അന്യന്മാരിൽനിന്നും ഇന്ത്യയ്ക്കു പഠിക്കേണ്ടതായിട്ടു യാതൊന്നുമില്ല. അതു് ഇരിക്കേണ്ട ക്രമത്തിലിരിക്കുന്നു. മനസ്സ് വിശ്രമമില്ലാത്ത ഒരു പക്ഷിയെപ്പോലെയാണെന്നു നാം കാണുന്നു. കിട്ടുംതോറും പിന്നെയും പിന്നെയും വേണമെന്നുള്ള ആശ അതിനുണ്ടാകുന്നു; ഒരിക്കലും അലംഭാവം ഉണ്ടാകുന്നില്ല. നമ്മുടെ വികാരങ്ങൾക്കു നാം വശംവദരാകുംതോറും അതുകളുടെ ഗതിതടുക്കാൻ പാടില്ലാത്ത നിലയെ പ്രാപിക്കുന്നു. അതുകൊണ്ടു നമ്മുടെ പൂർവികന്മാർ

ഇന്ദ്രിയസുഖങ്ങൾക്ക് അതിരുകല്പിച്ചിട്ടുണ്ട്. സുഖം എന്നത് മനസ്സിന്റെ സ്ഥിതിയെയാണ് അധികവും ആശ്രയിച്ചിരിക്കുന്നതെന്ന് അവർകണ്ടു. ഒരുമനുഷ്യൻ പണക്കാരൻ ആണെന്നുവച്ച് അവൻ സുഖിയാകുന്നില്ല. നിർദ്ധനനായതുകൊണ്ടു ദുഃഖിതനുമാകുന്നില്ല. പണക്കാരെ മിക്കവാറും ദുഃഖിതന്മാരായിട്ടാണു കാണുന്നത്. അതുപോലെ തന്നെ നിർദ്ധനന്മാർ സുഖികളായിട്ടും കാണപ്പെടുന്നു. എല്ലാസമുദായത്തിലും നിർദ്ധനന്മാരുടെ സംഖ്യയാണു കൂടുതലുള്ളതു്. ഇതൊക്കെക്കണ്ടിട്ട് നമ്മുടെ പൂർവികന്മാർ സുഖാനുഭോഗങ്ങളിലും ഉല്ലാസങ്ങളിലും മുഴുകാതെ നമ്മെത്തടുത്തു. പലശതവർഷങ്ങൾക്കു മുമ്പുനാം ഉപയോഗിച്ചിരുന്ന കലപ്പകളെത്തന്നെ നാം ഇപ്പോഴും ഉപയോഗിക്കുന്നു. പൂർവകാലങ്ങളിൽ നമുക്കുണ്ടായിരുന്ന കുടിലുകളെ നാം ഇന്നും രക്ഷിച്ചു വരുന്നു. എന്നല്ല, നമ്മുടെ ദേശീയവിദ്യാഭ്യാസത്തിനും യാതൊരു ഭേദവും ഉണ്ടായിട്ടില്ല. ജീവനെ നശിപ്പിക്കുന്ന മാത്സര്യബുദ്ധി നമുക്കുണ്ടായിരുന്നില്ല. ഓരോരുത്തരും അവരവരുടെ സ്വന്തം ജോലികളേയോ വ്യാപാരങ്ങളെയോ ചെയ്ത്, മിതമായ ആദായത്തെ സ്വീകരിച്ചുവന്നു. നമുക്കു യന്ത്രങ്ങളെക്കണ്ടുപിടിക്കാൻ അറിഞ്ഞുകൂടാഞ്ഞിട്ടല്ല; ആ വിഷയത്തിൽ നമ്മുടെ ബുദ്ധിയെ വിനിയോഗിച്ചാൽ നാം അടിമത്വത്തിൽപെട്ട്, ധർമ്മചിന്തനത്തെ നശിപ്പിക്കുമെന്നു നമ്മുടെ പൂർവികന്മാർ മനസ്സിലാക്കിയതുകൊണ്ടു മാത്രമാണ്, നാം അതിലേക്കുദ്യമിക്കാഞ്ഞതു്. ആ ദീർഘദർശികൾ നമ്മുടെ കൈകാലുകളാൽ നിർവഹിക്കപ്പെടാവുന്നതിനെ മാത്രമേ ചെയ്തുകൂടു എന്നു സിദ്ധാന്തിച്ചു. നമ്മുടെ കൈകാലുകൾ ശരിയായ വഴിക്കു വിനിയോഗിക്കുന്നതിലാണ്, നമ്മുടെ സന്തോഷവും സൌഖ്യവും സ്ഥിതിചെയ്യുന്നതെന്ന് അവർ കണ്ടുപിടിച്ചു. കൂടാതെ വലിയ പട്ടണങ്ങൾ ഒരു മയക്കുവലയാണെന്നും, നിഷ്ഫലമായ ഒരു ഭാരമാണെന്നും, ജനങ്ങൾക്ക് അതിൽ

സുഖജീവിതത്തിന സൌകൎയ്യമില്ലെന്നും, അത്ത കൊള്ളക്കാരു ടേയും കള്ളന്മാരുടേയും വിളഭൂമിയാണെന്നും അവിടെ വ്യഭി ചാരവും ദുഷ്പ്രവൃത്തിയും വൎദ്ധിച്ചുകൊണ്ടിരിക്കുമെന്നും ധനിക ന്മാർ പാവപ്പെട്ടവരെ ദ്രോഹിക്കുമെന്നും, അവർഗ്രഹിച്ചു. ത ന്മൂലം അവർ ചെറിയഗ്രാമങ്ങളെക്കൊണ്ടു തൃപ്തന്മാരായിരുന്നു. രാജാക്കന്മാരും അവരുടെ ഖഡ്ഗശക്തിയും ധൎമ്മമാകുന്ന ശ ക്തിക്കുതാഴെയാണെന്നറിഞ്ഞിരുന്ന നമ്മുടെ പൂൎവ്വികന്മാർ, സ ന്യാസിമാരും ഋഷികളും, ലോകത്തിലുള്ള സകല രാജാക്കന്മാ രേക്കാറം ഉയൎന്നവരാണെന്നുകണ്ടു. ഇത്രമഹത്വമേറിയ ഒരു രാജ്യത്തിന് അന്യന്മാരെ പഠിപ്പിക്കാനല്ലാതെ, അന്യരിൽനി ന്നും പഠിക്കേണ്ടതായിട്ട് ഒന്നുംതന്നെഇല്ല. ഇവിടെ നീതി ന്യായക്കോടതികളും ന്യായാധിപന്മാരും വക്കീലന്മാരും വൈ ദ്യന്മാരും ഉണ്ടായിരുന്നു. പക്ഷെ, അതൊക്കെ ഒരതിരിനെ ആശ്രയിച്ചിരുന്നു. ഈ തൊഴിലുകൾക്ക് വിശേഷാൽ ശ്രേ ഷ്ഠതമൊന്നുമില്ലെന്ന് അവർ ഓരോരുത്തരും അറിഞ്ഞിരുന്നു. കൂടാതെ ഈ വക്കീലന്മാരും വൈദ്യന്മാരും ജനങ്ങളെക്കൊള്ള ചെയ്തിരുന്നില്ല. അവർ ജനങ്ങളുടെ ആശ്രിതന്മാരെന്നല്ലാ തെ ജനങ്ങളുടെ യജമാനന്മാരെന്ന കരുതപ്പെട്ടിരുന്നില്ല. നീ തിപാലനവും വളരെ ഭംഗിയിൽ നടന്നുവന്നു. കഴിയുന്നതും ന്യായക്കോടതികളിൽ പോകരുതെന്നായിരുന്ന പൊതുവിധി യും. ജനങ്ങളെക്കോടതികളിലേക്ക് ആകൎഷിക്കുന്നതിന ദല്ലാ ളികളും മററും അന്നുണ്ടായിരുന്നില്ല. ഈ ദോഷംതന്നെയും രാജധാനികളിലും അതിന്റെ പരിസരങ്ങളിലും മാത്രമേ ഉണ്ടാ യിരുന്നുള്ളൂ. പൊതുജനങ്ങൾ തങ്ങളുടെ കൃഷിജോലികളെ ക്കൊണ്ടു സ്വാശ്രയന്മാരായി ജീവിച്ചുവന്നു. യഥാൎത്ഥമായ സ്വരാജ്യത്തെ അവർ അനുഭവിച്ചു.

ഇന്നുംഈ ശപിക്കപ്പെട്ടനവീനപരിഷ്കാരം പരന്നിട്ടില്ലാ ത്ത സ്ഥലങ്ങളിൽ ഇന്ത്യയുടെ പഴയരീതി തെളിഞ്ഞുകാ

ണാവുന്നതാണു്. അവിടങ്ങളിലുള്ള ജനങ്ങാം നിങ്ങളുടെ ഈ പുതിയ അഭിപ്രായഗതികളിൽ ചിരിക്കതന്നെചെയ്യും. ഇംഗ്ലീഷുകാർ അവരേ ഭരിക്കുന്നില്ല; നിങ്ങാംക്കും അവരേ ഭരിക്കുന്നതിന്നു് ഒരു കാലത്തും സാധിക്കുന്നതല്ല. നാം ആരെ ഉദ്ദേശിച്ചു സംസാരിക്കുന്നുവോ അവരെ നമുക്കും, നമ്മെ അവക്കും അറിഞ്ഞുകൂടാ. നിങ്ങളും മാതൃഭൂമിയെ സ്നേഹിക്കുന്ന നിങ്ങളെപ്പോലുള്ളവരും റെയിൽപാതകളാൽ അശുദ്ധപ്പെട്ടിട്ടില്ലാത്ത നാട്ടുംപുറങ്ങളിൽചെന്നു ഒരാറുമാസമെങ്കിലും അവിടേ താമസിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അന്നു നിങ്ങാം രാജ്യഭക്തന്മാരാകും; സ്വരാജ്യവാഞ്ഛ നിങ്ങാംക്കുണ്ടാകയും ചെയ്യും.

വാസ്തവമായ പരിഷ്കാരമെന്നു ഞാൻ കരുതുന്നതു നിങ്ങാംക്കു് ഇപ്പോഠം മനസ്സിലായിരിക്കാം. മേൽവിവരിച്ചസ്ഥിതിയിൽനിന്നും വ്യതിചലിക്കാൻ ഇച്ഛിക്കുന്നവർ രാജ്യദ്രോഹികളും പാപിഷ്ഠന്മാരുമായിരിക്കും.

വായനക്കാരൻ:—ഇന്ത്യ നിങ്ങാം പറഞ്ഞവിധത്തിൽ ആയിരുന്നെങ്കിൽ ശരിതന്നെ. പക്ഷെ, മററുപ്രകാരത്തിലും കാണുന്നുണ്ടല്ലോ. അവിടെ ശിശുവിധവകാം അനവധിയുണ്ടു്; രണ്ടുവയസ്സുള്ള പെൺകുട്ടികളെ ഭർത്തൃമതികളായിക്കാണുന്നു; പന്ത്രണ്ടുവയസ്സുപ്രായമുള്ള പെൺകുട്ടികാം ഭാൎയ്യമാരായും തള്ളമാരായും ജീവിക്കുന്നു; സ്ത്രീകാം ബഹുഭർത്തൃത്വത്തെ സ്വീകരിച്ചുവരുന്നു; വിധവാവിവാഹത്തെ വെറുക്കുന്നു; മതത്തെപ്പഴിചാററിപ്പലസ്ത്രീകളുംവേശ്യാവൃത്തിയെ അവലംബിക്കുന്നു; മതത്തിൻെറ പേരുംപറഞ്ഞു് ആടുകളെക്കൊല്ലുന്നു. ഇതുകളും നിങ്ങളുടെ പരിഷ്കാരത്തിൻെറ ചിഹ്നങ്ങളായിക്കരുതുന്നുവോ?

പത്രാധിപർ—നിങ്ങാംക്കു തെററിപ്പോയി. നിങ്ങാംചൂണ്ടിക്കാണിച്ചന്യൂനതകാം ന്യൂനതകാംതന്നെ. പുരാതനപരിഷ്ക

രമാണെന്ന് അതിനെആരുംതെററിദ്ധരിക്കയില്ല. ആ പരിഷ്കാരത്തെകവിഞ്ഞുനില്ക്കുന്നതാണ്. അതിനെപ്പരിഹരിക്കുന്നതിന് എപ്പോഴും ശ്രമിക്കുന്നുണ്ട്. ആ ശ്രമത്തെ തുടർന്നുകൊണ്ടിരിക്കയുംചെയ്യും. നമുക്കണ്ടായിരിക്കുന്ന പുതിയ അറിവിനെ ആ ന്യൂനതകളെ നീക്കുന്നതിലേക്കു വിനിയോഗിക്കാം. എന്നാൽ പുതിയപരിഷ്കാരത്തിന്റെ ചിഹ്നങ്ങളായി ഞാൻ നിങ്ങൾക്കു ചൂണ്ടിക്കാണിച്ചുതന്നിട്ടുള്ളതിനെയെല്ലാം അതേപ്രകാരം അതിന്റെ പക്ഷക്കാരും സമ്മതിച്ചിട്ടുണ്ട്. ലോകത്തിൽ ഒരിടത്തും ഏതൊരുപരിഷ്കാരംകൊണ്ടും മനുഷ്യൻ പൂർണ്ണതയെ പ്രാപിച്ചിട്ടില്ല. ഇന്ത്യൻപരിഷ്കാരം ധർമ്മത്തെയും പാശ്ചാത്യപരിഷ്കാരം അധർമ്മത്തേയും പരത്തുന്നു. ഒടുവിൽ പറഞ്ഞതു നിരീശ്വരവും, ആദ്യത്തേതു ദൈവവിശ്വാസത്തിൽ പ്രതിഷ്ഠിച്ചതുമാകുന്നു. ഇപ്രകാരം അറിയുകയും വിശ്വസിക്കുകയും ചെയ്യുന്ന ദേശാഭിമാനിയായ ഏതൊരു ഇന്ത്യക്കാരനും, പാൽചുരന്നുനില്ക്കുന്ന മാതാവിന്റെ മുലയിൽകെട്ടിയണയുന്ന ശിശുവിനേപ്പോലെ, ഇന്ത്യൻപരിഷ്കാരത്തെ ആശ്ലേഷിക്കതന്നെ ചെയ്യും.

---

## അദ്ധ്യായം ൧൪.

---

### ഇന്ത്യയ്ക്കു മോചനമുണ്ടാകുന്നതെങ്ങനെ?

വായനക്കാരൻ:—പരിഷ്കാരത്തെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളെ ഞാൻ വിലവയ്ക്കുന്നു അതിനെക്കുറിച്ച് എനിക്കു ചിന്തിക്കേണ്ടതായിട്ടുണ്ട്. എല്ലാവിഷയങ്ങളും ഉടനടി ഗ്രഹിക്കാൻ പ്രയാസമാണ്. ഈ അഭിപ്രായങ്ങളെ മുൻ

നിൎത്തി, ഇന്ത്യയുടെ മുക്തിക്കു് ഏതുമാൎഗ്ഗത്തെയാണു നിങ്ങൾ നിൎദ്ദേശിക്കുന്നതു്?

പത്രാധിപർ:—എന്റെ അഭിപ്രായങ്ങളെ വെട്ടെന്നു സമ്മതിക്കണമെന്നു ഞാൻ പ്രതീക്ഷിക്കുന്നില്ല. നിങ്ങളെപ്പോലുള്ള വായനക്കാരോടു് എന്റെ അഭിപ്രായത്തെ പറയുന്നതു് എന്റെ കടമയാകുന്നു. ശേഷം ജോലികൾ കാലത്തിന്റെ ഗതിയെ അനുസരിച്ചു നടന്നുകൊള്ളും. ഇന്ത്യയുടെ മുക്തിക്കുള്ള മാൎഗ്ഗങ്ങളെക്കുറിച്ചു നാം മുമ്പേതന്നെ വിചിന്തനം ചെയ്തുകഴിഞ്ഞു. പക്ഷെ, അതു നേർവഴിയിൽക്കൂടി ആയിരുന്നില്ല. ഇനി നേരെ ചിന്തിക്കാം. രോഗകാരണം നീക്കിയാൽ രോഗം തനിയെ ശമിക്കുമെന്നുള്ളതു സൎവ്വവിദിതമാണു്. അതുപോലെ ഇന്ത്യയുടെ അടിമത്തത്തിനുള്ള കാരണത്തെ ഇല്ലാതാക്കിയാൽ ഇന്ത്യക്കു മോചനം സിദ്ധിക്കും.

വായനക്കാരൻ:—ഇന്ത്യൻപരിഷ്കാരം നിങ്ങൾ പറഞ്ഞതുപോലെ സൎവ്വോത്തമമാണെങ്കിൽ ഇന്ത്യയുടെ അടിമത്തത്തിനു് എന്തുകാരണമാണു നിങ്ങൾക്കു കാണിക്കാനുള്ളതു്?

പത്രാധിപർ:—ഈ പരിഷ്കാരം സൎവ്വപ്രധാനമാണെന്നുള്ളതിനു സന്ദേഹമില്ല. എന്നാൽ എല്ലാപ്പരിഷ്കാരങ്ങളിലും ന്യൂനതാംശങ്ങളുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ശാശ്വതമായ പരിഷ്കാരംമാത്രം അതിൽ നിലനിന്നുപോരുന്നു. ഭാരതസന്താനങ്ങൾ ദാരിദ്ര്യത്തിൽപ്പെട്ടതുകൊണ്ടു്, ഇന്ത്യൻപരിഷ്കാരം ആപൽദ്ദശയിൽ വന്നുപെട്ടിരിക്കുന്നു. എന്നാൽ ഈ ആപത്തിനെ എതിൎക്കാനുള്ള സാമൎത്ഥ്യത്തിൽനിന്നും അതിന്റെ ബലത്തെ അറിയണം. കൂടാതെ ഇന്ത്യക്കു് ഈ ആപത്തു ബാധിച്ചിട്ടില്ല. പാശ്ചാത്യപരിഷ്കാരം പിടികൂടിയിട്ടുള്ളവർമാത്രമേ അടിമത്തത്തിൽ അകപ്പെട്ടിട്ടുള്ളു. നമ്മുടെ ചെറിയ അടിയളവുകൊണ്ടു് നാം ലോകത്തെ അളക്കുന്നു. നാം അടിമകളാ-

യിരിക്കുന്നതിനാൽലോകം മുഴുവനും അടിമത്തത്തിലാണെന്നു വിചാരിക്കുന്നു. നാം താഴ്ന്ന നിലയിലിരിക്കുന്നതുകൊണ്ടു് ഇന്ത്യയടക്കംഅതേസ്ഥിതിയിലാണെന്നുകരുതുന്നു. വാസ്തവത്തിൽ അതങ്ങനെയല്ല. എങ്കിലും നമ്മുടെ അടിമത്തം ഇന്ത്യ ഒട്ടുക്കതേട്ടിയതാണെന്നുപറയാം. ഈ വാസ്തവത്തെ നാം മനസ്സിലാക്കി, നാം മോചിക്കപ്പെട്ടാൽ ഇന്ത്യയും മുക്തമാകുമെന്നുനമ്മുക്കുകാണാം. ഈ അഭിപ്രായത്തിൽനിന്നും സ്വരാജ്യത്തിന്റെ സ്വരൂപം നമുക്കുകിട്ടുന്നു. നമ്മേ ഭരിക്കാൻ നാം പഠിക്കുമ്പോൾ അതു സ്വരാജ്യമായി. അതുകൊണ്ടു സ്വരാജ്യം നമ്മുടെ ഉള്ളങ്കൈയിലാണിരിക്കുന്നതു്. ഈ സ്വരാജ്യത്തെ നിങ്ങൾ സ്വപ്നമായിക്കരുതണ്ട. വെറുതെ ഇരിക്കേണ്ട ഘട്ടമല്ലിതു്. നിങ്ങളുടേയും എന്റേയുംമുമ്പാകെ ഞാൻ വരച്ചുകാണിക്കാൻ ഇച്ഛിക്കുന്ന സ്വരാജ്യംഒരാവൃത്തി നാം അനുഭവിക്കുന്നതായാൽ നമ്മുടെ ആജീവനാന്തം അന്യന്മാരേക്കൂടി അതിലേക്കുപ്രേരിപ്പിക്കും. എന്നാൽ അപ്രകാരമുള്ള സ്വരാജ്യത്തെ ഓരോരുത്തരും അവരവരുടെ സ്വന്തംഅനുഭവത്തിൽ അറിയണം. മുങ്ങിച്ചാവാൻപോകുന്ന ഒരുവൻ മറ്റൊരുത്തനെ ഒരിക്കലും രക്ഷിക്കാൻ സാധിക്കുന്നതല്ല. നാമോഅടിമകൾ;ആസ്ഥിതിക്കു് അന്യന്മാരെമോചിപ്പിക്കാനായിട്ടുള്ളനമ്മുടെശ്രമംകേവലം നടിപ്പാണത്രെ. ഇംഗ്ലീഷുകാരെ ഓട്ടിക്കാൻ നാം വ്രതംപിടിക്കേണ്ട ആവശ്യമില്ലെന്നു് ഇപ്പോൾ നിങ്ങൾമനസ്സിലാക്കിയിരിക്കും. ഇംഗ്ലീഷുകാർ ഇന്ത്യക്കാരായിത്തീർന്നാൽ, അവർക്കു സ്ഥലംകൊടുക്കാം. നേരേമറിച്ചു് അവരുടെ പരിഷ്കാരത്തോടുക്കൂടിയാണു് ഇന്ത്യയിൽ വസിക്കണമെന്നു് ഇച്ഛിക്കുന്നതെങ്കിൽ അവർക്കു് ഇവിടെസ്ഥലം അനുവദിക്കുന്നതല്ല. ഈ സ്ഥിതികളെ സ്ഥിരീകരിക്കേണ്ടമാർഗ്ഗം നമ്മിൽതന്നെ സ്ഥിതിചെയ്യുന്നു.

വായനക്കാരൻ:—ഇംഗ്ലീഷുകാർക്കു് ഒരിക്കലും ഇന്ത്യരെപ്പോലെയാകുന്നതിന്നു സാധിക്കുന്നതല്ല.

പത്രാധിപർ:—അങ്ങനെ പറയുന്നതു് ഇംഗ്ലീഷുകാർക്കു മനുഷ്യസ്വഭാവം ഇല്ലെന്നുപറയുന്നതുപോലെയാണു്. അവർ ഇന്ത്യക്കാരാകുന്നതും ആകാതിരിക്കുന്നതും നമ്മുടെ കാൎയ്യമല്ല. നമ്മുടെ ഗൃഹത്തെ നാം ശരിപ്പെടുത്തിവയ്ക്കുമെങ്കിൽ തദനുഗുണന്മാർ മാത്രമേ അവിടെത്തങ്ങുകയുള്ളു. മററുള്ള വർതനിയേ ഒഴിഞ്ഞുപൊയ്ക്കൊള്ളും. ഇത്തരംസംഭവങ്ങൾ നമ്മളിൽ അധികംപേരും അനുഭവിച്ചറിഞ്ഞിട്ടുണ്ടായിരിക്കും.

വായനക്കാരൻ:—എന്നാൽ, അതു ചരിത്രത്തിൽ കാണുന്നില്ല.

പത്രാധിപർ:—ചരിത്രത്തിൽ സംഭവിക്കാത്തതു മേലിൽ ഉണ്ടാകയില്ലെന്നു വിചാരിക്കുന്നതു മനുഷ്യന്റെ മനസ്സാക്ഷിയെ അവിശ്വസിക്കുന്നതുപോലെയാണു്. എന്തുതന്നെയായാലും, നമ്മുടെമനസ്സാക്ഷിക്കു ശരിയെന്നുതോന്നുന്നതിനെ ചെയ്യേണ്ടതാണു നമ്മുടെകടമ. 'എല്ലാരാജ്യങ്ങളും ഒരേസ്ഥിതിയിൽ വൎത്തിക്കുന്നില്ല. ഇന്ത്യയുടെസ്ഥിതി നിസ്തുല്യമാകുന്നു. അതിന്റെശക്തിക്കു് അതിരില്ല. അതുകൊണ്ടു്, നമുക്കുവിദേശചരിത്രങ്ങളെക്കുറിച്ചു ചിന്തിക്കേണ്ടആവശ്യമില്ല. അന്യപരിഷ്കാരങ്ങളെല്ലാം നശിക്കവെ, ഇന്ത്യൻപരിഷ്കാരം പലേവിഘാതങ്ങളേയുംജയിച്ചുജീവനോടുകൂടനിലനിന്നുപോരുമെന്നുഞാൻ മുമ്പുസൂചിപ്പിച്ചിട്ടുണ്ടു്.

വായനക്കാരൻ:—ഞാൻ അതിനെ വിശ്വസിക്കുന്നില്ല. ആംഗ്ലേയരെ ആയുധബലംകൊണ്ടു് ഓട്ടിക്കണമെന്നുള്ളതിൽ സംശയമില്ല. അവർ ഇന്ത്യയിലുള്ളിടത്തോളം നമുക്കു സ്വാതന്ത്ര്യമായി ജീവിക്കാൻ പ്രയാസമാണു്. അടിമകൾ സ്വപ്നേപിസുഖം അനുഭവിക്കുന്നതല്ലെന്നു നമ്മുടെ ഒരു പൂൎവികകവി അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇംഗ്ലീഷുകാരുടെ സാന്നിദ്ധ്യത്താൽ നാം നാൾക്കുനാൾ ബലഹീനന്മാരായി ഭവിക്കുന്നു. നമ്മുടെ ഐശ്വൎയ്യംനശിച്ചു. നമ്മുടെ ആളുകൾ ഭയവിഹ്വല

ന്മാരായി ഭവിച്ചിരിക്കുന്നു. ഇംഗ്ലീഷുകാർ ഈ നാട്ടിന്ന് ഒരു പകച്ച്വവ്യാധിയായിത്തീൎന്നിരിക്കയാണ്. അതിനെ ഒഴിക്കാൻ നാം സൎവ്വാത്മനാശ്രമിക്കതന്നെവേണം.

പത്രാധിപർ:—നിങ്ങളുടെ മനഃക്ഷോഭത്തിൽ നാം വിചിന്തനം ചെയ്തുവന്നതിനെയെല്ലാം നിങ്ങൾ മറന്നുകളഞ്ഞു. നാം ഇംഗ്ലീഷുകാരെ ക്ഷണിച്ചുവരുത്തി; നാം അവരെ താമസിപ്പിച്ചിരിക്കുന്നു. അവരുടെ പരിഷ്ക്കാരത്തെനാം പകൎത്തുന്നതാണ്, അവരുടെ സ്ഥിരപ്രതിഷ്ഠയ്ക്കുകാരണം. അതിനെ എന്തുകൊണ്ടു നിങ്ങൾ മറന്നുകളയുന്നു? അവരിൽ നിങ്ങൾക്കുണ്ടായിരിക്കുന്ന പക അവരുടെ പരിഷ്ക്കാരത്തിൽ വേണ്ടതാണെന്നുവയ്ക്കുക! എങ്കിൽ നിങ്ങളുടെ പ്രവൃത്തിഎന്തായിരിക്കും ?

വായനക്കാരൻ:—ഇററലിക്കാർ ചെയ്തതുപോലെചെയ്യണം. മാസ്സിനി, ഗ്യാരിബാൽഡി എന്നിവൎക്കു ചെയ്വാൻ കഴിഞ്ഞതുനമ്മെക്കൊണ്ടും സാധിക്കും. അവർ വലിയ ആളുകളാണെന്നുള്ളതിനെ നിങ്ങൾക്കു വിസംവദിച്ചുകൂടാ.

---

# അദ്ധ്യായം ൧൫.

---

## ഇററലിയും ഇന്ത്യയും.

പത്രാധിപർ:—നിങ്ങൾ ഇററലിയെ ഉദാഹരിച്ചതു് ഉചിതമായി. മാസ്സിനി ഒരു വലിയ മഹാനും ഗ്യാരിബാൽഡി ഒരു യുദ്ധവീരനും ആയിരുന്നു. രണ്ടുപേരും പൂജ്യന്മാരാണ്. അവരുടെ ജീവചരിത്രത്തിൽ നിന്നും നമുക്കവളരെപ്പഠിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇററലിയുടെ സ്ഥിതി ഇന്ത്യയുടേതിൽനിന്നു വ്യത്യസ്തമാണ്. ഒന്നാമതായി മാസ്സിനി

യും ഗ്യാരിബാൽഡിയും തമ്മിലുള്ള വ്യത്യാസത്തെപ്പററിച്ചിന്തിക്കാം. ഇററലിയെ സംബന്ധിച്ച മാസ്സിനിയുടെ ആഗ്രഹം അന്നുംഇന്നും ഫലപ്പെട്ടിട്ടില്ല. മാസ്സിനി എഴുതിയ 'മനുഷ്യരുടെകടമ' എന്ന പുസ്തകത്തിൽ, ഓരോ മനുഷ്യനും തന്നെത്താൻ ഭരിക്കാൻ പഠിക്കേണ്ടതാണെന്നു കാണിച്ചിട്ടുണ്ട്. ഇററലിയിൽ അങ്ങനെസംഭവിച്ചില്ല. മാസ്സിനിയുടെ ഈ അഭിപ്രായത്തെ ഗ്യാരിബാൽഡി കൈക്കൊണ്ടില്ല. ഗ്യാരിബാൽഡി ഓരോഇററലിക്കാരനേയും ആയുധംഎടുപ്പിച്ചു. ഇററലിയും ആസ്ത്രിയായും ഒരേ പരിഷ്കാരത്തെ കൈക്കൊണ്ടിരുന്നു. ഈ വിഷയത്തിൽ അവർസംബന്ധികളാണു്. അതു പകരത്തിനു പകരംചെയ്യുന്നതായിരുന്നു. ഗ്യാരിബാൽഡിക്ക് ഇററലി, ആസ്ത്രിയായുടെ അനീതിയിൽനിന്നും മോചിക്കപ്പെടണം എന്നു മാത്രമെ ആഗ്രഹമുണ്ടായിരുന്നുള്ളു. മന്ത്രി കവൂറിൻെറ തന്ത്രങ്ങൾ അക്കാലത്തെ ഇററലിച്ചരിത്രഭാഗത്തേക്കു് അപഖ്യാതികരങ്ങളായിരിക്കുന്നു. അതുകൊണ്ടെന്തുഫലിച്ചു? ഇററലിയെ ഇററാലിയർ ഭരിക്കുന്നു എന്ന കാരണത്താൽ ഇററലിക്കാർ സുഖമായിവത്തിക്കുന്നു എന്നു നിങ്ങൾ കരുതുന്നുണ്ടെങ്കിൽ അതുതെററാണു്. ഇററലി മോചിക്കപ്പെട്ടിട്ടില്ലെന്നു മാസ്സിനിതന്നെ വെളിപ്പെടുത്തിയിരിക്കുന്നു. ആ വാക്കിന്നു് വിക്ററർ എമാനുവൽ ഒരത്ഥംകല്പിച്ചു. മാസ്സിനി മറെറാരു തരത്തിൽ വ്യാഖ്യാനിച്ചു. എമാനുവൽ, കവൂർ, ഗ്യാരിബാൽഡി ഇവരുടെ അഭിപ്രായപ്രകാരം ഇററലിയെന്നാൽ അവിടുത്തെ രാജാവും അദ്ദേഹത്തിൻെറ ഉദ്യോഗസ്ഥമണ്ഡലവും എന്നു് അത്ഥംസിദ്ധിച്ചു. മാസ്സിനിയുടെ അഭിപ്രായം ഇററാലിയന്മാരെല്ലാം, അതായതു് അതിൻെറ വ്യവസായികൾ, എന്നുള്ള അത്ഥത്തിലാണ്. എമാനുവൽ അതിൻെറ ദാസൻമാത്രമാണ്. മാസ്സിനിയുടെ ഇററലിഇന്നും അടിമത്തത്തിൽ വത്തിക്കുന്നു. ദേശീയസമരം നടന്നകാലത്തു് അതു രണ്ടുതുല്യരാജാക്കന്മാർ ത

ത്തിലുള്ള ചതുരംഗക്കളിപോലെ ഇരുന്നു. ഇററലിയിലെ ജന
ങ്ങൾ പാപ്പരായവസ്ഥയനുഭവിച്ചു. ആ നാട്ടിലെ തൊഴിലാളി
കൾ ഇന്നും സങ്കടം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതുകൊ
ണ്ടു് അവർ കൊലചെയ്കയും കലക്കം ഉണ്ടാക്കയും ചെയ്യുന്നു.
അവർ എപ്പോഴും കലഹപ്രിയന്മാരായിരിക്കുന്നു. ആസ്ത്രീയൻ
സൈന്യങ്ങൾ പിന്തിരിഞ്ഞതിൽപിന്നെ ഇററലിക്കു് യഥാ
ർത്ഥമായഫലംഎന്താണുസിദ്ധിച്ചതു്? നാമമാത്രഫലമേസിദ്ധി
ച്ചുള്ളൂ. ഏതൊരു സമാധാനത്തെ ഉദ്ദേശിച്ചുപോർനടന്നതായി
പറയപ്പെടുന്നുവോ ആ സമാധാനം ഇതുവരെസിദ്ധിച്ചിട്ടില്ല.
ജനങ്ങളുടെ പൊതുവെയുള്ളസ്ഥിതി ഇന്നും അന്നത്തെപ്പോലെ
തന്നെയിരിക്കുന്നു. ഇന്ത്യയിൽ അങ്ങനെഒരുസ്ഥിതിഏർപ്പെട്ട
ത്താൻനിങ്ങൾ ആഗ്രഹിക്കുന്നില്ലെന്നുഞാൻ ബലമായിവിശ്വ
സിക്കുന്നു. ഇന്ത്യയിലുള്ള അനേകംകോടിജനങ്ങൾസുഖമായി വ
സിക്കണമെന്നേ നിങ്ങൾ ഇച്ഛിക്കുന്നുള്ളൂ. ഭരണാധികാരം നി
ങ്ങളുടെകയ്യിൽ കിട്ടണമെന്നുനിങ്ങൾ ആശിക്കുന്നില്ലല്ലോ? ആ
സ്ഥിതിക്കു് ഒരുകാര്യംമാത്രമേ നാം ഗണിക്കേണ്ടതായിട്ടുള്ളൂ.
ഈ അനേകംകോടിജനങ്ങൾക്കു് എങ്ങനെസ്വയംഭരണംകിട്ടും?
ഇന്ത്യയിലെ പലരാജാക്കന്മാരുടെ കീഴിലുള്ള ജനങ്ങൾ സങ്ക
ടം അനുഭവിക്കുന്നുണ്ടെന്നു നിങ്ങൾ സമ്മതിക്കും. അ
വരുടെ ഭരണം ഇംഗ്ലീഷ് ഭരണത്തെക്കാൾ അനീതി
പരമാണു്. അപ്രകാരമുള്ള അനീതിയെ നിങ്ങൾ ഇന്ത്യ
യ്ക്കുവേണ്ടി ആഗ്രഹിക്കുന്നുവെങ്കിൽ നമുക്കുതമ്മിൽ അഭിപ്രാ
യസാമ്യമുണ്ടാകുന്നതല്ല. ഇംഗ്ലീഷുകാർ പിൻവാങ്ങുന്ന മാത്ര
യിൽ, ഇന്ത്യൻരാജാക്കന്മാരുടെഅനീതിഭരണത്തിൻകീഴിൽ ജ
നങ്ങളെ സങ്കടമനുഭവിപ്പിക്കുന്നതിലേക്കു് എന്റെ ദേശാഭിമാ
നം എന്നെ ഉപദേശിക്കുന്നില്ല. എനിക്കു ശക്തിയുണ്ടായിരു
ന്നാൽ, ഇംഗ്ലീഷുകാരുടെകടുംകൈകളെഎന്നപോലെ, ഇന്ത്യൻ
രാജാക്കന്മാരുടെ കടുംകൈകളെയും ഞാൻ എതിർത്തെന്നെ ചെ

ല്യം. ദേശാഭിമാനം എന്നത്, പൊതുജനഗുണകാംക്ഷ എന്നാണു ഞാൻ ഉദ്ദേശിച്ചിരിക്കുന്ന അർത്ഥം. അതു് എനിക്ക് ഇംഗ്ലീഷുകാരിൽ നിന്നും ലഭിച്ചാൽ ഞാൻ അവക്കു തലകുനിക്കും. ഏതൊരു ഇംഗ്ലീഷുകാരൻ അനീതിയെ എതിർത്തു്, രാജ്യസേവനം ചെയ്തു്, ഇന്ത്യയുടെ മുക്തിക്കായിട്ടു ജീവിതത്തെ അർപ്പിക്കുന്നു, അയാളെ ഒരു ഇന്ത്യക്കാരനായി ഞാൻ സ്വീകരിക്കും.

കൂടാതെ ഇന്ത്യയ്ക്കു് ഇററലിയെപ്പോലെ ആയുധസമൃദ്ധിയുണ്ടെങ്കിൽമാത്രമേ യുദ്ധംചെയ്യാൻ സാധിക്കയുള്ളു. അതിനെക്കുറിച്ചു നിങ്ങൾ ചിന്തിച്ചിട്ടേയില്ല. ഇംഗ്ലീഷുകാർ ആയുധസമ്പന്നന്മാരാണു്. എന്നുവച്ചു് എനിക്ക് അതിൽ ഭയമില്ല. എന്നാൽ അവരോടു ആയുധംകൊണ്ടു യുദ്ധംചെയ്യണമെങ്കിൽ ഇന്ത്യക്കാരിൽ ഭൂരിപക്ഷം ആയുധപാണികളാകണമെന്നുള്ളതിനു തക്കമില്ല. ആ സ്ഥിതിയിൽ എത്തുന്നതിന് എത്രയോ കൊല്ലങ്ങൾ കഴിയണം! കൂടാതെ ഇന്ത്യയിൽ അത്രവളരെ ആയുധം വർദ്ധിപ്പിക്കുന്നതു് അതിനെ യൂറോപീകരിക്കയാണു്. അപ്പോൾ ഇന്ത്യയുടെസ്ഥിതി യൂറോപ്പിനെഅപേക്ഷിച്ചു പരിതാപകരമായിരിക്കും. ചുരുക്കത്തിൽ പാശ്ചാത്യപരിഷ്കാരത്തെ ഇന്ത്യ സ്വീകരിക്കുന്നുഎന്നാണ് അതിൻെറ അർത്ഥം. നമ്മുടെ ആഗ്രഹം അതാണെങ്കിൽ അപ്പരിഷ്കാരത്തിൽ ചിരപരിചിതന്മാരായിട്ടുള്ളവരെ നമ്മുടെ ഇടയിൽവച്ചുകൊണ്ടിരിക്കുന്നതാണു നല്ലതു്. അങ്ങനെയാണെങ്കിൽ നമ്മുടെ ചില അവകാശങ്ങൾക്കുവേണ്ടിമാത്രം വഴക്കടിച്ചും, കിട്ടുന്നിടത്തോളം സ്വീകരിച്ചും ഈ സ്ഥിതിയിൽതന്നെ കഴിഞ്ഞുകൂടാം. എന്നാൽ പരമാർത്ഥത്തിൽ ഇന്ത്യക്കാർ ആയുധത്തെ സ്വീകരിക്കയില്ല. അതാണുവേണ്ടതും.

വായനക്കാരൻ:—നിങ്ങളുടെ വിഷയവിചിന്തനം കുമാർഗ്ഗങ്ങളെ ആശ്രയിക്കുന്നു. എല്ലാവരും ആയുധപാണികളാകേണ്ട ആവശ്യമില്ല. ആദ്യം നമുക്ക് ഏതാനും ഇംഗ്ലീഷുകാ

രെക്കൊണ്ടു ഭയത്തെ വളൎത്തണം. പിന്നീട്ട് ആയുധപാണികളായ ചിലർ നേരിട്ടുയുദ്ധംചെയ്യണം; കഷ്ടിച്ചു രണ്ടോ മൂന്നോലക്ഷം ജനങ്ങൾ നഷ്ടമാകും; നമ്മുടെരാജ്യം നമുക്കു വീണ്ടെടുക്കുകയുംചെയ്യാം. കൊള്ളയും കൊലയും നടത്തിവേണം നമുക്ക് ഇംഗ്ലീഷുകാരേ അടക്കേണ്ടതു്.

പത്രാധിപർ—അതായതു് ഈ പുണ്യഭൂമിയായ ഭാരതത്തെനിങ്ങൾ അശുദ്ധപ്പെടുത്തണമെന്ന് ആശിക്കുന്നു. കൊലകൾനടത്തി ഇന്ത്യയെ മോചിക്കണമെന്നു വിചാരിക്കുന്നതിൽ നിങ്ങൾക്ക് നടുക്കമുണ്ടാകുന്നില്ലേ? നാം ചെയ്യേണ്ടതെന്തെന്നാൽ നമ്മെത്തന്നെ കൊല്ലുകയാണു്, അന്യന്മാരെ കൊല്ലണമെന്നുള്ളവിചാരം ഭീരുത്വത്തിന്റെലക്ഷണമാകുന്നു. കൊലനടത്തി ആരെമോചിപ്പിക്കണമെന്നുനിങ്ങൾ വിചാരിക്കുന്നുവോ ആ ഇന്ത്യക്കാർ അതിനെ ആഗ്രഹിക്കുന്നില്ല. കഥയില്ലാത്ത നവീനപരിഷ്കാരത്തിന്റെ ലഹരികൊണ്ടു് ഉന്മത്തന്മാരായിട്ടുള്ളവർ ഇങ്ങനെയുള്ള വിഷയങ്ങളെക്കുറിച്ചു ചിന്തിക്കും. കൊലചെയ്തു് അധികാരത്തെ സ്വീകരിക്കുന്നവൎക്കു്, നിശ്ചയമായി ജനങ്ങളെ സുഖപ്പെടുത്താൻ സാധിക്കയില്ല. * ധിംഗ്റയുടെ പ്രവൃത്തിയും ഇന്ത്യയിലെ അതുപോലുള്ള മററുചെയ്യുന്നവകളും കൊണ്ടു് ഇന്ത്യയ്ക്കു നന്മയുണ്ടായതായിക്കരുതുന്നവർ പെരുംകുററംചെയ്യുന്നു. ധിംഗ്റ ഒരു ദേശഭക്തനാണു്. എന്നാൽ അയാളുടെ ഭക്തി അന്ധഭക്തിയാണത്രെ. അയാൾ സ്വന്തം ശരീരത്തെ തെററായവഴിക്കു നഷ്ടപ്പെടുത്തി; അതിന്റെ അവസാനഫലം ദൂഷ്യകരമാണു്.

വായനക്കാരൻ—എന്നാൽ ഇംഗ്ലീഷുകാർ ഈ കൊലകൾനിമിത്തം ഭയപ്പെട്ടവരായി എന്നും മാർളിപ്രഭുവിന്റെപ

* സർ കഴ്സൺവില്ലിയെ ലണ്ടനിൽവച്ചു വെടിവച്ചു കൊന്ന മദനലാൽ ധിംഗ്റ

രിഷ്ക്കാരങ്ങൾ ഭയത്തിന്റെ ഫലമാണെന്നും നിങ്ങൾ സമ്മതിക്കും.

പത്രാധിപർ—ഇംഗ്ലീഷുകാർ ഭീരുക്കളും എന്നാൽ ധൈര്യവാന്മാരുമാണ്. വെടിമരുന്നുപ്രയോഗിച്ചാൽ അവർ എളുപ്പത്തിൽ ഭയപ്പെട്ടുമെന്ന് എനിക്കുതോന്നുന്നു. മാർളിപ്രഭു പക്ഷെ ഭയത്താൽവശപ്പെട്ടതായിരിക്കാം. എന്നാൽ ഭയപ്പെട്ട തന്നാത്തു് ആ ഭയംഉള്ളിടത്തോളമേ നിലനിത്താൻസാധിക്കൂ.

---

## അദ്ധ്യായം ൧൬.

### മൃഗീയശക്തി

വായനക്കാരൻ—ഭയപ്പെട്ടതന്നാത്തു് ആ ഭയംഉള്ളിടത്തോളമേ നിലനിൽക്കു എന്നു പറയുന്നതു് ഒരു പുതിയ സിദ്ധാന്തമാണ്. നിശ്ചയമായി, തന്നതിനെത്തിരിച്ചുവാങ്ങാൻ സാധിക്കുന്നതല്ല.

പത്രാധിപർ— അങ്ങനെയല്ല; ൧൮൫൭-ലെ രാജകീയ വിളംബരം ഒരു കലഹാനന്തരം, സമാധാനത്തെ ഏൎപ്പെടുത്തുന്നതിനായി ചെയ്യപ്പെട്ടതാണ്. സമാധാനംഉണ്ടായി ജനങ്ങളും ശാന്തന്മാരായതിനുശേഷം അതിലെ പ്രസ്താവനങ്ങൾക്ക് അഴിവുനേരിട്ടു. ശിക്ഷയെ ഭയന്നു ഞാൻ മോഷണത്തെ നിൎത്തുന്നതായാൽ ആ ഭയം എന്നെ വിട്ടുപിരിയുന്ന മാത്രയിൽ ഞാൻ വീണ്ടും ആ തൊഴിലിനെ തുടരുന്നതാണ്. ഇതുലോകാനുഭവമാണത്രെ. ബലപ്രയോഗത്താൽ മനുഷ്യരെക്കൊണ്ടുകാൎയ്യങ്ങൾ നടത്താമെന്നു നാം ഊഹിക്കുന്നു. തന്നിമിത്തം നാം ബലത്തെ ഉപയോഗിക്കുന്നു.

വായനക്കാരൻ—നിങ്ങൾ നിങ്ങൾക്കവിരോധമായിട്ടുതന്നെ സംസാരിക്കുന്നു. ഇംഗ്ലീഷുകാൎക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ മൃഗീയബലത്താൽ സാധിച്ചിട്ടുള്ളതാണെന്നു നിങ്ങൾക്കു് അറിവുണ്ടല്ലോ. അവരുടെ നേട്ടം നിഷ്ഫലമാണെന്നു നിങ്ങൾ പറയുമായിരിക്കാം. എന്നാൽ ആ സംഗതി എന്റെ ന്യായത്തെ സംബന്ധിക്കുന്നില്ല. അവർ ഫലമില്ലാത്ത സ്വത്തിനെ ആശിച്ചു; അതിനെ സമ്പാദിക്കുകയുംചെയ്തു; അവർ ആശിച്ചതിനെ സാധിച്ചു എന്നുള്ളതാണു് എന്റെ നോട്ടം. അവർ ഏതൊരുപായത്തെ കൈക്കൊണ്ടാലെന്തു്? ന്യായപരമായ നമ്മുടെ ഉദ്ദേശം ഏതുപായം കൊണ്ടെങ്കിലും, ക്രൂരപ്രവൃത്തികളെക്കൊണ്ടെങ്കിലും, സാധിച്ചുകൂടാത്തതെന്തുകൊണ്ടു്? ഗൃഹത്തിൽ കയറിയ കള്ളനെ പായിക്കുന്നതിനു വഴികൾ ആലോചിച്ചുംകൊണ്ടിരിക്കാറുണ്ടോ? ഏതൊരുപ്രകാരത്തിലെങ്കിലും അവനെ ഓട്ടിക്കേണ്ടതാണു് എന്റെ കടമ. ഹർജികൾകൊണ്ടു നമുക്കു് ഒരു നന്മയും ലഭിച്ചിട്ടില്ലെന്നും ലഭിക്കയില്ലെന്നും നിങ്ങൾ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. ആ സ്ഥിതിക്കു എന്തുകൊണ്ടു മൃഗീയശക്തിയെ ഉപയോഗിച്ചു് നമ്മുടെ ലക്ഷ്യത്തെ പ്രാപിച്ചുകൂടാ? നമുക്കു സിദ്ധിച്ചതിനെ സൂക്ഷിക്കുന്നതിനു് ആ ശക്തി ആവശ്യമുള്ളിടത്തോളം ഉപയോഗപ്പെടുത്തി ഭയത്തെ ഉണ്ടാക്കിക്കൊണ്ടിരിക്കാം. തീയിൽ പാടാൻ തുടങ്ങുന്ന ഒരു ശിശുവിനെ തടുക്കുന്നതിനു ഭയപ്പെടുത്തലിനെ പ്രയോഗിക്കുന്നതിൽ നിങ്ങൾക്കു് ആക്ഷേപമില്ലല്ലോ. എങ്ങനെയെങ്കിലും നമ്മുടെ അഭിലാഷത്തെ നാം സാധിക്കതന്നെ വേണം.

പത്രാധിപർ—നിങ്ങളുടെ ന്യായം ബഹുക്ഷേമമായി അതു പലരെയും അബദ്ധത്തിലാക്കിയിട്ടുണ്ടു്. പണ്ടു ഞാനും ഇത്തരം ന്യായങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇന്നു് അന്നത്തേതിൽ നിന്നും കൂടുതൽ വിവരങ്ങൾ ഗ്രഹിച്ചിട്ടുണ്ടു

നാണു് എൻെറ വിശ്വാസം. അതിനാൽ നിങ്ങളുടെ ദുർമ്മോഹത്തെ നിവൃത്തിക്കുന്നതിനു ശ്രമിക്കാം. ഇംഗ്ലീഷുകാർ അവരുടെ ലക്ഷ്യങ്ങൾ മൃഗീയശക്തികൊണ്ടു സാധിച്ചതിനാൽ നമുക്കും അതേവിധത്തിൽ പ്രവർത്തിക്കാമെന്ന ന്യായത്തെക്കുറിച്ചു ആദ്യമായി ചിന്തിക്കാം. അവർ മൃഗീയശക്തി ഉപയോഗിച്ചുവെന്നും നമുക്കും അപ്രകാരംചെയ്യാമെന്നുമുള്ളതു വളരെ വാസ്തവംതന്നെ. എന്നാൽ ആ മാർഗ്ഗത്തെ അനുഷ്ഠിച്ചാൽ അവർക്കു സിദ്ധിച്ച ഫലമായിരിക്കും നമുക്കും സിദ്ധിക്കുന്നതു്. അതിനെ നാം ആഗ്രഹിക്കുന്നില്ലെന്നു നിങ്ങൾ സമ്മതിക്കുമല്ലോ. ഉപായത്തിനും ഉദ്ദിഷ്ടത്തിനും സംബന്ധമില്ലെന്നു നിങ്ങൾ കരുതുന്നതു തെററാണു്. ആ തെററായ കരുതലിനാൽ മതാനുയായികൾ എന്നു കരുതപ്പെടുന്നവരിൽതന്നെ പലർ ഘോരംകുററങ്ങൾക്കു പാത്രീഭവിച്ചിട്ടുണ്ടു്. നിങ്ങളുടെ ന്യായം വിഷച്ചെടിയെ നട്ടുവളർത്തി റോസാപ്പുഷ്പത്തെപ്പറിച്ചെടുക്കാമെന്നു പറയുന്നതുപോലെയിരിക്കുന്നു. എനിക്കു് ഒരു സമുദ്രത്തെ കടക്കേണ്ടിയിരുന്നാൽ ഒരു കപ്പലിൻെറ ആവശ്യം കൂടിയേകഴിയൂ. കപ്പലിനുപകരം ഒരു വണ്ടി ആണു് ഉപയോഗിക്കുന്നതെങ്കിൽ വണ്ടിയും ഞാനും സമുദ്രത്തിനടിയിലായിരിക്കും ചെന്നെത്തുന്നതു്. "ദൈവം എങ്ങനെയോ അങ്ങനെ പൂജകനും." എന്നൊരു പഴഞ്ചൊല്ലുള്ളതു സ്മത്തവ്യമാണു്. അതിൻെറ അർത്ഥത്തെ തെററിച്ചുമനുഷ്യർ ദുഷിച്ചുപോയി. ഉപായത്തെ വിത്തിനോടുപമിക്കാം. ഉദ്ദിഷ്ടത്തെ വൃക്ഷത്തോടു സാമ്യപ്പെടുത്താം. വിത്തിനും വൃക്ഷത്തിനും ഉള്ള സംബന്ധമാണു് ഉപായത്തിനും ഉദ്ദിഷ്ടത്തിനും മദ്ധ്യേ ദൃഢീഭൂതമായിരിക്കുന്നതു്. ചാത്തനെ വന്ദിക്കുന്നതിൽ നിന്നും ദൈവത്തെ വന്ദിക്കുന്ന ഫലം എനിക്കു ലഭിക്കാൻ പ്രയാസമാണു്. അതുകൊണ്ടു്, "എനിക്കു ദൈവത്തെ വന്ദിക്കണം; അതു ചാത്തൻെറ വഴിനിവർത്തിക്കപ്പെടാം."എന്നൊരെങ്കി

ലും പറയുന്നതായാൽ അതു് അറിവില്ലായ്മയാണെന്നു് കരുതേണ്ടതാണു്. നാം വിതച്ചതു കൊയ്യുന്നു. ൧൮൩൨-ൽ ഇംഗ്ലീഷുകാർ ബലപ്രയോഗത്താൽ പൂർണ്ണമായ 'വോട്ടു'' സ്വാതന്ത്ര്യം സമ്പാദിച്ചു. അവർ മൃഗീയശക്തിയെ ഉപയോഗിച്ചതുകൊണ്ടു തങ്ങളുടെ കടമയെ വഴിപോലെ നിറവേററുകയാണോ ചെയ്തതു് അവർ 'വോട്ടു' സ്വാതന്ത്ര്യത്തെ ഇച്ഛിച്ചു; മൃഗീയശക്തിയെ ഉപയോഗിച്ചു് അവർ അതിനെ സമ്പാദിച്ചു. എന്നാൽ കടമയെ അനുഷ്ഠിക്കുന്നതിന്റെ ഫലമായി യഥാർത്ഥമായ അവകാശങ്ങൾ ലഭിക്കും. അപ്രകാരമുള്ള അവകാശങ്ങൾ അവർക്കു സിദ്ധിച്ചിട്ടില്ല. ഇങ്ങനെ ഓരോരുത്തർ "വോട്ടു" വേണമെന്നു മുറവിളിക്കുന്നതും തങ്ങളുടെ അവകാശങ്ങളെ ആവശ്യപ്പെടുന്നതുമായ "തമാശ'കൾ നാം ഇംഗ്ലണ്ടിൽ കാണുന്നു; ഒരുത്തനെങ്കിലും തന്റെ കടമയെക്കുറിച്ചു ചിന്തിക്കുന്നില്ല. ഓരോരുത്തരും അവകാശത്തെ ചോദിക്കുമ്പോൾ ആരു് ആർക്കുകൊടുക്കും? അവർ തങ്ങളുടെ കടമയെ ഒരിക്കൽപോലും ചെയ്യുന്നില്ലെന്നു പറവാൻ ഞാൻ ഇച്ഛിക്കുന്നില്ല. എന്നാൽ അവകാശങ്ങൾക്കു് അനുഗുണമായ കടമയെ അവർ ചെയ്യുന്നില്ലതന്നെ. ആ പ്രത്യേകകടമയെ അവർ അനുഷ്ഠിക്കാത്തതുകൊണ്ടു് അതായതു് യോഗ്യതാസമ്പാദനത്തെ നിർവ്വഹിക്കായ്കകൊണ്ടു്, അവരുടെ അവകാശങ്ങൾ അവർക്കു ഒരു ഭാരമായിത്തീർന്നു. വേറുവാക്കുകളാൽ പറയുമ്പോൾ അവർ സമ്പാദിച്ചതു്, അവർ കൈക്കൊണ്ട ഉപായങ്ങൾക്കു തക്കഫലമാണത്രേ. ഫലത്തിനു യോജിച്ച ഉപായത്തെ അവർ സ്വീകരിച്ചു. നിങ്ങളുടെ വാച്ചിനെ ഞാൻ തട്ടിപ്പറിക്കാൻ ആഗ്രഹിച്ചാൽ ഞാൻ അതിലേക്കു് ശണ്ഠകൂട്ടണം; ഞാൻ അതിനെ വാങ്ങാൻ ഇച്ഛിച്ചാൽ അതിന്റെ വിലതരണം; എനിക്കതു ദാനമായിക്കിട്ടണമെന്നുണ്ടെങ്കിൽ ഞാൻ അതിനായി യാചിക്കണം. മേൽപറഞ്ഞ മൂന്നുമാർഗ്ഗങ്ങളിലായി ആ വാച്ചു്, അപ

ഹരണവസ്തുവായും സ്വന്തവസ്തുവായും ദാനവസ്തുവായും ഭവിക്കു ന്നു. ഈ മൂന്നുപായങ്ങളിൽനിന്നു മൂന്നു വ്യത്യസ്തഫലങ്ങളെക്കാ ണുന്നു. ഉപായം ഗണിക്കത്തക്കതല്ലെന്നു ഇനിയും നിങ്ങൾ വാദിക്കുമോ?

ഇനി, കള്ളനെ ഓടിക്കുക എന്ന ഉദാഹരണത്തെ എടു ക്കാം. മോഷ്ടാവിനെ ഏതു പ്രകാരത്തിലെങ്കിലും തുരത്തണ മെന്നു നിങ്ങൾ പറയുന്നതിനെ ഞാൻ സമ്മതിക്കയില്ല. മോ ഷ്ടിക്കാൻ വന്നതു് എന്റെ പിതാവായിരുന്നാൽ ഒരുവഴി ഉപ യോഗിക്കും; മോഷ്ടാവു് ഒരു പരിചിതനാണെങ്കിൽ മറ്റൊരു വഴികാണണം; ഒരന്യനാണെന്നിരിക്കട്ടെ, മൂന്നാമതൊരുവഴി ആ ലോചിക്കും. കള്ളൻ വെള്ളക്കാരനായിരുന്നെങ്കിൽ ഇന്ത്യൻ മോഷ്ടാവിനായിട്ടു കണ്ടുപിടിക്കുന്നതിൽനിന്നും വ്യത്യാസപ്പെ ട്ട മാർഗ്ഗത്തെ ആരായും എന്നു് നിങ്ങൾ പക്ഷെ പറഞ്ഞേ ക്കാം. ചോരൻ ബലഹീനനാണെന്നുകണ്ടാൽ ഒരു തുല്യബ ലന്റേതിൽനിന്നും വ്യത്യസ്തമായ ഉപായത്തെ സ്വീകരിക്കേ ണ്ടിവരും. കള്ളൻ ആപാദചൂഡം ആയുധധാരിയായിക്കാ ണപ്പെട്ടാൽ ഞാൻ വെറുതെയിരുന്നുകളയും. ഇപ്രകാരം അ ച്ഛൻതുടങ്ങി ആയുധപാണിവരെയുള്ളവർക്കു പലേ മാർഗ്ഗങ്ങ ളുണ്ടു്. ഇനിയും എന്റെ അച്ഛനായിരുന്നാലും ശരി, ശക്തിയു ക്തനായ ഒരായുധപാണിയായിരുന്നാലും ശരി, ഞാൻ വ്യാജനിദ്ര യെ അവലംബിച്ചുകിടക്കേണ്ടിവരുമെന്നു വിചാരിക്കാം. കാര ണം, അച്ഛനും ആയുധപാണിയായി വന്നേക്കാം. രണ്ടുപേരു ടെ ശക്തിയ്ക്കും ഞാൻ കീഴ്പ്പെടേണ്ടതായിവന്നു് എന്റെ സ്വത്തിനെ മോഷ്ടിക്കാൻ സമ്മതിച്ചേക്കാം. എന്നാൽ അച്ഛ ന്റെ ശക്തി എനിയ്ക്കു ദയനീയാവസ്ഥയെ ഉളവാക്കും; ആയു ധപാണിയായ മനുഷ്യന്റെ ബലം എന്നിൽ കോപത്തെച്ചെ യ്യും. വസ്തുസ്ഥിതി ഇങ്ങനെയാണിരിക്കുന്നതു്. ഈ ഉദാഹര ണത്താൽ ഓരോസന്ദർഭത്തിലും അനുസരിക്കേണ്ട ഉപായങ്ങൾ

വിഭിന്നങ്ങളായിരിക്കുന്നു എന്നു സമ്മതിക്കാതെ തരമില്ല. ഈ ഘട്ടങ്ങളിലെല്ലാം അനുഷ്ഠേയമായിട്ടുള്ളത് എന്താണെന്നുള്ളതിനെക്കുറിച്ച് എനിക്കു വ്യക്തമായ അറിവുണ്ടെന്നു ഞാൻ വിചാരിക്കുന്നു എന്നാൽ ആ അനുഷ്ഠേയോപായങ്ങൾ നിങ്ങളെ ഭയപ്പെടുത്തിയേക്കാം. അതുകൊണ്ടു ഞാൻ അതിനെ നിങ്ങൾക്കു വെളിപ്പെടുത്തിത്തരുന്ന വിഷയത്തിൽ സന്ദേഹിക്കുന്നു. തൽക്കാലം അതിനെക്കുറിച്ചു നിങ്ങൾതന്നെ ഊഹിച്ചുകൊള്ളുന്നതിലേക്കായി വിട്ടിരിക്കുന്നു. അതിനു നിങ്ങളെക്കൊണ്ടു കഴിയാതെ വന്നാലും ഓരോ സന്ദർഭങ്ങളിലും ഓരോ മാർഗ്ഗങ്ങളെ കൈക്കൊള്ളണമെന്നതു വെളിപ്പെട്ടല്ലോ. കള്ളനെത്തുരത്തുന്നതിന് ഏതെങ്കിലും മാർഗ്ഗത്തെ സ്വീകരിക്കുന്നതുകൊണ്ടു ഫലമില്ലെന്നും ഓരോ സന്ദർഭത്തിലും തദുചിതമായ മാർഗ്ഗത്തെത്തന്നെ സ്വീകരിക്കണമെന്നും നിങ്ങൾ ഇപ്പോൾ മനസ്സിലാക്കിയിരിക്കും. ഇതിൽനിന്നും, നിങ്ങൾ വിചാരിക്കുന്നതുപോലെ ഏതെങ്കിലും മാർഗ്ഗത്തിൽ കള്ളനെ ഓട്ടിക്കുന്നതു നിങ്ങളുടെ കടമയല്ലെന്നു തെളിയുന്നു.

അല്പം മുമ്പോട്ടു കടക്കാം. ഒരു ആയുധപാണിയായ മനുഷ്യൻ നിങ്ങളുടെ സ്വത്തിനെ മോഷ്ടിച്ചു എന്നിരിക്കട്ടെ; നിങ്ങൾ കോപാവിഷ്ടനായി ഭവിക്കുന്നു; ആ ആഭാസനെ, നിങ്ങൾക്കുവേണ്ടിയല്ല, നിങ്ങളുടെ അയൽക്കാരുടെ നന്മയെ ഉദ്ദേശിച്ചും ശിക്ഷിക്കണമെന്നു നിങ്ങൾ കരുതുന്നു; ആയുധപാണികളായ പലരേയും നിങ്ങൾ വിളിച്ചുകൂട്ടുന്നു; അതുവഴി അവന്റെ ഗൃഹത്തെക്കണ്ടുപിടിക്കാൻ നിങ്ങൾ ശ്രമിക്കുന്നു; വിവരം അറിഞ്ഞ്, അവൻ ഓടിഒളിക്കുന്നു; അവനേയും കോപം ബാധിക്കുന്നു; അവൻ കൂട്ടുകള്ളന്മാരുമായിച്ചേർന്നു പട്ടാപ്പകൽ നിങ്ങളുടെ ഗൃഹത്തെ കൊള്ളചെയ്യുന്നതാണെന്നു നിങ്ങൾക്കു മുന്നറിവു തരുന്നു; നിങ്ങൾ വേണ്ട മുൻകരുതലുകളെച്ചെയ്യുന്നു; സധൈര്യം അവന്റെ വരവു പ്രതീക്ഷിച്ചുംകൊ

ണ്ടിരിക്കുന്നു; ഇതിനിടയ്ക്കു കള്ളൻ നിങ്ങളുടെ അയൽക്കാരെ പീഡിപ്പിച്ചുതുടങ്ങുന്നു; അവർ നിങ്ങളുടെ അട്ടുക്കൽവന്നു മുറവിളി കൂട്ടുന്നു; നിങ്ങൾ അതിന്ന്, അവരുടെ ഗുണത്തിന്നു വേണ്ടി അത്രയൊക്കെ ചെയ്തതാണെന്നും, തന്റെ വസ്തുക്കൾ മോഷ്ടിക്കപ്പെട്ടതിനെ അത്ര കാര്യമാക്കുന്നില്ലെന്നും അവരോടു സമാധാനം പറയുന്നു; അതിന്നു മറുപടിയായി മുമ്പെങ്ങും കള്ളൻനിമിത്തം ഇങ്ങനെയുള്ള ശല്യകൾ ഉണ്ടായിട്ടില്ലെന്നും, നിങ്ങൾ അവന്നു വിരോധമായി പ്രവർത്തിച്ചു തുടങ്ങിയതിന്നു ശേഷമാണ് അവൻ ഇങ്ങനെ കൊള്ളചെയ്തുതുടങ്ങിയതെന്നും അവർ നിങ്ങളെ കുററക്കാരനാക്കി സംസാരിക്കുന്നു; നിങ്ങളുടെ സ്ഥിതി, മുമ്പും പിമ്പും തീക്കട്ടകളാൽ തടയപ്പെട്ട എറുമ്പിന്റേതിനോട്ടു തുല്യമായിത്തീരുന്നു; അവരുടെ ദയനീയാവസ്ഥയിൽ നിങ്ങൾ സഹതപിക്കുന്നു. അവർ പറഞ്ഞതു വാസ്തവമാണ്. നിങ്ങൾക്ക് എന്തു നിവൃത്തി? കള്ളനെ വിട്ടയച്ചാൽ നിങ്ങൾക്ക് അവമാനമായിത്തീരും. അതുകൊണ്ടു നിങ്ങൾ അവരോടു "സാരമില്ല; വരിൻ! എന്റെ സ്വത്തു നിങ്ങളുടെവകതന്നെ; ഞാൻ ആവശ്യമുള്ള ആയുധങ്ങൾ തരാം; അതിനെ ഉപയോഗിക്കേണ്ട രീതിയും വശപ്പെടുത്താം; നിങ്ങൾ അവനെ ചെറുക്കണം; അവനെ നിങ്ങൾ വിട്ടയയ്ക്കരുതു്" എന്നു പറയുന്നു; തദ്വാരാ കലഹം വർദ്ധിക്കുന്നു; കള്ളന്മാരുടെ സംഖ്യ കൂട്ടുന്നു; നിങ്ങളുടെ അയൽക്കാർ മനഃപൂർവ്വം അസ്വാസ്ഥ്യത്തിലകപ്പെട്ടുകഴിയുന്നു. ഇപ്രകാരം കള്ളനിൽ പ്രതികാരത്തിന്നു ശ്രമിച്ചതിന്റെ ഫലമായി, നിങ്ങൾ നിങ്ങളുടെ സമാധാനത്തെ പണയപ്പെടുത്തി. കവർച്ചയേയും കലഹത്തേയുംകുറിച്ചു നിങ്ങൾ സദാ ഭയപ്പെട്ടുംകൊണ്ടിരുന്നു. ധൈര്യത്തിന്നു പകരം ഭീരുത്വം നിങ്ങളെപ്പിടികൂടി. ഇതിനെപ്പററി നിങ്ങൾ അവധാനപൂർവ്വം ചിന്തിക്കുന്നതായാൽ അതിശയോക്തിയായി ഞാൻ ഒന്നുംതന്നെ പറഞ്ഞിട്ടില്ലെന്നു നി

ങ്ങൾക്കു മനസ്സിലാകും. അതാണ് ഒരു വഴി. ഇനി മറേറ വഴിയെക്കുറിച്ചു ചിന്തിക്കാം. ആയുധപാണിയായ ആ ചോരനെ ഒരു മൂഢസഹോദരനാണെന്നു കരുതുക! നിശ്ചയമായി അവൻ നിങ്ങളെപ്പോലെ ഒരു മനുഷ്യനാണെന്നു നിങ്ങൾ പറയും. മോഷണത്തിന്നു് അവനെ പ്രേരിപ്പിച്ചതു യാതൊന്നാണെന്നു നിങ്ങൾ അറിയുന്നില്ല. നിങ്ങൾ കഴിവുള്ളിടത്തോളം അവന്റെ മനസ്സിനെ ആ ചിന്തയിൽനിന്നും വ്യതിചലിപ്പിക്കണമെന്നു വിചാരിക്കുന്നു; നിങ്ങൾ അപ്രകാരം വിചാരിച്ചുംകൊണ്ടിരിക്കുമ്പോൾ അവൻ വീണ്ടും മോഷണത്തിനു വരുന്നു; നിങ്ങൾക്കു് അവന്റെപേരിൽ കോപമുണ്ടാകുന്നതിനു പകരം അവനിൽ അനുകമ്പ തോന്നുന്നു; ഈ മോഷണശീലം അവനെ ബാധിച്ചിരിക്കുന്ന ഒരു രോഗമാണെന്നു നിങ്ങൾ കരുതുന്നു; തന്മൂലം നിങ്ങൾ നിങ്ങളുടെ ഗൃഹത്തിന്റെ വാതിലുകളും ജന്നേലുകളും തുറന്നിട്ടുംവച്ചു നിങ്ങളുടെ കിടപ്പും അവിടുന്നു മാററുന്നു; നിങ്ങളുടെ സ്വത്തുക്കളെ വളരെ ലഘുവിൽ അവനു മോഷ്ടിക്കത്തക്ക സൌകര്യത്തിൽ വയ്ക്കുന്നു; കള്ളൻ നിങ്ങളുടെ ഗൃഹത്തിൽ എത്തുന്നു; ഈ സുഖസൌകര്യങ്ങൾ അവനു പുതുമയായിത്തോന്നുന്നതിനാൽ അവൻ കുഴങ്ങുന്നു; എന്നിരുന്നാലും അതിനെ അവൻ അപഹരിച്ചുകൊണ്ടുപോകുന്നു; എന്നാൽ അവൻ ചഞ്ചലഹൃദയനായി ഭവിക്കുന്നു; നിങ്ങളുടെ വസ്തുസ്ഥിതികളെക്കുറിച്ചു് അവൻ പുറമേ അന്വേഷിക്കുന്നു; തൽഫലമായി നിങ്ങളുടെ ഉദാരശീലത്തെപ്പററി അവന്നു് അറിവു കിട്ടുന്നു; ഉടനെ അവനു മനസ്താപം നേരിടുകയും നിങ്ങളോടു മാപ്പുചോദിക്കുകയും ചെയ്യുന്നു: നിങ്ങളുടെസാമാനങ്ങളെല്ലാം തിരിച്ചുതരുന്നു; മോഷണത്തൊഴിലിനെ വെടിഞ്ഞു്, അവൻ നിങ്ങളുടെ ദാസനായിത്തീരുന്നു; നിങ്ങൾ അവനെ ഒരു നല്ല തൊഴിലിൽ ഏപ്പെടുത്തുകയും ചെയ്യുന്നു. ഇതാണ് രണ്ടാമത്തെ മാർഗ്ഗം. ഇപ്രകാരം ഭിന്നമാർഗ്ഗങ്ങൾവി

ഭിന്നമായ ഫലത്തെ പ്രദാനം ചെയ്യുന്നു എന്നു നിങ്ങൾക്കു മനസ്സിലാക്കാം. ഇതിൽനിന്നും കള്ളന്മാരെല്ലാം ഞാൻ പറഞ്ഞതുപോലെ നടക്കുമെന്നും, എല്ലാവൎക്കും നിങ്ങളെപ്പോലേ കരുണയും സ്നേഹവും ഉണ്ടായിരിക്കുമെന്നും വിശ്വസിപ്പിക്കാൻ ഞാൻ ശ്രമിക്കുന്നില്ല. എന്നാൽ നല്ല വഴികൾ മാത്രമേ സൽഫലത്തെ പ്രദാനംചെയ്കയുള്ളുവെന്നും പരമാൎത്ഥത്തിൽ, എല്ലാ സന്ദൎഭങ്ങളിലുമില്ലാതിരുന്നാലും, മിക്കവാറും ഘട്ടങ്ങളിൽ കരുണയുടേയും സ്നേഹത്തിന്റെയും ശക്തി ആയുധബലത്തെ അപേക്ഷിച്ച് അനേകം മടങ്ങു ശ്രേഷ്ഠമായിട്ടുള്ളതാണെന്നും കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മൃഗീയശക്തിയെ ഉപയോഗിക്കുന്നതിൽ ദോഷമുണ്ട്. എന്നാൽ കരുണയിൽ അതില്ല.

ഹൎജി അയയ്ക്കലിനെപ്പറ്റി ചിന്തിക്കാം. പിൻബലമില്ലാത്ത ഹൎജി നിഷ്ഫലമാണെന്നു സകലരും സമ്മതിക്കുന്നതാണ്. എങ്കിലും, ഹൎജികൾ ജനങ്ങൾക്ക് അറിവിനെ ഉണ്ടാക്കുന്നതിനാൽ അതു ഫലപ്രദമാണെന്നു കഴിഞ്ഞുപോയ ജസ്റ്റീസ് റാനഡെ പറയുന്നു. ഹൎജികൾ ജനങ്ങൾക്ക് അവരുടെ സ്ഥിതിയിൽ ഒരുവിധം അറിവിനെ നൽകുകയും, അധികൃതന്മാരെ അറിയിക്കുകയും ചെയ്യുന്നു. ഈ അഭിപ്രായപ്രകാരം അതു തീരെ നിഷ്ഫലമല്ല. സമന്മാരുടെ ഹൎജി മൎയ്യാദയുടെ ലക്ഷണമാകുന്നു. ഒരു അടിമയുടേയതു്, അവന്റെ അടിമത്തത്തിന്റെ അടയാളമായിരിക്കും. പിൻബലമുള്ള ഹൎജി സമന്മാരുടേതാണ്. അവർ തങ്ങളുടെ അപേക്ഷകളെ ഹൎജിവഴിയായി അറിയിച്ചാൽ അതു് അവരുടെ മാന്യതയെ വെളിപ്പെടുത്തുന്നു. രണ്ടുപ്രകാരത്തിലുള്ള പിൻബലങ്ങൾ ഹൎജികളുണ്ടാകാം. "ഞങ്ങളുടെ അപേക്ഷകളെ സാധിച്ചുതരാത്തപക്ഷം ഞങ്ങൾ നിങ്ങളെ ഉപദ്രവിക്കും" എന്നു പറയത്തക്കനില ഒരു ശക്തി. അതാണ് ആയുധബലം. ഇതിന്റെ

ദുഷ്ഫലങ്ങളെക്കുറിച്ചു നാം മുമ്പു ചിന്തിച്ചിട്ടുണ്ട്. രണ്ടാമത്തെ ശക്തി, "ഞങ്ങളുടെ അപേക്ഷകളെ നിങ്ങൾ അനുസരിക്കാതിരുന്നാൽ, ഇനി ഞങ്ങൾ നിങ്ങൾക്കു ഹജി അയയ്ക്കുന്നവരായിരിക്കയില്ല. ഞങ്ങൾ ഭരണീയന്മാരായിരിക്കുന്നിടത്തോളമേ നിങ്ങൾക്കു ഭരിക്കാൻ സാധിക്കൂ. ഞങ്ങൾക്ക് ഇനി നിങ്ങളുടെപേരിൽ യാതൊരു കർത്തവ്യവുമില്ല." എന്നുള്ളതിൽ അന്തർഭവിച്ചിരിക്കുന്നു. ഇതിനെ കരുണാശക്തി, അതായത് ആത്മീയശക്തി അല്ലെങ്കിൽ, സാത്വികയുദ്ധം എന്നു പറയാം. ഈ ശക്തി, ലയമില്ലാത്തതും ഇതിനെ പൂർണ്ണമായി ഉപയോഗിക്കുന്നവൻ തന്നെത്താൻ അറിയപ്പെട്ടവനും ആണ്. "ഒരു മരുന്നു മുപ്പത്താറുരോഗങ്ങളെ ശമിപ്പിക്കും" എന്നൊരുചൊല്ലുണ്ട്. അതുപോലെയാണ് ആത്മീയശക്തിയുടെ ഗുണം: ആത്മീയശക്തിക്കു മുമ്പിൽ ആയുധശക്തിക്കു ബലമില്ല.

ഇനി, ശിശു തീയിൽ ചവിട്ടുന്നു എന്ന നിങ്ങളുടെ ഒട്ടുവിലത്തെ ഉദാഹരണം എടുക്കാം. അതിലും നിങ്ങൾക്കു ജയമില്ല. യഥാർത്ഥത്തിൽ നിങ്ങൾ ശിശുവിനോട് എന്തുചെയ്യും? നിങ്ങളാൽ തടുക്കപ്പെടാൻ നിവൃത്തിയില്ലാത്ത നിലയിൽ ദേഹശക്തിയുണ്ടായി അതു തീയിനോടടുക്കുന്നു എന്നിരിക്കട്ടെ. നിങ്ങൾക്ക് അതിനെത്തടയാൻ പ്രയാസമാണ്. രണ്ടു വഴികൾ മാത്രമാണു നിങ്ങൾക്കുള്ളത്. തീയിൽ വീഴാതിരിക്കുന്നതിനായി നിങ്ങൾ അതിനെ കൊല്ലണം. അല്ലെങ്കിൽ നിങ്ങളുടെ ദൃഷ്ടിക്കു മുമ്പിൽ അതിന്റെ നാശത്തെ നിങ്ങൾ സഹിക്കുന്നില്ലാത്തതുകൊണ്ട്, നിങ്ങൾ നിങ്ങളുടെ ജീവനെ നശിപ്പിക്കണം. ആദ്യം പറഞ്ഞതിനെ നിങ്ങൾ അനുഷ്ഠിക്കയില്ല. നിങ്ങളുടെ ഹൃദയം കരുണാപൂർവ്വമല്ലെങ്കിൽ ശിശുവിനെത്തടയാനോ സ്വയം അഗ്നിയിൽ പതിക്കാനോ നിങ്ങൾ തുനിയാതിരിക്കാൻ മതി. അതുവഴി അഗ്നിയിൽ ചാടാൻ അ

തിനെ അനുവദിച്ചു വിട്ടുകളയുന്നു. ഈ സ്ഥിതിയിൽ എങ്ങനെയും നിങ്ങൾ മൃഗീയശക്തിയെ ഉപയോഗിക്കുന്നില്ല. കഴിയുമെങ്കിൽ ബലം പ്രയോഗിച്ചു നിങ്ങൾ തീയിൽ ചാടാതെ ശിശുവിനെ തടുത്താൽ, അതു താഴ്ന്നനിലയിലാണെങ്കിലും, മൃഗീയബലമാണെന്നു നിങ്ങൾ കരുതുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു പ്രത്യേകശക്തിയാണതു്. അതു് എന്താണെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഇങ്ങനെ ശിശുവിനെത്തടുക്കുന്നതിൽ അതിന്റെ നന്മയെ മാത്രമേ നിങ്ങൾ ഉദ്ദേശിക്കുന്നുള്ളൂ; അതിന്റെ നന്മയ്ക്കായിട്ടേ അധികാരത്തെ പ്രകടിപ്പിക്കുന്നുള്ളൂ. നിങ്ങളുടെ ആ ഉദാഹരണം ഇംഗ്ലീഷുകാരുടെ പക്ഷത്തേക്കു യോജിക്കുന്നില്ല. ഇംഗ്ലീഷുകാർക്കു് എതിരായി മൃഗീയശക്തിയെ ഉപയോഗിക്കുന്നതിൽ നിങ്ങൾ, നിങ്ങളുടെ അഥവാ നാട്ടിന്റെ നന്മയെ കരുതുന്നു. കരുണയുടേയോ സ്നേഹത്തിന്റേയോ നാമധേയം പോലും അതിൽ സ്പർശിച്ചിട്ടില്ല. ഇംഗ്ലീഷുകാരുടെ പ്രവൃത്തികൾ, തിന്മയെ ചെയ്യത്തക്കതായതുകൊണ്ടു് അതിനെ തീയിനോടും, അപ്രകാരം പ്രവർത്തിക്കുന്നതു് അറിവില്ലായ്മകൊണ്ടാകയാൽ അവരെ ശിശുക്കളോടും ഉപമിക്കാമെന്നു നിങ്ങൾ പറയുകയാണെങ്കിൽ, അത്തരം ദുഷ്പ്രവൃത്തികൾ ആരുതന്നെ ചെയ്യുന്നതായാലും, ശിശുവിന്റെ വിഷയത്തിൽ എന്നപോലെ, നിങ്ങൾ നിങ്ങളെത്തന്നെ ത്യാഗം ചെയ്യേണ്ടതാണു്. ആ വിധത്തിലുള്ള അതിരറ്റ കരുണ നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾ അതിനെ നല്ലവഴിക്കു നയിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

# അദ്ധ്യായം ൧൭.

---

## സഹനസമരം.

വായനക്കാരൻ—നിങ്ങൾ പറയുന്ന ആത്മീയശക്തിയുടെ അല്ലെങ്കിൽ സത്യശക്തിയുടെ വിജയത്തിനു ചരിത്രസംബന്ധമായ തെളിവുകൾ എന്തെങ്കിലുമുണ്ടോ? ഏതെങ്കിലും ഒരു സമുദായം ആത്മീയശക്തികൊണ്ടു് അഭിവൃദ്ധിയെ പ്രാപിച്ചതിനു് ഉദാഹരണം യാതൊന്നുമില്ലെന്നു വ്യക്തമാകുന്നു. ദുഷ്പ്രവൃത്തി ചെയ്യുന്നവർ ശരീരശിക്ഷകൂടാതെ തങ്ങളുടെ പ്രവൃത്തിദോഷങ്ങളെ കൈവിടുമെന്നു് ഇപ്പോൾ എനിക്കു തോന്നുന്നില്ല.

പത്രാധിപർ—"ശരീരത്തിനു അഭിമാനം എന്നപോലെ മതത്തിന്റെ അടിസ്ഥാനം, സ്നേഹം അല്ലെങ്കിൽ കരുണയാകുന്നു. അതുകൊണ്ടു നാം ജീവിക്കുന്നിടത്തോളം സ്നേഹത്തെ കൈവിടരുതു്" എന്നു പരമഭക്തനായ തുളസീദാസർ പറയുന്നു. അതു ശാസ്ത്രോക്തമായ പരമാർത്ഥമാണെന്നു് എനിക്കു തോന്നുന്നു. രണ്ടും രണ്ടും നാലെന്നുള്ളതിൽ എത്രത്തോളം വിശ്വാസമുണ്ടോ, അത്രത്തോളം വിശ്വാസം എനിക്കു് ഇക്കാര്യത്തിലുമുണ്ടു്. സ്നേഹത്തിന്റെ ശക്തിയും ആത്മാവിന്റെ അല്ലെങ്കിൽ സത്യത്തിന്റെ ശക്തിയും ഒന്നു തന്നെ. അതിന്റെ പ്രവൃത്തി ഓരോ ഘട്ടത്തിലും വെളിപ്പെടുന്നു. ആ ശക്തി നിലനില്ക്കാതിരുന്നാൽ ഈ ലോകം നശിച്ചുപോകും. എന്നാൽ നിങ്ങൾ ചരിത്രസാക്ഷ്യത്തെ ചോദിക്കുന്നു. അതിൽനിന്നും ചരിത്രം എന്നാൽ എന്തെന്നു് അറിയേണ്ട ആവശ്യം നേരിടുന്നു: അതിനു ശരിയായ ഗുജറാത്തിവാക്കിന്റെ അർത്ഥം "അങ്ങനെ സംഭവിച്ചു" എന്നതാണു്. ചരിത്രത്തി

ന്റെ അർത്ഥം അതാണെങ്കിൽ, ആത്മീയശക്തിയെസ്സംബന്ധിച്ച ധാരാളം തെളിവുകൾ എടുക്കാം. എന്നാൽ, അതിനു രാജാക്കന്മാരുടേയും ചക്രവർത്തികളുടേയും പ്രവൃത്തികൾ എന്നർത്ഥമാണെങ്കിൽ അപ്രകാരമുള്ള ഒരു ചരിത്രത്തിൽ ആത്മീയശക്തിക്കു് അല്ലെങ്കിൽ സഹനസമരത്തിനു തെളിവു കിട്ടുകയില്ല. തകരക്ഖനിയിൽ വെള്ളിപ്പൊടി ലഭിക്കുമോ? നാം മനസ്സിലാക്കിയിട്ടുള്ളിടത്തോളം, ലോകത്തിൽ നടന്നിട്ടുള്ള യുദ്ധങ്ങളുടെ കുറിപ്പാണു ചരിത്രം. അതുകൊണ്ടു ചരിത്രം, അതായതു യുദ്ധം, ഇല്ലാത്തരാജ്യം സുഖരാജ്യമാണെന്നു് ഇംഗ്ലീഷുകാർക്കു് ഒരു ചൊല്ലുണ്ടു്. രാജാക്കന്മാർ പ്രവർത്തിച്ചതെങ്ങനെയെന്നും അവർ തമ്മിൽ എങ്ങനെ ശത്രുക്കളായി എന്നും അവരിൽ ഒരാളെ മറ്റൊരാൾ എങ്ങനെ കൊന്നുവെന്നും മററുമുള്ള വിവരങ്ങൾ ചരിത്രത്തിൽ വഴിപോലെ വർണ്ണിച്ചിരിക്കുന്നു. ഇതുകൾമാത്രമേ ലോകത്തിൽ സംഭവിച്ചിരുന്നുള്ളുവെങ്കിൽ, ലോകം പണ്ടുപണ്ടേ അവസാനിച്ചുപോകുമായിരുന്നു.

ലോകചരിത്രം യുദ്ധത്തോടുകൂടി തുടങ്ങിയിരുന്നുവെങ്കിൽ, ഇന്നു് ഒരു മനുഷ്യൻപോലും ജീവിച്ചിരിക്കുമായിരുന്നില്ല. യുദ്ധത്തിലേക്കു് ആകർഷിക്കപ്പെട്ട ജനങ്ങൾ ചത്തൊടുങ്ങി. ഉദാഹരണത്തിനു് ആസ്ത്രേലിയായെ എടുക്കാം. ആ രാജ്യക്കാരിൽ ഒരുത്തനെ എങ്കിലും അതിനുള്ളിൽ കുടിയേറിയവർ ജീവനോടെ വിട്ടയച്ചില്ല. ആ സ്വദേശികൾ ആത്മരക്ഷയ്ക്കുവേണ്ടി ആത്മീയശക്തിയെ കൈക്കൊണ്ടില്ലെന്നു നിങ്ങൾ ഓർക്കണം. ആസ്ത്രേലിയാക്കാരായവരും അവർ നശിപ്പിച്ച ജനങ്ങളുടെ ഗതിയെ പ്രാപിക്കുമെന്നു ധരിക്കുന്നതിനു ദീർഘദർശനം ആവശ്യമില്ല. "ഖഡ്ഗത്തിൽ പരിചയിച്ചവർ ഖഡ്ഗത്താൽ മരിക്കും;" "നീന്തലിനെ തൊഴിലാക്കിയവർ നീരിൽ തന്നെ മരിക്കും" എന്നാണു പഴമൊഴി. ലോകത്തിൽ ഇന്നും കോടാനുകോടിജനങ്ങൾ ജീവിച്ചുവരുന്ന പരമാർത്ഥം നോക്കി

യാൽലോകംനിലനിൽക്കുന്നതു് ആയുധശക്തിയിൽഅല്ലെന്നും സത്യത്തിന്റെ അല്ലെങ്കിൽ സ്നേഹത്തിന്റെ ശക്തിയിലാണെന്നും സിദ്ധമാകുന്നു. അതുപോലെ എത്രയോ യുദ്ധങ്ങൾ സംഭവിച്ചിട്ടും ആ ശക്തി ഇന്നും സജീവമായി സ്ഥിതിചെയ്യുന്നതുതന്നെ അതിന്റെ വിജയത്തിനു അവിതർക്കിതമായ തെളിവാണു്.

അനേകായിരം ജനങ്ങൾ ഈ ശക്തിയുടെ ദൃഢമായ പ്രവൃത്തിയാലാണു് ജീവിക്കുന്നതു്. അനേകംകുടുംബങ്ങളിൽ അവരുടെ ജീവിതയാത്രയിൽ ദിനംപ്രതി സംഭവിക്കാറുള്ള നിസ്സാരവഴക്കുകൾ, ഈ ശക്തിയുടെ മുൻപാകെ മാഞ്ഞുപോകുന്നു. പല രാജ്യക്കാർ ഇതുമൂലം സമാധാനത്തോടുകൂടി കഴിയുന്നു. ഈ സംഗതികളെ ചരിത്രം ശ്രദ്ധിക്കുന്നില്ല; ശ്രദ്ധിക്കാൻ കഴിയുന്നതുമല്ല. ചരിത്രം, പരമാർത്ഥത്തിൽ സ്നേഹശക്തിയുടെ അല്ലെങ്കിൽ ആത്മശക്തിയുടെ അപ്രതിഹതമായ പ്രവാഹത്തിനു പ്രതിബന്ധമാകുന്ന സംഭവത്തിന്റെ കുറിപ്പാണു്. രണ്ടു സഹോദരന്മാർ തമ്മിൽ ശണ്ഠപിടിക്കുന്നു; അവരിൽ ഒരുത്തനു് പശ്ചാത്താപമുണ്ടായി അവനിൽ അടങ്ങിക്കിടന്ന സ്നേഹത്തെ വീണ്ടും പ്രകടിപ്പിക്കുന്നു; തന്മൂലം അവർ രണ്ടാമതും സമാധാനമായ ജീവിതത്തെ തുടരുന്നു; ഇതിനെ ആരും ഗൌനിക്കുന്നില്ല. നേരേമറിച്ചു് അവർ രണ്ടുപേരും, അവിടെ കൂടിയവരുടെ പ്രേരണയാലോ മറ്റെന്തെങ്കിലും കാരണത്താലോ ആയുധം സ്വീകരിച്ചു ശണ്ഠയെ വർദ്ധിപ്പിച്ചു എന്നിരിക്കട്ടെ! (അതു മൃഗീയശക്തിപ്രയോഗത്തിന്റെ ഒരുവകഭേദമായിരിക്കും.) ഉടനേ അതുസംബന്ധമായ വിവരങ്ങൾ പത്രത്തിൽ കാണാം. അയൽക്കാരുടെ സംഭാഷണവിഷയവും പിന്നീടു് അതുതന്നെ ആയിരിക്കും. കുടുംബങ്ങളേയും സമുദായങ്ങളേയും സംബന്ധിക്കുന്നതു രാജ്യത്തേയും സംബന്ധിക്കും. കുടുംബത്തിനു് ഒരുന്യായം, രാജ്യത്തിനു മറ്റൊരു ന്യായം എ

നുകരുതാൻ നിവൃത്തിയില്ല. ഇതിൽനിന്നും ചരിത്രം, പ്രകൃതി വിലാസഗതിക്ക വിഘാതമാകുന്ന സംഭവത്തിൻെറ കുറിപ്പാണെന്നു വ്യക്തമാകുന്നു. ആത്മീയശക്തി പ്രാകൃതികമായതുകൊണ്ട്, അതിനു ചരിത്രത്തിൽ സ്ഥാനം ലഭിക്കുന്നില്ല.

വായനക്കാരൻ:—നിങ്ങൾ പറയുന്നതിൽനിന്നും ഇപ്രകാരമുള്ള സാത്വികസമരത്തിന് ഉദാഹരണങ്ങൾ ചരിത്രത്തിൽ കാണുകയില്ലെന്നു സുവ്യക്തമാകുന്നു. ഈ സാത്വികസമരത്തെക്കുറിച്ചു പൂണ്ണമായിട്ടറിയേണ്ടതു് ആവശ്യമാണു്. അതുകൊണ്ടു നിങ്ങൾ അതിനെ വിവരിച്ചു പറയുന്നതു നന്നായിരിക്കും.

പത്രാധിപർ:—സാത്വികസമരം എന്നതു് സഹനശീലംകൊണ്ടു സ്വന്തം അവകാശങ്ങളെ നേടുന്നതിനുള്ള വഴിയാണു്. ഇതു് ആയുധയുദ്ധത്തിനു് വിരുദ്ധമായിട്ടുള്ളതാകുന്നു. എൻെറ മനസ്സാക്ഷിക്ക വിപരീതമായ പ്രവൃത്തിയെ ചെയ്യുന്നതിനു ഞാൻ വിമുഖനാകുമ്പോൾ ആത്മീയശക്തിയെ ഉപയോഗിക്കുന്നു. ഉദാഹരണത്തിനു ഗവമ്മെണ്ടു് എന്നെസ്സംബന്ധിച്ചു ഒരു ചട്ടം ഏൎപ്പെടുത്തുന്നു; ഞാൻ അതിനെ ഇഷ്ടപ്പെടുന്നില്ല, കഠിനപ്രവൃത്തികളെക്കൊണ്ടു് അതിനെ പിൻവലിക്കണമെന്നു ഞാൻ ഗവമ്മെണ്ടിനെ നിർബ്ബന്ധിക്കുന്നു എങ്കിൽ അതു ശരീരബലത്തെ പ്രയോഗിക്കുകയായിരിക്കും. പ്രത്യുത, ഞാൻ ആ ചട്ടത്തിനു കീഴ്പ്പെടാതെ അതിനെ ലംഘിക്കനിമിത്തമുള്ള ശിക്ഷയെ വരിക്കയാണെങ്കിൽ ഞാൻ ആത്മീയശക്തിയെ ഉപയോഗിക്കുന്നു. അതിൽ ആത്മത്യാഗം അന്തൎഭവിക്കുന്നു.

ഒരുവൻ ആത്മത്യാഗത്തെ അനുഷ്ഠിക്കുന്നതു്—തന്നെത്താൻ കൊല്ലുന്നതു്—ഇതരന്മാരേ കൊല്ലുന്നതിനേക്കാൾ ശ്രേഷ്ഠമാണെന്നു സകലരും സമ്മതിക്കും. കൂടാതെ ഈ ശക്തിയെ അനീതിയായ ഒരു സംഭവത്തിനു—എതിരായി—ഉപ

യോഗിച്ചാൽ അതിൽനിന്നുണ്ടാകുന്ന ദോഷം അതിനെ ഉപയോഗിക്കുന്നവർമാത്രമേ അനുഭവിക്കുന്നുള്ളു. തങ്ങളുടെ കുററങ്ങൾക്കുവേണ്ടി അന്യരെ അവർ സങ്കടപ്പെടുത്തുന്നില്ല. പിന്നീട്ടു തെററാണെന്നു് അറിയപ്പെട്ട അനേകം സംഗതികളേ മനുഷ്യർ ഇതിനുമുമ്പിൽ ചെയ്തിട്ടുണ്ടു്. താൻ വിശ്വസിക്കുന്നതുകൊണ്ടുമാത്രം ഒരുസംഗതി തെററാണെന്നോ ശരിയാണെന്നോ ഖണ്ഡിച്ചുപറവാൻ ഒരുത്തനധികാരമില്ല. എന്നാൽ അവൻ പൂർണ്ണമായി വിശ്വസിക്കുന്നിടത്തോളം അതു് അവനു തെററായിത്തന്നെ ഇരിക്കും. അതുകൊണ്ടു് അവനു തെററാണെന്നു ബോദ്ധ്യമുള്ളതിനെ ചെയ്യാതെ അതിൽനിന്നുണ്ടാകുന്ന ഫലം യാതൊന്നായാലും അതിനെ അനുഭവിക്കുന്നതു് ഉചിതമായിരിക്കും. അതാണു് ആത്മീയശക്തിയെ ഉപയോഗിക്കാനുള്ള വഴി.

വായനക്കാരൻ:—അങ്ങനെയാണെങ്കിൽ നിങ്ങൾ ചട്ടങ്ങളെ ആദരിക്കുന്നില്ലെന്നുവരുന്നു. അതു രാജദ്രോഹമാകുന്നു. നാം എപ്പോഴും ചട്ടത്താൽ ബന്ധിക്കപ്പെട്ട സമുദായമാണെന്നു കരുതപ്പെട്ടിരിക്കുന്നു. നിങ്ങൾ അമിതവാദികളേയും കടന്നുപോകുന്നതായി തോന്നുന്നു. അവർ പറയുന്നതു ഗവമ്മെണ്ടു് ഏർപ്പെടുത്തുന്ന ചട്ടങ്ങൾക്കു നാം കീഴ്പ്പെടണമെന്നും എന്നാൽ ചട്ടങ്ങൾ ദോഷകരമായിരുന്നാൽ ചട്ടനിർമ്മാതാക്കളെ ബലംപ്രയോഗിച്ചെങ്കിലും വെളിക്കിറക്കണമെന്നുമാകുന്നു.

പത്രാധിപർ:—ഞാൻ അവരെ കടന്നുപോലും, ഇല്ലപോലും, അതു് നമുക്കു രണ്ടുകൂട്ടർക്കും അത്ര പ്രധാനമല്ല. ന്യായത്തെ അറിഞ്ഞു് അതിനെ പിൻതുടരണമെന്നു നാം ആഗ്രഹിക്കുന്നു. നാം നിയമബദ്ധന്മാരെന്നു പറയപ്പെടുന്നതിൻെറ വാസ്തവമായ അർത്ഥം, സഹനസമരത്തെ അംഗീകരിച്ചവർ എന്നാണു്. ചില നിയമങ്ങൾ നമുക്കു് ആദരണീയമല്ലാതെ ഇരുന്നാൽ തന്നിയമനിർമ്മാതാക്കളുടെ തലയടിച്ചുപൊളിക്കു

നില്ല- പ്രത്യുത, നാം സങ്കടങ്ങളെ വരിച്ചുകൊണ്ടു്, ആ നിയമങ്ങൾക്കു കീഴ്പ്പെടാതിരിക്കുന്നു. ന്യായമായാലും അന്യായമായാലും നാം നിയമങ്ങൾക്കു കീഴ്പ്പെടുകതന്നെ വേണം എന്നുപറയുന്നതു് ഒരു പുതിയ അഭിപ്രായമാകുന്നു. ഇങ്ങനെയുള്ള സംഗതികൾ ഒന്നും മുൻകാലങ്ങളിൽ ഉണ്ടായിരുന്നില്ല. മനുഷ്യർഅവൎക്കഅതൃപ്തികരങ്ങളായചട്ടങ്ങളെ വകവയ്ക്കാതെ അതിന്റെ ലംഘനക്കുററത്തിനുള്ള ശിക്ഷകളെ അനുഭവിച്ചു വന്നു. നമ്മുടെ മനസ്സാക്ഷിക്കു വിപരീതമായ നിയമങ്ങളെ അനുസരിച്ചുനടക്കുന്നതു നമ്മുടെ പൌരുഷത്തിനു ഹാനികരമാകുന്നു. അപ്രകാരമുള്ള ശാസനങ്ങൾ മതവിരുദ്ധമാണു്. അതു് അടിമത്തം അനുഭവിക്കുകയത്രെ. മുണ്ടുടുക്കാതെ നടക്കണമെന്നു ഗവമ്മെണ്ടുപറയുന്നു; നാം അതിനെ അനുസരിക്കണമെന്നാണോ? ഞാൻ സഹനസമരത്തെ സ്വീകരിക്കുന്നവനാണെങ്കിൽ അവരുടെ ചട്ടത്തിനും എനിക്കുംതമ്മിൽ യാതൊരുസംബന്ധവും ഇല്ലെന്നു പറയും. എന്നാൽ ഏതു നീചമായ നിയമത്തെയും കുറിച്ചു ചിന്തിക്കാതിരിക്കുമാറു്, നാം അത്രത്തോളം ആത്മാഭിമാനവിഹീനന്മാരും താഴ്ത്തപ്പെട്ടവരുമായിത്തീൎന്നിരിക്കുന്നു.

പൌരുഷത്തെ അറിഞ്ഞു ദൈവത്തെമാത്രം ഭയപ്പെടുന്ന ഒരുവൻ മററാരെയും ഭയപ്പെടുന്നില്ല. മനുഷ്യനിമ്മിതങ്ങളായ നിയമങ്ങളൊന്നും നിശ്ചയമായും അവനെ ബന്ധിക്കുന്നതല്ല. ഗവമ്മെൻറും ആ മാതിരിസംഗതികൾ നമ്മളിൽനിന്നും പ്രതീക്ഷിക്കുന്നില്ല. "നിങ്ങൾ ഇന്നതിനെ ചെയ്യണ" മെന്നു അവർ പറയുന്നില്ല. എന്നാൽ "നിങ്ങൾ ഇന്നതുചെയ്തില്ലെങ്കിൽ ഞങ്ങൾ നിങ്ങളെ ശിക്ഷിക്കു"മെന്നു പറയുന്നു. ചട്ടം പറയുന്നതൊക്കെ ചെയ്യേണ്ടതുനമ്മുടെ കടമയാണെന്നും മതമാണെന്നും വിശ്വസിക്കുമാറു് നാം അത്രത്തോളം താഴ്ത്തപ്പെട്ടിരിക്കുന്നു. അനീതിയായ നിയമങ്ങളെ അനുസരിക്കുന്ന

ത്തു് ആണത്തമല്ലെന്നുള്ള ബോധം മനുഷ്യനുണ്ടാകുമ്പോൾ ഏതൊരുവന്റെ നിഷ്ഠുരപ്രവൃത്തിയും അവനെ അടിമപ്പെടുത്താൻ ശക്തമാകുന്നില്ല. ഇതാണു സ്വയംഭരണത്തിന്റെ അല്ലെങ്കിൽ സ്വരാജ്യത്തിന്റെ താക്കോൽ. ബലവാന്മാരുടെ ചെയ്തികൾ ദുർബ്ബലന്മാരെ കീഴ്പ്പെടുത്തും എന്നു വിശ്വസിക്കുന്നതു മൂഢതമാകുന്നു. അതു ദൈവകല്പനയ്ക്കു വിരോധമാണ്. ശക്തന്മാരുടെ പ്രവൃത്തികൾതെററായും അശക്തന്മാരുടേതു ന്യായസമന്വിതമായും സംഭവിച്ചിട്ടുണ്ടെന്നുള്ളതിലേക്കു പലേ ഉദാഹരണങ്ങളുമുണ്ടു്. ശക്തന്മാൎക്കു വിപരീതമായുള്ള ദുർബ്ബലന്മാരുടെ പ്രാരംഭങ്ങളാണു സകല 'പരിഷ്കാരങ്ങൾ'ക്കും കാരണം. കള്ളന്മാരുടെ കൂട്ടത്തിൽ തൽപ്രവൃത്തിയെ സംബന്ധിച്ച അറിവു് ആവശ്യമാണെന്നുവച്ചു് ഒരു ഭക്തൻ ആ നിബന്ധനയെ അനുസരിക്കണം എന്നുണ്ടോ? മനുഷ്യർ അനീതിയായ നിയമങ്ങൾക്കു കീഴ്പെട്ടിരിക്കണമെന്നുള്ള മൂഢഭക്തിനിലനിൽക്കുന്നിടത്തോളം അവരുടെ അടിമത്തവും നിലനിന്നുപോരും. സത്യഗ്രഹിക്കു മാത്രമേ ആ അജ്ഞതയിൽനിന്നും ഒഴിയാൻ സാധിക്കൂ.

ശരീരശക്തിയും വെടിമരുന്നും ഉപയോഗപ്പെടുത്തുന്നതു സത്യഗ്രഹത്തിനു വിരുദ്ധമാണ്. എന്തെന്നാൽ നാം ആഗ്രഹിക്കുന്നതും അവർ ആഗ്രഹിക്കാത്തതും ആയ ഒരു സംഗതി ബലാൽക്കാരമായി നമ്മുടെ ശത്രുവിനോടു ചെയ്യുന്നതിനു താല്പര്യപ്പെടുന്നു. അപ്രകാരം ബലംപ്രയോഗിക്കുന്നതു ന്യായമാണെങ്കിൽ അവനു നമ്മളിലുംഅങ്ങനെ ചെയ്വാൻ അവകാശമുണ്ടു്. ആ സ്ഥിതിക്കു് ഒരുകാലത്തും നമുക്കു മുമ്പോട്ടുകടക്കാൻ സാധിക്കയില്ല. ചക്കിനുചുററുംകറങ്ങിക്കൊണ്ടിരിക്കുന്ന കണ്ണുപൊട്ടിയ കുതിരയെപ്പോലെ, നാം മുൻപോട്ടുപൊയ്ക്കൊണ്ടിരിക്കയാണെന്നു വിശ്വസിച്ചുംകൊണ്ടിരിക്കാം. മനസ്സാക്ഷിക്കു വിപരീതമായിട്ടുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്നതിനു തങ്ങൾ

നിർബ്ബലന്മാരല്ലെന്നു വിശ്വസിക്കുന്നവക്കു സത്യഗ്രഹമാകുന്ന ഒരേ ഒരു വഴിമാത്രമേയുള്ളു. മററുള്ള ഏതുവഴിയും ദോഷത്തെ ഉണ്ടാക്കും.

വായനക്കാരൻ:—നിങ്ങൾ പറഞ്ഞതിൽനിന്നും സത്യഗ്രഹം അശക്തന്മാക്കായിട്ടുള്ളതാണെന്നും, എന്നാൽ അവർ ശക്തന്മാരായിക്കഴിഞ്ഞാൽ ആയുധങ്ങളെ സ്വീകരിക്കാമെന്നും ഞാൻ ഊഹിക്കുന്നു.

പത്രാധിപർ:—അതു ഭീമാബദ്ധം! സത്യഗ്രഹം, അതായതു് ആത്മീയശക്തി നിസ്തുല്യമാകുന്നു. അതു് ആയുധബലത്തേക്കാൾ ശ്രേഷ്ഠമാണു്. ആ നിലയിൽ അതിനെ ശക്തിഹീനന്മാരുടെ ആയുധമെന്നു് എങ്ങനെകരുതാം? ശരീരബലത്തെ ആശ്രയിക്കുന്നവരിൽ സത്യഗ്രഹിക്കുവേണ്ട ധൈര്യമുണ്ടായിരിക്കയില്ല. ഒരു ഭീരുവിനു താൻഇഷ്ടപ്പെടാത്ത ഒരു ചട്ടത്തിനു കീഴ്പ്പെടാതിരിക്കാൻ സാധിക്കുമെന്നാ നിങ്ങൾ വിചാരിക്കുന്നുണ്ടോ? അമിതവാദികൾ ശരീരബലത്തെ ആദരിക്കുന്നവരെന്നു കരുതപ്പെടുന്നു. അങ്ങനെയാണെങ്കിൽ അവർ എന്തിനായിട്ടു ചട്ടങ്ങൾക്കു കീഴ്പ്പെടുന്നതിനെപ്പററി സംസാരിക്കണം? ഞാൻ അവരെ കുററപ്പെടുത്തുകയല്ല. അവക്കു മറെറാന്നും പറവാൻ കഴിയുന്നതല്ല. ഇംഗ്ലീഷുകാരെത്തുരത്തുന്ന വിഷയത്തിൽ അവർ വിജയം പ്രാപിച്ചു്, രാജ്യഭരണത്തെ സ്വീകരിക്കുമ്പോൾ നിങ്ങളും ഞാനും അവരുടെ ചട്ടങ്ങൾക്കു കീഴ്പ്പെടണമെന്നു് അവർ കരുതും. അതു് അവരുടെ മാതിരിക്കേററ സംഗതിയാകുന്നു. എന്നാൽ ഒരു സത്യഗ്രഹി പീരങ്കിമുഖപ്പിൽവച്ചു പറപ്പിക്കപ്പെട്ടാലും തന്റെ മനസ്സാക്ഷിക്കു വിരോധമായിട്ടുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുകയേ ഇല്ലെന്നു പറയും.

നിങ്ങൾ എന്തുവിചാരിക്കുന്നു? ധൈര്യത്തിന്റെ ആവശ്യമെന്തിനു്? പീരങ്കിയുടെ പിറകിൽനിന്നു മററുള്ളവരെ ദഹി

പ്പിക്കുന്നതിനോ, മന്ദഹാസം തൂകുന്ന മുഖത്തോടുകൂടി ധൂളിധൂളിയായിപ്പറക്കുന്നതിന്നു തയ്യാറായി പീരങ്കിയുടെ മുമ്പിൽചെന്നു നിന്നു കൊടുക്കുന്നതിനോ? ആരാണു് യോദ്ധാവു്? മരണത്തെ എപ്പോഴും ആപ്തമിത്രമായിക്കരുതിയിരിക്കുന്നവനോ, അന്യന്മാരുടെ മരണത്തെ കരസ്ഥപ്പെടുത്തിയിരിക്കുന്നവനോ? പൌരുഷവും ധൈര്യവുമില്ലാത്ത മനുഷ്യനു് ഒരുകാലത്തും സത്യഗ്രഹിയാകുവാൻ സാധിക്കുന്നതല്ല.

എന്നാൽ ഒരു കാര്യം ഞാൻ സമ്മതിക്കുന്നു. ബലഹീനനും ഈ സമരത്തെ സ്വീകരിക്കാം. ഏതൊരു മനുഷ്യനും അതിനെ അംഗീകരിക്കാവുന്നതാണു്. സ്ത്രീകൾക്കും പുരുഷന്മാൎക്കും ഇതിനെ കൈക്കൊള്ളാം. ഇതിന്നു് ആയുധാവിദ്യാപരിശീലനം ആവശ്യമില്ല. തന്നെത്താൻ അടക്കാനുള്ള ശക്തിമാത്രമേ വേണ്ടു. അതുണ്ടായിക്കഴിഞ്ഞാൽ മനുഷ്യൻ സിംഹത്തെപ്പോലെ സ്വതന്ത്രനായിത്തീരുന്നു. അവന്റെ നോട്ടം തന്നെ ശത്രുവിനെ മോഹിപ്പിക്കത്തക്കതായിരിക്കും. "സത്യഗ്രഹം" എന്നതു് ചുറ്റും മൂർച്ചയുള്ള ഒരു ഖഡ്ഗമാകുന്നു. അതിനെ എല്ലാവഴിക്കും ഉപയോഗിക്കാം. അതിനെ ഉപയോഗിക്കുന്നവൎക്കും ആരുടെനേൎക്കു് ഉപയോഗിക്കുന്നുവോ അവൎക്കും അതു നന്മയെച്ചെയ്യുന്നു. ഒരു തുള്ളിരക്തംപോലും ചൊരിയുവാനിടയാവാതെ വലുതായഫലത്തെ അതു നല്കുന്നു. ഒരു കാലത്തും അതു തുരുമ്പിക്കുന്നതല്ല. യാതൊരുത്തനും അതിനെ മോഷ്ടിക്കാൻ ശക്തനാകുന്നില്ല. സത്യഗ്രഹികൾക്കു് എതിരുണ്ടായാലും അതു നിഷ്ഫലമായിഭവിക്കും. സത്യഗ്രഹവാളിന്നു ഉറയുടെ ആവശ്യമില്ല. ഇപ്രകാരമുള്ള ഒരായുധം ദുർബലന്മാൎക്കു മാത്രമായിട്ടുള്ളതാണെന്നു നിങ്ങൾ കരുതിയതു് അത്ഭുതമായിരിക്കുന്നു.

വായനക്കാരൻ:—സത്യഗ്രഹം ഇന്ത്യയ്ക്കു യോജിച്ച ഒരു പ്രസ്ഥാനവിശേഷമാണെന്നു നിങ്ങൾ പറഞ്ഞുവല്ലോ?

പീരങ്കികഠ ഒരിക്കലും ഇന്ത്യയിൽ നടപ്പിലിരുന്നിട്ടില്ലേ ?

പത്രാധിപർ:—ഇന്ത്യ എന്നാൽ അതിലുള്ള ചില രാജാക്കന്മാർ എന്നാണു നിങ്ങൾ അൎത്ഥമാക്കുന്നതെന്നു തോന്നുന്നു. അവരുടെയും നമ്മുടെയും ജീവിതത്തിനു് ആധാരമായുള്ള അതിലെ കോടാനുകോടി ജനങ്ങളെയാണു് ഞാൻ ഇന്ത്യയെന്നു് അൎത്ഥമാക്കുന്നതു്.

രാജാക്കന്മാർ രാജകീയായുധങ്ങളെ എപ്പോഴും ഉപയോഗിക്കുന്നു. ശരീരശക്തിയെ ഉപയോഗിക്കുകയാണു് അവരുടെ സ്വഭാവം. അവർ അധികാരപ്രകടനത്തിനു് ആശിക്കുന്നു. എന്നാൽ അധികാരത്തിനു കീഴ്പ്പെട്ടുനില്ക്കുന്നവൎക്കു പീരങ്കിയുടെ ആവശ്യമില്ല. അക്കൂട്ടരാണു ലോകത്തിലെ ഭൂരിപക്ഷം ജനങ്ങളും. അവർ ശരീരശക്തിയേയോ ആത്മീയശക്തിയേയോ പഠിച്ചിരിക്കും. ആദ്യത്തേതിനെ മനസ്സിലാക്കിയാൽ ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും ഭ്രാന്തന്മാരെപ്പോലെയാകുന്നു. എന്നാൽ അവർ ആത്മീയശക്തിയെ അഭ്യസിച്ചാൽ ഭരിക്കുന്നവരുടെ ആജ്ഞകഠ അവരുടെ ഖഡ്ഗമുനയ്ക്കപ്പുറം പ്രവൎത്തിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ, യഥാൎത്ഥമനുഷ്യർ അനീതിപരമായ ആജ്ഞകളെ വകവയ്ക്കുന്നില്ല. കൃഷീവലന്മാർ ഒരിക്കലും ഖഡ്ഗശക്തിക്കു് അടങ്ങിയിട്ടില്ല; അടക്കാൻ ഇടവരികയില്ല; അവൎക്കു ഖഡ്ഗപരിശീലനം ഇല്ല. അന്യന്മാർ അതിനെ ഉപയോഗിച്ചെങ്കിലും അവർ ഭയപ്പെടുകയുമില്ല. മരണത്തെ തലയിണയാക്കിയിരിക്കുന്ന സമുദായമാണു് ഉന്നതിയെ പ്രാപിക്കുന്നതു്. മരണത്തെ ഭയമില്ലാത്തവൎക്കു യാതൊരു ഭയവുമില്ല. അവർ സൎവ്വഭയങ്ങളിലും നിന്നു മുക്തരാകുന്നു. ഇതു് മൃഗീയശക്തിയുടെ മയക്കത്തിൽ പെട്ടവരെ കുറിക്കുന്നതല്ല. പരമാൎത്ഥമെന്തെന്നാൽ, ഇന്ത്യയിൽ പൊതുജനങ്ങളുടെ ജീവിതക്രമത്തിന്റെ ഓരോ അവസ്ഥകളിലും സത്യാഗ്രഹത്തെ സ്വീകരിച്ചുവന്നു. ഗവൎമ്മെണ്ടു

നമുക്കു വിപരീതമായ കാൎയ്യങ്ങളെ ചെയ്യുമ്പോൾ നാം ഗവൺമെന്റുമായുള്ള സഹകരണത്തിൽനിന്നു വിരമിക്കുന്നു. ഇതത്രെ സത്യാഗ്രഹം.

ഒരു ഉദാഹരണം ഓൎമ്മയിൽവരുന്നു. ഒരു ചെറിയ രാജ്യത്തിലെ രാജാവു് ഏതോ ഒരാജ്ഞയെപ്പുറപ്പെടുവിച്ചു. അതു ഭരണീയൎക്കു തൃപ്തികരമായിരുന്നില്ല. അവർ ഓരോരുത്തരായി അവിടെ കുടിപാൎപ്പുരഹിതമാക്കി പുറപ്പെട്ടുപോയി. രാജാവു പരിഭ്രാന്തനായിഭവിച്ചു; പ്രജകളോടു ക്ഷമാപണംചെയ്തു് ആജ്ഞയെ പിൻവലിച്ചു. ഈതരം ഉദാഹരണങ്ങൾ ഇന്ത്യയിൽ ഏത്രവേണമെങ്കിലും ഉണ്ടു്. സത്യാഗ്രഹത്തെ മൂലശക്തിയായി കൈക്കൊണ്ടിരിക്കുന്ന ജനങ്ങൾ ആധിപതിക്കുന്നേടത്തുമാത്രമേ യഥാൎത്ഥമായ സ്വരാജ്യം ആവശ്യമായിരിക്കൂ. മറ്റുതരത്തിലുള്ള ഏതൊരുഭരണക്രമവും വിദേശീയഭരണമായിരിക്കും.

വായനക്കാരൻ:— അങ്ങനെയാണെങ്കിൽ നമുക്കു കായികാഭ്യാസനമേ ആവശ്യമില്ലെന്നാണോ നിങ്ങൾ പറയുന്നതു്?

പത്രാധിപർ:— ആവിധമൊന്നും ഞാൻ നിശ്ചയമായും പറകയല്ല. കായികാഭ്യാസനം കൂടാതെ സത്യാഗ്രഹിയാകുന്ന കാൎയ്യം പ്രയാസമാണു്. ദുൎമ്മനസ്സുകൾകൊണ്ടു ദൂഷിച്ചു ബലഹീനമായിത്തീരുന്ന ശരീരത്തിന്റെ ഉള്ളിലുള്ള മനസ്സും ദുർബലമായിത്തീരും. മനഃശ്ശക്തിയില്ലെങ്കിൽ ആത്മശക്തിയുമുണ്ടാകയില്ല. ബാല്യവിവാഹങ്ങളും അമിതഭോഗങ്ങളുംമററും ഉപേക്ഷിച്ചു നമ്മുടെ ശരീരശക്തിയെ വൎദ്ധിപ്പിക്കണം. ദുർബലമായ ശരീരത്തോടുകൂടിയ ഒരുവനെ ഞാൻ ഒരു പീരങ്കിമുഖപ്പിൽ നിൽക്കാൻ പറയുന്നതായാൽ അപഹാസപാത്രമായിത്തീരും.

വായനക്കാരൻ:— തങ്കളുടെ അഭിപ്രായത്തിൽനിന്നും സത്യാഗ്രഹിയാവുക എന്നുള്ളതു് അത്ര എളുപ്പമല്ലെന്നുതോന്നുന്നു.

ആ സ്ഥിതിയ്ക്കു് ഒരു സത്യഗ്രഹിയാകുവാൻ സാധിക്കുന്നതെങ്ങനെയെന്നു നിങ്ങൾ വെളിപ്പെടുത്തേണ്ടിയിരിക്കുന്നു.

പത്രാധിപർ:—സത്യഗ്രഹിയാകാൻ എളുപ്പമുണ്ടു്. എന്നാൽ അത്രത്തോളം തന്നെ പ്രയാസവുമുണ്ടു് പതിനാലു വയസ്സുള്ള ഒരു ബാലൻ സത്യഗ്രഹിയായിട്ടുള്ളതു് എനിക്കറിയാം. സ്ത്രീകൾ സത്യഗ്രഹത്തെ സ്വീകരിച്ചിട്ടുള്ളതും എനിക്കറിയാം. അതുപോലെ ശരീരബലവും സുഖവും ഉള്ള മനുഷ്യർ സത്യഗ്രഹത്തെ കൈക്കൊള്ളാൻ കഴിയാതെ വന്നതും ഞാൻ അറിഞ്ഞിട്ടുള്ള സംഗതിയാണു്. രാജ്യസേവനത്തിനായിക്കൊണ്ടു സത്യഗ്രഹിയാകാൻ ഇച്ഛിക്കുന്നവർ പൂർണ്ണമായി ബ്രഹ്മചര്യത്തെ അംഗീകരിക്കാൻ മനസ്സുള്ളവരായിരിക്കണം; ദാരിദ്ര്യത്തെ വരിക്കണം; സത്യത്തെ അനുഷ്ഠിക്കണം; ഭയമില്ലായ്മയെ വൎദ്ധിപ്പിക്കുകയും വേണം.

ബ്രഹ്മചര്യം മഹാവ്രതങ്ങളിൽ ഒന്നാണു്. അതു കൂടാത്ത മനസ്സിനു പരിപൂർണ്ണമായ ഉറപ്പു കിട്ടുന്നതല്ല. അതില്ലാത്ത ഒരുവൻ വീര്യമില്ലാത്തവനായും പൌരുഷമില്ലാത്തവനായും ഭീരുവായും ഭവിക്കുന്നു. മൃഗീയശക്തിക്കു് അധീനമായ മനസ്സോടുകൂടിയ ഒരുവനു വലിയ ആരംഭങ്ങൾക്കു കഴിവുണ്ടാകുന്നതല്ല. ഇതിനെ അനവധി ഉദാഹരണങ്ങളെക്കൊണ്ടു വെളിപ്പെടുത്താം. അപ്രകാരമായാൽ വിവാഹം കഴിഞ്ഞ ഒരുവൻ എന്തു ചെയ്യണമെന്നൊരു ചോദ്യം സ്വാഭാവികമായിട്ടുണ്ടാകുന്നു. എന്നാലും അതാവശ്യമില്ല. ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ ആഗ്രഹത്തെ സാധിക്കുകയാണെങ്കിൽ അതു മൃഗീയവികാരമല്ലാതെ മറ്റൊന്നുമല്ല. സന്തത്യുല്പാദനത്തി—കുടുംബത്തിന്റെ നിലനില്പി—നായിട്ടല്ലാതെയുള്ള ഈ മാതിരി ആസക്തി [illegible]തമായി വിലക്കിയിരിക്കുന്നു. എന്നാൽ ഒരു സത്യഗ്രഹി ഈ പരിമിതമായ ആസക്തിയെപ്പോലും വർജ്ജിക്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ അവനു സന്താനങ്ങൾ വേണമെന്ന ആശ

ഉണ്ടായിരിക്കാൻ പാടില്ല. എന്നാൽ വിവാഹം കഴിഞ്ഞ മനുഷ്യൻ നിത്യപരിശുദ്ധനായിരിക്കാം. ഈ സംഗതി വിസ്തരിക്കുന്നതല്ല. അനേകം ചോദ്യങ്ങൾ ഉണ്ടാകുന്നു. "ഒരുവൻ തന്റെ ഭാര്യയിൽ ഒരു കുട്ടിക്കെങ്കിലും ഗർഭാധാനം ചെയ്യുന്നതെങ്ങനെ? അവളുടെ അവകാശങ്ങൾ എന്തെല്ലാം?" ഇങ്ങനെയുള്ള ചോദ്യങ്ങളാണുണ്ടാകുന്നത്. എന്നാൽ ഒരു മഹാരംഭത്തിൽ ഏർപ്പെടാനാഗ്രഹിക്കുന്നവർ ഈ വിഷയങ്ങളെ ഒഴിച്ചുവെക്കേണ്ടതാണ്.

ബ്രഹ്മചര്യം പോലെതന്നെ ദാരിദ്ര്യവരണവും ആവശ്യമാകുന്നു. ധനതല്പരതയും സത്യാഗ്രഹവും യോജിച്ചുപോകത്തക്കതല്ല. ധനം ഉള്ളവർ അതിനെ ദൂരത്തെറിഞ്ഞുകളയണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ അവർക്ക് അതിനെക്കുറിച്ചു ശ്രദ്ധയുണ്ടായിരിക്കരുത്. സത്യാഗ്രഹത്തെ ഉപേക്ഷിക്കുന്നതിനേക്കാൾ അവർ തങ്ങളുടെ സ്വത്തിനെ മുഴുവൻ നഷ്ടപ്പെടുന്നതിന്നു സന്നദ്ധരായിരിക്കയാണുവേണ്ടത്.

നമ്മുടെ സംഭാഷണത്തിൽ സത്യാഗ്രഹത്തെ സത്യശക്തി എന്നു വ്യവഹരിക്കുന്നു: അതുകൊണ്ട് എന്തുതന്നെ നേരിട്ടാലും സത്യത്തെ പിന്തുടരുകതന്നെ ചെയ്യുന്നു. ഇതിനെത്തുടർന്ന് "ഒരു ജീവനെരക്ഷിക്കുന്നതിനായിട്ട് ഒരുവനു വ്യാജം പറഞ്ഞുകൂടേ?" എന്നിങ്ങനെ ചില ചോദ്യങ്ങൾ ഉത്ഭവിക്കുന്നു. എന്നാൽ വ്യാജം പറയാമെന്നു ന്യായം പറഞ്ഞു സാധിക്കുന്നവർക്കേ ഇത്തരം ചോദ്യങ്ങൾ തോന്നുകയുള്ളൂ. എല്ലായ്പോഴും സത്യത്തെ പിന്തുടരണമെന്നാഗ്രഹിക്കുന്നവർക്ക് ഇങ്ങിനെയുള്ള 'ധർമ്മസങ്കടങ്ങൾ' സംഭവിക്കുന്നതല്ല. സംഭവിച്ചാൽത്തന്നെയും അവർ ഒരു വ്യാജമായ നിലയിൽനിന്നും മുക്തന്മാരായിത്തന്നെയിരിക്കുന്നു.

നിർഭയത്വത്തെ കൂടാതെ സത്യാഗ്രഹത്തിൽ ഒരടി മുമ്പോട്ടുവെയ്ക്കാൻ സാധിക്കുന്നതല്ല. തങ്ങളുടെ സ്വത്തുക്കൾ, കൃത്രിമ

ബഹുമതികൾ, സംബന്ധികൾ, ഗവർമ്മെണ്ടു്, ശരീരപീഡകൾ, മരണം ഇതുകളെ എതിൎത്തു മോചിച്ചവൎക്കുമാത്രമേ സത്യാഗ്രഹമാർഗത്തിൽ ചരിക്കാൻ സാധിക്കൂ.

ഈ പരിശീലനങ്ങൾ ദുസ്സഹങ്ങളാണെന്നുകരുതി അവയെ ഉപേക്ഷിച്ചുകൂടാ. നിഷ്കാരണം സംഭവിച്ചേക്കാവുന്ന ഏതുതരം കഷ്ടതകളേയും ആപത്തുകളേയും സഹിക്കത്തക്കശക്തി പ്രകൃതിസിദ്ധമായി ഓരോമനുഷ്യനിലും അടങ്ങിയിരിക്കുന്നു. രാജ്യസേവനത്തിന്നു് ഒരുമ്പെടാത്തവൎക്കും ഈ ഗുണങ്ങൾ ഉണ്ടായിരിക്കുന്നതു നല്ലതാണു്, ആയുധപ്രയോഗത്തിലുള്ള പരിശീലനത്തെ ആഗ്രഹിക്കുന്നവൎക്കും ഈ ഗുണങ്ങൾ ഒരു പ്രകാരത്തിൽ ആവശ്യമാകുന്നു. ഇതിനെക്കുറിച്ചു യാതൊരുത്തനും സംശയിക്കേണ്ടതില്ല. ആരും തന്നെ വിചാരിച്ചമാത്രയിൽവീരനാകുന്നില്ല. വീരനാകണമെന്നു വിചാരിക്കുന്നവൻ ബ്രഹ്മചര്യത്തെ സ്വീകരിക്കണം. ദാരിദ്ര്യത്തെ തന്റെ ജന്മാവകാശമായി അംഗീകരിച്ചു തൃപ്തിപ്പെടണം. നിർഭയതയില്ലാതെ ഒരുത്തനു വീരനാകാൻ കഴിയുന്നതല്ല. അവൻ സത്യത്തെ നിരന്തരം പിന്തുടരേണ്ട ആവശ്യമില്ലെന്നുവയ്ക്കാം. വാസ്തവമായ നിർഭയതയും സ്ഥിതിചെയ്യുന്നിടത്തു് സത്യം തന്നിയേ പ്രകാശിച്ചുകൊള്ളും. സത്യത്തെ ഒരുവൻ എപ്പോഴെങ്കിലും കൈവിടുന്നുണ്ടെങ്കിൽ അതു് ഒരുവക ഭയംകൊണ്ടായിരിക്കും. എന്നാൽ മേൽപറഞ്ഞ നാലുഗുണങ്ങളിലും ആരും ഭയപ്പെടേണ്ടതില്ല. സത്യാഗ്രഹത്തിന്നു് എന്നന്നേക്കും വേണ്ടതല്ലാത്ത വേറെ പലേ നിരുപയോഗങ്ങളായ 'ഗുണങ്ങൾ' ശരീരശക്തി പ്രധാനന്മാരായവൎക്കു് ആവശ്യമുണ്ടെന്നുള്ളതു് ഇവിടെ പ്രസ്താവയോഗ്യമാണു്. ഒരു ഖഡ്ഗയോദ്ധാവിന്നു വേണ്ടുന്ന ഉയൎന്ന പരിശീലനങ്ങൾക്കെല്ലാംകാരണം അധൈര്യമാകുന്നു. അവൻ പരിശുദ്ധയോദ്ധാവായിരുന്നാൽ അവന്റെ കരത്തിൽനിന്നും ഖഡ്ഗം താനേനിലത്തു പതിക്കും. അതിന്റെസഹാ

യം അവന്നു് ആവശ്യമില്ല. ശത്രുത്വത്തിൽനിന്നു മുക്തനായ ഒരുവന്നു് ഖഡ്ഗം വേണ്ട. കൈയിൽ വടിയുള്ള ഒരുവൻ ഒരു സിംഹത്തിന്റെ മുമ്പിൽ അവിചാരിതമായി അകപ്പെട്ടുന്നു; ആത്മരക്ഷക്കായി പെട്ടെന്നു് അവൻ തന്റെ ആയുധത്തെ ഓങ്ങുന്നു; തന്നിൽ നിർഭയത്വത്തിന്റെ ലേശംപോലുമില്ലാതിരുന്നതിനാൽ അപ്രകാരം ചെയ്യാൻ ഇടയായതാണെന്നു പിന്നീടു അവൻ ഓക്കുന്നു; ആ മാത്രയിൽ അവൻ വടിയെ ദൂരത്തെറിഞ്ഞിട്ടു് സകലഭയങ്ങളിൽനിന്നും മുക്തനാകുന്നു.

---

## അദ്ധ്യായം ൧൯.

### വിദ്യാഭ്യാസം

വായനക്കാരൻ:—നമ്മുടെ സംഭാഷണത്തിൽ അദ്ധ്യാപി വിദ്യാഭ്യാസാവശ്യകതയെക്കുറിച്ചു ചിന്തിക്കയുണ്ടായില്ല. വിദ്യാഭ്യാസമില്ലെന്നുള്ള കുറവിനെപ്പററി നാം എപ്പോഴും മുറവിളിക്കുട്ടുന്നു. നിർബ്ബന്ധവിദ്യാഭ്യാസം ഏൎപ്പെടുത്തണമെന്നു് ഒരിളക്കം നമ്മുടെനാട്ടിൽ തട്ടിയിട്ടുണ്ടു്. ഗെയ്ക്വാർമഹാരാജാവു് അദ്ദേഹത്തിന്റെ രാജ്യത്തിൽ നിർബ്ബന്ധവിദ്യാഭ്യാസം ഏൎപ്പെടുത്തിയിരിക്കുന്നു. ഓരോരുത്തരും അതിനെ ശ്രദ്ധിച്ചുവരുന്നു. ഈ വിഷയത്തിൽ നാം അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ഈ ആരംഭങ്ങളെല്ലാം നിരുപയോഗങ്ങളെന്നോ?

പത്രാധിപർ:—നമ്മുടെ പരിഷ്കാരം മഹനീയമാണെന്നു നമുക്കുകരുതാമെങ്കിൽ നിങ്ങൾ പറഞ്ഞആരംഭങ്ങളുടെ കൂടുതൽഭാഗവും നിഷ്ഫലങ്ങളാണെന്നു് അനുകമ്പാപൂർവ്വം അറിയിക്കേണ്ടിയിരിക്കുന്നു. ഈവഴിക്കു പ്രവൎത്തിച്ചുവരുന്ന മഹാ

രാജാവിൻേറയും മററുള്ള പ്രധാനനായകന്മാരുടേയും ഉദ്ദേശം പരിശുദ്ധവും തന്മൂലം അവർ പ്രശംസാൎഹന്മാരുമാണു്. എന്നാൽ അവരുടെ ആരംഭത്തിൽനിന്നും ലഭിച്ചേക്കാവുന്നഫലം നമുക്കു നമ്മിൽനിന്നും മറച്ചുവെയ്ക്കപ്പെട്ടാവുന്നതല്ല.

വിദ്യാഭ്യാസത്തിൻേറ അൎത്ഥം എന്തു്? അക്ഷരജ്ഞാനം എന്നാണെങ്കിൽ അതിനെ ഒരു ആയുധമായിക്കരുതാം. ഒരായുധത്തെ നല്ലവഴിക്കും ചീത്തവഴിക്കും ഉപയോഗിക്കാം. ഒരു രോഗിയെ ഗുണപ്പെടുത്തുന്ന ആയുധത്തെ അവൻേറ ജീവനാശത്തിലേക്കും ഉപയോഗിക്കാം. അക്ഷരജ്ഞാനത്തിൻേറ അവസ്ഥയും ഇതുതന്നെ. അനേകംപേർ അതിനെ ചീത്തവഴിക്കുപയോഗിക്കുന്നു. വളരെക്കുറച്ചു് ആളുകൾമാത്രമേ നല്ലവഴിക്കുപയോഗിക്കുന്നുള്ളു. ഇതു നാം എങ്ങുംകണ്ടുവരുന്നു. ഇതു പരമാൎത്ഥമാണെങ്കിൽ, ഇതിൽനിന്നും ഗുണത്തേക്കാൾ പതിന്മടങ്ങു ദോഷമാണുണ്ടാകുന്നതെന്നു വ്യക്തമാകുന്നു.

വിദ്യാഭ്യാസത്തിൻേറ സാമാന്യമായ അൎത്ഥം അക്ഷരജ്ഞാനമാകുന്നു. കുട്ടികൾക്കു വായിക്കാനും എഴുതാനും കണക്കുകൂട്ടാനും പഠിപ്പിക്കുകയത്രെ പ്രാഥമികവിദ്യാഭ്യാസം എന്നു പറയപ്പെടുന്നതു്. ഒരുവ്യവസായി മാന്യമായി തൻേറ ആഹാരത്തെ സമ്പാദിക്കുന്നു. അവനുസാമാന്യമായ ലോകപരിചയമുണ്ടു്. അവനുതൻേറ മാതാപിതാക്കന്മാർ പുത്രകളത്രങ്ങൾ നാട്ടുകാർ ഇവരോടുപെരുമാറേണ്ടമാതിരി നല്ലവണ്ണംഅറിയാം. അവൻ ലോകനീതിയെഅറിഞ്ഞു്അതുപ്രകാരംജീവിതത്തെനടയിക്കുന്നു. എന്നാൽ അവനു തൻേറപേരിനെപ്പോലും എഴുതുന്നതിനുവശമില്ല. അവനു് അക്ഷരജ്ഞാനത്തെ നൽകുന്നതുകൊണ്ടു് എന്തുപ്രയോജനമാണു്? അവൻേറ സുഖത്തെ അല്പമെങ്കിലും വൎദ്ധിപ്പിക്കാൻ നിങ്ങളെക്കൊണ്ടു സാധിക്കുമോ? അവൻേറ കുടിലിലും നിലയിലും അതൃപ്തിയുണ്ടാകുമാറു പ്രവ

ത്തിക്കാൻ നിങ്ങൾ ശ്രമിക്കുന്നതാവാം? നിങ്ങൾ അങ്ങനെചെയ്യുന്നതായാലും, അവന്ന് ആ മാതിരിവിദ്യാഭ്യാസം ആവശ്യമില്ല. പാശ്ചാത്യപരിഷ്കാരപ്രവാഹത്തിൽ മുഴുകി, ഗുണദോഷവിവേചനം ചെയ്യാതെ, നാം ആപ്രകാരമുള്ള വിദ്യാഭ്യാസത്തെ ജനങ്ങൾക്കു നൽകണമെന്നുള്ള ഘട്ടത്തിൽ എത്തിയിരിക്കുന്നു.

ഇനി ഉന്നതവിദ്യാഭ്യാസത്തെപ്പറ്റി ചിന്തിക്കാം. ഭൂമിശാസ്ത്രം, പ്രകൃതിശാസ്ത്രം, ബീജഗണിതം, ക്ഷേത്രഗണിതംമുതലായവ ഞാൻ പഠിച്ചിട്ടുണ്ട്. അതുകൊണ്ട് എന്തുഫലം? ഏതൊരുപ്രകാരത്തിൽ എനിക്കാവട്ടെ, എന്നെ സംബന്ധിച്ചവർക്കാകട്ടെ ഞാൻ പ്രയോജകീഭവിച്ചു? ഞാൻ ഇതെല്ലാംഎന്തിനു പഠിച്ചു? പണ്ഡിതർ ഹക്സ്‌ലിഎന്ന പാശ്ചാത്യവിദ്വാൻ വിദ്യാഭ്യാസത്തെ ഇപ്രകാരം വ്യാഖ്യാനിച്ചിരിക്കുന്നു. “ഏതൊരുവൻ തന്റെ ശരീരത്തേയും ഹൃദയത്തേയും അറിയുന്നതിനും ഒരു യന്ത്രത്തെപ്പോലെ സകലപ്രവൃത്തികളും നിഷ്പ്രയാസമായും ശരിയായും ചെയ്യുന്നതിനും ബാല്യത്തിൽതന്നെ അഭ്യസിക്കുന്നുവോ, ഏതൊരുവന്റെ ജ്ഞാനം തെളിവായും വെളിവായുംപൂർണ്ണമായും ഒരു യന്ത്രത്തിന്റെ ദൃഢമായ ഒരോഅവയവത്തെപ്പോലെ പ്രവർത്തിക്കത്തക്കനിലയെ പ്രാപിച്ചിരിക്കുന്നുവോ, ഏതൊരുവന്റെ മനസ്സ് പ്രകൃതിയുടെ അസ്ഥിഭാരമാകുന്ന സത്യത്തിന്റെ ജ്ഞാനപ്പണ്ടകശാലയായിരിക്കുന്നുവോ, ഏതൊരുവൻ ഇന്ദ്രിയങ്ങളെ മനസ്സാക്ഷിയുടെ ദാസനാകുന്നദൃഢചിത്തത്തിന് അടിമപ്പെടുത്തിയുള്ളതക്കപരിശീലനം സമ്പാദിച്ചിരിക്കുന്നുവോ, ഏതൊരുവൻ നിസ്സാരങ്ങളെഎല്ലാം വെറുക്കുന്നുവോ, ഏതൊരുവൻ അന്യന്മാരെ തന്നെപ്പോലെ കരുതുന്നുവോ, അവനത്രേ യഥാർത്ഥവിദ്യാഭ്യാസമുള്ളവൻ എന്നു ഞാൻ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൻ പ്രകൃതിയോടു സംബന്ധപ്പെട്ടിരിക്കുന്നു. അവൻ പ്രകൃതിയെനല്ല

വണ്ണം ഫലപ്പെടുത്തുന്നു. പ്രകൃതി അവയുടെ നായും അതേ വിധത്തിൽ ഫലപ്പെടുത്തുന്നു".

ഇതുയഥാൎത്ഥമായ വിദ്യാഭ്യാസമാണെങ്കിൽ ഞാൻ മുൻപു പറഞ്ഞ ശാസ്ത്രങ്ങൾ എന്റെ വികാരങ്ങളെ അടക്കുന്നതിനു ഫലപ്പെട്ടില്ലെന്നു ഞാൻ ബലമായി പറയാം. ഏതായാലും, നിങ്ങൾ പ്രാഥമികവിദ്യാഭ്യാസത്തെക്കുറിച്ചു പറഞ്ഞാലും ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചു പറഞ്ഞാലും അതു മുഖ്യവിഷയത്തിലേക്കു ആവശ്യമാകുന്നില്ല; അതു നമ്മെ മനുഷ്യരാക്കുന്നില്ലാ; അതു നമ്മുടെ കടമയെച്ചെയ്യുന്നതിലേക്കും നമുക്കു ശക്തിയെത്തരുന്നില്ല.

വായനക്കാരൻ:—അങ്ങനെയാണെങ്കിൽ എനിക്കു നിങ്ങളോടു മറെറാരു ചോദ്യം ചോദിക്കാനുണ്ട്. ഈ വിഷയങ്ങളെ സംബന്ധിച്ച് എന്നോടു സംസാരിക്കുന്നതിനു നിങ്ങൾക്കു എതിൽനിന്നാണു സാമൎത്ഥ്യം ഉണ്ടായതു്? നിങ്ങൾ ഉന്നതവിദ്യാഭ്യാസത്തെ സമ്പാദിക്കാതിരുന്നുവെങ്കിൽ നിങ്ങൾ പറഞ്ഞ വിഷയങ്ങളെപ്പററി എന്നോടു സംസാരിക്കുന്നതിനു് എങ്ങനെ കഴിയുമായിരുന്നു ?

പത്രാധിപർ.—നിങ്ങൾ കണക്കിനു ചോദിച്ചു. അതിനുള്ള ഉത്തരം വളരെ എളുപ്പമാണു്. ഉന്നതവിദ്യാഭ്യാസമാകട്ടെ, താഴ്ന്ന വിദ്യാഭ്യാസമാകട്ടെ, ഞാൻ അഭ്യസിക്കാതിരുന്നുവെങ്കിൽ എന്റെ ജീവിതകാലം പാഴാകുമായിരുന്നുവെന്നു് എനിക്കു അല്പവും വിശ്വാസമില്ലാ. ഞാൻ സംസാരിക്കുന്നുവെന്നുവെച്ചു പൊതുനന്മയ്ക്കുവേണ്ടി പ്രവൎത്തിക്കുന്നുവെന്നും ഞാൻ കരുതുന്നില്ലാ. എന്നാൽ ഞാൻ പ്രവൎത്തിക്കുന്നതിനു ശ്രമിക്കുന്നുണ്ടു്. ആ ശ്രമത്തെ നിവൎത്തിക്കുന്ന വിഷയത്തിൽ എനിക്കു ലഭിച്ചിട്ടുള്ള വിദ്യാഭ്യാസത്തെ ഫലപ്പെടുത്തുന്നു. അതിനെ ഞാൻ നല്ലവഴിയ്ക്കു പ്രയോഗിക്കുന്നതായാലും അതു ഭൂരിപക്ഷം ജനങ്ങൾക്കല്ല നിങ്ങളെപ്പോലുള്ളവൎക്കുമാത്രമാണു ഉപ

യോഗപ്പെടുന്നത് ഇത് എന്റെ വാദത്തെ ബലപ്പെടുത്തുന്നു. നാം രണ്ടുപേരും കൂട്ടത്തിലും കൃത്രിമവിദ്യാഭ്യാസത്തിന്റെ ദോഷത്തിൽപ്പെട്ടുകഴിഞ്ഞു. ഞാൻ അതിന്റെ ദുഷ്ടഫലങ്ങളിൽ നിന്നുമുക്തനായികഴിഞ്ഞുവെന്നു കരുതി എന്റെ അനുഭവഫലത്തെ നിങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുന്നു. അതുവഴി ആ വിദ്യാഭ്യാസത്തിന്റെ ദോഷങ്ങളെ വെളിപ്പെടുത്തിത്തരാം.

അക്ഷരജ്ഞാനം ഒരു പ്രകാരത്തിലും ആവശ്യമില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ അതിനെ ഈശ്വരനെപ്പോലെ പൂജിക്കേണ്ട ആവശ്യമില്ലെന്നാണ് ഞാൻ വെളിപ്പെടുത്തിയത്. അത് നമ്മുടെ കാമധേനു അല്ല. നാം നമ്മുടെവികാരങ്ങളെ അടക്കി നമ്മുടെ ധർമ്മത്തെ യഥാസ്ഥാനം സ്ഥാപിക്കുന്നതായാൽ അതിന്റെ സ്ഥാനത്തിനുള്ള ഫലത്തെ അതു ചെയ്യും. അതിന് അവകാശസ്ഥാനം ഉണ്ട്. അതുപ്പോൾ നാം ആ വിദ്യാഭ്യാസത്തെ സമ്പാദിക്കുന്നതിനു ശ്രമിച്ചാൽ അതിനെ നല്ലവഴിക്കു ഫലപ്പെടുത്താം. അത് ഒരു ആഭരണംപോലെ നമ്മിൽ ശോഭിക്കയും ചെയ്യും. ഇതിൽനിന്നും ഈ വിദ്യാഭ്യാസത്തെ നിർബന്ധമാക്കേണ്ട ആവശ്യമില്ലെന്നു തെളിയുന്നു. നമ്മുടെ പ്രാചീനവിദ്യാഭ്യാസക്രമം മതിയാകും. അതാണ് പ്രാഥമികവിദ്യാഭ്യാസം. ആ അടിസ്ഥാനത്തിന്മേൽ കെട്ടിപ്പൊക്കുന്നകെട്ടിടം നിലനിൽക്കും.

വായനക്കാരൻ:—അങ്ങനെയാണെങ്കിൽ ഇംഗ്ലീഷുവിദ്യാഭ്യാസം ആവശ്യമില്ലെന്നാണോ വിചാരിക്കുന്നതു്?

പത്രാധിപർ:—അതേയെന്നും ഇല്ലെന്നും ഞാൻ അതിനുമറുപടി പറയും. ഭൂരിപക്ഷം ജനങ്ങൾക്ക് ഇംഗ്ലീഷുവിദ്യാഭ്യാസം നൽകുന്നതു് അവരെ അടിമകളാക്കുകയായിരിക്കും. വിദ്യാഭ്യാസത്തിനു മെക്കാളെ ചെയ്ത ക്രമീകരണം നമ്മെ അടിമകളാക്കിച്ചെയ്തു. അങ്ങനെ ഒരു ദുരഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു ഞാൻ പറയുന്നില്ല. എന്നാൽ അതായിരുന്നു

ഫലം. സ്വരാജ്യത്തെക്കുറിച്ചു നാം ഒരു അന്യഭാഷയിൽ! സംസാരിക്കേണ്ടിരിക്കുന്നതു് മമ്മഭേദകംഅല്ലേ?

യൂറോപ്യന്മാർ പരിത്യജിച്ച മുറകളെയാണു് നാം പരിചയിച്ചുവരുന്നതു് എന്നുള്ളതിന്നെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. അവരിൽ വിജ്ഞന്മാർ അതിനെ മാററപ്പെടുത്തിക്കൊണ്ടുവരുന്നു. അവർ പരിത്യജിച്ച മുറകളെ നാം അജ്ഞതയാൽ പിൻപററുന്നു. അവർ ഓരോഭാഗങ്ങളിലും അതിന്റെ നിലയെ പുതുക്കുന്നതിനു ശ്രമിച്ചുവരുന്നു. വെയിൽസ് ഇംഗ്ലണ്ടിന്റെ ഒരു ചെറിയഭാഗമാണു്. ആ രാജ്യക്കാരുടെ ഇടയിൽ വെയിൽസ്ഭാഷയെ പുനർജ്ജീവിപ്പിക്കുന്നതിനു തീവ്രയത്നം നടന്നുവരുന്നു. വെയിൽസിലെ കുട്ടികൾ വെയിൽസ്ഭാഷതന്നെ സംസാരിക്കണമെന്നുള്ള നിർബന്ധത്തെ നടപ്പിൽവരുത്തേണ്ടശ്രമത്തിൽമന്ത്രിലായിഡ്ജാർജ്ജ് പ്രഥമസ്ഥാനത്തെ വഹിച്ചുവരുന്നു. നമ്മുടെ സ്ഥിതിയോ? നമ്മൾ പരസ്പരം വിരുദ്ധമായ ഇംഗ്ലീഷ്ഭാഷയിൽ കത്തിടപാട്ടുനടത്തുന്നു. നമ്മളിൽ എം. എ, ബിരുദധാരികൾപോലും ഈ തെററായമാർഗ്ഗത്തിൽനിന്നും മുക്തന്മാരല്ല നമ്മുടെ പ്രധാനാഭിപ്രായങ്ങളെ ഇംഗ്ലീഷിൽ പ്രചരിപ്പിക്കുന്നു. നമ്മുടെ ദേശീയമഹാസഭയുടെ നടപടികളും ആംഗ്ലഭാഷയിൽ രേഖപ്പെടുത്തുന്നു. നമ്മുടെ പ്രധാനപത്രങ്ങളും ആംഗ്ലഭാഷയിൽ പ്രചരിപ്പിക്കുന്നു. ഇതുകൾ ദീർഘകാലം നിലനില്ക്കുന്നതായാൽ നമ്മുടെ സന്തതികൾ നമ്മിൽ പഴിചുമത്തുകയും അവർ നമ്മെ ശപിക്കയും ചെയ്യും. ഇതു് എന്റെ ബലമായഅഭിപ്രായമാണത്രേ.

ആംഗ്ലവിദ്യാഭ്യാസത്തെ സ്വീകരിച്ചതിനാൽ, നാം നമ്മുടെ നാട്ടിനെ അടിമത്തത്തിലാക്കി എന്നുള്ളതു രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. ചതി, കലഹം, ദൂഷണം മുതലായവ വർദ്ധിച്ചിരിക്കുന്നു. ആംഗ്ലഭാഷാഭിജ്ഞന്മാർ ജനങ്ങളെ വഞ്ചിക്കുന്നതിലും ഭയപ്പെടുത്തുന്നതിലും സങ്കോചിക്കുന്നില്ല. ഈ ഘട്ട

ത്തിൽ നാംജനങ്ങൾക്കുവേണ്ടിഎന്തെങ്കിലുംചെയ്യുന്നുവെങ്കിൽ അതു അവരിലുള്ള നമ്മുടെ കടമയിൽഒരുഭാഗത്തെ നിർവഹിക്കുന്നതായിരിക്കും.

നാം ഒരു ന്യായക്കോടതിയിൽ ചെല്ലേണ്ടിയിരുന്നാൽ, നാം ആംഗ്ലഭാഷയിൽ സംസാരിക്കേണ്ടിവരുന്നതു പരിതാപകരമായ ഒരവസ്ഥയല്ലേ? ഞാൻ ബാരിസ്റ്റർ ആയാൽ എനിക്ക് എന്റെ മാതൃഭാഷയിൽ സംസാരിച്ചുകൂടാ; ഒരന്യൻ സ്വഭാഷയെ എനിക്കു പരിഭാഷപ്പെടുത്തിത്തരേണ്ടിയിരിക്കുന്നു! ഇതു തുലോം അസഹ്യമല്ലേ? ഇതു അടിമത്തത്തിന്റെ അടയാളമല്ലേ? ഇതിലേക്കു നാം ഇംഗ്ലീഷുകാരെയോ എന്നെയോ കുററപ്പെടുത്തേണ്ടതു? ഇംഗ്ലീഷുപഠിച്ചു നാം തന്നെ ഇന്ത്യയെ അടിമപ്പെടുത്തിയിരിക്കുന്നു. നാട്ടിന്റെശാപം ഇംഗ്ലീഷുകാർക്കല്ല, നമുക്കാണ് ഏൽക്കുന്നതു്.

നിങ്ങളുടെ ഒടുവിലത്തെചോദ്യത്തിന് അതേയെന്നും ഇല്ലെന്നും ഞാൻ മറുപടിപറഞ്ഞു. 'അതേ'യെന്നുള്ളതിനെ വെളിപ്പെടുത്തിക്കഴിഞ്ഞു. ഇനി 'ഇല്ലെ'ന്നുള്ളതിനു സമാധാനം പറയാം.

ഇംഗ്ലീഷുവിദ്യാഭ്യാസം കൂടാതെകഴിവില്ലെന്നുള്ള നിർബന്ധനിലവരെ നാംഎത്തിയിരിക്കുന്നു; അത്രത്തോളംപരിഷ്കാരവ്യാധി നമ്മെപ്പിടികൂടിയിരിക്കുന്നു. ആ ഭാഷ അഭ്യസിച്ചുപോയവർ ആവശ്യംഎന്നുതോന്നുന്ന ഘട്ടങ്ങളിൽ അതിനെ നല്ലവഴിക്കു ഫലപ്പെടുത്തിക്കൊള്ളാം. ഇംഗ്ലീഷുകാരുമായും നമ്മുടെ സ്വന്തംജനങ്ങളുമായുമുള്ളപെരുമാററത്തിൽ ആ ഭാഷതന്നെ ഉപയോഗിക്കേണ്ടിവരുന്ന ഘട്ടത്തിലും, ഇംഗ്ലീഷുകാർക്ക് അവരുടെ പരിഷ്കാരത്തിൽ എത്രത്തോളം വെറുപ്പുണ്ടായിരിക്കുന്നു എന്നുള്ളതിനെ ഗ്രഹിക്കുന്നതിനായിട്ടും യഥാവകാശം ആ ഭാഷയെ ഉപയോഗപ്പെടുത്താം. ഇംഗ്ലീഷുപഠിച്ചവർ തങ്ങളുടെ കുട്ടികൾക്ക് അവരവരുടെ മാതൃഭാഷയിൽ ധർമ്മചിന്തകളെ

അഭ്യസിപ്പിക്കണം. എന്നാൽ അവർ പ്രായപൂർത്തിയായതിനു ശേഷം, 'അവസാനം നമുക്കിതു് ആവശ്യമില്ല' എന്നുള്ള ലക്ഷ്യത്തോടുകൂടി, ആ ഭാഷ അഭ്യസിച്ചുകൊള്ളട്ടെ. അതുകൊണ്ടുള്ള ധനസമ്പാദനലക്ഷ്യത്തിൽനിന്നും വ്യതിചലിക്കയുംവേണം. എത്രകുറഞ്ഞ അളവിൽ ആംഗ്ലഭാഷ പഠിക്കുന്നതായാലും, അതുവഴി ഗ്രഹിക്കേണ്ടതെന്തെന്നും ഗ്രഹിച്ചുകൂടാത്തതെന്തെന്നുംകൂടി ശ്രദ്ധിച്ചുകൊള്ളണം. ഏതുശാസ്ത്രങ്ങളെ നാം പഠിക്കണമെന്നുള്ളതും അവശ്യം അറിഞ്ഞിരിക്കേണ്ടതാകുന്നു. അല്പം ആലോചിച്ചുനോക്കിയാൽ, ആംഗ്ലേയ ബിരുദങ്ങളെ നാം അനാദരിക്കുന്നമാത്രയിൽ അധികൃതന്മാർ പരിഭ്രാന്തന്മാരാകുമെന്നു നിങ്ങൾക്കു ബോധപ്പെടും.

വായനക്കാരൻ — അപ്രകാരമായാൽ, ഏതു വിദ്യാഭ്യാസത്തെയാണു നാം നൽകേണ്ടതു്?

പത്രാധിപർ — ഇതിനെ ഒരുപ്രകാരത്തിൽ നാം മുമ്പു വിചിന്തനംചെയ്തിട്ടുണ്ടു്. നാം നമ്മുടെ എല്ലാ ഭാഷകളെയും പരിഷ്കരിക്കണം. അതുകൾ (ആ ഭാഷകൾ) വഴി ഏതെല്ലാം വിഷയങ്ങളെ പഠിക്കണം എന്നുള്ളതിനെക്കുറിച്ചു് ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല. പ്രയോജനകരങ്ങളായ ഇംഗ്ലീഷ് ഗ്രന്ഥങ്ങളെ പല ഇന്ത്യൻഭാഷകളിലും പരിഭാഷപ്പെടുത്തണം. പല ശാസ്ത്രങ്ങൾ അഭ്യസിക്കണമെന്ന മാമൂലിനെ ഇല്ലാതാക്കണം. മതവിദ്യാഭ്യാസം അല്ലെങ്കിൽ ആദ്ധ്യാത്മികവിദ്യാഭ്യാസത്തിനു പ്രഥമസ്ഥാനം നൽകണം. പഠിപ്പുള്ള ഓരോ ഇന്ത്യനും അവനവന്റെ മാതൃഭാഷയ്ക്കും പുറമെ, ഹിന്ദുവാണെങ്കിൽ സംസ്കൃതവും മഹമ്മദീയനാണെങ്കിൽ അറബിയും പാരസീകനാണെങ്കിൽ പാരസീകവും പഠിക്കണം. അതോടുകൂടി എല്ലാവരും ഹിന്ദിയും അഭ്യസിക്കണം. ഏതാനും ഹിന്ദുക്കൾ അറബിയും പാരസീകവും മനസ്സിലാക്കിയിരിക്കണം; ചില മുഹമ്മദീയർ പാരസീകവും സംസ്കൃതവും അറിഞ്ഞിരി

ക്കേണ്ടതാണ്. വടക്കുംപടിഞ്ഞാറും ഉള്ളവരിൽ പലർ തമിഴ് പഠിച്ചിരിക്കുന്നതുകൊള്ളാം. ഇന്ത്യയ്ക്കു പൊതുഭാഷ ഹിന്ദിയായിരിക്കയും വേണം. അതിനെ പാരസീകലിപിയിലോ നാഗരലിപിയിലോ എഴുതാം. ഹിന്ദുക്കളും മുഹമ്മദീയരും തമ്മിൽ അടുത്തബന്ധം ഉണ്ടാകുന്നതിനായി രണ്ടുലിപികളും അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. ഇങ്ങനെ ചെയ്യാൻകഴിയുമെങ്കിൽ ആംഗ്ലഭാഷയെ അതിന്റെ സ്ഥാനത്തുനിന്നും വളരെഎളുപ്പത്തിൽ ഓട്ടിക്കാം. അടിമകളായനമുക്ക് ഇവയെല്ലാം അവശ്യാവശ്യമത്രെ. നമ്മുടെ അടിമത്തത്താൽ നാടും അടിമപ്പെട്ടിരിക്കുന്നു. നാം മോചിക്കപ്പെട്ടുമ്പോൾ അതിനും മോചനം സിദ്ധിക്കും

വായനക്കാരൻ:—മതവിദ്യാഭ്യാസം വളരെ പ്രയാസമേറിയ ഒരു സംഗതിയാണ്.

പത്രാധിപർ:—എന്നാലും നമുക്കതുകൂടാതെ കഴിവില്ല. ഇന്ത്യ ഒരിക്കലും നാസ്തികത്വത്തിൽ വർത്തിക്കയില്ല. ആ നാട്ടിൽ കേവലം നാസ്തികത്വം വേരുറയ്ക്കുന്നതല്ല. കാര്യം പരമാർത്ഥത്തിൽ പ്രയാസമുള്ളതുതന്നെ. മതവിദ്യാഭ്യാസത്തെപ്പററി ചിന്തിക്കുമ്പോൾ എനിക്കു തലച്ചുററൽ ഉണ്ടാകുന്നു. നമ്മുടെ മതാചാര്യന്മാർ കപടവേഷധാരികളും സ്വാർത്ഥതല്പരന്മാരുമായി കാണപ്പെടുന്നു. അവരോട് നമുക്കടുക്കേണ്ടിയിരിക്കുന്നു. മഠാധിപന്മാരും ആചാര്യന്മാരും ബ്രാഹ്മണന്മാരും മൌലവിമാരും താക്കോൽ കരസ്ഥമാക്കിയിരിക്കുന്നു. എന്നാൽ അവർക്ക് സുജ്ഞാനം ഇല്ലാതിരുന്നാൽ, ഇംഗ്ലീഷുവിദ്യാഭ്യാസംകൊണ്ടുള്ള നമ്മുടെ ബുദ്ധിയെ മതവിദ്യാഭ്യാസത്തിൽ ചെലുത്തണം. ഇതു വളരെ പ്രയാസമുള്ളതല്ല. കടലിന്റെ കരമാത്രമേ അശുദ്ധമായിരിക്കുന്നുള്ളു. കരയിലുള്ളവരെ മാത്രമേ ശുദ്ധപ്പെടുത്തേണ്ടതായിട്ടുള്ളു. ആ ഇനത്തിൽപെട്ട നാം നമ്മേതന്നെ ശുദ്ധപ്പെടുത്തിക്കൊള്ളണം. എന്തുകൊണ്ടെ

ന്നാൽ ഞാൻ പറഞ്ഞതു ഭൂരിപക്ഷം ജനങ്ങളെസ്സംബന്ധിക്കയില്ല. ഇന്ത്യയെ അതിന്റെ ഉയൎന്നപടിയിൽ കൊണ്ടുവരുന്നതിനായി നാം ആ പടിയിലേക്കു തിരിച്ചു ചെല്ലേണ്ടിയിരിക്കുന്നു. നമ്മുടെ പരിഷ്കാരത്തിൽ ഏററവും, ഇറക്കവും, കണ്ടുപിടിത്തങ്ങളും, പ്രതിബന്ധങ്ങളും മററും പ്രകൃതിസിദ്ധമാകുന്നു. എന്നാൽ ഒരു നോട്ടം ആവശ്യമാണു്. അതു പാശ്ചാത്യപരിഷ്കാരത്തെ ബഹിഷ്കരിക്കണം എന്നുള്ളതത്രെ. മററൊക്കെ താനേ ഉണ്ടായിക്കൊള്ളും.

---

# അദ്ധ്യായം ൧൯.

## യന്ത്രം.

വായനക്കാരൻ—പാശ്ചാത്യപരിഷ്കാരത്തെ ബഹിഷ്കരിക്കണമെന്നു നിങ്ങൾ പറയുന്നു. എന്നാൽ യന്ത്രങ്ങൾവേണ്ടെന്നുകൂടി നിങ്ങൾ പറയുമോ?

പത്രാധിപർ—നിങ്ങൾ ഈ ചോദ്യം ചോദിച്ചതു കൊണ്ടു് എന്റെപുണ്ണിൽ കുത്തുകയാണു ചെയ്തതു്. ശ്രീമാൻ ദത്തർ എഴുതിയ ധനസംബന്ധചരിത്രത്തെ ഞാൻ വായിച്ചപ്പോൾ എനിക്കു് അശ്രുധാര പൊഴിഞ്ഞു. അതിനെക്കുറിച്ചു ഞാൻ വീണ്ടും വിചാരിക്കുമ്പോൾ എന്റെ ഹൃദയംപതറുന്നു. ഇന്ത്യയെ ദരിദ്രാവസ്ഥയിൽ ആക്കിയതു യന്ത്രങ്ങളാണു്. മാഞ്ചസ്ററർ നമുക്കുചെയ്ത ദോഷങ്ങളെ അളക്കുന്നതിനു പ്രയാസമാണു്. ഇന്ത്യക്കാരുടെ എല്ലാ കൈത്തൊഴിലുകളുടേയും നശീകരണത്തിനുകാരണം മാഞ്ചസ്ററാണു്.

എന്നാൽ ഞാൻ ഒരു തെററുചെയ്യുന്നു, മാഞ്ചെസ്റ്ററെപ്പഴിക്കുന്നതെന്തിനു് ? നാം മാഞ്ചസ്റ്റർ തുണിയെ ഉപയോഗിക്കുന്നു;

അതുകൊണ്ടു മാഞ്ചെസ്റ്റർ അതിനെനെയ്യുന്നു. ബംഗാളത്തുകാരുടെ വീഴ്ചയെക്കുറിച്ചു ഞാൻ വായിച്ചപ്പോൾ എനിക്കു കരകവിഞ്ഞസന്തോഷമുണ്ടായി. ആ രാജ്യത്തിൽ തുണിയന്ത്രശാലകളില്ല. അതുനിമിത്തം അവർക്കു പഴയ കൈനെയ്ത്തുതൊഴിലിനെ പുനർജ്ജീവിപ്പിക്കാൻകഴിഞ്ഞു. ബാംബെയിലെ യന്ത്രത്തൊഴിലിനെ ബംഗാളം ആദരിക്കുന്നതു വാസ്തവമാണു്. യന്ത്രനിർമ്മിതങ്ങളായ സകലസാധനങ്ങളേയും ബഹിഷ്കരിക്കണമെന്നൊരുവിജ്ഞാപനം ബംഗാളത്തുകാർ പ്രചരിപ്പിച്ചിരുന്നുവെങ്കിൽ അതു വളരെ ശ്ലാഘനീയമായിരുന്നേനേ.

യന്ത്രങ്ങൾ യൂറോപ്പിനെ നാശപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. ഇംഗ്ലണ്ടിനു് ഇപ്പോൾ നാശകാലം ആസന്നമായിക്കഴിഞ്ഞു. യന്ത്രങ്ങൾ ആധുനികപരിഷ്കാരത്തിന്റെ പ്രധാനചിഹ്നങ്ങളാണു്. അതു് ഒരു വലിയ പാപത്തിന്റെ സൂചനയാകുന്നു.

ബാംബെയിലുള്ള തൊഴിൽശാലകളിലെ കൂലിവേലക്കാർ അടിമകളായിഭവിച്ചു. അതിലെ സ്ത്രീകളുടെസ്ഥിതി ഭയങ്കരമാണത്രേ. തൊഴിൽശാലകളുടെ ആവിർഭാവത്തിനുമുമ്പു് ഈ വനിതകൾ പട്ടിണികിടക്കയല്ലായിരുന്നു. യന്ത്രഭ്രമം നമ്മുടെനാട്ടിൽ വേരൂന്നിയാൽ അതൊരു സുഖഹീനമായ നാടായിത്തീരും. ഇതിനെ ഒരു കുറ്റമായിക്കരുതാം. എന്നാൽ ഇന്ത്യയിൽ യന്ത്രങ്ങളെ വർദ്ധിപ്പിക്കുന്നതിനേക്കാൾ മാഞ്ചെസ്റ്ററിലേക്കു പണമയച്ചു് അവിടുന്നു വരുന്ന മിനുസമായ മുണ്ടു വാങ്ങി ധരിക്കുന്നതു ഭേദമാണെന്നു പറവാൻ ഞാൻ കടപ്പെട്ടിരിക്കുന്നു. മാഞ്ചെസ്റ്ററിൽ തുണി വാങ്ങി ഉപയോഗിക്കുന്നതുവഴി നാം നമ്മുടെ പണത്തെ മാത്രമേ നഷ്ടപ്പെടുത്തുന്നുള്ളൂ. എന്നാൽ ഇന്ത്യയെ മാഞ്ചെസ്റ്ററാക്കുന്നതുകൊണ്ടു്, നമ്മുടെ രക്തത്തെ കൊടുത്തു ധനത്തെ രക്ഷിക്കയാകുന്നു; എന്തെന്നാൽ നമ്മുടെ ആത്മാവു നശിക്കും. തൊഴിൽശാലകളിലെ കൂലി

കാരെത്തന്നെ എന്റെ വാദത്തിന്ന സാക്ഷികരിക്കാം. തൊഴിൽശാലകളെക്കൊണ്ടു പണം സമ്പാദിച്ചവർ മറ്റുവിധത്തിലുള്ള ധനികന്മാരെക്കാൾ മേന്മയുള്ളവരായിരിക്കാൻ തരമില്ല. അമേരിക്കയിലെ കോടീശ്വരനെ (Racfeller) അപേക്ഷിച്ചു് ഇന്ത്യയിലെ കോടീശ്വരൻ (Racfeller) മേന്മയുള്ളവനാണെന്നു കരുതുന്നതു് അറിവുകേടാണു്. ദാരിദ്ര്യാവസ്ഥയിൽപെട്ടിരിക്കുന്ന ഇന്ത്യയ്ക്കു മോചിക്കപ്പെടാൻ കഴിയും. എന്നാൽ അന്യായമായി ധനസ്ഥിതിയെ പ്രാപിച്ച ഇന്ത്യയ്ക്കു സ്വാതന്ത്ര്യത്തെ വീണ്ടെടുക്കാൻ പ്രയാസമാണു്. ധനികന്മാർ ബ്രിട്ടീഷുകാരന്നത്തെ ശക്തിയെ കൊടുക്കുന്നു എന്നുള്ളതിനെ നാം സമ്മതിച്ചേതീരൂ. അതു ശക്തിപ്പെട്ടിരിക്കുന്നതാണു് അവക്കുള്ളതു്. പണം ഒരുത്തനെ നിസ്സഹായനാക്കുന്നു. ഇതുപോലെ ദുഷ്ടമായ മറെറാന്നു്, വിഷയാസക്തിമാത്രമാണു്. ഇതുരണ്ടും വിഷമാണത്രെ. ഈരണ്ടിനേയും അപേക്ഷിച്ചു്, പാമ്പുകടിച്ചുള്ള വിഷം താണപടിയിലുള്ളതാണു്. എന്തുകൊണ്ടെന്നാൽ, പാമ്പിൻവിഷം ദേഹത്തെമാത്രമേ നശിപ്പിക്കുന്നുള്ളു. ഇതുരണ്ടുമോ? ശരീരത്തെയും മനസ്സിനേയും ആത്മാവിനേയും നശിപ്പിക്കുന്നു. അതുകൊണ്ടു്, യന്ത്രതൊഴിൽ അഭിവൃദ്ധിപ്പെടുന്നതിനെക്കുറിച്ചു നാം സന്തുഷ്ടന്മാരാകേണ്ട ആവശ്യമില്ല.

വായനക്കാരൻ:—അങ്ങനെയായാൽ യന്ത്രശാലകളെ എല്ലാം അടച്ചുപൂട്ടുകയോ?

പത്രാധിപർ:—അതു പ്രയാസമാണു്. നിലനിന്നുപോരുന്ന ഒരു കാര്യത്തെ ഇല്ലാതാക്കുന്നതു് അത്ര എളുപ്പമല്ല. അതുകൊണ്ടു്, അങ്ങനെയുള്ള ഒരു കാര്യത്തെ തുടങ്ങാതിരിക്കുന്നതാണു് കൂടിയ അറിവെന്നു പറയപ്പെടുന്നു. യന്ത്രശാലാധികാരികളെ നമുക്കു കുറ്റപ്പെടുത്താൻ പാടില്ല; അവരിൽ നമുക്കു് അനുകമ്പയുണ്ടാകാം. അവർ തങ്ങളുടെ യന്ത്രശാലകളെ ബഹിഷ്കരിക്കണം എന്നു പ്രതീക്ഷിക്കുന്നതു കറാകരമാകുന്നു

എന്നാൽ അതിനെ വർദ്ധിപ്പിക്കാതിരിക്കുന്നതിന് നമുക്ക് അവരോട് അപേക്ഷിക്കാം. അവർ സത്ബുദ്ധികളായിരുന്നാൽ തങ്ങളുടെ തൊഴിലിനെ ക്രമേണ ചുരുക്കിക്കൊള്ളും. പ്രാചീനവും പരിശുദ്ധവുമായ കൈത്തറിയെ അനേകം ഗൃഹങ്ങളിൽ അവർക്ക് നടപ്പാക്കാം. ഇങ്ങനെ നെയ്യുന്ന വസ്ത്രങ്ങളെ അവർക്ക് വിലയ്ക്കുവാങ്ങാം. യന്ത്രശാലക്കാർ അപ്രകാരം ചെയ്താലും ചെയ്തില്ലെങ്കിലും ജനങ്ങൾ യന്ത്രനിർമ്മിതങ്ങളായ വസ്ത്രങ്ങളെ വർജ്ജിക്കണം.

വായനക്കാരൻ:—നിങ്ങൾ ഇതേവരെ യന്ത്രത്തിൽചെയ്ത വസ്ത്രത്തെക്കുറിച്ചു സംസാരിച്ചു. എന്നാൽ യന്ത്രത്താൽ ചെയ്യപ്പെടുന്ന കണക്കില്ലാത്തസാധനങ്ങളുണ്ടല്ലോ. അതിനെ നമുക്ക് ഇറക്കുമതിചെയ്കയോ അല്ലെങ്കിൽ അതിനുള്ള യന്ത്രങ്ങളെ നമ്മുടെനാട്ടിൽ ഏർപ്പെടുത്തുകയോ വേണ്ടിയിരിക്കുന്നു.

പത്രാധിപർ:—വാസ്തവംതന്നെ; നമ്മുടെ ദൈവങ്ങളെപ്പോലും ജർമ്മനിയിൽചെയ്യുന്നു. അങ്ങനെയിരിക്കെ, തീപ്പെട്ടി, മൊട്ടുസൂചി, കണ്ണാടിസ്സാമാനങ്ങൾ ഇതുകളെക്കുറിച്ച് എന്തുപറവാനാണ്? എനിക്ക് ഒരുസമാധാനമേയുള്ളു. ഈ സാധനങ്ങൾ ഇന്ത്യയിൽ വരുന്നതിനുമുമ്പ് ഇന്ത്യ എന്തുചെയ്തു? അതുപോലെ ഇന്നുംചെയ്യണം. യന്ത്രങ്ങളില്ലാതെ മൊട്ടുസൂചിയുണ്ടാക്കാൻ കഴിവില്ലാതിരിക്കുന്നിടത്തോളം, നമുക്ക് അതില്ലാതെജീവിക്കാം. പകിട്ടുസാധനങ്ങളിലുള്ളഭ്രമം നമുക്കു വേണ്ടുന്നതല്ല. പഴയകാലങ്ങളിലെപ്പോലെ നാട്ടിലുണ്ടാകുന്നപഞ്ഞികൊണ്ടുതിരുത്തതിരികളേയും, വിളക്കുകളായി, കൈകൊണ്ടുചെയ്ത മൺചട്ടികളേയും ഉപയോഗിക്കണം. അങ്ങനെചെയ്ത്, നമ്മുടെ കണ്ണുകളേയും ധനത്തേയും സംരക്ഷിച്ച്, സ്വദേശവ്രതത്തെ ആദരിച്ച് അതുവഴി സ്വരാജ്യത്തെ സമ്പാദിക്കാം.

എല്ലാവരും ഒരേസമയത്തിൽ ഇതൊക്കെ ആചരിക്കുമെന്നോ, ചിലർ ഉടനടി യന്ത്രസാമാനങ്ങളെയ് എല്ലാം തിരസ്കരിക്കുമെന്നോ, കരുതാൻപാടില്ല. എന്നാൽഉദ്ദേശം പാവനമാകയാൽ ഏതെതിനെ ഉപേക്ഷിക്കണമെന്ന് അപ്പോഴപ്പോൾ അറിഞ്ഞു, അതുകളെ ക്രമേണനിവൃത്താം. ചിലർചെയ്യുന്നതിനെ പലർ അനുകരിക്കും. തദ്വാരാ ആ ഇളക്കം വളർന്നു കൊള്ളും. നായകന്മാർ പ്രവർത്തിക്കുന്നതിനെക്കണ്ട് മററുള്ളവരും പ്രവർത്തിക്കും. ഈ വിഷയം അത്ര സുകരമല്ല; അത്ര പ്രയാസവുമല്ല. മററുള്ളവർനമ്മെ അനുകരിക്കുന്നതുവരെ നിങ്ങളുംഞാനും കാത്തിരിക്കേണ്ട ആവശ്യമില്ല. ഇങ്ങിനെചെയ്യാത്തവർ നഷ്ടത്തെഅനുഭവിക്കും. വാസ്തവംഅറിഞ്ഞും, ഇതിന്റെ ചെയ്യാതിരിക്കുന്നവരെ ഭീരുക്കളെന്നുവിളിക്കാം.

വായനക്കാരൻ:—എന്നാൽ ട്രാംവണ്ടികളെയുംവിദ്യുച്ഛക്തിയേയുംപററി നിങ്ങൾ എന്തുപറയുന്നു?

പത്രാധിപർ:—ഈ ചോദ്യംഇപ്പോൾ വളരെപിന്നിട്ടുപോയി. ഇതിൽയാതൊരർത്ഥവുമില്ല. റെയിൽപാതകളുടെ ആവശ്യമില്ലെങ്കിൽ ട്രാംവണ്ടികളക്കൂടാതെയും നാം കഴിയണം. യന്ത്രങ്ങൾ, ഒന്നുമുതൽ നൂറുവരെസർപ്പങ്ങൾക്ക് ഒതുങ്ങിയിരിക്കാവുന്ന ഒരു വിലത്തിനുതുല്യമാണ്. യന്ത്രങ്ങൾ ഉള്ള സ്ഥലങ്ങളിൽ വലിയപട്ടണങ്ങളുണ്ട്. വലിയനഗരങ്ങളുള്ള സ്ഥലത്തു ട്രാംവണ്ടികളും റെയിൽപാതകളുമുണ്ട്. അവിടെമാത്രം വിദ്യുച്ഛക്തിവിളക്കുകളുംകാണാം. ആംഗ്ലേയഗ്രാമങ്ങളിൽ ഇങ്ങനെയുള്ള ഏർപ്പാടുകളൊന്നുമില്ല. ഏതൊരിടത്ത് ദ്രുതഗമനാഗമനസാധനങ്ങൾ വർദ്ധിച്ചിരിക്കുന്നുവോ അവിടെ മനുഷ്യരുടെ സുഖവുംകുറഞ്ഞിരിക്കുന്നുവെന്ന് ഒരു യഥാർത്ഥവൈദ്യൻ അഭിപ്രായപ്പെടുന്നു. യൂറോപ്പിലുള്ള ഒരു പട്ടണത്തിൽ പണക്കുറവു നേരിട്ടപ്പോൾ ട്രാംവണ്ടികളുടേയും

റെയിൽപ്പാതകളുടേയും വക്കീലന്മാർ വൈദ്യന്മാർ ഇവരുടേയും ആദായത്തിനും കുറവു സംഭവിച്ചു. ജനങ്ങൾ അല്പാല്പം കഷ്ടങ്ങൾ അനുഭവിക്കയും ചെയ്തു. ഇതു് എന്റെ ഓർമ്മയിൽ വരുന്നു. യന്ത്രസംബന്ധമായി ഗുണകരമായ ഒരു സംഗതിയും എനിക്കു തോന്നുന്നില്ല. അതിന്റെ ദോഷങ്ങളെ ചൂണ്ടിക്കാണിച്ചു് ഒരു 'മഹാഭാരതം' എഴുതാം.

വായനക്കാരൻ:—നിങ്ങൾ പറയുന്നതെല്ലാം യന്ത്രത്താൽ അച്ചടിക്കുന്നതു നല്ലതോ ചീത്തയോ?

പത്രാധിപർ:—ചില സന്ദർഭങ്ങളിൽ വിഷത്തെ വിഷത്താൽ നശിപ്പിക്കാം എന്നു സാധിക്കുന്ന ഉദാഹരണങ്ങളിൽ ഒന്നാണിതു്. അതുകൊണ്ടു്, ഇതു യന്ത്രത്തെ സംബന്ധിച്ച ഒരു നല്ല വിഷയമല്ല. അതു മരിക്കുമ്പോൾ നമ്മെ നോക്കി "ശൌനം! എന്നൊരു കരുവിൻ! എന്നെക്കൊണ്ടു നിങ്ങൾക്കു് ഒരു ഫലവുമുണ്ടാകാനില്ല, അച്ചടിക്കുന്നതുകൊണ്ടുള്ള ഫലം യന്ത്രഭ്രമികൾക്കേ ഫലപ്പെടുകയുള്ളൂ" എന്നു പറയുന്നു. അതുകൊണ്ടു പ്രധാനവിഷയത്തെ നിങ്ങൾ വിസ്മരിച്ചുകളയരുതു്. യന്ത്രങ്ങൾ ദുഷ്ടഫലങ്ങളോടുകൂടിയതാണെന്നു് ഓർമ്മിക്കണം. ആ ഓർമ്മയുണ്ടായാൽ, നമുക്കു് അതിനെ ക്രമേണ ഇല്ലാതാക്കാൻ സാധിക്കും. നാം ആഗ്രഹിക്കുന്നതൊന്നും ഉടനടി സാധിക്കത്തക്ക ഒരു മാർഗ്ഗവും പ്രകൃതി ഏർപ്പെടുത്തിയിട്ടില്ല. യന്ത്രങ്ങൾ ഗുണകരങ്ങളാണെന്നു പൂജിക്കാതെ, അതുകൾ ദുഷ്ടങ്ങളെന്നു് കരുതാമെങ്കിൽ, അതുകൾ ക്ഷണത്തിൽ വിലകിക്കൊള്ളും.

---

# അദ്ധ്യായം ൨൧.

---

## ഉപസംഹാരം

വായനക്കാരൻ—നിങ്ങളുടെഅഭിപ്രായങ്ങളിൽനിന്നുംനിങ്ങൾഒരുമൂന്നാംകക്ഷിസ്ഥാപിക്കുമെന്നുതോന്നുന്നു. നിങ്ങൾമിതവാദിയുമല്ല, അമിതവാദിയുമല്ല.

പത്രാധിപർ—അതബദ്ധം; ഞാൻ മൂന്നാംകക്ഷിയെപ്പറ്റിവിചാരിച്ചിട്ടില്ല. നാമെല്ലാംഒരേ വിചാരത്തോടുകൂടിയവരല്ല. എല്ലാമിതവാദികളും തന്നെ ഒരേഅഭിപ്രായഗതിയോടുകൂടിയവരാണെന്നുപറവാൻനമുക്കു സാധിക്കുന്നതല്ല. രാജ്യസേവനത്തെ തൊഴിലാക്കിയിരിക്കുന്നവർക്കു കക്ഷിയുണ്ടാകുന്നതെങ്ങനെ ? മിതവാദികൾക്കും അമിതവാദികൾക്കും വേണ്ടി ഞാൻ വേലചെയ്യും. ഏതെങ്കിലും ഒരുവിഷയത്തിൽ ഞാൻ അവരിൽനിന്നും വ്യത്യാസപ്പെട്ടാൽ എന്റെനിലയെക്കുറിച്ചു് ഞാൻ അവരോടു മര്യാദയായിപ്പറഞ്ഞു് എന്റെ തൊഴിലിനെ തുടരും.

വായനക്കാരൻ—അങ്ങനെയാണെങ്കിൽ ആ രണ്ടുകക്ഷികളോടും നിങ്ങൾക്കു് എന്താണു് പറവാനുള്ളതു്?

പത്രാധിപർ—എനിക്കു് അമിതവാദികളോടു പറവാനുള്ളതു് ഇതാണു്. "നിങ്ങൾക്കു സ്വരാജ്യംവേണമെന്നു് എനിക്കറിയാം. അതു നിങ്ങൾ ചോദിച്ചതുകൊണ്ടുമാത്രം കിട്ടുകയില്ല അതിനെ ഓരോരുത്തരുംതന്നെത്താൻ വരുത്തേണ്ടതാണു്. അന്യനിൽ നിന്നുംകിട്ടുന്നതു സ്വരാജ്യമല്ല; അതു പരരാജ്യമാണു് ഇംഗ്ലീഷുകാരെ ഓട്ടിച്ചാൽ നിങ്ങൾക്കുസ്വരാജ്യംകിട്ടിക്കഴിഞ്ഞുവെന്നുള്ളപറച്ചിൽ സാധുവല്ല. സ്വരാജ്യത്തിന്റെ വാസ്തവമായ സ്വഭാവം ഞാൻ മുമ്പതന്നെ വിവരിച്ചുപറഞ്ഞിട്ടുണ്ടു്. നി

ങ്ങൾക്കിതിന്നേ ഒരുകാലത്തും ആയുധശക്തികൊണ്ടു സമ്പാദിക്കാവുന്നതല്ല. മൃഗീയശക്തി ഇന്ത്യയ്ക്കു യോജിച്ചതല്ല. അതുകൊണ്ടു നിങ്ങൾക്കു ആത്മശക്തിയിൽത്തന്നേ പൂൎണ്ണവിശ്വാസം ഉണ്ടായിരിക്കണം. നമ്മുടെ ലക്ഷ്യത്തിൽ ചെന്നെത്തുന്നതിനിടയ്ക്കു് എപ്പോഴെങ്കിലുംആയുധപ്രയോഗംആവശ്യമാണെന്നുനിങ്ങൾ വിചാരിക്കരുതു്."

ഞാൻ മിതവാദികളോടു പറയുന്നതാവിതു്.— "ഹർജികൾ അയച്ചുംകൊണ്ടുമാത്രം കഴിഞ്ഞുകൂടുന്നതു ഗൌരവക്കുറവാണു്. അതു നമ്മുടെതാഴ്മയെ നാം സമ്മതിക്കുന്നതാകുന്നു. ഇംഗ്ലീഷുഭരണം കൂടാതെ കഴികയില്ലെന്നു പറയുന്നതു ദൈവമില്ലെന്നുപറയുന്നതുപോലെയാണു്. ദൈവം ഒഴിച്ചു് ആരെങ്കിലുമോ ഏതെങ്കിലുമോ ഇല്ലാതെ കഴിക്കാൻനിവൃത്തിയില്ലെന്നു നമുക്കുപറഞ്ഞുകൂട. തൽക്കാലത്തേക്കു ഇന്ത്യയിൽ ഇംഗ്ലീഷുകാർ ആവശ്യമാണെന്നുപറയുന്നതു് അവരെ അഹംഭാവമുള്ളവരാക്കിച്ചെയ്കയാണെന്നു നമുക്കു ദൃഢനിശ്ചയംവേണം.

ഇംഗ്ലീഷുകാർ ഇന്ത്യയിൽനിന്നും ഭാണ്ഡംമുറുക്കിയാൽ ഇന്ത്യയ്ക്കു വൈധവ്യംസംഭവിക്കുമെന്നുവിചാരിച്ചുകൂട. അവരുടെ ഭയപ്പെടുത്തിയ ഭരണത്തിൻകീഴിൽ സമാധാനംകാണുന്നവർ അവർ പോയതിന്നുശേഷം യുദ്ധം ചെയ്യേക്കാം. തിളച്ചു പൊങ്ങുന്നതിനെ അമർത്തിഅടയ്ക്കാൻ ശ്രമിച്ചതുകൊണ്ടു പ്രയോജനമില്ല. അതിന്നുവഴി തെളിക്കയാണുവേണ്ടതു്. നാം സമാധാനത്തോടുകൂടി വൎത്തിക്കുന്നതിന്നുമുമ്പു നമുക്കു പരസ്പരം യുദ്ധം ചെയ്യേണ്ടിവന്നാൽ അങ്ങനെ ചെയ്യുന്നതു കൊള്ളാം. എന്നാൽ ക്ഷീണിച്ചകക്ഷിയെ സഹായിക്കുന്നതിന്നു് ഒരുമൂന്നാമന്റെ ആവശ്യംഇല്ല. ഈ മൂന്നാമന്റെ സഹായമാണു് നമ്മുടെ ജീവനാഡികളെ ക്ഷയിപ്പിച്ചതു്. അങ്ങനെയുള്ള സഹായം, ക്ഷീണിച്ചകക്ഷിയെ അതിലുംഅധികം ക്ഷീണിപ്പിക്കുന്നു. ഇതു് അറിയാതെ നമുക്കു സ്വരാജ്യത്തിന്നു് അവകാശമി

ല്ല. ഒരിംഗ്ലീഷ് പാതിരിയുടെ അഭിപ്രായത്തെ ഇവിടെ ഉദ്ധരിക്കാം. "നീതിപരമായ വിദേശീയഭരണത്തെക്കാൾ സ്വരാജ്യത്തിൻകീഴിലുള്ള അനാഥഭരണം ഭേദമാണു്" എന്നദ്ദേഹം പറയുന്നു. ആ ബുദ്ധിമാനായ പാതിരി കല്പിച്ചിട്ടുള്ള അൎത്ഥം ഇന്ത്യൻസ്വരാജ്യത്തിനു ഞാൻ ധരിച്ചിട്ടുള്ള അൎത്ഥത്തിൽ നിന്നും വ്യത്യസ്തമാണു്. ഇന്ത്യൻഭരണത്തിന്റെയാകട്ടെ ഇംഗ്ലീഷുഭരണത്തിന്റെയാകട്ടെ, ശല്യങ്ങൾ നമുക്കു് ആവശ്യമില്ലെന്നു് അനുഭവത്തിൽ കൊണ്ടു്, മററുള്ളവരെ പഠിപ്പിക്കയും വേണം."

അങ്ങനെ ചെയ്യുന്നതായാൽ മിതവാദികളും അമിതവാദികളും തമ്മിൽ യോജിച്ചുകൊള്ളും. അതിൽ ഒരു കക്ഷി മറേറകക്ഷിയെ അവിശ്വസിക്കുന്നതിനോ ഭയപ്പെടുന്നതിനോ കാരണമില്ല.

വായനക്കാരൻ—അപ്പോൾ നിങ്ങൾ ഇംഗ്ലീഷുകാരോടു് എന്തുപറയും?

പത്രാധിപർ—അവരോടു് ആദരപൂൎവ്വം ഇങ്ങനെ പറയും. "നിങ്ങൾ എന്നെ ഭരിക്കുന്നവരാണെന്നു ഞാൻ സമ്മതിക്കുന്നു. നിങ്ങൾ ഇന്ത്യയെ സ്വാധീനതയിൽ വച്ചുംകൊണ്ടിരിക്കുന്നതു് ആയുധസഹായത്താലോ, എന്റെ സമ്മതത്താലോ എന്ന ചോദ്യത്തെക്കുറിച്ചു വാദിക്കേണമെന്നില്ല. നിങ്ങൾ ഇവിടെ താമസിക്കുന്നകാൎയ്യത്തിൽ എനിക്കു യാതൊരുവിരോധവുമില്ല. പക്ഷെ, നിങ്ങൾ ഞങ്ങളെ ഭരിക്കുന്നുവെങ്കിലും പൊതുജനങ്ങളുടെ ദാസന്മാരായിട്ടുവേണം ഇവിടെ വൎത്തിക്കുവാൻ. നിങ്ങളുടെഇഷ്ടാനുസരണം കഴിഞ്ഞുകൂടേണ്ടവരല്ലഞങ്ങൾ. പ്രത്യുത, നിങ്ങൾ ഞങ്ങളുടെ ഇഷ്ടത്തെ അനുസരിച്ചുപ്രവൎത്തിക്കേണ്ടവരാണു്. ഈ നാട്ടിൽനിന്നും തട്ടിക്കൊണ്ടുപോയപണം നിങ്ങൾക്കുതന്നെയിരിക്കട്ടെ. എന്നാൽ ഇനിനിങ്ങൾക്കു് അങ്ങനെ കൊണ്ടുപോകാൻ സാധിക്കുന്നതല്ല. നിങ്ങൾക്കു് ഇ

ഷ്ടമുള്ളപക്ഷം, ഇന്ത്യയെ രക്ഷിക്കുന്നതു് നിങ്ങളുടെവേലയാകുന്നു. ഞങ്ങളിൽനിന്നും വ്യാപാരലാഭത്തെ എടുത്തുകൊള്ളാമെന്നുള്ളവിചാരം നിങ്ങൾ വിട്ടുകളയണം. നിങ്ങൾ ആദരിച്ചുവരുന്ന പരിഷ്കാരം വിപരീതപരിഷ്കാരമാണെന്നു ഞങ്ങൾ കരുതുന്നു. ഞങ്ങളുടെ പരിഷ്കാരം നിങ്ങളുടേതിനെക്കാൾ ശ്രേഷ്ഠമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ യാഥാത്ഥ്യംനിങ്ങൾ ഗ്രഹിക്കുന്നതു ശ്രേയസ്കരമായിരിക്കും. ഇതിനെ ഗ്രഹിക്കാതിരുന്നാൽ നിങ്ങൾ ഞങ്ങളെപ്പോലെതന്നെ ഞങ്ങളുടെനാട്ടിൽ വത്തിക്കണം. ഞങ്ങളുടെ മതത്തിന്നുവിപരീതമായി നിങ്ങൾ യാതൊന്നും ചെയ്തുപോകരുതു്. ഹിന്ദുക്കളെസ്സംബന്ധിച്ചിടത്തോളം ഗോമാംസവും മഹമ്മദീയരെസ്സംബന്ധിച്ചിടത്തോളം പന്നിയിറച്ചിയും നിറുത്തൽചെയ്യേണ്ടതുനിങ്ങളുടെ കടമയാകുന്നു. ഇത്രകാലം ഞങ്ങൾ യാതൊന്നും പറഞ്ഞിട്ടില്ല. കാരണം ഞങ്ങൾ ഭയപ്പെട്ടിരുന്നതാണു്, അല്ലാതെനിങ്ങളുടെപ്രവൃത്തികൾ ഞങ്ങളുടെ മനസ്സിനെ വ്രണപ്പെടുത്താതിരുന്നതാണെന്നു നിങ്ങൾ വിശ്വസിക്കേണ്ട. നീചമായ സ്വാത്ഥതല്പരതയാലോ ഭയത്താലോ ഞങ്ങളുടെ വിചാരങ്ങളെ വെളിപ്പെടുത്തിയില്ല. എന്നാൽ ഇപ്പോൾ, ധൈര്യത്തോടുകൂടി പറയേണ്ടതു് ഞങ്ങളുടെ കടമയായിത്തീന്നിരിക്കുന്നു. നിങ്ങളുടെ വിദ്യാലയങ്ങളും നീതിന്യായസ്ഥാപനങ്ങളുംനിരുപയോഗങ്ങളാണെന്നു ഞങ്ങൾ കരുതുന്നു.ഞങ്ങളുടെ പുരാതനവിദ്യാലയങ്ങളുംനീതിന്യായസ്ഥാപനങ്ങളും പുനരുദ്ധരിക്കണമെന്നു് ഞങ്ങൾ ആഗ്രഹിക്കുന്നു. ഇന്ത്യയുടെ പൊതുഭാഷ ഹിന്ദിയല്ലാതെ ഇംഗ്ലീഷാകുന്നതല്ല. അതുകൊണ്ടു് നിങ്ങൾ ഹിന്ദിപഠിക്കണം. മേലാൽഞങ്ങളുടെ നാട്ടുഭാഷയിൽ മാത്രം നിങ്ങളോടുസംസാരിക്കുന്നതാണു്.

ഇരിമ്പുപാതകളിലും പട്ടാളവകുപ്പിലും നിങ്ങൾ പണം ചെലവഴിക്കുന്നതിനെ ഞങ്ങൾ സഹിക്കയില്ല. അതു് അനാവശ്യമായ ചെലവാകുന്നു. നിങ്ങൾക്കു റഷ്യയെഭയമുണ്ടോ

യിരിക്കാം; ഞങ്ങൾക്കില്ല. അതിൻെറ ആവശ്യം നേരിടുമ്പോൾ ഞങ്ങൾ കണ്ടുകൊള്ളാം. നിങ്ങൾ ഞങ്ങളോടു യോജിക്കുന്നുവെങ്കിൽ നമുക്കു രണ്ടുകൂട്ടർക്കും ഒന്നുചേൎന്നു പ്രതിവിധിചെയ്യാം. ഞങ്ങൾക്കു യൂറോപ്പുവസ്ത്രങ്ങളൊന്നും ആവശ്യമില്ല. ഞങ്ങളുടെ നാട്ടിൽ നെയ്യുന്ന വസ്ത്രങ്ങളെക്കൊണ്ടു ഞങ്ങൾ തൃപ്തിപ്പെട്ടുകൊള്ളാം. നിങ്ങൾ ഒരു കണ്ണു മാഞ്ചെസ്റ്ററിലും മറെറാന്നു ഇന്ത്യയിലും പതിപ്പിക്കേണ്ടതില്ല നമ്മുടെ ഇരുകക്ഷികളുടേയും ലാഭം തുല്യമായിരുന്നാൽ നമുക്കു സഹകരിക്കാം. ഇതു അഹങ്കാരത്താൽ പറയുന്നതല്ല. നിങ്ങൾക്കു സൈന്യബലം കൂടുതലുണ്ടു. നിങ്ങൾക്കു അതുല്യമായ കടൽസൈന്യവുമുണ്ടു. നിങ്ങളോടു ഞങ്ങൾ യുദ്ധത്തിനൊരുമ്പെട്ടാൽ അതു ഞങ്ങളെക്കൊണ്ടു സാധിക്കാത്തതുമാകും. എന്നാൽ മേൽപ്പറഞ്ഞ അഭിപ്രായങ്ങളെ നിങ്ങൾ സമ്മതിക്കാത്തപക്ഷം ഞങ്ങൾ നിങ്ങളുടെ പ്രജകളായിട്ടു ഇരിക്കയില്ല. നിങ്ങൾക്കു വേണമെങ്കിൽ ഞങ്ങളെ വെട്ടി ഛിന്നഭിന്നമാക്കിക്കൊൾക; പീരങ്കിമുഖപ്പിൽവച്ചു പറപ്പിച്ചുകൊൾക; ഞങ്ങളുടെ നിശ്ചയങ്ങൾക്കു വിപരീതമായി നിങ്ങൾ പ്രവൎത്തിച്ചാൽ ഞങ്ങൾ നിങ്ങളെ സഹായിക്കയില്ലതന്നെ. ഞങ്ങളുടെ സഹായം ഇല്ലാതെ നിങ്ങൾക്കു ഒരടിമുമ്പോട്ടുവയ്ക്കാൻ സാധിക്കയില്ലെന്നു ഞങ്ങൾക്കറിയാം.

നിങ്ങൾ നിങ്ങളുടെ അധികാരലഹരിയുടെ മയക്കത്താൽ ഇതൊക്കെക്കണ്ടു ചിരിക്കുമായിരിക്കാം. നിങ്ങളുടെ മയക്കത്തെ ഉടനടി ഇല്ലാതാക്കാൻ ഞങ്ങൾക്കു കഴിയാതെ വന്നേക്കാം. എന്നാൽ ഞങ്ങൾക്കു പുരുഷത്വമുണ്ടെങ്കിൽ, ആ മയക്കം നിങ്ങൾക്കു നാശകരമാണെന്നും ഞങ്ങളെസ്സംബന്ധിച്ച ആ ചിരി നിങ്ങളുടെ ചിത്തഭ്രമത്തിൻെറ സൂചനയാണെന്നും നിങ്ങൾ മനസ്സിലാക്കിക്കൊള്ളും. നിങ്ങൾ ഈശ്വരവിശ്വാസികളാണെന്നു ഞങ്ങൾക്കു ബലമായ വിശ്വാസമുണ്ടു. മതങ്ങൾക്കു

എല്ലാം മാതൃഭൂമിയായ നാട്ടിൽ നാം വസിക്കുന്നു. നാം ഇരു കക്ഷികളും ഏതുപ്രകാരത്തിൽ സംബന്ധിച്ചു എന്നുള്ളതിനെക്കുറിച്ചു ചിന്തിക്കണമെന്നില്ല. എന്നാൽ നമ്മുടെ സംബന്ധത്തെ അന്യോന്യഗുണത്തിനുവേണ്ടി വിനിയോഗിക്കാം.

ഇന്ത്യയിൽ ഭരണകർത്താക്കന്മാരായി വന്നിരിക്കുന്ന നിങ്ങൾ ഉത്തമന്മാരായ യൂറോപ്യന്മാരല്ല. ആംഗ്ലേയന്മാരായ ഞങ്ങളും യഥാർത്ഥഭാരതീയരെന്നു കരുതാൻ തരമില്ല. നിങ്ങൾ ചെയ്തിട്ടുള്ളതുകളെ എല്ലാം ആംഗ്ലേയമഹാജനങ്ങൾ അറിയുന്നതായാൽ അവർ അതിൽ പലതിനേയും തടുത്തിരിക്കും. ഇന്ത്യൻപൊതുജനങ്ങൾക്ക് നിങ്ങളുടെ ഇടയിൽ കൂടുതൽ ഉദ്യോഗം ലഭിച്ചിരുന്നില്ല. നിങ്ങൾ നിങ്ങളുടെ പരിഷ്കാരത്തെ വിട്ടിട്ട് നിങ്ങളുടെ സ്വന്തം ഭേദങ്ങളെ സൂക്ഷ്മാവലോകനം ചെയ്താൽ ഞങ്ങൾ ചോദിക്കുന്നതു ന്യായമാണെന്നു നിങ്ങൾക്കു ബോദ്ധ്യമാകും. ഞങ്ങൾ ചോദിക്കുന്നതെല്ലാം സാധിച്ചുതരാമെന്നുള്ളനിബന്ധനയിൻപേരിൽമാത്രം നിങ്ങൾക്ക് ഇന്ത്യയിൽ വർത്തിക്കാം. അങ്ങനെ നിബന്ധനയ്ക്കു കീഴ്പ്പെടുന്നതായാൽ നിങ്ങളോടു ഞങ്ങൾക്കും ഞങ്ങളോടു നിങ്ങൾക്കും പലതും പഠിക്കാനുണ്ടാകും. അതു്, രണ്ടുകക്ഷിക്കും മറ്റുലോകത്തിനും ഗുണകരമായിരിക്കും. പക്ഷെ, നമ്മുടെ ഐക്യം മതമാകുന്ന മണ്ണിൽ വേരുറച്ചെങ്കിൽ മാത്രമേ അങ്ങനെ സാധിക്കൂ"

വായനക്കാരൻ:—നിങ്ങളുടെ നാട്ടുകാരോട് എന്തുപറയും?

പത്രാധിപർ:—നാട്ടുകാർ ആരു്?

വായനക്കാരൻ:—നിങ്ങളുടെ അഭിപ്രായപ്രകാരം, നിങ്ങളും ഞാനും ആരെക്കുറിച്ചു ചിന്തിക്കുന്നുവോ അവർതന്നെ. അതായതു് പാശ്ചാത്യപരിഷ്കാരത്താൽ അധഃപതിച്ചവരും സ്വരാജ്യാസക്തന്മാരുമായ നമ്മുടെ കൂട്ടർ.

പത്രാധിപർ:—അവരോട് എനിക്കു പറവാനുള്ളതിതാണ്:—"യഥാൎത്ഥദേശഭക്തന്മാരായ ഇന്ത്യക്കാർ മാത്രമേ മേൽപറഞ്ഞവിധം നിൎഭയമായി ഇംഗ്ലീഷുകാരോടു സംസാരിക്കാൻസാധിക്കൂ. ഇന്ത്യൻപരിഷ്കാരം മഹനീയമാണെന്നും പാശ്ചാത്യപരിഷ്കാരം ഒൻപതുദിവസത്തെ ആഘോഷമാണെന്നും പരമാൎത്ഥമായി വിശ്വസിക്കുന്നവർ മാത്രമേ അങ്ങനെയുള്ള ദേശഭക്തന്മാരായിരിക്കയുള്ളൂ. ഈവക ക്ഷണഭംഗുരങ്ങളായ അനവധി അനവധി പരിഷ്കാരങ്ങൾ അടിക്കടി മുളച്ചുനശിച്ചിരിക്കുന്നു. മേലും അങ്ങനെ സംഭവിച്ചേക്കാം. ആത്മശക്തിയെതന്നെ താൻ അറിഞ്ഞു, മൃഗീയശക്തിയുടെ മുമ്പിൽ ഭയപ്പെടാത്തവരും എന്തുതന്നെ നേരിട്ടാലും മൃഗശക്തിയെ ഉപയോഗിക്കുന്നതിൽ ആഗ്രഹിക്കാത്തവരും മാത്രമെ അങ്ങനെയുള്ള ദേശഭക്തന്മാരായിരിക്കൂ. നാം മുമ്പെതന്നെ വിഷം കുടിച്ചിരിക്കുന്നതുകൊണ്ട്, ഈ ദയനീയാവസ്ഥയെക്കുറിച്ച് വലിയ അതൃപ്തിയുണ്ടായിട്ടുള്ളവൎക്കേ അപ്രകാരമുള്ള ദേശഭക്തിയുണ്ടാകയുള്ളൂ.

ഈമാതിരി ഒരു ഇന്ത്യക്കാരനുള്ളതായിരിക്കട്ടെ; അവൻ മുൻചൊന്ന വിഷയത്തെപ്പറ്റി സധൈൎയ്യം ഇംഗ്ലീഷുകാരോടു സംസാരിക്കും; അവർ അവനെ ചെവികൊടുക്കയുംചെയ്യും.

ഈ ചോദ്യങ്ങൾ ചോദ്യങ്ങളല്ല; എന്നാൽ അതുകൾ നമ്മുടെ മനഃസ്ഥിതിയെക്കാണിക്കുന്നു. ചോദിച്ചതുകൊണ്ടു നമുക്കൊന്നും കിട്ടാനില്ല. നമുക്കുവേണ്ടതിനെ നാം എടുത്തുകൊള്ളണം. ആ പരിശ്രമത്തിനു തക്കബലം നമുക്കുണ്ടായിരിക്കണം. ആ ബലം,

൧. ആംഗലഭാഷയെ നിൎബ്ബന്ധഘട്ടങ്ങളിൽമാത്രം ഉപയോഗിക്കുന്നവനും,

൨. വക്കീലായിരുന്നാൽ, തന്റെ തൊഴിലിനെ ബഹിഷ്കരിച്ച് കൈത്തറിയെ സ്വീകരിക്കുന്നവനും,

൯. വക്കീലായിരുന്നാൽ, തന്റെ അറിവിനെ തന്റെ ആളുകൾക്കും ഇംഗ്ലീഷുകാൎക്കും കാൎയ്യബോധം ഉണ്ടാകുമാറു വിനിയോഗിക്കുന്നവനും,

൰. വക്കീലായിരുന്നാൽ, കക്ഷിവഴക്കിൽ തലയിടാതേയും നീതിന്യായക്കോടതികളിൽ കടക്കാതേയും ഇരിക്കുന്നവനും അന്യന്മാരെ അതിലേക്കു പ്രേരിപ്പിക്കുന്നവനും,

ഠ. വക്കീലായിരുന്നാൽ, തന്റെ തൊഴിലിനെ ഉപേക്ഷിച്ച് ന്യായാധിപനായിരിക്കുന്നതിനു വൈമുഖ്യം പ്രകടിപ്പിക്കുന്നവനും,

൩. വൈദ്യനായിരുന്നാൽ, മരുന്നിനെ ഉപേക്ഷിച്ച്, ശരീരത്തെ സുഖപ്പെടുത്തുന്നതിൽഭേദം ആത്മാവിനെ സുഖപ്പെടുത്തുകയാണെന്ന് അറിഞ്ഞവനും,

൦. വൈദ്യനായിരുന്നാൽ, ഏതുമതക്കാരനായാലും, ആംഗ്ലേയവൈദ്യവിദ്യാലയങ്ങളിൽ ശീലിക്കാറുള്ള ജീവജന്തുക്കളുടെ അംഗവിച്ഛേദം വഴി വ്യാധികളെ ശമപ്പെടുത്തുന്നതിൽ ഭേദം, രോഗിയായിത്തന്നെ കഴിഞ്ഞുകൂടുന്നതാണെന്നറിഞ്ഞവനും,

വ്വ. വൈദ്യനായിരുന്നാൽ, കൈക്കൂലിയെ സ്വീകരിക്കയും രോഗികൾ തന്റെ സമീപത്തിൽ വരുമ്പോൾ ഫലമില്ലാത്ത മരുന്നുകൾ കൊടുത്ത് അവരെ തൃപ്തിപ്പെടുത്താതെ രോഗകാരണത്തെ നീക്കുന്നതിനുള്ള അറിവ് അവൎക്കുണ്ടാക്കിക്കൊടുക്കയും മരുന്നില്ലാത്തകാരണത്താൽ രോഗി പക്ഷേ മരിച്ചുപോയാലും ലോകത്തിനു നഷ്ടമില്ലെന്നും താൻ അവന്റെമേൽ വാസ്തവമായ അനുകമ്പയെ പ്രകടിപ്പിച്ചു എന്നും വിശ്വസിക്കയും ചെയ്യുന്നവനും,

ൻ, ധനികനായിരുന്നാൽ, തന്റെ ധനത്തെ ലക്ഷ്യമാക്കാതെ തന്റെ മനസ്സിലുള്ളതിനെ വെളിയിൽ പറയുകയും ആരെയും ഭയപ്പെടാതിരിക്കയും ചെയ്യുന്നവനും,

൧൦. ധനികനായിരുന്നാൽ, കൈത്തറികളെ സ്ഥാപിച്ച്, അവയിൽ നെയ്തുണ്ടാക്കുന്ന വസ്ത്രങ്ങൾമാത്രം ഉടുത്ത്, അതുവഴി ഇതരന്മാരേയും അതിലേക്കു പ്രേരിപ്പിക്കുന്നവനും,

൧൧. മററുള്ള ഇന്ത്യക്കാരെപ്പോലെ, അനുതാപത്തിനും വിലാപത്തിനും പ്രായശ്ചിത്തത്തിനുംഉള്ള കാലമാണിതെന്ന് അറിയുന്നവനും,

൧൨. മററുള്ളവരെപ്പോലെ, ഇംഗ്ലീഷുകാരെക്കുററപ്പെടുത്തുന്നത് വെറുതേയാണെന്നും, നമ്മൾമൂലമാണ് അവർ ഇവിടെ വന്നതെന്നും, അവർ ഇവിടെ താമസിക്കാൻ കാരണം നമ്മൾതന്നെയാണെന്നും, നാം സ്വസമയം പരിഷ്കരിക്കപ്പെടുമ്പോൾ അവർ ഒന്നുകിൽപോകും, അല്ലെങ്കിൽ നയത്തെ മാററിക്കൊള്ളുമെന്നും അറിയുന്നവനും,

൧൩. മററുള്ളവരെപ്പോലെ, ദുഃഖകാലത്തിൽ യാതൊരുപ്രകാരത്തിലുമുള്ള സന്തോഷപ്രകടനങ്ങളും പാടില്ലെന്നും നാം താഴ്ന്നനിലയിൽ വത്തിക്കുമ്പോൾ കാരാഗൃഹത്തിൽ കയറുകയോ രാജ്യഭ്രഷ്ടനാവുകയോ ചെയ്യുന്നതാണുനല്ലതെന്ന് അറിയുന്നവനും,

൧൪, മററുള്ളവരേപ്പോലെ, ജനങ്ങളോടു കൂടിക്കഴിയണമെന്നുള്ള ആശയംമേൽ അറസ്റ്റിൽപ്പെടാതെ രക്ഷപ്പെടേണ്ടതാവശ്യമാണെന്നുള്ളവിചാരംബുദ്ധിഹീനത്വമാണെന്ന് അറിവുള്ളവനും

൧൫, മററുള്ളവരെപ്പോലെ, പ്രസംഗത്തെക്കാൾ നല്ലതു പ്രവൃത്തിയാണെന്നും മനസ്സിലുള്ളതിനെ തുറന്നുപറയുകയും അതിൻെറഫലങ്ങളെ ധൈര്യത്തോടെ എതിർക്കയും ചെയ്യേണ്ടതു നമ്മുടെകടമയാണെന്നും എങ്കിൽമാത്രമേ നമ്മുടെ വാക്കുകൾക്ക് ജനങ്ങളെ വിശ്വസിപ്പിക്കുന്നതിനു സാധിക്കയുള്ളുവെന്നും അറിയുന്നവനും,

൧൬, മററുള്ളവരെപ്പോലെ, കഷ്ടപ്പെട്ടാൽമാത്രമേ നമുക്കു മോചനംകിട്ടുകയുള്ളു എന്നറിയുന്നവനും,

൧൭, മററുള്ളവരെപ്പോലെ, പാശ്ചാത്യപരിഷ്കാരങ്ങളെ ആദരിക്കുന്നപാപത്തിന് ആൻഡമാൻ ദ്വീപിലേക്കു നാടുകടത്തുന്നതായ ദ്വിപാന്തരശിക്ഷയും തക്കതായ പ്രായശ്ചിത്തമല്ലെന്ന് അറിയുന്നവനും,

൧൮, മററുള്ളവരെപ്പോലെ, ഒരു രാജ്യക്കാരും ദുഃഖമനുഭവിക്കാതെ ഉന്നതിയെ പ്രാപിച്ചിട്ടില്ലെന്നും, യുദ്ധത്തിൽപ്പോലും വാസ്തവമായപരീക്ഷ സഹനശക്തിയല്ലാതെ അന്യന്മാരെക്കൊല്ലുന്നതല്ലെന്നും, സത്യഗ്രഹയുദ്ധത്തിൽ അതിലും അധികം ദുഃഖമനുഭവിക്കണമെന്നും അറിവുള്ളവനും,

൧൯, മററുള്ളവരെപ്പോലെ, ഒരു സംഗതി മററുള്ളവർ ചെയ്യുമ്പോൾ നമുക്കും ചെയ്യാമെന്നു പറയുന്നതു് അസംബന്ധമാണെന്നും, നമുക്കു് അറിവുള്ളതിനെ നാം ചെയ്യണമെന്നും, മററുള്ളവർ അറിയുമ്പോൾ അതിനെ ചെയ്തുകൊള്ളുമെന്നും, നാം ഒരു രുചിയുള്ള പദാർത്ഥത്തെക്കണ്ടാൽ, മററുള്ളവർ അതിന്റെ സ്വാദറിയുന്നതുവരെ നാം കാത്തിരിക്കുന്നില്ലെന്നും രാജ്യത്തിനുവേണ്ടി ഒരു മഹാരംഭത്തിൽ ഏർപ്പെട്ടു് അതിനായി ദുഃഖമനുഭവിക്കുന്നതു് ആത്മസ്വഭാവത്തിന്റെ ഒരു വകഭേദമാണെന്നും അനുഭവിച്ചുകഴിയു എന്നുള്ള ദുഃഖം ദുഃഖമല്ലെന്നും അറിയുന്നവനും, മാത്രമേ സിദ്ധിക്കുകയുള്ളൂ."

വായനക്കാരൻ:—ഇതൊരുവലുതായക്രമവൽകരണമാകുന്നു. ഇതിനെ എല്ലാവരും നിറവേററുന്നതു് എപ്പോൾ?

പത്രാധിപർ:—നിങ്ങൾ പറയുന്നതു് അബദ്ധമാണു്. നിങ്ങൾക്കും എനിക്കും മററുള്ളവരിൽ കാര്യമില്ല. ഓരോരുത്തരും അവരവരുടെ കടമയെ നിർവ്വഹിക്കട്ടെ. ഞാൻ എന്റെ കടമയെച്ചെയ്താൽ, അതായതു് ഞാൻ എന്നെ സേവിക്കുന്നതായാൽ, എനിക്കു മററുള്ളവരെസ്സേവിക്കാൻകഴിയും. നിങ്ങളെ

പിരിയുന്നതിന്നുമുമ്പിൽ ഞാൻ വീണ്ടും പറയുന്നു:—

൧, പരമാർത്ഥമായ സ്വയംഭരണം, ആത്മീയഭരണം അല്ലെങ്കിൽ ആത്മനിയന്ത്രണം ആകുന്നു.

൨, അതിന്നുള്ളമാർഗ്ഗം, സത്യാഗ്രഹം, അതായത് ആത്മശക്തി അല്ലെങ്കിൽ സ്നേഹശക്തിയാണ്.

൩, ഈ ശക്തിയെ സമ്പാദിക്കുന്നതിന്ന് ഓരോ വകയിലും സ്വദേശീയതത്വത്തെ സ്വീകരിക്ക എന്നുള്ളത് ഒഴിച്ചുകൂടാത്തതാകുന്നാണ്:

൪, നമ്മുടെലക്ഷ്യം, ഇംഗ്ലീഷുകാരെ അപലപിക്കണം; അവരോടു പകവീട്ടണമെന്നുള്ളതല്ല; പിന്നെയോ? നമ്മുടെ കടമ ഇന്നതാണെന്നറിഞ്ഞ് അതിനെ ചെയ്യുകയാകുന്നു. ഉദാഹരണം, ഇംഗ്ലീഷുകാർ ഉപ്പിന്റെതീരുവയെറദ്ദ്ചെയ്താലും നമ്മുടെപണമെല്ലാം തിരിച്ചുതന്നാലും, ഇന്ത്യക്കാർക്ക് ഉന്നതപദവി നൽകിയാലും, ഇംഗ്ലീഷ് പട്ടാളത്തെത്തിരിച്ചുവിളിച്ചാലും, നാം അവരുടെ യന്ത്രനിർമ്മിതങ്ങളായ സാധനങ്ങളെ നിശ്ചയമായും ഉപയോഗിക്കയില്ല; ഇംഗ്ലീഷ്ഭാഷ പഠിക്കയു[illegible]വരുടെ അനാവധി കൈത്തൊഴിൽസാധനങ്ങളെ ഉപയോഗിക്കയുമില്ല; അതുകളും അവയുടെ സ്വഭാവത്തിൽത്തന്നെ ദോഷഗർഭങ്ങളാകുന്നു. അതുകൊണ്ട് അവ നമുക്കാവശ്യമല്ല. ഇംഗ്ലീഷുകാരിൽ എനിക്ക് വിരോധമില്ല. എന്നാൽ അവരുടെ പരിഷ്കാരത്തിൽ എനിക്കുവിരോധമുണ്ട്.

"സ്വരാജ്യം" എന്നപദത്തെ അതിന്റെ വാസ്തവമായ അർത്ഥംഅറിയാതെ നാം പരിചയിച്ചുവന്നു എന്നാണ് എന്റെഅഭിപ്രായം. അതിനെ ഞാൻ മനസ്സിലാക്കിയിട്ടുള്ളപ്രകാരം നിങ്ങളെ ഗ്രഹിപ്പിക്കാൻശ്രമിച്ചു. ഇനി എന്റെ ജീവിതശേഷം അതിലേക്കു ബലികഴിച്ചിരിക്കുന്നുവെന്നുള്ളതിന്ന് എന്റെമനസ്സാക്ഷി സാക്ഷ്യംവഹിക്കുന്നു.

ശുഭം.

Nilakanta Pillai Esq
Kavungal
Kollenkoor
Quilon

# ഗാന്ധിസിദ്ധാന്തം

അഥവാ

## ഭാരതസ്വരാജ്യം

മഹാത്മാഗാന്ധിയുടെ "ഹിന്റ് സ്വരാജ്"
എന്ന കൃതിയുടെ തർജ്ജമ.

114

പരിഭാഷകൻ,
കെ. പരമേശ്വരൻപിള്ള, വടയാറ്റുകോട്ട.

"ശ്രീരാമവിലാസം" പ്രസ്സ്,
വലിയകട,—കൊല്ലം.

൧-ാംപതിപ്പ് കാപ്പി ൫൦൦.

പകർപ്പവകാശം സ്വായത്തം.

൧൦൯൭.

വില 0-12-0

പരിഭാഷകന്റെ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

K. R. PILLAI
QUILON
MANAGER KERALA ...